പാടൂർ ചരിത്രം

ഭാഗം–1

മണ്മറഞ്ഞ ഉസ്താദുമാരിലൂടെ

പാടൂർ മഹൽ കൂട്ടായ്മ

















അവതാരിക

മറഞ്ഞുപോയ കാലത്തിന്‌റെ, പതിഞ്ഞ കാലടിയൊച്ചകൾ വീണ്ടും നമ്മോട് സംസാരിക്കട്ടെ!

പാടൂർ മഹൽ വാട്ട്സ്ആപ്പ് കൂട്ടായ്മയിൽ നിന്നും തളിരിട്ട ഈ E-book, ഒരു കൂട്ടം ഹൃദയങ്ങളുടെ ഒരുമിച്ചുള്ള പരിശ്രമത്തിന്‌റെ ഫലം മാത്രമല്ല; മറിച്ച് നൂലിഴ പോലെ വിച്ഛേദിക്കപ്പെട്ടുപോയ പഴയ ഓർമ്മകളെ വീണ്ടും ഒത്തുചേർന്ന് നെയ്തെടുത്ത ഒരു ആത്മീയ യാത്ര കൂടിയാണ്. നാളുകൾക്ക് മുമ്പ് നമ്മുടെ മദ്രസയിൽ അറിവിന്‌റെ വിളക്ക് തെളിച്ച 15 ഉസ്താദ്മാരുടെ ജീവിതവും സേവനവും, ഇന്ന് ഈ പുസ്തകത്തിലൂടെ വീണ്ടും നമ്മുടെ കണ്ണുകൾക്ക് മുമ്പിൽ തെളിയുന്നു.

ഈ ഓർമ്മക്കുറിപ്പുകളുടെ എഴുത്തുകാരും, വായനക്കാരും എല്ലാം പാടൂർ മഹൽ കൂട്ടായ്മ എന്ന ഈ ഗ്രൂപ്പിലെ അംഗങ്ങൾ തന്നെയാണ്. എല്ലാവരും ഹൃദയം തുറന്ന് പങ്കുവെച്ച ഓർമ്മകളും അനുഭവങ്ങളും ചേർന്നാണ് ഈ കൃതി പിറന്നത്. 40–50 വർഷങ്ങൾ മുൻപുള്ള ഗ്രാമത്തിന്‌റെ മതകേന്ദ്രങ്ങൾ, വിദ്യാഭ്യാസം, സംസ്കാരം, മനുഷ്യബന്ധങ്ങൾ എല്ലാം കൂടി ആ പഴയ കാലത്തേക്കൊരു തിരിച്ചു യാത്രയായിരുന്നു. കാലം മാറിയിട്ടും കാലഹരണപ്പെടാത്ത ഒരുപിടി നല്ല ഓർമകൾ പങ്കുവച്ച മുഹൂർത്തം. മനസ്സിൽ ഓർത്തു വയ്ക്കാനും പുതുതലമുറയ്ക്ക് കൈമാറാനും സാധിക്കുന്ന അപൂർവ്വ കൃതി.

ഈ സംരംഭത്തെ വിജയമാക്കിയത് ഗ്രൂപ്പിലെ കാരണവന്മാരുടെയും, പഠിതാക്കളുടെയും, അനുഭവസമ്പന്നരുടെയും, അന്നത്തെ കാലഘട്ടം നേരിൽ കണ്ടവരുടെയും വലിയ പങ്കാണ്. ഓർമ്മകളെ ശേഖരിച്ച് കഥകളാക്കി, അത് ഒരു പുസ്തകമാക്കി നിങ്ങളുടെ വിരൽത്തുമ്പിലെത്തിക്കാൻ എല്ലാവരും സജീവ പങ്കാളികളായി.

ഈ ഒരു ഉദ്യമത്തിന്‌റെ ജനനം, നമ്മെ പഠിപ്പിച്ച ഉസ്താദുമാരെ വീണ്ടും ഓർക്കാനും, അവർക്കു വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യാനും ഈ ഒരു കൂട്ടായ്മയിലൂടെ അവസരം നൽകി എന്നുള്ളതാണ് ഏറ്റവും വലിയ വിജയം.

ഈ E-book ഒരു ഓർമ്മപതിപ്പ് മാത്രമല്ല, ഇത് നമ്മെ പഠിപ്പിച്ചവർക്കുള്ള ആദരവും, നമ്മുടെ തറവാട്ട് ചരിത്രത്തിലേക്കുള്ള ഒരു തുറന്ന ജനാലയും കൂടിയാണ്.

ഈ ഒരു ഉദ്യമത്തിന് വേണ്ടി നിരന്തരം ശബ്ദത്തിലൂടെയും എഴുത്തിലൂടെയും ഓർമ്മകൾ പങ്കുവെച്ച സഹൃദയങ്ങളെ നന്ദി പൂർവം സ്മരിക്കുന്നു. അള്ളാഹു അവർക്ക് അർഹമായ പ്രതിഫലം നൽകട്ടെ, ആമീൻ. ഇതിന്‌റെ ലക്ഷ്യ പ്രാപ്തിക്ക് വേണ്ടി പ്രവർത്തിച്ച അഡ്മിൻസ് ലത്തീഫ് വാക്കയിൽ, ആർ പി സിദ്ധിഖ്, സൈനുദ്ധീൻ പാടൂർ, ഉസ്മാൻ തറയിൽ, നവാസ് അബ്ദുൽ ഖാദർ, തൈസീർ മുഹമ്മദ്, ശുഹൈബ് മുഹമ്മദ്, സുൾഫിക്കർ വലിയകത്ത്, മാനസികമായി സപ്പോർട്ട് ചെയ്ത മറ്റു അഡ്മിൻസ് സഹോദരങ്ങളെയും നിങ്ങളുടെ പ്രാർത്ഥനയിൽ ഉൾപെടുത്തുക...

പാടൂർ മഹൽ കൂട്ടായ്മ അഡ്മിൻസ്

ആശംസ സന്ദേശങ്ങൾ



സുലൈമാൻ അസ്ഹരി, മുതുവട്ടൂർ മഹല്ല് ഖാദി

അസ്സലാമു അലൈക്കും വറഹ്മതുള്ളാഹിവബറകാതുഹു. പാടൂർ മഹൽ കൂട്ടായ്മ ഒരു വാട്സപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയിട്ടുണ്ടെന്നും പാടൂരിന്റെ ചരിത്രവും വർത്തമാനവും ഒക്കെ അതിൽ പങ്കുവെക്കുന്നുണ്ടെന്നും അറിഞ്ഞു. വളരെ വളരെ സന്തോഷം. ചരിത്രം പൈതൃകം എന്നതൊക്കെ വളരെ വളരെ പ്രധാനപ്പെട്ട ഒന്നാണ്. പുതിയ കാലഘട്ടത്തിൽ വർത്തമാനകാലത്ത് ജീവിക്കുമ്പോൾ ഇന്നലെയുടെ സംസ്കാരികമായ പൈതൃകത്തെ കുറിച്ചുള്ള ജ്ഞാനം വളരെ പ്രധാനമാണ്. ആ നിലക്ക് ഈ കൂട്ടായ്മ വളരെ പ്രസക്തമാണ്. മദ്രസാ അധ്യാപകർ മുൻകാലഘട്ടത്തിൽ ഗുരുവര്യന്മാർ എന്ന് പറയുന്നവർ വളരെ പ്രധാനമാണ്. അ വരുടെ ചരിത്രത്തെ കുറിച്ചുള്ള ചെറിയ പങ്കുവെക്കലുകൾ നടന്നു എന്നറിഞ്ഞു. ഏതായാലും ക്രിയേറ്റീവ് സ്റ്റെപ്പ്സ് എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പാരമ്പര്യമായി നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന എന്തെങ്കിലും യാന്ത്രികമായ കർമ്മങ്ങൾക്കപ്പുറം കുറേകൂടി ക്രിയേറ്റീവ് ആയി കുറെ കൂടി അഡ്വാൻസ്ഡ് ആയിട്ടുള്ള പരിശ്രമങ്ങൾ എന്നത് കൗതുകവും കൂടുതൽ ജാഗ്രതയ്ക്കും അത് കാരണമാകും. തീർച്ചയായും അത് പുതിയ കാലഘട്ടത്തിൽ ജീവിക്കുമ്പോൾ അതൊരു വലിയ ഉണർവും ഊർജ്ജവും ആണ്.
നിങ്ങളുടെ പരിശ്രമങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുകയാണ് പടച്ചവൻ അനുഗ്രഹിക്കട്ടെ . അസ്സലാമു അലൈക്കും വറഹ്മത്തുള്ള
https://youtube.com/shorts/PM4xFseayFI?si=Jtl6_PKyxcZSOssj



സുധീർ സഖാഫി ഓട്ടുപാറ

അസ്സലാമു അലൈക്കും വറഹ്മതുള്ളാഹിവബറകാതുഹു. ഏറ്റവും പ്രിയപ്പെട്ട മുഅ്മിനീങ്ങൾ, മുഅ്മിനാത്തുകൾ, സഹൃദയകർ, പ്രിയപ്പെട്ടവർ. ജഗന്നിയന്താവായ അള്ളാഹു സുബ്ഹാനഹു തആല നമുക്ക് ഏവർക്കും ആഫിയത്തുള്ള ദീർഘായുസ്സ് അവന്റെ പൊരുത്തത്തിലായി നൽകി അനുഗ്രഹിക്കുമാറാകട്ടെ ആമീൻ. പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷവും എങ്ങനെ വിശേഷിപ്പിക്കണമെന്ന് വാക്കുകൾ കൊണ്ട്

അസാധ്യമാകുന്ന ഒരു വലിയ മാതൃക സംരംഭമാണ് പാടൂർ മഹൽ കൂട്ടായ്മ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ഈ ചരിത്ര മുഹൂർത്തം. കഴിഞ്ഞുപോയ പൂർവികരും സാത്വികരും ആകുന്ന പ്രിയപ്പെട്ട ഗുരുനാഥന്മാരെയും മഹല്ലിന്റെയും നാടിന്റെയും ആത്മീയ വെളിച്ചമായി അവസാനം വരെ നിലനിന്നിരുന്ന പൂർവികരെ അനുസ്മരിച്ചുകൊണ്ടും പ്രാർത്ഥന പുരസ്സരം അവരെ ഓർത്തുകൊണ്ടും പാടൂർ മഹല്ലിലെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തുക്കൾ സംവിധാനിച്ച ഈ ഒരു സംരംഭം കേരളത്തിൽ മാത്രമല്ല മുസ്ലിം ഉമ്മത്തിന് ആകമാനം മാതൃകയാണ്. പരിശുദ്ധമായ ഖുർആൻ ഓർമ്മപ്പെടുത്തുന്നുണ്ട് തലമുറക്ക് വേണ്ടിയുള്ള പ്രാർത്ഥന എന്തായിരിക്കണമെന്ന് - رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا രക്ഷിതാവായ അല്ലാഹുവേ ഞങ്ങളുടെ ഭാര്യ സന്താനങ്ങളിൽ തലമുറയിൽ മുത്തഖിങ്ങൾക്ക് ഇമാമാകാൻ യോഗ്യതയുള്ളവരെ നൽകി ഞങ്ങളെ നീ അനുഗ്രഹിക്കേണ മേ. സന്താനങ്ങളും തലമുറയും ഭക്തിയുള്ള വിശ്വാസികളുടെ നേതൃത്വമായി മാറാൻ വേണ്ടിയുള്ള പ്രാർത്ഥന യാണ് വിശ്വാസികളുടെ പ്രാർത്ഥനയാകേണ്ടത് എന്ന് ഖുർആൻ പഠിപ്പിക്കുന്നു. ആ ഒരു പ്രാർത്ഥനയുടെ, ആ ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് പാടൂർ മഹൽ കൂട്ടായ്മ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. ഏതൊരു മുസ്ലീമിന്റെയും സ്വപ്നം ആഗ്രഹം അഥവാ കാങ്ക്ഷനികൾ വേരുകളിലേക്ക് മടങ്ങുന്ന നമ്മളൊക്കെ ആഗ്രഹിച്ച ഒരു ചരിത്ര മുഹൂർത്തമാണ് നമുക്ക് കെല്പോടുകൂടെ വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും ആത്മീയ മൂല്യങ്ങൾ പകർന്ന വേരുറപ്പുള്ള ആ ഒരു പൂർവികതയിലേക്ക് കരുത്തോടുകൂടെ മടങ്ങുന്ന ഈയൊരു തലമുറ അല്ലെങ്കിൽ ഈ തലമുറയ്ക്ക് മാതൃകയാകുന്ന വലിയ ഒരു സമൂഹം പാടൂർ മഹല്ലിൽ കാഴ്ച വെക്കുന്നത് ഇവിടെ മാത്രം അറിഞ്ഞാൽ പോരാ. തൃശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ വെങ്കിടങ് പഞ്ചായത്തിലെ കനോലി കനാലിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന പാടൂർ എന്ന ആ ഒരു തീര ദേശം കേരളീയ മുസ്ലിം സമൂഹത്തിന്റെ ധാർമികമാകുന്ന ധാരാളം അടയാളപ്പെടുത്തലുകൾക്ക് സാക്ഷ്യം വഹിച്ച ഒരു നാടാണ്. അവിടെ അന്ത്യ വിശ്രമം കൊള്ളുന്ന മഹത്തുക്കൾ ആകുന്ന സാദാത്തുക്കളും പണ്ഡിതന്മാരും സൂഫികളും നാം വായിച്ചറിഞ്ഞതിനേക്കാൾ ഏറെ അനുഭൂതി ദായകമാകുന്ന കാല്പാടുകൾ ഗതകാലങ്ങളിൽ സൃഷ്ടിച്ചു അന്തിയുറങ്ങുന്ന മണ്ണാണ് പാടൂര് സമസ്ത കേരള സുന്നി യുവജന സംഘത്തിന്റെ മുഖപത്രം ആകുന്ന സുന്നിവോയ്സിൽ അല്പമല്ലാത്ത കാലത്തോളം ഖണ്ഡശയായി ഇപ്പോഴും ചരിത്ര അന്വേഷകൻ ആകുന്ന അലി സഖാഫി പുൽപ്പറ്റ പാടൂരിന്റെ ചരിത്രം ആ പള്ളിയുടെ ചാരത്തു അന്ത്യവിശ്രമം കൊള്ളുന്ന ഒരുപാട് മഹത്തുക്കളെ കുറിച്ച് കേരളക്കരയെ എഴുതി അറിയിച്ചു കൊണ്ടിരിക്കുന്നുണ്ട്. വിനീതൻ ആ ഒരു വായനയിലൂടെയും അതിനുമുമ്പും പാടൂരിന്റെ മണവും ഗന്ധവും ആസ്വദിക്കാൻ ഭാഗ്യം ലഭിച്ചവനാണ് എന്ന് അഭിമാനത്തോടെ ഓർക്കുകയാണ് അൽഹംദുലില്ലാഹ് ثم അൽഹംദുലില്ലാഹ് ഇന്ന് തിരിഞ്ഞുനോക്കാൻ മടികാണിക്കുന്ന തലമുറ അല്ലെങ്കിൽ അവരൊന്നും തിരിഞ്ഞുനോക്കാൻ അർഹതയുള്ളവരല്ല എന്നധിക്കാരത്തോടെ മുന്നോട്ട് ഗമിച്ചുകൊണ്ടിരിക്കുന്ന തലമുറ, ആ തലമുറയെ മാടിവിളിക്കുകയാണ്. തിരിഞ്ഞുനോക്കാൻ പഠിപ്പിക്കുകയാണ് വേരുകളിലേക്ക് മടങ്ങുന്ന കനികളെപ്പോലെ വേരുകൾക്ക് കാവൽ നിൽക്കുന്ന, തണൽ നൽകുന്ന കരുത്തുള്ള ഇലകളെ പോലെ ഈ ഒരു മഹല്ലിന്റെ പാടൂർ മഹല്ലിന്റെ ഈ കൂട്ടായ്മക്ക് എല്ലാവിധ ഭാവുകങ്ങളും. ഇനിയുമേറെ സുകൃതങ്ങൾ നിർവഹിക്കാൻ നാഥൻ ഈ ഒരു കർമം കൊണ്ട് തൗഫീഖ് നൽകട്ടെ. അവരുടെ തണൽ നമുക്ക് ഇന്നും ഇന്നലെയും

ലഭിച്ചതുപോലെ നാളെയും നമുക്ക് ലഭിക്കണം, ലഭിക്കുമെന്ന പ്രതീക്ഷയോടെ, അൽഹംദുലില്ലാഹ് ഞാൻ എന്റെ വാക്കുകൾക്ക് സമാപനം കുറിക്കുകയാണ്. അള്ളാഹു ഈ കർമത്തിന്റെ പൊരുത്തം കൊണ്ട് നമുക്കേവർക്കും നമ്മുടെ ഗുരുനാഥൻമാരാകുന്ന സ്വാതികരോടൊപ്പം സ്വർഗ്ഗം പങ്കുവെക്കാൻ നാഥൻ തൗഫീഖ് നൽകട്ടെ.

അസ്സലാമു അലൈക്കും വറഹ്മതുള്ളഹി വബറകാതുഹു

https://youtu.be/2xhLOyPG4BY?si=ReOXMaqIFgmyTU3A



മുഹമ്മദ് ഫൈസി ഓണമ്പിള്ളി


അസ്സലാമു അലൈക്കും വറഹ്മതുള്ളാഹിവബറകാതുഹു

اَلْحَمْدُ لِلّٰهِوَالصَّلَاةُ وَالسَّلَامُ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِينَ

സ്നേഹമുള്ള പാടൂർ മഹൽ കൂട്ടായ്മയിലെ സഹോദരന്മാരെ, പാടൂർ മഹൽ കൂട്ടായ്മ എടുത്ത വളരെ പ്രധാനപ്പെട്ട ഒരു തീരുമാനം അവർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന നല്ലൊരു ഉദ്യമവമാണ്. പാടൂർ മഹല്ല് ജമാഅത്തിന്റെ കീഴിൽ മദ്രസകളിൽ പഠിപ്പിച്ചിരുന്ന അഭിവന്ദ്യരായ ഗുരുനാഥന്മാർ അവരെ ഇഹലോകവാസം വെടിഞ്ഞവരാണ് അവരെക്കുറിച്ച് അവരുടെ ജീവിതചരിത്രം എഴുതുകയും അവരെ ഓർമിക്കുകയും ചെയ്യുക എന്ന് പറയുന്ന ഒരു വലിയൊരു കാര്യം ഒരു മഹല്ല് ജമാഅത്തിന്റെ കീഴിൽ നടക്കുകയാണ്. വളരെയേറെ പ്രാധാന്യത്തോടുകൂടെ ഇതിനെ കാണേണ്ടത്. ഒന്നാമത് മദ്രസയിലെ നമ്മുടെ കുഞ്ഞുങ്ങൾക്ക് തലമുറകൾക്ക് അങ്ങനെ ഉണ്ടായിത്തീർന്ന പഴയകാല തലമുറകൾ മുതലുള്ളവർക്ക് വൈജ്ഞാനികവും ആത്മീയവുമായി വെളിച്ചം നൽകിയ മഹാരഥന്മാരായ പണ്ഡിതന്മാരാണ് അവരെല്ലാവരും. വിശിഷ്യാ ഇഹ്‌യാ ഉലൂമുദ്ധീന്റെ മലയാളത്തിലെ ആദ്യത്തെ വ്യാഖ്യാനവും വിശദീകരണവും എഴുതിയിട്ടുള്ള കുഞ്ഞി അഹമ്മദ് മുസ്ലിയാർ ഉൾപ്പെടെയുള്ള പ്രഗൽഭരായ പണ്ഡിതന്മാരാണ് ഈ മദ്രസയിലെയും ആ മഹല്ല് ജമാഅത്തിന്റെയും ഒക്കെ കീഴിൽ ജോലി ചെയ്ത സേവനം ചെയ്ത പണ്ഡിതന്മാർ എല്ലാവരും. അവരെ അവരുടെ ജീവിതത്തിന്റെ അദ്ധ്യാത്മികമായിട്ടുള്ള വെളിച്ചവും അവരുടെ ശിക്ഷണ കാലവും ഓർക്കുക എന്നതാണ് ഈ ഒരു വലിയ ഉദ്യമം കൊണ്ട് ഉണ്ടാകുന്നത്. ചരിത്രം എപ്പോഴും ഒരു സമൂഹത്തിന്റെ കരുത്ത് ആണ്. പ്രത്യേകിച്ച് അവർ അക്കാര്യത്തിൽ ഒക്കെ പ്രചോദിപ്പിച്ച തലമുറകളെ തന്നെ പ്രചോദിപ്പിക്കുകയും വെളിച്ചം നൽകുകയും ചെയ്ത പണ്ഡിതന്മാരെ ഓർമ്മിച്ചെടുക്കുക എന്നത് അവരോട് ചെയ്യുന്ന ഏറ്റവും വലിയ നന്ദിയും കൂടിയാണ്. വലിയ പ്രഗൽഭരായ പണ്ഡിതന്മാർ ജോലി ചെയ്ത ഒരു മഹൽ എന്ന നിലയിൽ പാടൂരിനെ സംബന്ധിച്ചിടത്തോളം അതല്ലാത്ത വലിയ ചരിത്ര പ്രാധാന്യങ്ങളും ഉണ്ട്. ഒട്ടേറെ പ്രഗൽഭരായ സാദാത്തുക്കളുടെ ആ രീതിയിൽ കേരളത്തിലെ തന്നെ സാദാത്ത് പരമ്പരയിലെ ഏറ്റവും പ്രമുഖർക്ക് ജന്മ നൽകാനും ആ നിലയിൽ അവരുടെയൊക്കെ തണലും അവരുടെ നേതൃത്വവും ആ രീതിയിൽ ഉൾകൊള്ളാൻ കഴിഞ്ഞ മഹല്ലു ജമാഅത്ത്

ആണ് പാടൂർ മഹല്ല് ജമാഅത്ത്. ആ വലിയ പാരമ്പര്യമുള്ള ഒരു മഹല്ല് ജമാഅത്ത് തന്നെയാണ് അവരുടെ പാരമ്പര്യത്തിലൂടെ അവരുടെ തലമുറകളെ പ്രചോദിപ്പിച്ച മഹാരഥന്മാരായ ഗുരുവര്യന്മാരെ ഓർക്കാൻ വേണ്ടി ഇങ്ങിനെ ഒരു ഉദ്യമം നടത്തുന്നത്. ഞാൻ എല്ലാവിധ ആശംസകളും നേരുകയാണ് പ്രത്യേകം. കാരണം നമ്മെ പഠിപ്പിച്ച പ്രത്യേകിച്ച് വൈജ്ഞാനികമായി ദീനി വെളിച്ചം നൽകിയ നമ്മുടെ ഗുരുനാഥന്മാരെ ഓർക്കുക വഴി അവരോട് കാണിക്കുന്ന ആദരവും അവരോടുള്ള കൃദജ്ഞതയുമാണ് ഈ മഹല്ല് ജമാഅത്തിലെ തലമുറകൾ ചെയ്തു വെക്കുന്നത്. അല്ലാഹു കഴിഞ്ഞുപോയ ആ മഹാരഥന്മാർക്ക് അവരുടെ ജീവിതത്തിൽ സ്വർഗീയമായ പാരത്രിക ജീവിതം നൽകട്ടെയെന്നു പ്രാർത്ഥിക്കുകയും അതോടൊപ്പം ഇത്തരമൊരു വളരെ അനുഭവമായ തീരുമാനം എടുക്കാനും അത് നടപ്പിലാക്കാൻ വേണ്ടി ശ്രമിച്ചിട്ടുള്ള പ്രിയപ്പെട്ട സഹോദരന്മാർക്ക് എല്ലാവിധ ആശംസകളും അതോടപ്പം റബ്ബിന്റെ പ്രത്യേകമായ തൗഫീഖും നൽകട്ടെ ദുആ ചെയ്യുകയും ചെയ്യുകയാണ്. ഈ ഉദ്യമം അല്ലാഹു കൂടുതൽ വിജയിപ്പിക്കട്ടെ. ചരിത്രത്തിന്റെ ഈ ഓർമ്മകൾ ആ മഹാ മനീഷികളെ കുറിച്ചുള്ള ചിന്തകൾ എല്ലാം അല്ലാഹു പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു വീണ്ടും വീണ്ടും ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു അസ്സലാമു അലൈകും വരഹ്മതുല്ലാഹി വബറകാതുഹു

https://youtu.be/7uekfQ4hlYo?si=JcfUnwUR8KnecbuG



കെ അബ്ദുൽ വാഹിദ് സാഹിബ്

അസ്സലാമു അലൈക്കും
മറ്റു ഗ്രൂപ്പുകളിൽ നിന്ന് വ്യത്യസ്ഥമായി പാടൂർ മഹൽ ഗ്രൂപ്പ് ചാറ്റിങ്ങിലും ഫോർവേഡുകളിലും നിന്ന് അംഗങ്ങളുടെ ശ്രദ്ധയെ തിരിച്ച് പഴയ കാല പാടൂരിന്റെ സാമൂഹിക, സാംസ്കാരിക,വൈജ്ഞാനിക മേഖലകളിൽ ജീവിതമർപിച്ച മഹത്തുകളെ പുതിയ തലമുറക്ക് പരിചയപ്പെത്തുന്ന സാഹസിക യജ്ഞത്തിന്ന് തുടക്കം കുറിച്ച് കൊണ്ട് നമ്മുടെ തഅലീമുൽ ഇസ്‌ലാം മദറസ ഉസ്താദുമാരിൽ നിന്ന് തുടങ്ങിയിരിക്കയാണ്. ചരിത്രങ്ങളെയും പൂർവികർ രാജ്യത്തിനായി ചെയ്ത സേവനങ്ങനളെയും തമസ്കരിച്ച് അവാസ്ഥവങ്ങളായ കെട്ടുകഥകൾ പുതിയ തലുറയെ പഠിപ്പിക്കുവാൻ തീവ്രശ്രമങ്ങൾ നടക്കുന്ന ഒരു കെട്ട കാലത്താണ് നാമുള്ളത്
മദറ സ ഉസ്താദുമാരുടെ സ്മരണകുറിപ്പുകൾ ചരിത്രവിദ്യാർത്ഥികൾക്ക് E Book ആയി സമർപ്പിക്കാൻ തയ്യാറെടുക്കുന്ന ഗ്രൂപ്പ് admins ന് സർവിധ ആശംസകളും നേരുന്നു.
ഇനിയും വിവിധ മേഖലകളിൽ പാടൂരിന്നായി സേവനമർപിച്ച മുൻഗാമികളെ പരിചപ്പെടുത്താൻ ഇതിന്ന്പിനിൽ പ്രവർത്തിക്കുന്ന സൻ മനസ്സുകൾക്ക് കഴിയട്ടെയെന്നുംഇവരുടെ അദ്ധ്വാന പരിശ്രമങ്ങൾ ഒരു സൽകർമമായി നാഥൻ സ്വീകരിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.
സ്നേഹാശംസകളോടെ



അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

"പാടൂർ മഹൽ കൂട്ടായ്മ"വാട്ട്സ് ആപ്പ് ഗ്രൂപ്പ് സംഘടിപ്പിച്ച മണ്മറഞ്ഞ നമ്മുടെ പള്ളി -മദ്രസ്സ അധ്യാപകരെ കുറിച്ചുള്ള അനുസ്മരണകുറിപ്പുകൾ സ്വരൂപിച്ച് ഇ -പുസ്തകം പ്രസിദ്ധീകരിക്കാനുള്ള ശ്രമത്തെ ഹാർദമായി സ്വാഗതം ചെയ്യുകയാണ്.ഒരു കൂട്ടായ്മയെ പോസിറ്റീവ് ചിന്തയിലേക്കും ചരിത്ര ബോധത്തിലേക്കും വഴിതിരിച്ച് വിടാൻ ഗ്രൂപ്പ് അഡ്മിൻസ് കാണിച്ച വൈഭവം ഏറെ അഭിനന്ദനീയമാണ്..... വിനയപൂർവം ഓർമിപ്പിക്കാനുള്ളത് ഈ സംരംഭം ഒരു തുടക്കം എന്നതിനേക്കാൾപഴയതിന്റെ തുടർച്ചയാണ് എന്ന കാര്യമാണ്...... നമ്മുടെ മദ്രസ്സയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് ഒരു സോവനീർ മഹല്ല് കമ്മിറ്റി മുൻകൈയെടുത്ത് അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി.1974-75കാലത്താണ് എന്നാണ് ഓർമ. വളരെ കനപ്പെട്ട ഒരുപാട് ലേഖനങ്ങൾ അതിലുണ്ടായിരുന്നു. പ്രത്യേകിച്ച് പലതവണ മഹല്ല് സെക്രട്ടറിയും പ്രസിഡന്റും ആയി സേവനമനുഷ്ഠിച്ച മർഹൂം കാദർമാസ്റ്ററുടെ നമ്മുടെ മഹല്ലിന്റെയും ഖത്തീബും മുദർ രിസുമായി നമ്മുടെ മസ്ജിദിൽ സേവനം ചെയ്തിരുന്ന പണ്ഡിതശ്രേഷ്ഠരുടെയും ചരിത്രം വിശദീകരിക്കുന്ന ഒരു അപൂർവ ലേഖനം ആ സോവനീറിന്റെ ആമുഖമായി ചേർത്തിരുന്നു. നിർഭാഗ്യവാശാൽ പുസ്തകത്തിന്റെ ഒരു പരസ്യത്തിൽ ദുസ്സൂചനയുള്ള ഒരു വാചകം അച്ചടിച്ചകാരണത്താൽ സോവനീർ വിവാദമാവുകയും വിതരണം പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ഉണ്ടായി.ഫലത്തിൽ ആ വിലപ്പെട്ട പുസ്തകം വെളിച്ചം കണ്ടില്ല.......ബഹുമാന്യനും സമാദ രണീയനുമായ നമ്മുടെ ബി. വി. സീതിതങ്ങൾ മരണപ്പെടുന്നതിന് മുൻപ് അദ്ദേഹത്തിന്റെ സമ്മതത്തോടും ആശീർവാദത്തോടും അദ്ദേഹത്തിന്ഒരു ഉപഹാരാഗ്രന്ദ്ധം പ്രസിദ്ധീകരിക്കാൻ മർഹൂം ഹാജി എം കാദർ സാഹിബിന്റെ നേതൃത്വത്തിൽ ഒരു ശ്രമം നടന്നിരുന്നു.അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ ബഹു :തങ്ങൾ മരണപ്പെട്ടു.എങ്കിലും പുസ്തകം സീതിതങ്ങൾ സ്മാരക ഗ്രന്ഥം എന്ന പേരിൽ പ്രസിദ്ധീകരിച്ചു.പ്രാദേശിക ലീഗ് നേതൃത്വവുമായി ആലോചിക്കാത്തതിന്റെ പേരിൽ അതും വിവാദമായി. അച്ചടിച്ച പുസ്തകങ്ങൾ കാര്യമായി വിതരണം ചെയ്യാൻ പറ്റാതെ കാദർഹാജിയുടെവീട്ടിൽകെട്ടിക്കിടന്നു.സീതിതങ്ങളുമായുള്ളഅഭിമുഖവും , അദ്ദേഹത്തെ പറ്റി ലീഗ് നേതാക്കളുടെ കനപ്പെട്ട നിരവധി ലേഖനകളുംഅപൂർവ ചിത്രങ്ങളും ആ സ്മരണികയിൽ ഉണ്ടായിരുന്നു .... അത്തരം ചുഴലികളിൽ വീഴാതെ ശ്രദ്ധിക്ക ണമെന്ന് ഓർമ്മിപ്പിച്ചെന്ന് മാത്രം.........

മഹാൽകൂട്ടായ്മയുടെ പരിശ്രമം വിജയിക്കുകയും മഹല്ല് നിവാസികൾ രണ്ട് കയ്യും നീട്ടി സ്വീകരിക്കുകയും ചെയ്യട്ടെ. സൽപ്രവർത്തനമായി നാഥൻ ഇത് സ്വീകരിക്കട്ടെ. ആമീൻ..........

ആർ. വി. സൈദുമുഹമ്മദ്.



നജീബ് സാഹിബ് കാരിയാട്ട്

യശോധാവല്യം

സ്നേഹത്തിന്റെയും സംസ്കാരത്തിന്റെയും പാണ്ഡിത്യത്തിന്റെയും മഹത്തായ പൈതൃകം ഉള്ള നാടാണ് മനോഹരമായ പാടൂർ. മൺമറഞ്ഞ മഹാരഥന്മാരുടെ നിറഞ്ഞ സംഭാവൾ ആണ് നമ്മുടെ നാടിന്റെ യശസ്സ്. പലരും സമുദായത്തിനും സമൂഹത്തിനും നൽകിയ മഹത്തായ സംഭാവനകൾ രേഖപ്പെടുത്താതെ പോകുന്നത് നിരാശാജനകമാണ്.
അധ്യാപകർ എന്ന നിലയിൽ യശശ്ശരീരായ പലരും നൽകിയത് കേവലം ദീനി വിജ്ഞാനം മാത്രമല്ല, മറിച്ച് ഭൗതിക വിദ്യാഭ്യാസം ആർജിക്കേണ്ടതിൻറെയും പാരമ്പര്യത്തിന്റെയും സൻദേശമാണ്.
അത്തരം ധന്യമായ സേവനം നൽകിയ പ്രകാശ ഗോപുരങ്ങളെ ഒരു പരിധിവരെ എൻകിലും കണ്ടെത്തി Digitalize ചെയ്തു സൂക്ഷിക്കാൻ ഉള്ള " പാടൂർ മഹല്ല് കൂട്ടായ്മയുടെ" സംരംഭം അദ്വിതീയ മാണ്!
വിശേഷിച്ചും ഇക്കാര്യത്തിൽ മുൻകൈ എടുത്തത് എന്റെ പ്രിയ സഹോദരൻ ലത്തീഫ് ആണ് എന്നത് എന്നെ ആഹ്ളാദ ഭരിതനാക്കുന്നു. ഇനിയും കണ്ടെത്തേണ്ട ഒട്ടേറെ വ്യക്തിത്വങ്ങൾ ഉണ്ട്.
അതിനുള്ള ഭഗീരഥ യത്നം തുടരട്ടെ എന്ന് പ്രത്യാശിക്കുന്നതോടൊപ്പം ഈ ഉദ്യമത്തിന് മുൻ കയ്യെടുത്ത കൂട്ടായ്മ ഭാരവാഹികളെ ആത്മാർഥമായി അഭിനന്ദിക്കുന്നു.

നജീബ് കാര്യാട്ട്
പുല്ലഴി26/11/25



ആർ വി ഉമ്മർ സാഹിബ്

അസ്സലാമു അലൈക്കും
മഹൽ ഗ്രൂപ്പ്, നമ്മിൽ നിന്നും മൺമറഞ്ഞു പോയ ഉസ്താദുമാരുടെ സ്മരണ പുതുക്കാൻ ഒരവസരം ഒരുക്കിയതു, വളരെ ഉചിതമായ ഒരു തീരുമാനമായിരുന്നു. ഇതിന് മുൻകൈ എടുത്ത അഡ്മിൻസ് പാനലിന് നന്ദി, അഭിനന്ദനങ്ങൾ.
ഈ ചർച്ചകൾ ഒരു E-Book രൂപത്തിൽ പ്രസിദ്ധീകരിക്കുവാനുള്ള പരിശ്രമം അതിലേറെ ശ്ലാഘനീയമാണ്. കഴിഞ്ഞു പോയ തലമുറയുടെ - വ്യക്തിപരമായ താല്പര്യങ്ങളെക്കാളും ബോധ്യങ്ങളെക്കാളും ഉപരി - സമുദായ താൽപര്യം മുൻനിർത്തിയുള്ള പെരുമാറ്റങ്ങളും ജീവിതവും നമ്മുടെ തലമുറക്കും വരുംതലമുറക്കും മാതൃകയാവേണ്ടതാണ്.

അല്ലാഹു ഈ സംരംഭം വിജയിപ്പിക്കുമാറാകട്ടെ. ആമീൻ. എല്ലാ ആശംസകളും ആശീർവാദങ്ങളും.

ആർ വി ഉമ്മർ

**അബ്ദുൽ മജീദ് മുഹമ്മദ്**

അസ്സലാമു അലൈക്കും വറഹ്മത്തുള്ളാഹി വബറക്കാത്തുഹൂ… ക്ഷേമ ഐശ്വര്യങ്ങൾ നേരുന്നു.. ഒപ്പം എല്ലാവർക്കും മനസ്സിന് സന്തോഷവും സമാധാനവും ആഫിയത്തുള്ള ആയുസ്സും നാഥൻ നൽകട്ടെയെന്ന പ്രാർത്ഥനകളോടെ…. പാടൂർ മഹൽ കൂട്ടായ്മയുടെ നെറുകയിൽ ഒരു പൊൻതൂവൽ കണക്കെ ചരിത്രത്തിൽ രേഖപ്പെടുത്തിയ ഒരു സംരംഭമാണ് നമ്മുടെ നാട്ടിലെ നമുക്ക് അറിവിന്റെ വെളിച്ചം വീശിയ നാടിന്റെ പൊൻകിരണങ്ങളായി മാറിയ മഹാന്മാരായ പണ്ഡിത വാര്യന്മാരെ കുറിച്ചുള്ള ഏറെ സൗന്ദര്യമുള്ള ഓർമ്മപ്പൂക്കൾ നൽകുക വഴി അഡ്മിൻസ് ഒരുക്കിയിട്ടുള്ളത്. ഏഴു പതിറ്റാണ്ട് മുൻപ് നാഥനിലേക്ക് മടങ്ങിയ മർഹൂം അഹമ്മദ് കുട്ടി മുസ്ലാരെ പോലെ, പള്ളിക്കലെ മെയ്യാരെ പോലെ അബെയിലാരെ പോലെ മാമയ്യാരെ കുഞ്ഞു ബാവു മുസ്ലാരെ പോലെ അങ്ങിനെ അങ്ങിനെ എത്ര എത്ര മഹാ പണ്ഡിതരെയാണ് ഈ സംരംഭം വഴി നമ്മിലേക്ക് അഡ്മിൻസ് എത്തിച്ചത്… ഈ പണ്ഡിത വര്യൻമാരെ മനസ്സിലാക്കി തരിക വഴി ഈ ഗ്രൂപ്പും ഗ്രൂപ്പ് അഡ്മിൻസും പ്രത്യേകിച്ച് ലത്തീഫ് സാഹിബും വലിയ പുണ്യപ്രവർത്തിയാണ് നടത്തിയിരിക്കുന്നത്. ഇങ്ങിനെയൊരു സ്മരണികയെ കുറിച്ചുള്ള പ്രോഗ്രാം കൊണ്ട് വന്നപ്പോൾ നമ്മുടെ ഈ കൂട്ടായ്മയിലെ നമ്മുടെ കാരണവന്മാർ അവരുടെ അനുഭവങ്ങൾ പങ്കു വെക്കുക വഴി എത്ര വലിയ അറിവുകളാണ് നമുക്ക് ലഭിച്ചതെന്ന് അറിയാമോ?? … ഇങ്ങിനെയൊരു ഓർമ്മപ്പൂക്കളുടെ, സ്മരണികകളുടെ വാതായനങ്ങൾ തുറന്നില്ല എങ്കിൽ ഈ തലമുറയ്ക്കും വരും തലമുറയ്ക്കും സംഭവിക്കാൻ പോകുന്ന നഷ്ടങ്ങൾ എത്ര വലുതാണെന്ന് അറിയാമോ?? ലഭിച്ച അറിവുകൾ എല്ലാം ചരിത്രങ്ങളാണ്.. ഈയൊരു സംരംഭത്തിന് തുടക്കം കുറിച്ചവർക്കും ഇതിനെ കൃത്യതയോടെ മുൻപോട്ട് കൊണ്ട് പോകുന്നവർക്കും ഇതിൽ അനുഭവങ്ങളുടെ ഭാണ്ഡക്കെട്ടുകൾ നമുക്ക് വേണ്ടി തുറന്നു തന്നവർക്കും നാളെ റബ്ബിന്റെ സന്നിധിയിൽ ഉന്നതമായ പദവികൾ നൽകി അനുഗ്രഹിക്കട്ടെ. നമ്മുടെ മാതാപിതാക്കളും ഉസ്താദുമാർക്കും നമ്മുടെ കുടുംബത്തിനും നമുക്കും ലോക മുസ്ലിങ്ങൾക്കും ജന്നാത്തുൽ ഫിർദൗസിൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ. ഒരിക്കൽ കൂടി അഡ്മിൻസിന് ബിഗ് സല്യൂട്ട്…

**ആർ.പി.റഷീദ് മാസ്റ്റർ.**

സന്ദേശം....
"രക്തസാക്ഷിയുടെ രക്തത്തേക്കാൾ പ്രധാന്യമുണ്ട് പണ്ടിതന്റെ മഷി തുള്ളിക്ക്" എന്ന് കേട്ട് പഠിച്ച മഹൽ ഗ്രൂപ്പിലെ അഡ്മിൻ മാർ, മൺമറഞ്ഞ് പോയ നാട്ടിലെ പണ്ഡിതരെ കുറിച്ചുള്ള നാട്ടുകാരുടെ ഓർമ്മകൾ പുസ്തകമാക്കുന്നു എന്നത് അഭിനന്ദനീയമാണ്.. !
ആർ.പി.റഷീദ് മാസ്റ്റർ.
27/11/25

**സൈനുദ്ധീൻ പോഗോ**

السلام عليكم ورحمة الله وبركاته
"ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് ഏറ്റവും ഉത്തമർ എന്ന് പ്രവാചക വചനം.
☘☘☘☘☘☘

കാലയവനികക്കുള്ളിൽ മറഞ്ഞ് പോയ ഒരു പറ്റം പാടൂരിന്റെ ഉന്നത പണ്ഡിതരെ ചികഞ്ഞെടുത്തവതരിപ്പിക്കാൻ പാടൂർ മഹൽ ഗ്രൂപ്പ് അഡ്മിൻമ്മാർ എടുത്ത ആ മഹത്തായ തീരുമാനത്തിന് ഏറ്റവും ഉചിതമായ പ്രതിഫലം ലഭിക്കുമെന്ന ഉറപ്പുണ്ട്.

ദീനിന് വേണ്ടി നിലകൊണ്ടവരെ കുറിച്ച് കുറിപ്പെഴുതാനും ശബ്ദ സന്ദേശമയക്കാനും അവസരം ലഭിച്ചവർ വളരെ കൃതാർത്ഥരാണ്.

മുൻ കാല പണ്ഡിതരെ കുറിച്ച് പുതിയ തലമുറക്ക് വലിയ അവബോധമുണ്ടാവണമെന്നില്ല. അറിയാത്തവർക്ക് അറിയാനും അറിഞ്ഞവർക്ക് കൂടുതലറിയാനും അവസരമൊരുക്കുക എന്നത് ചെറിയ കാര്യമായി കണക്കാക്കരുത്.

പണ്ഡിതരെ കുറിച്ചെഴുതുന്നവരും ശബ്ദ സന്ദേശമയക്കുന്നവരും അവരവരുടെ അറിവിനനുസരിച്ച് വളരെ ഭംഗിയായി നിർവ്വഹിച്ച് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ് പോയവരും ജീവിച്ചിരിക്കുന്ന വരുമായപണ്ഡിതർ മുസ്ലിം സമൂഹത്തിന് ദീനിന്റെ വെള്ളിവെളിച്ചം പകർന്ന് നൽകിയവരാണ്.
അവരെ കുറിച്ചുള്ള ആരോഗ്യകരമായ ചർച്ചകൾ,സംവാദങ്ങൾ തുടർന്നും ഉണ്ടാവണമെന്ന് ഈ അവസരത്തിൽ ബന്ധപ്പെട്ടവരോട് ഉണർത്തുകയാണ്. തന്നെയുമല്ല മുസ്ലീം സമൂഹം നേരിട്ട് കൊണ്ടിരിക്കുന്ന പ്രശ്നങ്ങളിലൊക്കെ തന്നെയും എഴുത്ത് കുത്തുകളും മറ്റും ഉണ്ടാവേണ്ടിയിരിക്കുന്നു. അതിനു വേണ്ടി കൂടിയുള്ള ഒരു വേദിയാവട്ടെ മഹൽ ഗ്രൂപ്പ് വാട്ട്സ്റ്റാപ്പ് കൂട്ടായ്മ എന്ന് കൂടി അഡ്മിൻ പാനലിനോട് തര്യപ്പെടുത്തുകയാണ്. നീണ്ട് പോയവരികൾ ഞാനവസാനിപ്പിക്കുകയാണ്.ഈ ഉദ്യമത്തിൽ പങ്കെടുത്ത് പ്രാർത്ഥന കൊണ്ട് ധന്യമാക്കുകയും ചെയ്തവർക്കും അരങ്ങിലും അണിയറയിലും പ്രവർത്തിച്ചഏവർക്കും പ്രത്യകം സ്നേഹാന്വേഷണ മറിയിക്കുന്നു.

ഏവർക്കും റബ്ബിന്റെ എല്ലാ വിധ അനുഗ്രഹങ്ങളുമുണ്ടാവട്ടെ. എന്ന പ്രാർത്ഥനയോടെ അവസാനിപ്പിക്കുന്നു -

ZAIN Pogo Tech
Mob:9745663339



ഫാറൂഖ് തങ്ങൾ

ഇസ്‌ലാമിൽ അറിവ് പരമപ്രധാനമാണ്, കാരണം ശരിയായ ബോധ്യത്തിനും വ്യക്തിത്വ വളർച്ചയ്ക്കും സാമൂഹിക വളർച്ചക്കും അത് അത്യന്താപേക്ഷിതമാണ്. സത്യവിശ്വാസികളെ നീതിപൂർവ്വം ജീവിക്കാൻ വഴികാട്ടുന്നതും, അജ്ഞതയിൽ നിന്നും ദുർമാർഗ്ഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതും, ഈ ലോക ജീവിതത്തെ ധന്യവും പ്രകാശ പൂരിതമാകാനും തുര്ന്നുള്ള അനന്തമായ ജീവിതത്തിൽ വിജയവും പദവികൾ ലഭ്യമാകുന്നതിന് ഇസ്ലാമിക പഠനം ആവശ്യമാണ്.

ഒരു നാട്ടിൽ പള്ളിയും ഇസ്ലാമിക പാഠശാലയും ഉണ്ടാകുക വളരെ വലിയ അനുഗ്രഹമാണ്. ഒരു നാടിന്റെ വലിയ സമ്പന്നതയാണ് വൈജ്ഞാനിക രംഗത്തെ മുന്നേറ്റങ്ങൾ. സമൂഹത്തെ വെളിച്ചത്തിലേക്കും ബോധ്യത്തിലെക്കും കൊണ്ടു പോകുന്നതിൽ ഇസ്ലാമിക പാഠ ശാലകൾ വലിയ പങ്കു വഹിക്കുന്നു.

നമ്മുടെ മഹല്ലിലെ പണ്ടിതന്മാരേയും തഅലീമുൽ ഇസ്ലാം മദ്രസ്സയിൽ ഇസ്ലാമിക വിജ്ഞാനം നുകർന്ന് തന്ന നല്ലവരായ ഉസ്താദുമാരെയും അനുസ്മരികുന്നതിനു വേണ്ടി പാടൂർ മഹൽ വാട്സപ് കൂട്ടായ്മായ സംഘടിപ്പിച്ച ചർച്ച വളരെ വിജയകരമായിരുന്നു. നാടിനെ കുറിച്ചും ഇസ്ലാമിക വ്യക്തിത്തങ്ങളെ കുറിച്ചും പലരും മറന്നതും പുതിയ തലമുറ അറിയാത്തതുമായ അറിവുകൾ ഈ വാട്ട്സപ് കൂട്ടായ്മ ചർച്ചകളിലൂടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവതരിക്കപ്പെട്ടു.

ചര്ച്ചക്ളിലൂടെയും പഠനങ്ങളിലൂടെയും ലഭ്യമായ അറിവുകൾ സംരക്ഷിക്കപ്പെടുകയെന്ന വലിയ സാമൂഹിക ഉത്തരാവാദിത്തവും ഈ വാട്ടസ്പ്പ് കൂട്ടയമായ ചെയ്യുന്നുവെന്ന് അറിഞ്ഞപ്പോൾ വല്ലാതെ സന്തോഷിച്ചു. ആ കഠിനാധ്വാനവും സമർപ്പണവും തീർച്ചയായും പ്രശംസനീയമാണ്. കൂടുതൽ കാരക്ഷമമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ അതുണ്ടാക്കുന്നതും നേടിയെടുക്കുന്നതും വലിയ സാധ്യതകളയിരിക്കും. ഇന്ന് എല്ലാ രംഗത്തും Information Technology യുടെ അനന്ത സാധ്യകളെ ഉപയോഗപ്പെടുത്തുനുണ്ട്.

ഡിജിറ്റൽ മാധ്യമത്തിൽ നമ്മുടെയീ കൃതി വായനക്കാരിലേക്ക് എത്തുന്നത് ഒരു മഹത്തായ നേട്ടമാണ്. E – Book സംവിധാനം ഉപയോഗപ്പെടുത്തുമ്പോൾ കൂടുതൽ വായനകൾ, ഉയർന്ന ഡൗൺലോഡുകൾ, പ്രതികരണങ്ങൾ ഉണ്ടാ വുകയും നാം ഉദ്ദേശിക്കുന്ന ലക്ഷ്യവും നേടിയെടുക്കാൻ സാധ്യമാകുകയും

ചെയ്യും. ഇന്നത്തെ വേഗതയേറിയ ഡിജിറ്റൽ യുഗത്തിൽ വായനക്കാർക്ക് E-book സംവിധാനം ഏറെ സൌകര്യമാണ്.
വളരെ സംത്രിപ്തിയോടെ ഒരു വലിയ പ്രയത്നം ഏറ്റെടുക്കയും അതിന്റെ E – Book പബ്ലിഷിംഗ് വിജയകരമായി പൂർത്തിയാക്കിയതിനും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. ഈ രംഗത്ത് ഇനിയും തുടർച്ചകൾ ഉണ്ടാകട്ടെയെന്നു ദുആ ചെയ്യുന്നു.

അപൂർവ ശീർഷകങ്ങൾ, അച്ചടിക്കാത്ത കൃതികൾ, കണ്ടെത്താൻ പലപ്പോഴും പ്രയാസമുള്ള ചരിത്ര നിധികൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന ഒരു ജീവനുള്ള ആർക്കൈവ് ഉണ്ടാക്കിയെടുത്തു വിജയകരമാക്കാനും ഈ പ്രവർത്തനങ്ങൾക്ക് കഴിയെട്ടെയെന്നും ആശംസിക്കുന്നു. ഇതൊരു സ്വാലിഹായ പ്രവർത്തനമായി അല്ലാഹു പരിഗണിക്കട്ടെയെന്നും ദുആ ചെയ്യുന്നു.
ഇസ്ലാമിക പാഠ ശാലകൾക്കെതിരെ വിദ്വേഷം വമിപ്പിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇസ്ലാമിക പാഠ ശാലകൾ ഒരു നാടിന് നേടികൊടുത്തതും നേടി കൊടു ക്കുന്നതുമായ മഹത്തയായ ചൈതന്യത്തെ കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവക്ർക്ക് ഈ E- Book ഉപകാരപെടട്ടെയെന്നും ആശംസിക്കുന്നു, ദുആ ചെയ്യുന്നു.

ഈ മഹത്തായ ദൌത്യം ഏറ്റെടുത്ത് വിജയകരമാക്കിയ എല്ലാവര്ക്കും അഭിവൃദ്ധിയും വിജയവും സന്തോഷവും അല്ലാഹു പ്രദാനം ചെയ്യട്ടെ.

ആശംസകൾ.


<u>അക്ബർ വലിയകത്ത്</u>

നിങ്ങളിൽ വെച്ച് ഏറ്റവും ഉത്തമർ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് എന്നത് നമുക്കൊരുത്തർക്കും അറിയുന്ന കാര്യമാണ്, പക്ഷെ അത് ഹദീസും കർമശാസ്ത്രവും ചരിത്രവും എല്ലാം സമന്വയിപ്പിച്ചു ചിട്ടയോടെ നമുക്ക് പഠിപ്പിച്ച് തന്നവരായിരുന്നു നമ്മുടെ ഉസ്താദുമാർ നമ്മെ മനുഷ്യരോട് പെരുമാറുന്ന രീതികൾ തൊട്ട് സ്നേഹവും സഹനവും നമസ്കാരവും വരെ പഠിപ്പിച്ചവർ, അവരുടെ ഓരോ അടിയും അല്ലാഹുവിലേക്ക് നമ്മേ അടുപ്പിച്ചു, മാതാപിതാക്കളുടെ പ്രാധാന്യം എന്താണെന്ന് പഠിപ്പിച്ചു, അവരിലൂടെ നമ്മൾ ഇഹലോകവും പരലോകവും കണ്ടു, പലരും കൂടുതൽ പഠിക്കാനാവാതെയും സാഹചര്യങ്ങൾ അവരെ അതിനനുവദിക്കാത്തഅവസ്ഥയായതിനാലും ഇടക്ക് വെച്ച് പഠനം നിർത്തിയെങ്കിലും ഉള്ളിന്റെ ഉള്ളിൽ അവർ പാകിയ അടിസ്ഥാന അറിവുകൾ അവരെ മുന്നോട്ട് തന്നെ നയിച്ചു,പുറം ലോകത്ത് നിന്ന് കൂടുതൽ പഠിക്കാനും ഭൗതിക മായുംദീനിപരമായും മക്കളെ കൂടുതൽ പഠിപ്പിക്കാനും അവർക്ക് സാധിച്ചു,അവരുടെ പ്രാർത്ഥനകളിൽ മാതാപിതാക്കൾ ക്കൊപ്പം ഉസ്താദുമാരെയും ഓർത്തു, ഇതാ ഇപ്പോൾ മഹല്ല് കുടുംബവും അവരെ നന്ദിയോടെ ഓർക്കുകയും അവരെക്കുറിച്ച് നമുക്കറിയാവുന്നത് വരും

തലമുറക്ക് വേ ണ്ടി രേഖപ്പെടുത്തി വെക്കുകയും ചെയ്യുന്നു അതിന് മുൻകയ്യെടുത്ത അഡ്മിൻ ടീം തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു പണ്ഡിതന്മാർ പ്രവാചകൻമാരുടെ അനന്തരാവകാശികൾആണെന്ന നബി(സ)വചനം ഓർത്തു കൊണ്ടും ഓർമിപ്പിച്ചുകൊണ്ടും അല്ലാഹു ഇതൊരു ജാരിയായ സദഖയായി സ്വീകരിക്കട്ടെ എന്ന പ്രാർത്ഥനയോടെ
,, അക്ബർ വലിയകത്ത്



സഊദ് തങ്ങൾ

ആശംസകൾ **** സാമൂഹിക ജീവിതത്തെ ആൽമീയതയിൽ ലയിപ്പിച്ച് മാതൃകാ ജീവിതം നയിച്ചവരാണ് നമ്മുടെ ഉസ്താദുമാർ. സമാദരണീയരായ ആ മഹത്തുക്കളുടെ ജീവിതവും അവർ നടന്നു നീങ്ങിയ വഴികളും, വ്യക്തികളുടെ ഓർമ്മകളിൽ മങ്ങി കിടക്കുകയായിരുന്നു. അവ തപ്പിയെടുത്തു, രേഖയാക്കി e-ബുക്കിൽ സൂക്ഷിച്ച് വെക്കുന്ന ശ്രമകരമായ ജോലിയാണ് ഇപ്പോൾ പൂർത്തിയായത്.
ജനതതികൾ, അവരുടെ സാംസ്കാരിക പൈതൃകം തിരിച്ചു പിടിക്കുന്നതിന് ആവശ്യമായ ഊർജ്ജം സംഭരിക്കുന്നത് ചരിത്രത്തിന്റെ ആഴത്തിലുള്ള പഠനങ്ങളിൽ നിന്നാണ്. ചരിത്രവസ്തുതകൾ കണ്ടെടുത്തെങ്കിലേ ഈ പഠനങ്ങൾ നടക്കൂ.
കടുത്ത വെല്ലു വിളികൾക്കിടയിലും ആധുനിക ലോകത്ത്, ഇസ് ലാം ഉജ്ജ്വല സാന്നിധ്യമാകുന്നതിന് കാരണമാകുന്നത്, വേരുകൾ തേടിപ്പോകുന്ന മുസ്‌ലിം ഉമ്മത്തിന്റെ സവിശേഷ സ്വഭാവമാണ്. ഹദീസ് ക്രോഡീകരണത്തിന്റെ ഭാഗമായി ഒട്ടനവധി മഹൽ വ്യക്തികളുടെ ജീവിത കഥകൾ പുറത്തെടുക്കപ്പെട്ടത് ഈ അന്വേഷണത്വരയുടെ ഉത്തമോദാഹരണമാണ്.
പ്രവാചകത്വലബ്ധി മുതൽ പ്രവാചകൻ മുഹമ്മദ് (സ) ന്റേയും സ്വഹാബത്തിന്റേയും, നീതിയുടെ പുനഃസ്ഥാപനത്തിന് വേണ്ടിയുള്ള പോരാട്ട ചരിത്രം പൂർണമായും രേഖപ്പെടുത്തപെട്ടിട്ടുണ്ട്. അതിന്റെ ചുവട് പിടിച്ച് ഒട്ടനവധി ശുഹദാഇന്റെയും, മൺമറഞ്ഞ മഹാൽമാക്കളുടെയും ചരിത്രവും രേഖ പ്പെടുത്തപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഖുർആന്റേയും ഹദീസിന്റേയും നിർദ്ദേശങ്ങൾക്കൊപ്പം, മുസ്‌ലിം ഉമ്മത്തിന്റെ ജീവിതം നിർണയിക്കുന്നതിൽ ഈ ചരിത്ര ശേഷിപ്പുകൾക്ക് വലിയ പങ്കുണ്ട്.
മൂല്യവത്തായ ജീവിതം നയിച്ചുകൊണ്ട് ഇസ് ലാമിക പ്രബോധനം നിർവഹിചിച്ച നമ്മുടെ ഉസ്താദ്മാരുടെ ചരിത്രമാണ് ഇവിടെ അനാവൃതമായത്.
മഹത്തായ ഈ കർമത്തിന് നേതൃത്വം കൊടുത്ത 'പാടൂർ മഹൽ കൂട്ടായ്മ'യുടെ അണിയറ ശിൽപ്പികൾക്ക് ഹൃദയപൂർവ്വം ആശംസകൾ അർപ്പിക്കുന്നു



ഷരീഫ് ബാബു

അസ്സലാമു അലൈക്കും.

പാടൂർ മഹൽ ഗ്രൂപ്പിൽ “നമ്മിൽ നിന്നും മൺമറഞ്ഞു പോയ ഉസ്താദുമാരുടെ സ്മരണ പുതുക്കൽ” എന്ന എപ്പിസോഡ് ഏറെ പേരും മഹൽ വാട്സാപ്പ് ഗ്രൂപ്പിലൂടെ വായിച്ചിരിക്കുകയും അവരവരുടെ ഓർമ്മകൾ പങ്കു വെക്കുകയും ചെയ്തതായി കണ്ടു. ഏവരുടെയും പോലെ കണ്ടവരെയും കാണാത്താവരെയുമായ നിരവധി ഉസ്താദുമാരെ അവരുടെ ഫോട്ടോ സഹിതം കാണുവാനായി എന്നത് ഏറെ സന്തോഷം നൽകുന്നു.

എല്ലാവരുടെയും സഹകരണം കൊണ്ടേ ഇതെല്ലാം കഴിയുകയുള്ളൂ എന്നതിൽ ഒരു സംശയവും ഇല്ല. ഒരാൾക്ക് പേനയും കടലാസും കൊണ്ട് മാത്രം ഇറങ്ങി തിരിച്ചാൽ ഓരോ ഉസ്താദുമാരെയും അവരവരുടെ ഇഷ്ടം പോലെ എഴുതി തീർത്തു കൊണ്ടു അവസാനിപ്പിക്കാമായിരുന്നെങ്കിൽ യഥാർത്ഥത്തിൽ അവരുടെ വിവരങ്ങൾ ഒന്നും ലഭിക്കുകയുമില്ല ഉള്ളതിൽ പലതും അവ്യക്തവുമായേനെ അതിനാൽ തന്നെ വിവിധങ്ങളായ മേഖലയിലെ ശിഷ്യന്മാർ അവരുടെ മേന്മകളും കഴിവുകളും നമുക്ക് മുന്നിൽ വിത്യസ്ത രീതിയിൽ പലയിടങ്ങളിൽ നിന്നായി കൊണ്ടു അക്ഷരങ്ങൾ കൊണ്ടും വാമൊഴികൾ കൊണ്ടും വായനക്കാരിൽ കൗതുകം തീർത്തു കൊണ്ടു ഓരോ എപ്പിസോഡും മുന്നോട്ട് പോകുമ്പോൾ പാടൂർ എന്ന ആ ഭൂമികയുടെ ഇസ്‌ലാമിലുള്ള സ്ഥാനമെന്താണെന്നും അതിന്ന് നൽകുന്ന ആദരവും പവിത്രതയും എത്രയാണെന്നും മനസ്സിലാക്കുന്നത് നന്നായിരിക്കും. എങ്കിൽ മാത്രമേ അവിടുത്തെ പണ്ഡിതരെയും സാദാത്തീങ്ങളെയും പൂർവ്വികരെയും കുറിച്ചുള്ള വ്യക്തമായ അറിവ് നമുക്ക് ലഭിക്കുകയുള്ളൂ. അതിലൂടെ എല്ലാത്തിലുമുപരി ഈ ചരിത്ര വായന പോലും പ്രതിഫലാർഹമായ ഒരു പുണ്ണ്യ കർമ്മമാക്കി മാറ്റാൻ കഴിയുകയുള്ളൂ.

പഴയ കാല ഉസ്താദുമാരെ കുറിച്ചുള്ള ലളിതമായ പ്രതിപാദന ശൈലിയും നാടൻ രീതികളും അവരുടെ പഠന പാഠവങ്ങളും കൊണ്ടു സുഗ്രഹമായ ആശയ വിവരണവും ഈ പക്തിയെ വ്യതിരിക്തവും ആകർഷകവുമാക്കുന്നു.

പാടൂർ ഗ്രാമത്തിലെ നാനാ വിഭാഗം പേരും ഇതൊരു പുസ്തകം ആയി കാണാൻ ആഗ്രഹിക്കുന്നുണ്ടാവും കാരണം ഇതുവരെ ഗ്രൂപ്പിൽ ഇതിന്ന് ലഭിച്ച സ്വീകാര്യതയും പ്രോത്സാഹനവും അതാണ് തെളിയിക്കുന്നത്. ഇതിനെ വായിക്കപ്പെടുന്ന നിലയിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കാൻ കഴിയുമെങ്കിൽ ഏറെ നാളുകൾ വായിക്കപ്പെടുവാനായി നിലനിൽക്കും. അങ്ങിനെയെങ്കിൽ ഈ പുസ്തകത്തെ താല്പര്യപൂർവ്വം അവർ നെഞ്ചേറ്റുക തന്നെ ചെയ്യും.

പലരുടെയും അഭിപ്രായങ്ങൾ ഓർമ്മകൾ വിട്ടുപോയവർ ഇനിയും ഉണ്ടായിരിക്കണം. അത്തരത്തിൽ വിട്ടുപോയ മൂന്ന് പേര് ഓർക്കാതെ മുന്നോട്ട് പോകാനും ആവില്ല - ജാഫന മുഹമ്മദ് മുസ്‌ലിയാർ,കോയകുട്ടി മുസ്‌ലിയാർ (ഇദ്ദേഹം 105 വയസ്സ് വരെ പാടൂരിൽ ജീവിച്ചു) കരിയന്റാകായിൽ മൊയ്തീൻ മുസ്‌ലിയാർ(പ്രസിദ്ധനായ സൂഫി വര്യൻ ഇദ്ദേഹത്തെ കോട്ടയത്തെ പുരാതനമായ പള്ളിയുടെ ചരിത്ര ഗവേഷണത്തിൽ എടുത്തു

പരാമർശിക്കുന്നുണ്ട്) പാടൂരിൽ ജീവിച്ചു. അതെല്ലാം പുസ്തക രൂപത്തിലേക്ക് വരുമ്പോൾ പൂർണ്ണ തയിൽ എത്തുമെന്ന് പ്രതീക്ഷിക്കാം.

ഗ്രാമത്തിലെ കഴിഞ്ഞു പോയ സൂരികളെ അറിയാനും ഓർക്കാനും വരും തലമുറകൾക്ക് അവരുടെ ചൈതന്യത്തെ അറിയിക്കുവാനും ബോധവൽക്കരിക്കാനും എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ഉദ്യമത്തിന് ഗ്രൂപ്പ് അഡ്മിൻസ് ഇറങ്ങിയിട്ടുണ്ടാവുക എന്ന് ഞാൻ മനസ്സിലാക്കുന്നു.

ഇതിന്ന് നിരന്തരം പ്രേരണ നൽകിയവർ പ്രോത്സാഹനം നൽകിയവർ അങ്ങിനെ ഒരുപാട് പേരുകൾ അവരെല്ലാവരോടും കടപ്പാടുണ്ട്. മറഞ്ഞു പോവാനും മറന്നു പോവാനും ഏറെ സാധ്യതയുള്ള ഓർമ്മകളാണ് അവരെല്ലാവരും നമുക്കായി ഓരോ ചരടിൽ കോർത്ത മുത്തുമണികളെ പോലെ ഈ അവസ്ഥയിലും കോറിയിട്ടത് അത്ഭുതകരമാണ് അതിശയമാണ് അവരുടെയെല്ലാം പരിശ്രമം ഇതിന്റെ മുന്നോട്ടുള്ള യാത്രയെ ഏറെ സുഖമമാക്കി. ഈ ഉദ്യമത്തിൽ സഹായിച്ചവർക്കെല്ലാം എത്ര മാത്രം നന്ദി പറഞ്ഞാലും മതിയാവുകയില്ല. അഞ്ചു മുഖങ്ങളെ സവിശേഷം ഓർക്കുന്നു - ആർ വി സൈദ് മുഹമ്മദ്, അബ്ദുൾ വാഹിദ് സാഹിബ്, ആർ പി സിദ്ധീഖ് സാഹിബ്,കാര്യാട്ട് നജീബ് സാഹിബ്, കുഞ്ഞി സീതി തങ്ങൾ--, സ്നേഹവും പ്രാർത്ഥനകളും നൽകാം.

ഈ നിർമ്മിതിയിൽ പലരോടും നന്ദിയുണ്ട് അഡ്മിൻസ് പാനൽ തുടങ്ങിയവർ എല്ലാവർക്കും അല്ലാഹു മഹത്തായ പ്രതിഫലം നൽകി അനുഗ്രഹവും ആയുരാരോഗ്യവും നൽകുമാറാകട്ടെ ഇതൊരു സൽക്കർമ്മമായി സ്വീകരിക്കുമാറാവട്ടെ.

E-Boook എന്ന ലക്ഷ്യപ്രാപ്തിയും കൊണ്ടു നാട്ടിലെ ഉസ്താദുമാരെ ഓർക്കുവാനും സ്മരിക്കുവാനും വേണ്ടി പാടൂർ മഹൽ കൂട്ടായ്മയുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച് മുന്നോട്ട് പോയ ഈ എപ്പിസോഡിന്ന് എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുകയാണ്.

ഷരീഫ് ബാബു
ദോഹ ഖത്തർ
01-12-2025

നാസറുദ്ധീൻ തങ്ങൾ

നമ്മുടെ ദീനി വിജ്ഞാന മേഖലയിലെ വഴി വിളക്കുകൾ ഓർമകൾ ക്ക് സുഗന്ധം പൂശുന്നു. വസന്തത്തിന്റെ വിത്ത് പാകിയ ആ പണ്ഡിതർ വളരെ മഹത്തായ ഒരു കർത്തവ്യ മാണ് നിറവേറ്റിയിരുന്നത്.

നമ്മുടെ പണ്ഡിതരുടെ ജ്ഞാന രഥ്യ മദ്രസ, പള്ളി ദറസ്സ് പൊന്നാനി വിളക്ക്, ബാഖിയാത്ത്, ദുയൂബന്ദ് എന്നിവ യായിരുന്നു. പിന്നീട് കേരളത്തിൽ പരശ്ശതം അറബി കോളേജ്ജുൾ വന്നു. പള്ളി ദറസ്സുകൾ എതാണ്ട് അസ്തമിച്ചു.

10 മണി കഴിഞ്ഞാൽ മദ്രസ കെട്ടിടം ഉപയോഗ ശൂന്യം. വിജ്ഞാനം തേടൽ നിർബന്ധം ആയ ഒരു സമൂഹം ആണ് നമ്മൾ. എനിക്ക് തോന്നുന്നു, വയോജന വ്യവസ്ഥാപിത ഇസ്ലാമിക വിദ്യാഭ്യാസ പരിപാടി തുടങ്ങണം എന്നാണ്.

ഇത്തരം നല്ല പ്രവർത്തനങ്ങൾ അതിലേക്കുള്ള തുടക്കമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കൊർദോവോ തകർന്നിട്ടും ഇമാം കുർത്തുബി നമുക്കിടയിൽ ജ്ഞാന ദീപമായി പ്രകാശിക്കുന്നു.

ചേതോഹരമായ ഈ e book ന് ആശംസകൾ. മുൻകയ്യെടുത്തവർക്ക് അല്ലാഹു പ്രതിഫലം നൽകട്ടെ. നല്ല ഉസ്താദ്മാരെ പ്രദാനം ചെയ്യട്ടെ.

<u>മൺ മറഞ്ഞ ഉസ്താദുമാരിലൂടെ</u>

<u>പാടൂർ മഹൽ കൂട്ടായ്മ</u>

പാടൂർ മഹൽ കൂട്ടായ്മയിലെ എല്ലാ അംഗങ്ങൾക്കും അസ്സലാമുഅലൈക്കും.

നമ്മളിലെ പ്രബോധകരും പ്രിയ ഗുരുനാഥന്മാരുമായ ഉസ്താദുമാർ – അവർ ഇന്ന് നമ്മോടൊപ്പം ഇല്ല എങ്കിലും, അവരുടെ പാഠങ്ങളും പ്രാർത്ഥനകളും ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു.

മദ്രസയിലെ ഓരോ പാഠവേളയും, ഓരോ ആത്മീയ ഓർമ്മപ്പുറവും അവരുടെയും സാന്നിദ്ധ്യത്തിന്റെ തെളിവുകളാണ്.

ഇൻശാഅല്ലാഹ്, നാളെ മുതൽ (നവംബർ1)അവരുടെ ഓർമ്മകൾ പുതുക്കുന്നതിനും, അവരുടെ അനുസ്മരണത്തിലൂടെ നമ്മുടെ മതജീവിതം കൂടുതൽ പൂർണതയിൽ എത്തിക്കാനും നമ്മൾ ഒന്നിച്ചിരുന്ന് അവരുടെ ഓർമ്മകൾ പങ്കു വെക്കുന്നു.

ഇത് ഒരു നന്ദിപ്രകടനമാണ് – നമ്മുടെ ജീവിതത്തിൽ വെളിച്ചം വിതറിയ ആ ഉസ്താദുമാർക്കുള്ള ഹൃദയത്തോട് ചേർന്നൊരു ഓർമ്മാഞ്ജലി.

അള്ളാഹു നമ്മുടെ ഉസ്താദുമാരുടെ ഖബറിടം വിശാലമാക്കി കൊടുക്കട്ടെ, സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ. നമ്മുടെ ഈ പ്രവർത്തി ഒരു സ്വാലിഹായ അമലായി അള്ളാഹു സ്വീകരിക്കട്ടെ, ആമീൻ. 🤲

അഡ്മിൻസ്

താഴെ പറയുന്ന 15 ഉസ്താദുമാരെയാണ് ഈ വേളയിൽ അനുസ്മരിക്കുന്നത്.

സൗകര്യാർത്ഥം ഒരു ഉസ്താദിനു രണ്ടു ദിവസം എന്ന നിലക്കാണ് നിശ്ചയിച്ചിട്ടുള്ളത്. നിങ്ങളുടെ ഓർമ്മകൾ ടെക്സ്റ്റിലൂടെയോ, വോയിസ്‌ലൂടെയോ പങ്കുവെക്കാവുന്നതാണ്

1. എംവി കുഞ്ഞി അഹമ്മദ് മുസ്‌ലിയാർ

2. പി കെ കുഞ്ഞി ബാവു മുസ്‌ലിയാർ

3. ആലി മുസ്‌ലിയാർ

4. അബു മുസ്‌ലിയാർ

5. മുഹമ്മദ് മുസ്‌ലിയാർ പി പി

6. മാമദ് മുസ്‌ലിയാർ

7. മുഹമ്മദ് മുസ്‌ലിയാർ കാളംകോട്ടെ

8. അബ്ബു മുസ്‌ലിയാർ വാക്കയിൽ

9. അഹമ്മദ് മുസ്‌ലിയാർ കെലാണ്ടത്ത്

10. ഹമീദ് മുസ്‌ലിയാർ തച്ചൻകോടൻ

11. പി കെ മുഹമ്മദ് മുസ്ലിയാർ കരിപ്പായിൽ

12. പൂക്കോയ തങ്ങൾ മുസ്ലിയാർ

13. അഹമ്മദ് കുട്ടി മുസ്ലിയാർ

14. സൈദു മാഷ്

15. ആറ്റകോയ തങ്ങൾ മുസ്ലിയാർ

NB : ഈ സമയങ്ങളിൽ അവരോടുള്ള ആദരാസൂചകമായി ഫോർവേഡ് മെസ്സേജുകൾ സ്വയം നിയന്ത്രിക്കുമല്ലോ 🙏

പരമ്പരയെ കുറിച്ചു **തൈസീർന്റെ** വീഡിയോ സന്ദേശം

Click here

https://youtube.com/shorts/SqqroZlElT0?si=pp95Toeg909rI4CE

പരമ്പരയെ കുറിച്ചു **ഉസ്മാൻ തറയിൽ** വീഡിയോ സന്ദേശം

Click here

https://youtu.be/3cMy92e2ygY?si=bmGtHAxcB5I4NzRO

പരമ്പരയെ കുറിച്ചു **സിദ്ധിഖ് സാഹിബ്** -ശബ്ദ സന്ദേശം

Click here

https://youtu.be/a7q305TGXf4?si=Q1KmWrMfvROG_x_B

01Nov 2025

Episode 1

മർഹൂം ഹാജി എം വി കുഞ്ഞഹമ്മദ് മൗലവി



"പ്രിയ സഹോദരങ്ങളേ,

ഇന്നത്തെ അനുസ്മരണം നമ്മുടെ മഹല്ലിന്റെ ആത്മീയ ജീവിതത്തിൽ അതുല്യമായ പങ്കുവഹിച്ച ഒരു മഹാനായ വ്യക്തിയെ ഓർക്കുന്ന അത്യന്തം ഹൃദയസ്പർശിയായ അവസരമാണ്.

ദീർഘകാലം നമ്മുടെ മഹല്ലിൽ ഖത്തീബായും, ദർസിലെ ഉസ്താദായും, 'ഇഹ്യാ ഉലൂമുദ്ധീൻ' എന്ന അമൂല്യ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷകരിൽ ഒരാളും ആയി പ്രവർത്തിച്ച എം.വി. കുഞ്ഞി അഹമ്മദ് മുസ്ലിയാർ – ജ്ഞാനത്തിന്റെ വെളിച്ചത്താൽ തലമുറകളെ പ്രകാശിപ്പിച്ച ഒരവസാനിക്കാത്ത ദീപം ആയിരുന്നു.

അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ, ദർസിലെ പാഠങ്ങൾ, ശിഷ്യന്മാരോടുള്ള സ്നേഹം, മഹല്ലിനോടുള്ള അർപ്പണം – എല്ലാം ചേർന്ന് അദ്ദേഹത്തെ ഒരു പണ്ഡിതനായി മാത്രമല്ല, ഒരു ആത്മീയ മാർഗദർശകനായും മാറ്റി.

നമുക്ക് പങ്കു വെയ്ക്കാം, അദ്ദേഹത്തിന്റെ ഓർമ്മകൾ, അദ്ദേഹത്തോടൊപ്പമുള്ള നിങ്ങളുടെ നിമിഷങ്ങൾ,നിങ്ങൾ കേട്ടറിഞ്ഞ കണ്ടറിഞ്ഞ, അനുഭവിച്ചറിഞ്ഞ നമ്മുടെ "പള്ളിക്കലെ ഉസ്താദ്" ...

ഉസ്താദിനെ കുറിച്ച് അദ്ദേഹത്തിന്റെ മകൻ

ഷരീഫ് ബാബു ✍️

മർഹൂം എം വി കുഞ്ഞി അഹമ്മദ് മൗലവി.

================================

സ്നേഹവും ആത്മീയതയും കൊണ്ട് ഒരു ഗ്രാമത്തിൽ നിറഞ്ഞുനിന്നിരുന്ന വ്യക്തിത്വം, ആത്മീയതലങ്ങളിൽ കേരളത്തിൽ ഏറെ ബന്ധങ്ങളുള്ള കുടുംബത്തിലെ അംഗമെന്ന നിലയിലെക്കാൾ താൻ കഴിയുന്നയിടങ്ങളിലെ ജനങ്ങളുമായി ഇടപഴകി അവരിലെ പ്രിയങ്കരനായികൊണ്ടു ജീവിച്ചു അവിടം വിട്ടുപോയിട്ടും അവരുടെയിടയിൽ ഇപ്പോഴും ജീവിക്കുന്ന അദ്ദേഹം എന്നും ഓർമ്മിക്കപ്പെടും.

തലമുറകളായി പണ്ഡിതരും സയ്യിദന്മാരും സൂഫികളും നിറഞ്ഞിടത്തേക്ക് മതപരമായ അറിവ് മാത്രം കൈമുതലായി കൊണ്ടു ഒരാൾ കടന്നു വന്നു അവരുടെ വൈഞ്ജാനിക സാമൂഹിക-സാംസ്കാരിക മേഖലകളിൽ നിറഞ്ഞുനിന്ന് പാടൂർ ഗ്രാമത്തിന്റെ ചരിത്രപരമായ നാഴികക്കല്ലുകളുമായി ഒരാൾ മൂന്നര പതിട്ടാണ്ടു കാലം ആ മഹല്ലിൽ തന്റെതായ വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞുപോയങ്കിലും അദ്ദേഹം വിട്ടേച്ചു പോയ നിലനിൽക്കുന്ന നന്മകളാൽ ഒരു പ്രത്യേക ശോഭയായി അവർക്കിടയിൽ ഇന്നും നിലനിൽക്കുകയാണവിടെ.

പാടൂർ ഗ്രാമത്തിൽ തല ഉയർത്തി നിൽക്കുന്ന പാടൂർ ജുമാ മസ്ജിദിൽ പള്ളിക്കലെ മുസ്‌ലിയാർ എന്നും ഒരു സ്നേഹസ്മരണയായിരുന്നു. ഒരു പച്ച മനുഷ്യനായിരുന്നു അദ്ദേഹം അങ്ങിനെ യായത് കൊണ്ടു കൃത്രിമമായ പക്വതയും സംയമനവുമൊന്നും അദ്ദേഹത്തിന് വശമുണ്ടായിരുന്നില്ല. പറയേണ്ടത് എവിടെ വെച്ചും പറയും ചിലപ്പോൾ നന്നായി ദേഷ്യപ്പെടും. അത് അമിതമായി എന്ന് തോന്നിയാൽ പിന്നീട് തിരുത്തും. ആരോടെങ്കിലും ദേഷ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതവിടെ അവസാനിക്കും. പിന്നീടവരോട് കൂടുതൽ സ്നേഹം കാണിക്കും. അങ്ങിനെ വളർന്നവരാണ് നാട്ടിലെ അദ്ദേഹത്തിന്റെ വിദ്യാർഥികൾ. അവരെല്ലാവർക്കും പറയാൻ ഏറെ യുണ്ടാവും എന്നറിയാം എന്നാലും ജീവിതാവസാനം വരെ ഒരു പൊന്നാടയോ ഫലകമോ അറിയപ്പെടാനുള്ള കേമത്തരമോ കൃത്രിമത്തമോ ഇല്ലാത്തൊരു പിതാവിന്റെ മകനെന്ന നിലയിൽ എന്നും ചേർത്തു പിടിച്ച ആ പിതാവിനെ ഈ ഗ്രൂപ്പ് വഴി ഓർക്കാനും പ്രാർത്ഥിക്കുവാനും അദ്ദേഹത്തിന്റെ ശിഷ്യന്മാരും ഗ്രാമീണരും ഓർത്തെങ്കിൽ അവർ അനുഗ്രഹീതരുടെ കൂട്ടത്തിലെ ധന്യരാണ് എന്നതിൽ ഒരു സംശയവുമില്ല അത് തന്നെയാണ് അദ്ദേഹത്തിന്നായി തിരിച്ചു നൽകാനുള്ള അവാർഡും ഫലകവും.

പാടൂർ പള്ളിയിൽ അദ്ദേഹത്തെ കാണാൻ എത്തുന്നവർക്ക് ഊഷ്മളമായ സ്നേഹം നൽകി അവരുടെ ഉള്ളിലെ വ്യഥകൾക്ക് ആശ്വാസം

നൽകുകയായിരുന്നു അന്ന് ആ പള്ളിയും പരിസരവും. അദ്ദേഹത്തിന്റെ ആതിഥ്യമര്യാദയും ഇടപെടലുകളും അവിടെ എത്തുന്ന ഓരോ വ്യക്തിക്കും അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഒരു മത ഭക്തൻ എന്നതിനേക്കാൾ സാമൂഹ്യ വ്യക്തിത്വം എന്ന നിലയിൽ എല്ലാ വിഭാഗം ജനങ്ങളുമായും അദ്ദേഹം ഊഷ്മളമായ ബന്ധം പുലർത്തിയിരുന്നു. രാഷ്ട്രീയമോ മതമോ ജാതിയോ സംഘടനയോ നോക്കാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കാനും ചേർത്തുനിർത്താനും അദ്ദേഹത്തിന് സാധിച്ചിരുന്നു.

ഒരുപാട് സുഹൃത്തുക്കളോടുകൂടിയ ഒരു വലിയ സൗഹൃദ വലയത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു അദ്ദേഹം. സൗമ്യമായ പെരുമാറ്റവും, ആരെയും ആകർഷിക്കുന്ന പുഞ്ചിരിയും അദ്ദേഹത്തെ സൗമ്യനാക്കി കുടുംബ ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. ഒരു നല്ല പിതാവ്, മാതൃകയാക്കാൻ കഴിയുന്ന സാമ്പത്തിക നിപുണൻ, അറിവ് പകർന്നു നൽകുന്നതിൽ തൽപ്പരൻ, ബുദ്ധിമുട്ടിൽ പ്രയാസത്തോടെ വരുന്നവർക്ക് അല്ലാഹുവിൽ മാത്രം അഭയം തേടുവാൻ കൽപ്പിക്കുന്നവർ ഇങ്ങനെ വിവിധ വേഷങ്ങളിൽ അദ്ദേഹം പലരുടെയും ജീവിതത്തിൽ ഒരു താങ്ങും തണലുമായിരുന്നു.

പത്തോളം ഗ്രന്ഥങ്ങൾ കൈരളിക്കായി സമ്മാനിക്കുവാൻ അദ്ദേഹത്തിന്നായി അതിൽ ഏറെ മികച്ചു നിൽക്കുന്ന ഇഹ്യാ ഉലൂമിദ്ധീൻ ആ അനുഗ്രഹീത തൂലികയിലൂടെയാണ് മലയാളികൾക്കായി വായിക്കുവാനായത്.

മൂന്നര പതിറ്റാണ്ട് കാലം പാടൂർ മഹല്ല് ജുമാ മസ്ജിദിന്റെ കല്ലിടുക്കുകളിലും പരിസരങ്ങളിലും പ്രകാശം വിതറി നിറഞ്ഞു നിന്നിരുന്ന ആ വിളക്ക് അണഞ്ഞെങ്കിലും ഇന്നും അവിടുത്തുകാരുടെ മനസ്സുകളിൽ മായാതെ നിൽക്കുന്ന പ്രിയ ഉസ്താദിന് നാഥൻ അനശ്വര സുഖസൗകര്യങ്ങളുള്ള ആരാമങ്ങൾ നൽകി അവരെയും നമ്മെയും സ്വർഗീയരാമത്തിൽ സ്ഥിരവാസികളാക്കട്ടെ. ആമീൻ

ഷരീഫ് ബാബു.

01/11/2025

<u>**ശിഹാബ്** ഓർമ്മകൾ പങ്കുവെക്കുന്നു- ശബ്ദ സന്ദേശം</u>

Click here

https://youtube.com/shorts/jvzGeL8xjy8?si=fOWqfR5c1Zy6DQb_

നജീബ് സാഹിബ് കാര്യാട്ട് ഓർമ്മകൾ പങ്കുവെക്കുന്നു

എന്റെ അഭിവന്ദ്യ ഗുരു നാഥൻ ജനാബ് എം. വി. കുഞ്ഞഹമ്മദ് മൗലവിയെ കുറിച്ച് എന്റെ പ്രിയ സുഹൃത്ത് ബാബു എഴുതിയ കുറിപ്പ് ഏറെ ഹൃദയസ്പർശിയാണ്. സ്വന്തം പിതാവിനെ കുറിച്ച് അഭിമാനപൂർവ്വം എഴുതാനുള്ള അവസരം ലഭിച്ച ബാബുവിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ആരാണ് ഉസ്താദ് എന്ന് അക്കാലത്ത് പലരും യഥാർത്ഥ Merit ൽ ബോധ്യപ്പെട്ടിരുന്നുവോ എന്നത് സംശയാസ്പദമാണ്.

അദ്ദേഹത്തിന്റെ വിനീത ശിഷ്യൻ ആകാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. എട്ട് ഒമ്പത് പത്ത് ക്ലാസുകളിൽ (High School @ Enamakkel) പഠിക്കുമ്പോൾ മദ്റസയിലെ പൊതു പരീക്ഷയ്ക്ക് ശേഷം അന്നത്തെ മഹല്ല് കമ്മിറ്റിയുടെ തീരുമാനപ്രകാരം ആരംഭിച്ച ദറ്സ് ആണ് അത്. രാവിലെ ഏഴു മുതൽ ഒൻപതു വരെ. അത് കഴിഞ്ഞ് വീട്ടിലേക്ക് വന്ന് വേണം മുല്ലശ്ശേരി വരെ നടന്നു School ലേക്ക് റാണി ബസിൽ പോകാൻ. നേരം വൈകിയതിന്റെ പേരിൽ പലപ്പോഴും ക്ലാസിന്റെ പുറത്ത് നിറുത്തി ശിക്ഷിക്കപ്പെടും. എന്നിരുന്നാലും എന്റെ ഉസ്താദിന്റെ ക്ളാസ് ഞാൻ മുടക്കില്ല. എന്റെ വെല്ലിപ്പ അക്കാര്യത്തിൽ കർശനമായിരുന്നു. R. V. Ummer മാമത് മുസ്‌ലിയാർ മകൻ ഉമർ തുടങ്ങിയ സഹപാഠികൾ. പിന്നീട് കോളേജ് വിദ്യാഭ്യാസ ഘട്ടത്തിലും സർവീസിൽ കയറിയ ശേഷവും ഞാൻ അദ്ദേഹത്തിന്റെ സ്ഥിരം സന്ദർശകൻആയിരുന്നു.

എനിക്ക് ഗുരുതരമായ പരീക്ഷണഘട്ടങ്ങൾഅഭിമുഖീകരിക്കേണ്ടി വന്ന സന്ദർഭത്തിൽ (എന്റെ ഉപ്പ അൻപത്തി മൂന്നാം വയസ്സിൽ മരണപ്പെട്ടപ്പോൾ) എനിക്ക് കേവലം ഇരുപത്തി ആറു വയസ്. ഒരു വലിയ കുടുംബത്തിന്റെ ചുമതല എന്റെ ചുമലിൽ. അപ്പോഴെല്ലാം ഒരു പ്രകാശ ഗോപുരം പോലെ ആശ്വാസത്തിന്റെ സമാധാനത്തിന്റെ കെടാത്ത കൈത്തിരി നാളം പകർന്നു തന്നത് അദ്ദേഹം ആണ്. അദ്ദേഹത്തിന്റെ സഹോദരൻ അബ്ദുല്ല മൗലവി എന്റെ ഉപ്പാടെ സഹപ്രവർത്തകൻ ആയിരുന്നു. സി. എച്ച് റഷീദ് എന്റെ Close friend ആണ്. അൻചങ്ങാടിയിൽ ഉള്ള അദ്ദേഹത്തിന്റെ വസതിയിൽ പല വട്ടം പോയിട്ടുണ്ട്. റഷീദിന്റെ മകൾക്ക് Rank കിട്ടിയപ്പോൾ MECA ക്ക് വേണ്ടി ഞാൻ ആണ് അവാർഡ് നൽകിയത്. ഈ കുടുംബവുമായി ഉള്ള സ്നേഹ ബന്ധം എന്നും നിൽക്കുന്നു.ഉസ്താദിനെ കുറിച്ച് ഉള്ള ധന്യമായ സ്മരണകൾക്ക് മുന്നിൽ നമ്റശിരസ്കനാകുന്നു.

Alhamdulillah

ശുഐബ് മുഹമ്മദ് ഓർമ്മകൾ പങ്കുവെക്കുന്നു- ശബ്ദ സന്ദേശം

https://youtube.com/shorts/250zsxE0Ptk?si=q5ny9gyCqLV7d-zm

ഉസ്മാൻ തറയിൽ ഓർമ്മകൾ പങ്കുവെക്കുന്നു -ശബ്ദ സന്ദേശം

https://youtube.com/shorts/Ad9ZMQ3ZL18?si=kxT83KKigCLXGRwD

ഫോട്ടോ പങ്കു വെച്ചത് **വാസിം**



ഫോട്ടോ പങ്കു വെച്ചത് **റഫീഖ്**



ആർ വി ഉമ്മർ സാഹിബ് ഓർമ്മകൾ പങ്കുവെക്കുന്നു

വൈകിയാണ് എങ്കിലും കുറിക്കട്ടെ.

رب اشرح لي صدري

എന്ന് തുടങ്ങിയ ദുആ മുതൽ ശബ്ദ വിന്യാസത്തിൽ നീട്ടലോ കുറുക്കലോ അതിഭാവുകത്വമോ ഇല്ലാത്ത, പറഞ്ഞു പഴകിയ പ്രയോഗങ്ങൾ ഇല്ലാത്ത, സാധാരണക്കാരന് മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ, സുന്ദരമായ

മലയാളത്തിൽ അനർഗളമായ സംഭാഷണ ശൈലിയുടെ ചാരുതയാണ് ആദ്യം മനസ്സിൽ ഓടിയെത്തുന്നത്.

ഉയർത്തി കെട്ടിയ സ്റ്റേജിലെ ട്യൂബ് ലൈറ്റുകളുടെ മിന്നുന്ന വെളിച്ചത്തിൽ കണ്ട സുന്ദരമുഖമായാണ് ജ. എം വി കുഞ്ഞി അഹമ്മദ് മൗലവി, എം എഫ് ബി, എം എ (ദയൂബന്ദ്) ഉസ്താദിനെ പറ്റിയുള്ള ആദ്യത്തെ ഓർമ്മ.

മുസ്ലിയാക്കന്മാരുടെ ഒഴിച്ചുകൂടാനാവാത്ത ചുമതലകളിൽ പെട്ട "കാവൽ" എഴുതിക്കൽ, "പിഞ്ഞാണം" എഴുതിക്കൽ എന്നിവയ്ക്ക് വേണ്ടി, എൻ്റെ മദ്രസ്സ പ്രായത്തിൽ, പലതവണ അദ്ദേഹത്തിൻറെ അടുത്ത് പോകേണ്ടി വന്നിട്ടുണ്ട്. ആ വടിവൊത്ത കൈപ്പട കൊതിയോടെ നോക്കി നിന്നിട്ടില്ലാത്ത ഒരു അവസരവും ഓർമയിലില്ല.

നിങ്ങളിൽ പലരും അദ്ദേഹത്തെ നേരിൽ കണ്ടിട്ടുള്ളവരാണ്. ആ പൌരുഷവും, ആകാര സൗന്ദര്യവും ഒക്കെ ഞാനായി വർണ്ണിക്കേണ്ട കാര്യമില്ലല്ലോ.

വയള് പറയാനായി വന്ന അദ്ദേഹത്തിൻറെ പാണ്ഡിത്യത്തിലും വാക്ചാതുരിയിലും പെരുമാറ്റത്തിലും ആകൃഷ്ടരായ കാരണവന്മാർ, നിർബന്ധിച്ച് ഖത്തീബും മുദരിസും ആയി അദ്ദേഹത്തെ ഇങ്ങോട്ട് കൊണ്ടു വരികയായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്. പ്രഗൽഭരായ പണ്ഡിതന്മാരായിരുന്ന അദ്ദേഹത്തിൻറെ പിതാവും പിതാമഹനും പ്രദേശത്ത് വളരെ പേരെടുത്തവരായിരുന്നു. അത്തരം ഒരു കുടുംബത്തിലെ സന്തതി എന്നൊരു പ്രതിച്ഛായ കൂടി അദ്ദേഹത്തിന് സ്വന്തമായിരുന്നു.

എനിക്ക് മുൻപ് ഇട്ട ഒരു പോസ്റ്റിൽ പറഞ്ഞതുപോലെ, ഈ മഹല്ലിൽ ഏറ്റവും അധികം കാലം ഖത്തീബായി സ്ഥാനം വഹിച്ച റെക്കോർഡ് അദ്ദേഹത്തിനാണ് എന്ന് തോന്നുന്നു. അദ്ദേഹം വരുന്നതിനു മുൻപുള്ള സമയത്തെ ഖത്തീബുമാരും മുദരിസുമാരും അടിക്കടി മാറിക്കൊണ്ടിരുന്നു എന്നാണ് കേട്ടറിഞ്ഞത്.

എന്നിരുന്നാലും ഈ ഒരു റെക്കോർഡിൽ എത്താനുള്ള അദ്ദേഹത്തിൻറെ തപസ്യ പലപ്പോഴും മാനസിക സംഘർഷങ്ങൾ നിറഞ്ഞതായിരുന്നു എന്ന് തോന്നിയിട്ടുണ്ട്. ഒരുപക്ഷേ ദർസ് പഠനത്തിൻറെ പരമ്പര്യരീതികളിൽ നിന്ന് ഒരു മാറി ചിന്തിക്കൽ കാലത്തിൻറെ അനിവാര്യതയാണ് എന്ന അദ്ദേഹത്തിൻറെ വീക്ഷണം എതിർപ്പുകൾ ക്ഷണിച്ചു വരുത്തിയിട്ടുണ്ട് എന്ന് വേണം കരുതാൻ.

എന്തായിരുന്നാലും അദ്ദേഹത്തിൻറെ പാണ്ഡിത്യവും പ്രാഗൽഭ്യവും യഥാവിധി ഉപയോഗപ്പെടുത്താൻ നമുക്കായോ എന്ന കാര്യത്തിൽ സംശയമുണ്ട്.

മറുനാട്ടുകാരായ പല വിദ്യാർത്ഥികൾക്കും അറബി ഭാഷയിലും ദീനിയായും ഉയർന്ന പഠനത്തിന് പാടൂരിലെ ദർസും താമസവും ഉപയോഗപ്പെടുത്താനായിട്ടുണ്ട്. നാട്ടുകാരായ ഏതെങ്കിലും ഒരു വിദ്യാർത്ഥിയെ അത്തരം ഒരു സ്ഥാനത്തെത്തിക്കാൻ അദ്ദേഹം

ആത്മാർത്ഥമായി ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്തിട്ടുണ്ട് എന്ന് എനിക്ക് സാക്ഷ്യപ്പെടുത്താനാകും.

വിവിധ വിഭാഗങ്ങളിലെ പ്രശസ്ത പണ്ഡിതന്മാരോട് അദ്ദേഹത്തിനും തിരിച്ചും ഉണ്ടായിരുന്ന അടുത്ത, വ്യക്തിപരമായ സൗഹൃദം എല്ലാവരെയും ഉൾക്കൊള്ളാനും ചേർത്ത് പിടിക്കുവാനുമുള്ള അദ്ദേഹത്തിൻറെ മനസ്സിൻറെ നിദർശനമായിരുന്നു.

ഒരു എഴുത്തുകാരൻ അല്ലെങ്കിൽ പരിഭാഷകൻ എന്ന നിലയിൽ മലയാള ഭാഷയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ ഇവിടെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. വ്യക്തിപരമായി അദ്ദേഹവുമായുള്ള അടുപ്പം എൻറെ ജീവിതത്തിൽ പിന്നീട് പല മേഖലകളിലും ദിശാബോധം നൽകുന്നതിന് നിദാനമായിട്ടുണ്ട്. സന്നിഗ്ദഘട്ടങ്ങളിൽ അദ്ദേഹം ഉദ്ധരിക്കാറുള്ള ഒരു ഖുർആൻ ആയത്ത് നിരന്തരം ഞാൻ ഓർക്കാറുണ്ട്:

يَا أَيُّهَا الَّذِينَ آمَنُوا عَلَيْكُمْ أَنفُسَكُمْ ۖ لَا يَضُرُّكُم مَّن ضَلَّ إِذَا اهْتَدَيْتُمْ ۚ إِلَى اللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ

ഓർമ്മിക്കാനും പറയാനും പലതുണ്ടെങ്കിലും ഈ കുറിപ്പ് പരിധി വിട്ട് ദീർഘിപ്പിക്കാൻ സാധിക്കില്ല എന്നതുകൊണ്ട് നിർത്തുകയാണ്. അള്ളാഹു നമുക്കും നമ്മുടെ അധ്യാപകർക്കും മാതാപിതാക്കന്മാർക്കും നമ്മളിൽ നിന്ന് മരണപ്പെട്ടുപോയവർക്കും പാപമോചനം നൽകട്ടെ, നമ്മളെ സ്വർഗ്ഗത്തിൽ ഒരുമിപ്പിക്കട്ടെ എന്ന് മാത്രം പ്രാർത്ഥിച്ചു കൊള്ളുന്നു.

കെ അബ്ദുൽ വാഹിദ് സാഹിബ് ഓർമ്മകൾ പങ്കുവെക്കുന്നു

മൗലവിയെ പാടൂരിലെത്തിക്കാൻ മുന്നിട്ട് പ്രവർത്തിച്ചവർ Rv ഉമ്മർ സാഹിബിന്റെ പിതാവ് മർഹൂം അബ്ദുൽക്കയും കാട്ടേ പറമ്പിൽ Pk. കാതർക്കയുമാണന്നാണറിവ്.

ഇവർ രണ്ടു പേരുടെയും ഖുർആൻ ഖിർ അത്തിനെ കുറിച്ച് ഉസ്താദ് ശ്ലാ ഗിച്ച് മറ്റുള്ളവരോട് സംസാരിക്കുന്നത് നേരിട്ടനുഭവമാണ്.

പരേതർക്കെല്ലാം അല്ലാഹു ജന്നാത്തുൽ ഫിർദൗസ് നല്കി അനുഗ്രഹിക്കട്ടെ 👐 👐

ശിഹാബ് ഓർമ്മകൾ പങ്കുവെക്കുന്നു -ശബ്ദ സന്ദേശം

https://youtube.com/shorts/jbPnQJd1iPQ?si=1omHvzZrKAqTeNGS

ഷരീഫ് ബാബു ഓർമ്മകൾ പങ്കുവെക്കുന്നു

ഏറെ ഹൃദയസ്പർശിയായ വരികൾ. നാട്ടിലെ ചുരുക്കം അദേഹത്തിന്റെ ശിഷ്യമാരിൽ ഉൾപ്പെട്ട താങ്കളെ പോലെയുള്ളവർ ആ പണ്ഡിതന്റെ അറിവിന്റെ ആഴങ്ങൾ അറിഞ്ഞവരാണ്. ദർസ് പഠനത്തിൽ നിന്നും ഒഴിഞ്ഞിരുന്നു സമയം തീർക്കാൻ മനസ്സില്ലാതെ കിതാബിന്റെ പേജുകളിൽ

ചങ്ങാത്തം കൂടി എഴുതി തീർത്തത് ഇസ്‌ലാമിക ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഉന്നത നിലവാരമുള്ള ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയായിരുന്നു. പത്ത് വർഷത്തെ കഠിനമായ പരിശ്രമത്താൽ അദ്ദേഹം അത് പൂർത്തിയാക്കിയപ്പോൾ ഏറെയൊന്നും ഒച്ച വെക്കുകയുണ്ടായില്ല.കാരണം ആ കാലഘട്ടങ്ങളിൽ അദ്ദേഹം അനുഭവിച്ച പ്രയാസങ്ങൾ പരീക്ഷണങ്ങൾ എല്ലാം അതിജീവിക്കാൻ അദ്ദേഹത്തെ പ്രാപ്തമാക്കിയിട്ടുണ്ടായിരിക്കുക ആത്മീയമായ വീക്ഷണകോണിൽ നിന്ന് നോക്കിയതിനാലായിരിക്കാം. നിത്യ ജീവിതത്തിൽ നേരിടുന്ന പലതരം ഞെട്ടിപ്പിക്കുന്ന അനുഭവങ്ങൾ സ്വാഗതാർഹമായി അദ്ദേഹത്തിന് തോന്നിയതിനാലായിരിക്കും ആ പരീക്ഷണങ്ങളെയെല്ലാം അതിജീവിച്ചു മുന്നോട്ട് പോയിരിക്കുക. അതായിരിക്കാം കാലം തീർത്ത തടവറയ്ക്കുള്ളിൽ സ്വയം ഹോമിച്ചു തീർക്കാതെയാണ് അദ്ദേഹം സമയത്തെ പോലും ഞെട്ടിച്ചു കളഞ്ഞത്.

പരീക്ഷണങ്ങളെ അതിനെ ഒപ്പം നിന്ന് നേരിട്ട് അതിന്റെ മുകളിലേക്കുയരുക എന്ന യാഥാർഥ്യം മറ്റുള്ളവർക്ക് നൽകി നമ്മിൽ നിന്നും വിടപറഞ്ഞവർക്ക് നാഥൻ കരുണയുടെ വാതിൽ തുറന്നുകൊടുക്കുമാറാകട്ടെ. ഏറെ കിതാബുകൾ പഠിക്കുവാൻ അവസരം കിട്ടിയ താങ്കളെ പോലെയുള്ളവരെ നാട്ടിൽ നേരിൽ കാണുമ്പോൾ-- അവരിപ്പോഴും ആ ജീവിതത്തെ ഓർക്കുന്നു-- ആ ജീവിത വിശുദ്ധിയുടെ പകർപ്പുള്ളവരായി അവരെയെല്ലാം ഞാൻ കാണുന്നു. താങ്കൾ അതിൽ മുന്നിൽ നിൽക്കുന്നു.

<u>**സഊദ് തങ്ങൾ** ഓർമ്മകൾ പങ്കുവെക്കുന്നു</u>

കുഞ്ഞി അഹമദ് മുസ്‌ലിയാർ

****

കാലത്തോട് കലഹിച്ച, പണ്ഡിതനായ, കടപ്പുറം മുഹമ്മദലി മുസ്ലിയാരാണ് സ്മര്യ പുരുഷന്റെ പിതാവ്.

സുഭഗ സുന്ദരനായ ദീർഘ കായകൻ. ദൂരക്കാഴ്ചയിൽ തന്നെ കുലീനത വെളിപ്പെടുന്ന ആളത്തം. പുഞ്ചിരികൊണ്ട് ഹൃദയങ്ങളിൽ നിലാവ് പെയ്യിച്ച അനുഗൃഹീതൻ. ജ്ഞാനന്വേഷകർക്ക് ഫലമെടുക്കാൻ നിന്നുകൊടുത്ത 'ഒറ്റമരം'. ഇമാം ഗസ്സാലിയെ മലയാളത്തിന്റെ അക്ഷരമുറ്റത്തേക്ക് കൂട്ടിക്കൊണ്ട് വന്ന പാടൂരിലെ രണ്ടു പ്രധിഭകളിൽ ഒരാൾ.

അദ്ദേഹത്തിന്റെ തൊപ്പിയിൽ തിരുകി വെക്കാൻ കഴിയുന്ന വർണത്തൂവലുകളിൽ ചിലത് മാത്രമാണിവ.

അദ്ദേഹത്തെ നമുക്ക് കൃത്യമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞോ എന്ന സംശയം ബാക്കി നിൽക്കുന്നു.

ഒറ്റയിരുപ്പിൽ ചരിത്ര പുരുഷനെ പറ്റി ഇങ്ങനെയൊക്കെ ആണ്
വിലയിരുത്താൻ കഴിയുക.

നമുക്ക് പ്രാർത്ഥിക്കാം, അദ്ദേഹത്തിന്റെയും നമ്മുടെയും പരലോക വിജയത്തിനായി.

اللَّهُمَّ ارْحَمْنَا وَارْحَمْهُ

<u>ഫോട്ടോ പങ്കു വെച്ചത് **ഷരീഫ് ബാബു**</u>

കുഞ്ഞാവ വൈദ്യർ, എം.

ആര്യവൈദ്യനും സാഹിത്യകാരനും. പൊന്നാനിയിൽ ജനിച്ചു. മുസ്‌ല്യാരകത്ത് അബ്ദുൽ അസീസ് എന്ന ബാവ ഹാജിയാണ് പിതാവ്. പൂർവികന്മാർ മത പണ്ഡിതന്മാരും ആര്യവൈദ്യന്മാരുമായിരുന്നു. പൊന്നാനി പള്ളിദർസിൽനിന്ന് അറബിഭാഷയും കോട്ടക്കൽ വൈദ്യരത്നം പി.എസ്. വാര്യരിൽനിന്ന് സംസ്കൃതവും പഠിച്ചു. കടായിക്കൽ മൊയ്തീൻ കുട്ടി ഹാജി, ചാക്കീരി മൊയ്തീൻ കുട്ടി തുടങ്ങിയവരിൽനിന്ന് മാപ്പിളപ്പാട്ടിൽ പരിശീലനം നേടി. കോഴിക്കോട്ട് താമസമാക്കിയ കുഞ്ഞാവ, ആര്യവൈദ്യൻ എന്ന നിലയിൽ പ്രശസ്തനായി. 1921-ൽ ഖിലാഫത്ത് പ്രവർത്തനങ്ങളിലും പിന്നീട് കോൺഗ്രസിലും സജീവമായി. അക്കാലത്ത് നിരവധി ദേശീയ കവിതകൾ രചിച്ചിരുന്നു.

കരുനാഗപ്പള്ളി യൂസുഫ് ഇസ്സുദ്ദീൻ മൗലവിയുമായുള്ള ബന്ധം അദ്ദേഹത്തെ തികഞ്ഞ ഉൽപതിഷ്ണുവാക്കി മാറ്റി. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിശിതമായി വിമർശിച്ചുകൊണ്ട് അദ്ദേഹം നിരവധി മാപ്പിളപ്പാട്ടുകൾ എഴുതി. *കറാമത്തുൽ അൻളിം, ബിദ്അത് മാല, റദ്ദു ന സ്വീഹത്തില്ലുജ്ജാൻ* തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന പദ്യകൃതികൾ. *ബദ്ർ യുദ്ധകാവ്യമാണ്* അദ്ദേഹത്തിന്റെ ഏക സംസ്കൃത ഗ്രന്ഥം. ഇത് പ്രസിദ്ധീകരിച്ചിട്ടില്ല.

വൈദ്യർ നല്ലൊരു ചരിത്രകാരനും ഗദ്യകാരനും കൂടിയായിരുന്നു. *ഖിസ്സത്തു അലാഉദ്ദീൻ* അദ്ദേഹം രചിച്ച അറബിമലയാള നോവലാണ്. *മലബാറിലെ ഇസ്‌ലാം മത പ്രചാരകർ* എന്ന പേരിൽ അറബിമലയാളത്തിൽ ഒരു ചരിത്രവും അദ്ദേഹം രചിച്ചിട്ടുണ്ട്. ക്രി. 1951-ൽ മരിച്ചു.

കെ.ടി.എച്ച്.

ഗ്രന്ഥസൂചി:

സി.എൻ. അഹ്മദ് മൗലവി, കെ.കെ. മുഹമ്മദ് അബ്ദുൽ കരീം-മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം പേ. 509; സർവ വിജ്ഞാനകോശം 7/515; അഖിലവിജ്ഞാനകോശം 2/588.

കുഞ്ഞിഅഹ്മദ് മുസ്‌ലിയാർ, പാടൂർ

മതപണ്ഡിതൻ. 1933 ജൂൺ 28-ന് ജനിച്ചു. പിതാവ് പണ്ഡിതനും സൂഫിയുമായിരുന്ന ചാവക്കാട് കടപ്പുറത്ത് മുഹമ്മദ് അലി മുസ്‌ലിയാർ. മാതാവ് ഫാതിമ. വെല്ലൂരിലെ അൽബാഖിയാതുസ്സ്വാലിഹാതിലും തുടർന്ന് ദയൂബന്ദ് ദാറുൽ ഉലൂമിലും ഉപരിപഠനം നടത്തി. സ്വന്തം നിലയിൽ അഫ്ദലുൽ ഉലമാ ബിരുദവും സമ്പാദിച്ചു. ദീർഘകാലം പാടൂർ ജുമുഅത്ത് പള്ളിയിൽ മുദർരിസും ഖത്വീബുമായി പ്രവർത്തിച്ചു. ഇമാം ഗസ്സാലിയുടെ *ഇഹ്‌യാഉ ഉലൂമിദ്ദീൻ* മലയാളത്തിലേക്ക് ആദ്യമായി പരിഭാഷപ്പെടുത്തിയത് കുഞ്ഞിഅഹ്മദ് മുസ്‌ലിയാരാണ്. 36 വാല്യങ്ങളായി പ്രസിദ്ധീകരിച്ച ഇതിന്റെ ആദ്യഭാഗം 1977-ൽ പുറത്തിറങ്ങി. തൃശൂരിലെ ആമിന ബുക്സ്റ്റാൾ ആണ് പ്രസാധകർ. 1996 ജനുവരി 10-ന് മരിച്ചു. അദ്ദേഹം ഇമാമും മുദർരിസുമായിരുന്ന പാടൂർ ജുമുഅത്ത് പള്ളി ഖബ്ർസ്ഥാനിൽ മറവു ചെയ്തു. പ്രധാനകൃതികൾ: *അൽഖുത്വ്ബതുന്നുബാതിയ്യ* (പരിഭാഷ), *അൽമുഅ്ജം*- അറബി-മലയാളം-ഇംഗ്ലീഷ് നിഘണ്ടു. *ഇഗാഥതുൽ മക്റൂബ്, അൽകവാകിബുദ്ദുർരിയ്യ* (101 ഹദീഥും പരിഭാഷയും), *അൽഖസീദതുൽ വിത്രിയ്യ* (പരിഭാഷ), *അന്നഫ്ഹതുൽ ഇലാഹിയ്യ, അൽമദദുൽ ഇലാഹി*



കുഞ്ഞിഅഹ്മദ് മുസ്‌ലിയാർ, പാടൂർ

എം.കെ.എസ്.

കുഞ്ഞിക്കമ്മു മാസ്റ്റർ, എൻ.

മാപ്പിള കവി, സമുദായ പരിഷ്കർത്താവ്. കൊണ്ടോട്ടിയിൽ ജനിച്ചു. പിതാവ് തിരൂരങ്ങാടിക്കാരൻ നെച്ചിമണ്ണിൽ അഹ്മദ്. സ്വപരിശ്രമ ഫലമായി തമിഴ്, ഹിന്ദുസ്താനി, മലയാളം ഭാഷകൾ സ്വായത്തമാക്കി. *നബി കീർത്തനം, മൗലാനാ മുഹമ്മദ് അലി, സയ്യിദ് അലവി തങ്ങൾ കീർത്തനം* തുടങ്ങിയ ഖണ്ഡകാവ്യങ്ങൾ മാപ്പിള കാവ്യവേദിയിൽ അദ്ദേഹത്തെ പ്രശസ്തനാക്കി.

സമുദായ പരിഷ്കർത്താവും ദേശീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഉൽപതിഷ്ണുവുമായിരുന്നു കുഞ്ഞിക്കമ്മു മാസ്റ്റർ. അൽപകാലം കൊട്ടപ്പുറം സ്കൂളിൽ അധ്യാപകനായിരുന്നു. ഖിലാഫത്ത് സമരവുമായി ബന്ധപ്പെടുത്തി 1921-ൽ പോലീസ് അദ്ദേഹത്തെ അറസ്റ്റു ചെയ്തു. കൊണ്ടോട്ടി നസ്വ്റുദ്ദീൻ തങ്ങൾ ഇടപെട്ടാണ് മോചിപ്പിച്ചത്. കേരള മുസ്‌ലിം ഐക്യസംഘം രൂപംകൊണ്ട കാലം മുതൽക്കേ അതിൽ സജീവമായി പ്രവർത്തിച്ചു. *ഐക്യ ഭൂഷണം, ഖുറാഫത് മാല* തുടങ്ങിയ കൃതികൾ ഐക്യസംഘത്തിന്റെ ആശയാദർശങ്ങൾ പ്രതിഫലിപ്പിക്കുന്നവയാണ്. ഗാന്ധിയനും കോൺഗ്രസ് പ്രവർത്തകനുമായിരുന്നു അദ്ദേഹം. 1925 മുതൽ കൊണ്ടോട്ടി ചർക്കാ സംഘം മാനേജറായി പ്രവർത്തിച്ചു. മാപ്പിള കവി പുലിക്കോട്ടിൽ ഹൈദറൂസ് കോൺഗ്രസിനെ എതിർത്തെഴുതിയ കവിതക്ക് കുഞ്ഞിക്കമ്മു മാസ്റ്റർ തയ്യാറാക്കിയ ഖണ്ഡന കാവ്യം പ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ചിലത് റിക്കോർഡ് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കൃതികൾ പലതും അപ്രകാശിതങ്ങളാണ്. 1958-ൽ മരിച്ചു.

ഇ.ബി.

ഗ്രന്ഥസൂചി:

സി.എൻ. അഹ്മദ് മൗലവി, കെ.കെ. മുഹമ്മദ് അബ്ദുൽ കരീം-മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം പേ. 535; ഡോ. സി.കെ. കരീം-കേരള മുസ്‌ലിം ചരിത്രം സ്ഥിതിവിവരക്കണക്ക് ഡയറക്ടറി 3/384.

കുഞ്ഞിക്കോയ, പാലാട്ട്

സ്വാതന്ത്ര്യസമര സേനാനി. രാഷ്ട്രീയ പ്രവർത്തകൻ. 1911-ൽ ജനിച്ചു. പാലാട്ട് കുട്ടിയെന്ന മമ്മദ് കോയയാണ് പിതാവ്. 1945-ൽ ഇന്ത്യൻ ടെറിട്ടോറിയൽ ആർമിയിൽ സീനിയർ കാഡറ്റായി ചേർന്നു. 1940-കളോടെ മുഹമ്മദ് അബ്ദുർറഹ്മാൻ സ്വാഹിബിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യ സമര ഭടനായി രാഷ്ട്രീയത്തിലെത്തി.



കുഞ്ഞിക്കോയ, പാലാട്ട്

മുസ്‌ലിം ഐക്യസംഘം, മുസ്‌ലിം മജ്‌ലിസ് തുടങ്ങിയ സാമുദായിക പുരോഗമന സംഘടനകളിൽ സജീവപ്രവർത്തകനായി.

1945-ൽ പശ്ചിമ തീര നിയോജക മണ്ഡലത്തിൽനിന്ന് കേന്ദ്ര അസംബ്ലിയിലേക്കും 1946-ൽ മദിരാശി ലെജിസ്ലേറ്റീവ് അസംബ്ലി തെരഞ്ഞെടുപ്പിലും 1957-ൽ ഇന്ത്യൻ പാർലമെന്റിലേക്കും മത്സരിച്ചു. 1949-ൽ ഡിസ്ട്രിക്റ്റ് ബോർഡ് വൈസ് പ്രസിഡന്റായും 1965-ൽ രാജ്യസഭാംഗമായും തെരഞ്ഞെടുക്കപ്പെട്ടു.

ഭാര്യ സൈനബ്. മക്കൾ: രണ്ട് പുത്രൻമാരും രണ്ട് പുത്രിമാരും. 1973 ജൂലായ് രണ്ടിന് നിര്യാതനായി.


പി.പി.എം.

ഗ്രന്ഥസൂചി:

പി.പി. മമ്മത്കോയ പരപ്പിൽ- *കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രം* പേ. 396.

കുഞ്ഞിഅഹ്മദ് മുസ്ലിയാർ, പാടൂർ

മതപണ്ഡിതൻ. 1933 ജൂൺ 28–ന് ജനിച്ചു. പിതാവ് പണ്ഡിതനും സ്വൂഫിയുമായിരുന്ന ചാവക്കാട് കടപ്പുറത്ത് മുഹമ്മദ് അലി മുസ്ലിയാർ. മാതാവ് ഫാത്വിമഃ. വെല്ലൂരിലെ അൽബാഖിയാതുസ്സ്വാലിഹാതിലും തുടർന്ന് ദയൂബന്ദ് ദാറുൽ ഉലൂമിലും ഉപരിപഠനം നടത്തി. സ്വന്തം നിലയിൽ അഫ്ദലുൽ ഉലമാ ബിരുദവും സമ്പാദിച്ചു. ദീർഘകാലം പാടൂർ ജുമുഅത്ത് പള്ളിയിൽ മുദർരിസും ഖത്വീബുമായി പ്രവർത്തിച്ചു. ഇമാം ഗസ്സാലിയുടെ *ഇഹ്യാഉ ഉലൂമിദ്ദീൻ* മലയാളത്തിലേക്ക് ആദ്യമായി പരിഭാഷപ്പെടുത്തിയത് കുഞ്ഞി അഹ്മദ് മുസ്ലിയാരാണ്. 36 വാല്യങ്ങളായി പ്രസിദ്ധീകരിച്ച ഇതിന്റെ ആദ്യഭാഗം 1977–ൽ പുറത്തിറങ്ങി. തൃശൂരിലെ ആമിന ബുക്സ്റ്റാൾ ആണ് പ്രസാധകർ. 1996 ജനുവരി 10–ന് മരിച്ചു. അദ്ദേഹം ഇമാമും മുദർരിസുമായിരുന്ന പാടൂർ ജുമുഅത്ത് പള്ളി ഖബ്ർസ്ഥാനിൽ മറവു ചെയ്തു. പ്രധാനകൃതികൾ: *അൽഖുത്ബതുന്നുബാതിയ്യഃ* (പരിഭാഷ), *അൽമുഅ്ജം*- അറബി-മലയാളം-ഇംഗ്ലീഷ് നിഘണ്ടു. *ഇശാഅതുൽ മക്റൂബ്, അൽകവാകിബുദ്ദുർരിയ്യഃ* (101 ഹദീഥും പരിഭാഷയും), *അൽഖസ്വീദതുൽ വിത്‌രിയ്യഃ* (പരിഭാഷ), *അന്നഫ്ഹതുൽ ഇലാഹിയ്യഃ, അൽമദദുൽ ഇലാഹി.*



കുഞ്ഞിഅഹ്മദ് മുസ്ലിയാർ, പാടൂർ

എം.കെ.എസ്.



<u>സിദ്ധിഖ് സാഹിബ്</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു -ശബ്ദ സന്ദേശം</u>

https://youtu.be/_OswDfCojqc?si=qla531sUjmZMePPE

<u>ഷെരീഫ് ബാബു</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു</u>

ഉപ്പയെ കുറിച്ച് സ്നേഹമൊഴികളോതിയ സിദ്ധീഖ് സാഹിബിനെ പോലെയുള്ളവർ ഭാഗ്യവാന്മാർ. ഇന്നും അദ്ദേഹം പഠിപ്പിച്ച ആ കിത്താബിലെ വരികൾ ഹൃദയത്തിൽ സൂക്ഷിക്കുന്നുവെങ്കിൽ ആ പഠന രീതി ഒന്ന് വേറെ തന്നെയായിരിക്കും. അങ്ങിനെ എത്രയോ പേർ അവർ പലയിടങ്ങളിലായി

അദ്ദേഹത്തെയും പാടൂർ ഗ്രാമത്തെയും ഓർക്കുന്നുണ്ടാവും.ഗ്രാമത്തിൽ പലർക്കും മാർഗദർശനം നൽകിയ മഹാന്മാരുടെ കൂട്ടത്തിൽ കൂടെ അദ്ദേഹവും ആ വാതിലിലൂടെ പ്രവേശിച്ചു പോയി. നാഥൻ അനുഗ്രഹിക്കട്ടെ അവരെയെല്ലാം. ഇന്നും ഗ്രാമത്തിൽ ഇസ്‌ലാമിക കാഴ്ചപ്പാടുകളിൽ ജീവിതം സൂക്ഷ്മതയോടെ കഴിയുന്ന ആളുകളെ തിരയുകയാണെങ്കിൽ അദ്ദേഹത്തിന്റെ ദർസിൽ പഠിച്ചിരുന്നവരിൽ നിന്നായിരിക്കും കൂടുതലും ഉണ്ടാവുക അതിൽ താങ്കളെ യിരിക്കും മുന്നിൽ ഞങ്ങൾക്ക് കാണാനാവുക.കാരണം ജീവിതത്തിൽ ജീവിത വിശുദ്ധിപോലെ പകരം വെക്കാൻ മറ്റൊന്നുമില്ലാതിരിക്കെ.....

<u>**തൈസീർ** ഓർമ്മകൾ പങ്കുവെക്കുന്നു</u>

ചുരുങ്ങിയ ചില സന്ദർഭത്തിൽ ഓർമ്മകളാണ് ഉസ്താദിനെ കുറിച്ചുള്ളത്.

പള്ളിയുടെ വടക്കു ഭാഗത്തുള്ള ചരുവിൽ എപ്പോഴും ഖുർആനോതിയും വായിച്ചും ഇരിക്കുന്ന ഉസ്താദിനെ എപ്പോഴും അകലെ നിന്ന് നോക്കി കാണുമായിരുന്നു.

സൂറഹ് ഫുർഖാനിലെ 63 ആം സൂക്തത്തിലെ വിനയാന്വിതരായ ദാസൻ മാർ ഇങ്ങനെയാകും എന്നാണ് അദ്ദേഹത്തെ കാണുമ്പോൾ, അദ്ദേഹത്തിന്റെ പതുങ്ങിയുള്ള നടപ്പ് കാണുമ്പോൾ ഓർമയിൽ വരിക.

(പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും= وَعِبَادُ ٱلرَّحْمَٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا

പ്രിയപ്പെട്ട വെല്ലിപ്പ അദ്ദേഹത്തിന്റെ സന്തത സാഹചാരി ആയിരുന്നതിനാൽ സ്നേഹത്തോടെ ഉള്ള കുഞ്ഞു ചോദ്യങ്ങൾ എപ്പോഴും ഉണ്ടാകും.. സുബ്ഹിക്ക് മുമ്പേ പള്ളിയിലേക്ക് അദ്ദേഹവും വെല്ലിപ്പയും ഒരുമിച്ചാണ് യാത്ര. തിരിച്ചു ഇശാഇനും..

NP അബ്ദുൽ എന്ന നമ്മുടെ ഔദുൽക്കാടെ മരണ ദിവസം, ഉസ്താദിന്റെ ഹജ്ജ് യാത്രയുടെ യാത്രയപ്പ് ദിവസം.. പ്രിയ സ്നേഹിതന്റെ/ സഹോദരന്റെ വേർപാടിൽ മനം നൊന്തു അനുസ്മരണ സമയത്തുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥന ഓർമയിൽ മായാതെ നില്ക്കുന്നു..

കാരുണ്യവാനായ അള്ളാഹുവേ, അദ്ദേഹത്തിന് ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കണേ. ആമീൻ

തയ്സീർ

<u>**അഡ്വ ആർ വി സൈദുമുഹമ്മദ് സാഹിബ്** ഓർമ്മകൾ പങ്കുവെക്കുന്നു</u>

ഉസ്താദിന്റെ പിതാവ് മുഹമ്മദാലി മുസ്ലിയാർ, എന്റെ വല്ലിപ്പ R. P. ബാവുസാഹിബിന്റെ അടുത്ത സുഹൃത്തും തിരുനെല്ലൂർ മഹല്ല് ഖത്തീബും ആയിരുന്നു. വെല്ലിപ്പാടെ ആദ്യവിവാഹം തിരുനെ ല്ലൂരിൽ നിന്നായിരുന്നു. ആകാലത്താണ് അവർ തമ്മിലുള്ള സൗഹൃദം ആരംഭിക്കുന്നത്.മുഹമ്മദലി

മുസ്‌ലിയാരുടെ മകൻ കുഞ്ഞി അഹമ്മദ് മുസ്‌ലിയാർ കായംകുളത്ത് ഖത്തീബും മുതർ രിസുമായി സേവനം അനുഷ്ഠിക്കുന്ന വിവരം വെല്ലിപ്പാക്ക് അറിയാമായിരുന്നു. (മുപ്പതോളം വിദ്യാർത്ഥികൾ മസ്ജിദിൽ താമസിച്ച് പഠിക്കുന്ന ദർസ്.) വെല്ലൂരിൽ നിന്ന് എം. എഫ്. ബി. പാസ്സായ അദ്ദേഹത്തെ എങ്ങനെയും പാടൂരിൽ എത്തിക്കണമെന്നായിരുന്നു വെല്ലിപ്പാടെ ആഗ്രഹം. സി. ടി. ഉസ്ത്താദിന് ശേഷം മഹല്ലിൽ സ്ഥിരമായി ഖത്തീബ് ഇല്ലാത്ത അവസ്ഥയും ഉണ്ടായിരുന്നു.വിവരം ഉസ്താദിനെ അറിയിച്ചു.പല സാങ്കേതിക തടസ്സങ്ങളും ഉണ്ടായിരുന്നെങ്കിലുംസ്നേഹവുംബഹുമാനവും ആദരവും നിറഞ്ഞ ക്ഷണനം നിരസിക്കാൻ ഉസ്ത്താദിന് കഴിയുമായിരുന്നില്ല...ഒരു ദിവസം എന്റെ പിതാവ് എൻ. പി. അ വുതൽ സാഹിബും കാ ട്ടെപറമ്പിൽ കാദർ സാഹിബും വേറെ ഒരു ബഹുമാന്യ വ്യക്തിയും കൂടി കായംകുളത്തേക്ക് പോയതായിഅറിഞ്ഞു.ഉസ്ത്താദിന്റെയും സംഘത്തിന്റെയും ഉച്ചഭക്ഷണം തയ്യാറാക്കുന്ന തിരക്കിലായിരുന്നവീട്ടിലെ സ്ത്രീകളോട് അന്വേഷിച്ച്ചപ്പോഴാണ് ളുഹറിന് മുൻപായി ഉസ്താദും പരിവാരങ്ങളും നാട്ടിലെത്തുമെന്ന് മനസ്സിലായത്.പള്ളിയിൽ എത്തി ളുഹർ നമസ്ക്കാരത്തിന് ശേഷം ഭക്ഷത്തിനായി എല്ലാവരും വീട്ടിലെത്തി. ഒരു വലിയ സംഘം തന്നെ ഉസ്താദിനെ സ്വീകരിക്കാൻ വീട്ടിൽ എത്തിയിരുന്നു. സീതി തങ്ങൾ, മൂസൽകാസിം തങ്ങൾ, സൈനുൽ ആബിദീൻ തങ്ങൾ തുടങ്ങി നാട്ടിലെ പ്രമുഖരെല്ലാം ഉണ്ടായിരുന്നതായാണ് ഓർമ്മ.ഹൃദയസ്പർശിയായിരുന്നു ഉസ്ത്താദിന് അന്ന് ലഭിച്ച വരവേൽപ്പ്.

മുഴുവൻ കാര്യങ്ങളും വ്യക്തമായി ഓർമ്മിക്കാൻ പറ്റുന്നില്ല.1964-65കാലഘട്ടമാണെന്നാണോർമ്മ.പിന്നീടുള്ള സംഭവങ്ങളും കാര്യങ്ങളും വിശദമായിതന്നെ ചർചചെയ്യതാണല്ലോ? ഒരു പക്ഷെ സാധാരണക്കാർ മനസ്സിലാക്കാതെ പോകുമായിരുന്ന ഒരുപാട് ഗ്രന്ഥങ്ങൾ മലയാളിക്ക് പരിചയപ്പെടുത്തി കൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചത് പാടൂരിലെ ജീവിതത്തിൽ ലഭിച്ച ഒഴിവു സമയം ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞത് കൊണ്ട്കൂടി ആകാം. ഉസ്ത്താദിന്റെ ദൗത്യങ്ങൾ സാലിഹായ അമലായി നാഥൻ സ്വീകരിക്കട്ടെ. അദ്ദേഹത്തോടൊപ്പം നമ്മെയും സ്വർഗത്തിൽ ഒരുമിച്ച് കൂട്ടട്ടെ.ആമീൻ.

<u>**ലത്തീഫ് വാക്കയിൽ** ഓർമ്മകൾ പങ്കുവെക്കുന്നു</u>

"പള്ളിക്കലെ മുസ്ലിയാർ" എന്ന് നമ്മൾ വിളിക്കുന്ന മർഹൂം എം വി കുഞ്ഞി അഹമ്മദ് മുസ്‌ലിയാർ, നമ്മുടെ പ്രിയപ്പെട്ട ഖത്തീബ് ദീർഘകാലം ഈ മഹല്ലിന്റെ ആത്മീയ ജീവിതത്തിന്റെ അനിവാര്യ ഘടകമായിരുന്നു.

പാടൂരിലെ അനവധി കുട്ടികൾക്ക് ഇസ്ലാമിക വിദ്യാഭ്യാസത്തിന്റെ വിത്ത് വിതച്ച് വളർത്തിയതും, മരണം ആയാലും വിവാഹമായാലും ഉസ്താദിന്റെ സാനിധ്യംവും അദ്ദേഹത്തിന്റെ സമൂഹിക പ്രദിബദ്ദതയുടെ തെളിവുകൾ ആണ്.

ഉസ്താദിന്റെ അധ്യാപനം നേരിട്ട് നേടാൻ അവസരം ഉണ്ടായിട്ടില്ലെങ്കിലും, അദ്ദേഹത്തിന്റെ മക്കൾ സഊദ്, ഷരീഫ് ബാബു അദ്ദേഹത്തിൽ നിന്നും പകർന്നു കിട്ടിയ അറിവുകൾ പങ്കു വെക്കാറുണ്ട്

ചെറിയ ക്ലാസ്സിൽ പഠിക്കുന്ന സമയത്തു, പലരും പറഞ്ഞ പോലെ പള്ളിയുടെ വടക്കേ അറ്റത്തെ പടിഞ്ഞാറെ മുറിയിൽ കാണുമ്പോഴൊക്കെ എന്തോ കുത്തി കുറിക്കുന്നത് കാണുമ്പോൾ, എന്ത് നിധിയാണ് ഉസ്താദ് കുഴിച്ചെടുക്കുന്നത് എന്ന് ആലോചിക്കാറുണ്ട്. പകച്ചത വന്ന സമയത്താണ് ആ നിധി "ഇഹ്യ ഉലുമുദ്ധീൻ " എന്ന കിതാബിന്റ പരിഭാഷ എന്ന നിധിയായിരുന്നു എന്ന് മനസ്സിലായത്.

ഓർമ വെച്ച കാലം മുതൽ കേട്ടിരുന്ന അദ്ദേഹത്തിന്റെ ഖുതുബ ആർക്കും അത്ര പെട്ടന്ന് മറക്കാൻ കഴിയില്ല.

അദ്ദേഹത്തിന്റെ അഭാവം പാടൂർ മഹല്ലിന് തീരാത്ത നഷ്ടമാണ്. ഖത്തീബായും, ഉസ്താദായും, ഒരു ആത്മീയ മാർഗദർശിയായും അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും നമ്മെ പ്രചോദിപ്പിക്കും.

അല്ലാഹു തആലാ അദ്ദേഹത്തിന് പരമ സ്വർഗ്ഗം നല്കി അനുഗ്രഹിക്കുമാറാകട്ടെ.

ആമീൻ.

ലത്തീഫ് വാക്കയിൽ

<u>**അബ്ദുൽ ഹമീദ് സാഹിബ്** ഓർമ്മകൾ പങ്കുവെക്കുന്നു -ശബ്ദ സന്ദേശം</u>

https://youtu.be/qitZ9BYlPvQ?si=c6lBPJnBUHnAxGb5

നജീബ് സാഹിബ് കാര്യാട്ട് ഓർമ്മകൾ പങ്കുവെക്കുന്നു

എന്റെ മൂത്ത മകന് നാമകരണം ചെയ്ത്

(Anees) അനുഗ്രഹിച്ചത് ബഹുമാനപ്പെട്ട ഉസ്താദ് ആണ്.

Now he's a Senior Chartered Accountant.

Alhamdulillah

<u>മകൻ **സഊദ്** ഓർമ്മകൾ പങ്കുവെക്കുന്നു</u>

അൽപം ഞാനും എഴുതട്ടെ, ഞങ്ങളുടെ ചെറുപ്പത്തിൽ വാപ്പ ഒരു റോൾ മോഡൽ തന്നെയായിരുന്നു ഇസ്ലാമിക അധ്യാബനങ്ങൾ പരിശീലിപ്പിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന പ്രാപ്തി അബാരം, ഈ ലോകത്തു സാമ്പത്തികമായി എന്തു നേടിയാലും ശരി നിങ്ങൾ പരലോകത് രക്ഷപ്പെടാണെമെങ്കിൽ നമസ്കാരം കൃത്യമായി സമയത്തു അനുഷ്ഠിക്കണം എന്ന് എപ്പൊഴും പറയുമായിരുന്നു, ഇവിടെ അദ്ദേഹത്തിനെ കുറിച്ചു ബഹുമാനപെട്ട വ്യക്തികൾ share ചെയ്ത അനുഭവങ്ങൾ new ജൻസിനു പുതിയ

അറിവായിരിക്കാം, പൂർവ്വ തലമുറകളുടെ കഠിനധ്വാനമാണ് നമ്മൾ ഇന്ന് അനുഭവിക്കുന്ന സംതൃപ്തി, നമുക്കും നമ്മുടെ മക്കൾക്കും ഇസ്ലാമിന്റെ culture passion ആയി നിലനിർത്താനും മറഞ്ഞു പോയ നമ്മുടെ പൂർവികർക്കു അർഹമായ പ്രതിഫലം ഏകനായ റബ്ബുൽ ആലമീൻ നൽകുമാറാകട്ടെ ആമീൻ. ഓർമകൾ share ചെയ്ത എല്ലാ വീശിഷ്ട്ട വിക്തികൾക്കും നന്ദി, അസ്സലാമുഅലൈക്കും.

<u>റഫീഖ് പേരൊത്തു</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു</u>

ألسلام عليكم ورحمة الله

ഉസ്താതിനേ കുറിച്ചു കൂടുതലും വിശ്വസനീയരായവരിൽ നിന്നുള്ള കേട്ടറിവുകളാണ് എനിക്കുള്ളത്.

നമ്മൾ ഉസ്ഥാദിന്റെ ജീവിതത്തെ ഒന്നു മാറിനിന്നു വീക്ഷിച്ചാൽ ഭൗതീകതയോട് വലിയ താല്പര്യം കാണിക്കാത്ത പാരത്രീക ജീവിതത്തിന് വളരേയധികം പ്രധാന്യം കല്പിച്ച റബ്ബിന്റെ ഒരു ദാസനായ ണ് മനസ്സിലാക്കാൻ കഴിയുക.

ഉസ്ഥാതിന്റെ സംസാര പെരുമാറ്റ രീതിയിലും നടത്തത്തിലും വേഷത്തിലും മൊക്കെ പ്രത്യക്ഷമായി തന്നെ കാണാമായിരുന്നു അവയൊക്കെ

വളരെയധികം പ്രവാചക സ്നേഹമുണ്ടായിരുന്ന ഉസ്ഥാദ് ആശിച്ചിരുന്നുവത്രെ പ്രവാചകന്റെ ജീവിത കലയളവ് തനിക്കും മതിയെന്ന്. ഉസ്ഥാദ് തനിക്കായി റബ്ബ് നല്കിയ സമയം തന്നാൽ കഴിയുന്ന വിധത്തിൽ റബ്ബിന്റെ തൃപ്തിക്കനുസരിച്ച് 63 -ആം വയസ്സിൽ തന്നെ നമ്മിൽ നിന്നു വേർപിരിഞ്ഞു പോയി. വീഴ്ചകൾ റബ്ബ് നമുക്കും മാതപിതാക്കൾക്കും നമ്മിൽ നിന്നുമൺമറഞ്ഞവരുമായ ഉസ്ഥാദുമാർക്കും പൊറുത്തുതരികയും സ്വർഗ്ഗത്തിലെ ഉന്നതമായ സ്ഥാനത്ത് ഒത്തൊരുമിച്ചു കൂടുവാനുമുള്ള സൗഭാഗ്യവും ലഭിക്കട്ടെ

ഇനിയുമേറെ പങ്കു വെക്കുവാനുണ്ട്

ഇൻശ്ശാ അല്ലാ

<u>സൈനുദ്ധീൻ പാടൂർ</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു</u>

പള്ളീലെ ഉസ്താദ്

ആ വാക്കിൽ തന്നെ വലിയ വിശ്വാസമാണ്.

അന്ന് ഉപ്പയുടെയും ഉമ്മയുടെയും പേര് ഉച്ചരിക്കാൻ പാടില്ല എന്ന ഉറച്ച വിശ്വാസമായിരുന്നു ഉസ്താദിന്റെയും പേര് തിരയാൻ ശ്രമാക്കാഞ്ഞത്. ഇന്നും പള്ളീലെ ഉസ്താദിന്റെ പേര് എഴുതാൻ എനിക്കാവുന്നില്ല.മകൻ സഊദ് എന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു ബാല്യത്തിലും ഇപ്പോഴും

മദ്രസ കഴിഞ്ഞ സമയങ്ങളിലും ഞങ്ങൾ പള്ളിയിലുണ്ടാവും ദർസിന് എന്നെ കൂട്ടിയതും സഊദായിരുന്നു അന്ന് പഠിച്ച ഫഅ്ല ഫഅ്ലൂ ഫഅ്ലു ഇന്നും മറക്കാനാവാത്തതും ആ ഓർമ്മകൾ തന്നെ

അന്ന് കുന്നേറയിൽ ഓലപ്പുരയിൽ താമസിക്കുന്ന കാലം. പെങ്ങളും ജ്യേഷ്ഠത്തി ഇത്തയും വടക്കേ കോലായിൽ തലനോക്കികൊണ്ടിരിക്കുന്നു പെട്ടെന്നേതോ ഇത്തയുടെ സാരിയിലേക്ക് വീണത് ഇവരറിഞ്ഞിരുന്നില്ല.ഇടക്കേതോ ഇഴയുന്നത് കണ്ടാണ് ഇമ്മേ ഇമ്മേ അരണ എന്നു പറഞ്ഞ് പെങ്ങൾ ഓടിയത് പിന്നാലെ ഇത്തയും.

അപ്പോഴേക്കും ഇത്ത ബോധരഹിതയായി ഇത്തയും വീണു.

എല്ലാവരും പിന്നെ പറഞ്ഞത് ഒരറ്റ കാര്യമാണ് "സൈനൂ നീ പള്ളീലെ ഉസ്താദിന്റെ അടുത്ത് പോയി വെള്ളവും ചരടും മന്ത്രിച്ചു കൊണ്ടുവാ"

ഉടനെ ഞാൻ സൈക്കിളെടുത്ത് ഉസ്താദ് ഇരിക്കാറുള്ള വലത്തെ മുറിക്കരികിയിലെത്തി ജനലുകളെല്ലാം അടച്ചു കണ്ടപ്പഴേ തോന്നി ഉസ്താദ് സ്ഥലത്തില്ലെന്ന് ചോദിച്ചപ്പോൾ അറിഞ്ഞത് ഉസ്താദ് ഏതോ നിക്കാഹിന് പോയിരിക്കുയാണെന്ന്.

എന്തു ചെയ്യണമെന്ന് അറിയാത്ത അന്നേരം എനിക്കു തോന്നിയ ഒരു ബുദ്ധി കാണിച്ചു

കുഞ്ഞാൻക്കാടെ കടയിൽനിന്നും ഒരു നാലുമുഴം കറുത്ത ചരടും വാങ്ങി അതിൽ കുറേ കെട്ടുംകെട്ടി കൊണ്ടുവന്ന വെള്ളവുമായി ഇത്തയുടെ അടുത്തെത്തി.

ഉസ്താദ് പറഞ്ഞു ഈ വെള്ളം കുടിക്കാൻ കൊടുത്ത് ഈ ചരട് അരയിലും കെട്ടുക പെങ്ങളുടെ കൈയ്യിൽ ഇതും കൊടുത്ത് ഞാൻ പോയി.

കുറച്ചു നേരം കഴിഞ്ഞ് ഇത്ത എഴുന്നേറ്റിരുന്നു

പിന്നീടെന്നോ ചോദിച്ചപ്പോഴാണ് ഇത്ത പറഞ്ഞത്

"നിന്നോട് ഉസ്താദിനോട് കാര്യങ്ങൾ പറയാനും പോയി വന്ന് മന്ത്രിച്ച വെള്ളം കുടിച്ചതും ഞാനെല്ലാം കേൾക്കുന്നുണ്ടായിരുന്നു പക്ഷെ പറയാനാവുന്നില്ലായിരുന്നു "

ഇതാണ് ഞാൻ പറഞ്ഞത് 'പള്ളീലെ ഉസ്താദ്'ആ വാക്കിൽ തന്നെ വലിയ വിശ്വാസമാണ് എന്ന്.അള്ളാഹു സ്വർഗ്ഗ പൂങ്കാവനം നൽകി അനുഗ്രഹിക്കുമാറാവട്ടെ ആമീൻ

(ഫഅ്ല ഫഅ്ലാ ഫഅ്ലു

അക്ഷരത്തെറ്റ് സംഭവിച്ചതിൽ ക്ഷമ പറയുന്നു)

റഫീഖ് പേരൊത്തു ഓർമ്മകൾ പങ്കുവെക്കുന്നു

{ ٱتَّبِعُواْ مَن لَّا يَسۡـَٔلُكُمۡ أَجۡرٗا وَهُم مُّهۡتَدُونَ }.

മറ്റൊരു വിശ്വസനീയമായ കേൾവികൂടി കുറിക്കട്ടെ.

നമ്മുടെ മഹല്ലിൽ തബ്ലീഗ് പ്രവർത്തകർ വരുമ്പോൾ മഹല്ല് പള്ളിയിൽ അവർക്ക് പ്രവർത്തനനുമതി നൽകുന്നതിൽ പലർക്കും മുറുമുറുപ്പുണ്ടായിരുന്നുവത്രെ. അങ്ങിനെ അത് ഉസ്ഥാ ദിന്റെ ചെവിയിലും എത്തി. ഉസ്ഥാത് ഒരു ജുമുഅ ശേഷം എഴുന്നേറ്റ് നിന്ന് മേൽ പറഞ്ഞ സൂറത്ത് യാസിനിലെ ആയത്ത് പരായണം ചെയ്തു കൊണ്ട് തബ്ലീഗ് പ്രവർത്തനത്തെ മഹല്ല് നിവാസികളെ ഉണർത്തുകയും അവരെ അങ്ങിനെ അകറ്റി നിറുത്തേണ്ടവരല്ല എന്നുള്ള രീതിയിൽ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ

തുടർന്ന് മൂസ മൗലനക്കും മറ്റും പള്ളിയിലും ക്ലാസ്സുകളെടുക്കാൻ അവസരം ലഭിക്കുകയും ഉസ്ഥാ ദിന്റെ സംസാരത്തിന്റെ അടിസ്ഥാനത്തിൽ നാട്ടുകാരിൽ പലരും അവരുടെ ക്ലാസ്സുകൾക്കും മറ്റും സഹകരണം നല്കുകയുമുണ്ടായത്രെ.

കക്ഷിത്തം ശക്തമായ ഇക്കാലത്ത് നിന്ന് ചിന്തിക്കുമ്പോൾ വളരെ പ്രസക്തമായ ഒരു പ്രവർനമാണ് ഉസ്ഥാത് അന്ന് ചെയ്തത്.

വീഴ്ചകൾ റബ്ബ് നമുക്കും അവർക്കും പൊറുത്തു തരട്ടെ

മുഹമ്മദ് റഷീദ് ഓർമ്മകൾ പങ്കുവെക്കുന്നു

بسم الله الرحمن الرحيم

ചെറുപ്പത്തിൽ ഏറെ വിസ്മയത്തോടെയാണ് അഭിവന്ദ്യനായ ഉസ്താദിനെ ഞാൻ കണ്ടിട്ടുള്ളത്....

പള്ളിയുടെ ഒരു ഓരത്ത്,ഫാനിനു പകരം വിശറിയും വീശി വായനയിൽ മുഴുകിയിരിക്കുന്ന, വടക്കേ പള്ളിക്കുളത്തിൽ നിന്നും മൊന്തയിൽ വെള്ളവും കോരി കയറിപ്പോകുന്ന ലാളിത്യത്തിന്റെ നിറകുടം. അതായിരുന്നു എൻറെ ഓർമ്മയിലെ ഖതീബുസ്താദ്.

പിന്നീട് വാടാനപ്പള്ളി ഇസ് ലാമിയ കോളേജിൽ ചേർന്നു പഠിക്കാൻ അവസരം ലഭിച്ചപ്പോൾ ,അവിടെ എല്ലാവരാലും ആദരിക്കപ്പെടുന്ന പണ്ഡിതനും എന്റെ ഗുരുവര്യനുമായ ശൈഖ് ഉസ്താദ്, ഞാൻ പാടൂരുകാരൻ ആണെന്ന് അറിഞ്ഞപ്പോൾ വലിയ സന്തോഷത്തോടെ പറഞ്ഞു, എനിക്ക് നിങ്ങളുടെ ഖത്തീബ് ഉസ്താദിൻറെ പള്ളി ദർസിൽ കുറച്ച്കാലംഉസ്താദിൻറെ ശിഷ്യനായിക്കൊണ്ട് ധാരാളം അറിവുകൾ നേടാൻ സാധിച്ചിട്ടുണ്ട്.

ഉസ്താദിൻറെ പാണ്ഡിത്യത്തെക്കുറിച്ചും ഇഹിയാ ഉലൂമുദ്ദീന്റെ പരിഭാഷയെ കുറിച്ചും വാതോരാതെ ശൈഖ് ഉസ്താദ് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അഭിമാനപൂർവ്വം അത്ഭുതത്തോടെ നിന്നു പോയത് ഞാൻ ഇന്നും ഓർക്കുകയാണ്.

വാടാനപ്പള്ളിയിലെ വിദ്യാർത്ഥിയാണ് ഞാൻ എന്ന് അറിഞ്ഞ സന്ദർഭത്തിൽ അറബി ഭാഷയെ കുറിച്ചും ഭാഷാപ്രയോഗത്തെക്കുറിച്ചും ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയതും പിന്നീട് അതിൽ നിന്നുംരക്ഷപ്പെടാൻ മുഖം കൊടുക്കാതെ മാറിനിന്ന സന്ദർഭവും ഓർത്തു പോവുകയാണ്.

എവിടെ ചെന്നാലും പാടൂരാണ് വീട് എന്നറിയുമ്പോൾ ആളുകൾ ആദ്യം അന്വേഷിക്കുന്ന പേരുകളിൽ ഒന്നാമത്തേത് ഉസ്താദിൻറെ പേര് തന്നെയായിരിക്കും.

പാടൂരിനെതന്നെ തന്റെ അറിവിന്റെ ജാലകത്തിലൂടെ സമൂഹത്തിനുമുന്നിൽ അടയാളപ്പെടുത്തിയ അഭിവന്ദ്യനായ ഉസ്താദിന് നാഥൻ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ!

റഷീദ് പാടൂർ

<u>റഫീഖ് പേരൊത്തു</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു</u>

ഒരനുഭവം കൂടി കുറിച്ചു കൊണ്ട് നിറുത്തട്ടെ.

ആദരണീയനായ പള്ളിക്കലെഉസ്ഥാതിനെ കുറിച്ചോർക്കുമ്പോൾ ഓർമ്മയിലേക്ക് ഓടിയെത്തുന്നത്

ഒരു പെരുന്നാൾ ദിനത്തിൽ അദ്ദേഹത്തോടൊപ്പം പെരുന്നാൾ ദിനത്തിലെ ബന്ധു വീടുകൾ സന്ദർശനത്തിനായി കടവ് കടക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ ഇന്നെന്തായിരുന്നു(പെരുന്നാൾ ദിനത്തിൽ)പള്ളി കോലായിലെ സംസാരം എന്ന ചോദ്യത്തെയായിരുന്നു.അദ്ദേഹത്തെ ഒരു പക്ഷേ അവിടെ നടന്നിരുന്ന സംസാരങ്ങൾ അലോസരപെടുത്തിയിരിക്കാം. അന്ന് കാരക്കോസ്സ് പള്ളിൽ പെരുന്നാൾ നമസ്ക്കരിച്ച എനിക്ക് മറുപടി പറഞ്ഞു വിയർക്കേണ്ടി വന്നില്ല.

ങ്ങ... കാക്ക കാരണവന്മാരുടെ വാക്കുകൾക്ക് വിലയില്ലാത്ത എന്നൊ മറ്റൊ ആയിരുന്നു അദ്ദേഹത്തിന്റെ മറുപടി.

സംസാരത്തിന് ഉസ്ഥാദ് തന്നെ വാതിൽ തുറന്നതിനാൽ സ്വല്പം ധൈര്യമൊക്കെ കിട്ടിയ ഞാൻ അദ്ദേഹം വിവർത്തനമെഴുതിയ ഇഹ്യയിലേക്ക് തിരിഞ്ഞു. സ്ത്രീ പള്ളിവേശന വിരുദ്ധ പ്രസംഗങ്ങൾ മൈക്ക് കെട്ടി പൊടിപൊടിക്കുന്ന അക്കാലത്ത് ഗസ്സാലി ഇമാം ആയിരത്തോളം വർഷം മുന്ന് എഴുതിയ ഇഹ്യയിൽ അതിന് നേരെ വിപരീതമായി പള്ളി പ്രവേശനനുകൂലമായാണല്ലൊ കാണുന്നത് എന്ന് സൂചിപ്പിച്ചപ്പോൾ മേനെ ഇഹ്യയിൽ എന്താണൊ ഉള്ളത് അത് അതേ പോലെ താൻ കുറിച്ചിട്ടുണ്ടെന്നും പിന്നെ വയളന്മാർ എന്തെല്ലാം നുണകളാണ് പറയുന്നതെന്നും പറഞ്ഞു സംസാരത്തിന് വിരാമമിടുകയാണദ്ദേഹം ചെയ്തത്.

റബ്ബ് നമ്മേയും അവരേയും അനുഗ്രഹീതരിൽ ഉൾപെടുത്തുമാറാകട്ടെ.

<u>നജീബ് സാഹിബ് കാര്യാട്ട്</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു</u>

എന്നെ സംബന്ധിച്ച് രണ്ട് തലമുറകളുടെ അധ്യാപകൻ ആണ് അദ്ദേഹം.

ആദ്യം കാട്ടൂർ (ഉമ്മയുടെ നാട്) മഹല്ല് മുദരിസ്& മദ്റസ Head ആയിരുന്നു അദ്ദേഹം. നാൽപ്പതുകളിൽ/അൻപത് കാലം. എന്റെ ഉമ്മ അദ്ദേഹത്തിന്റെ ശിഷ്യ ആയിരുന്നു

<u>ഷരീഫ് ബാബു</u><u>. ഓർമ്മകൾ പങ്കുവെക്കുന്നു</u>

പാണ്ഡിത്യത്തിന്റെ മഹിമയും സൂക്ഷ്മതയും പാലിക്കുന്നവർ ഇന്ന് കുറഞ്ഞുവരികയാണ്. തുച്ഛമായ രാഷ്ട്രീയ ലാഭങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി ആരുടേയും കാലുപിടിക്കാൻ തയ്യാറാവുകയാണ്. അധികാര സഭകളിലെ ചെറിയ ഇരിപ്പിടങ്ങൾക്ക് വേണ്ടി എന്തും സമർപ്പിക്കാൻ ഒരുങ്ങുന്നു. അതിനാൽ നാം മാറി ചിന്തിച്ചേ പറ്റൂ. നമ്മുടെ അറിവും അജണ്ടയും ഏതെങ്കിലും പണച്ചാക്കുകൾക്ക് അമ്മാനമാടാനുള്ളതല്ല. നീണ്ട തലമുറകൾ നമുക്ക് പിറകെ വരാനുണ്ട്. അവരെഴുതുന്ന ചരിത്രത്തിൽ നാമൊരിക്കലും കുറ്റവാളികൾ ആയികൂടാ. ഈ സമുദായത്തെ നയിക്കുന്ന നേതാക്കളും പണ്ഡിതന്മാരും ഇങ്ങിനെയൊക്കെ ഒന്ന് ആലോചിച്ചെങ്കിൽ........!

പാടൂർ മഹല്ല് കൂട്ടായ്മ എന്ന വാട്ട്സാപ്പ് ഗ്രൂപ്പിൽ രണ്ടു ദിവസ്സമായി തുടരുന്ന പിതാവിനെ അനുസ്മരിക്കൽ ഓർമ്മകൾ പ്രാർത്ഥനകൾ എല്ലാം കാണുന്നു. ആ കൂട്ടത്തിൽ പിതാവിനെ നേരിട്ട് കണ്ടവർ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അടുപ്പക്കാർ കുടുംബക്കാർ തീരെ കാണാത്തവർ വരെ ഉണ്ടായിരിക്കണം.

അപ്പോഴും ഒരു കൂട്ടരുണ്ട് അവരെ എനിക്ക് മറക്കാനാവില്ല. അവരെയും കൂടെ ഓർത്തു കൊണ്ടു നിർത്താം.

അന്ന് എനിക്ക് പ്രായം അഞ്ചു വയസ്സ്. പള്ളിയിൽ കൊണ്ടു പോയി തുടങ്ങിയിരിക്കുന്നു. ഓർമ്മകളിൽ പല മുഖങ്ങളും ഇപ്പോഴും മുന്നിലുണ്ട് സുബഹി നമസ്ക്കാരത്തിന്നായി അവർ ഓരോരുത്തരായി പള്ളിയിലേക്ക് വരുന്നവർ അവർ ആ പള്ളിക്ക് ചുറ്റും താമസിക്കുന്നവരായവർ (അവരെ തിരിച്ചറിയാനായുള്ള പേരുകൾ ഞാൻ ചേർക്കും ക്ഷമിക്കണം) മുണ്ടൻ ഹമീദ് ഹാജി, ബറാമി മുഹമ്മദ്ക്ക, ചിറ്റി പണച്ചിൽ കുഞ്ഞോൻക്ക, കദയില്ലാത്ത കുഞ്ഞോൻക്ക,ശിപായി കുഞ്ഞോൻക്ക, മുക്രി കുഞ്ഞോൻക്ക, ഹമീദ് മുസ്‌ലിയാർ, ചായക്കാരൻ കുഞ്ഞോൻക്ക, ജർമൻ കുഞ്ഞോൻക്ക, കാദർ കുട്ടിക്ക, വെള്ളപ്പൂവാൻ ഹംസക്ക, കാലം കുറച്ചു കഴിഞ്ഞപ്പോൾ കൂടെ കൂടിയ താടി മുഹമ്മദാലിക്ക, ബോംബയിൽ നിന്നും ഇടയ്ക്കിടെ വന്നിരുന്ന എൻ പി സി കുഞ്ഞോൻക്ക, വെല്ല്യാപ്പ ആർ പി കുഞ്ഞിക്കോയ, പരീത്ക്ക, ഈസുണ്ണിക്ക, ജർമൻ പരീത്ക്ക, ഇവരാരും ഇന്നില്ലെങ്കിലും ഓർമ്മയിൽ ഇവരെ പോലെ നിഷ്കളങ്കരും കളങ്കം പറ്റാതെ ജീവിച്ചവരും സ്നേഹവാത്സല്യം നുകർന്നവരുമായ നമസ്ക്കാര സമയത്ത് പള്ളിയിൽ കൃത്യമായി എത്തിച്ചേർന്നു ആ ഇമാമിന്റെ കൂടെ ചേർന്ന് നിന്നവരാണ് അവരാണ് അന്ന് ഇമാമിന്റെ പിന്നിൽ നിന്നും ആമീൻ ചെല്ലുന്നവരായുണ്ടായിരുന്നവർ

അവരെയെല്ലാവരെയും ഓർക്കാതെയാവില്ല. കാരുണ്ണ്യവാനായ അല്ലാഹു അവരെയെല്ലാവരെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുമാറാകട്ടെ.

രണ്ടു ദിവസ്സം പിതാവിനെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും പ്രതേകിച്ചു അഡ്വ:ആർ വി സൈദു മുഹമ്മദ്, ആർ വി ഉമ്മർ, ആർ പി സിദ്ധീഖ്, നജീബ് കര്യാട്ട്, ജേഷ്യൻ മുഹമ്മദ് സഊദ്,ലത്തീഫ് വാക്കയിൽ സൈനുദ്ധീൻ പാടൂർ, ശുഐബ് മുഹമ്മദ്,തൈസീർ പുത്തൻ പുരയിൽ, ശിഹാബ് ഹംസ, അബ്ദുൽ റഹിമാൻ, ഉസ്മാൻ തറയിൽ ഗ്രൂപ്പ് അഡ്മിൻസ് മുതൽ പേർ തുടങ്ങിയവരോടുള്ള കടപ്പാട് ഞാനും എന്റെ സഹോദരി സഹോദരന്മാരും ഇവിടെ രേഖപെടുത്തട്ടെ.

ഷരീഫ് ബാബു.

<u>**നവാസ് അബ്ദുൽ ഖാദർ** ഓർമ്മകൾ പങ്കുവെക്കുന്നു</u>

"പള്ളിക്കലെയ്ലേര്"

ആ പേരിൽ ഒരാള് മാത്രമേ നമ്മൾ പാടൂർക്കാർക്ക് ഉണ്ടായിട്ടുള്ളൂ. അത് അന്നും ഇന്നും എന്നും മാറ്റം ഇല്ലാതെ തുടരുന്നു.

ആ മുറ്റത്തെ കളികളും കൂടി ചേർന്നത് ആയിരുന്നു എന്റെ ബാല്യവും, കൗമാരവും ഒക്കെ.അദ്ദേഹത്തിന്റെ മക്കളായ ഹബീബും, ഇഖ്ബാലും ഒക്കെ ബാല്യം മുതലേ നിത്യ ജീവിതത്തിന്റെ ഭാഗമായ ചങ്കുകൾ. പ്രായം കൊണ്ട് ഒരൽപം മുന്നിലാണെങ്കിലും സദാ മുല്ലപ്പൂമണം പരിലസിച്ചു നിൽക്കുന്ന ആ ഓടുവീടിന്റെ തെക്കേ മുറ്റത്ത് ഞങ്ങളോടൊപ്പം ക്രിക്കറ്റ് കളിക്കാൻ ഇടക്കൊക്കെ ബാബുക്കയും (ഷരീഫ് ബാബു) കൂടാറുണ്ട്. പെൺമക്കളിൽ ഇളയവരായ റെയ്ഹാനയും, ബുഷറയും പെങ്ങളുടെ കളിക്കൂട്ടുകാർ... വീട്ടിലെ നിത്യ സന്ദർശകർ. താഴെ ഉള്ള പെങ്ങൾ ഷഹനാസ് അവരെ വിളിച്ചിരുന്നത് "നയ്യാന, ബുച്ചാന" എന്നായിരുന്നു. മൂത്തമകൾ ഫാത്തിമത്ത ഞങ്ങൾക്കും ഇത്ത തന്നെ ആയിരുന്നു.

ഇസ്ലാമിക കൈരളിക്ക് വലിയ സംഭാവനകൾ നൽകിയ ഒരു മഹാപണ്ഡിതൻ ജീവിച്ച വീടായിരുന്നു ഞങ്ങളുടെ വെക്കേഷൻ കാലത്തെ കളിയിടങ്ങളിൽ ഒന്ന് എന്ന് എന്നോർക്കുമ്പോൾ ഓർമ്മകൾക്ക് എന്തൊരു നഷ്ടബോധം!

പുറത്ത് ഞങ്ങൾ എല്ലാം മറന്ന് കളിച്ച് ഉല്ലസിക്കുമ്പോൾ ഒരിക്കൽ പോലും മുഖം കറുത്ത് സംസാരിക്കുകയോ, ശകാരിക്കുകയോ ചെയ്തതായി ഓർമ്മയിൽ ഇല്ല. സദാ സൗമ്യ ഗംഭീരമായ ഭാവം! എങ്കിലും ഉസ്താദ് അകത്ത് വായനയിൽ മുഴുകി ഇരിക്കുന്ന സമയത്ത് ആർപ്പുവിളിയുടെ ശബ്ദം കുറക്കാൻ ഞങ്ങൾ പരസ്പരം കണ്ണുകൾ കൊണ്ട് സംസാരിക്കുമായിരുന്നു. എന്തോ വിലപ്പെട്ട ജോലിയിൽ തന്നെയാണ് അദ്ദേഹം മുഴുകി ഇരിക്കുന്നത് എന്ന് കുട്ടികളായ ഞങ്ങൾക്ക് എങ്ങനെയോ വിവരം കിട്ടിയിട്ടുണ്ട്.വീട്ടിൽ ഉള്ളപ്പോൾ കൈപിടി നീളമുള്ള ഒരു പഴയ ചാരു കസേരയാണ് അദ്ദേഹത്തിന്റെ ഇടം.അതിന്റെ രണ്ടു കൈപ്പിടിയിലും അടുത്തുള്ള മേശയിലും ഒക്കെ നിറയെ പുസ്തകങ്ങളാണ്.

നനുത്ത പ്രഭാതങ്ങളിൽ സുബഹി നമസ്കാരത്തിന് ഞങ്ങൾ ഒരുമിച്ചാണ് പോകാറ്. ഞങ്ങളുടെ കുട്ടിത്തങ്ങൾക്കും, കളി തമാശകൾക്കും അവസരം തന്ന് ഞങ്ങളുടെ കുറച്ച് മുന്നിലായി പതിയെ തസ്ബീഹും ചൊല്ലി അദ്ദേഹം നടക്കും. ഗംഭീരമായ ഒരു കാഴ്ച ആണത്! കൈകൾ സാവധാനം വീശി ഒഴുകി ഒഴുകി ഉള്ള ആ നടത്തം... ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു. പലപ്പോഴും ഇഷാ നമസ്കാരവും, ഹദ്ദാദും ഒക്കെ കഴിഞ്ഞു വരുമ്പോൾ റോഡ് വിജനമായിരിക്കും. വഴി വിളക്കുകൾ ഇല്ലാത്ത കൈതമുക്ക്. ഉസ്താദിന്റെ വീട് വരെ ഒന്നിച്ച്. അത് കഴിഞ്ഞാൽ വീട് വരെ ഒറ്റ ഓട്ടമാണ്... പടി എത്തുന്നത് വരെ ഒരു ടോർച്ചിന്റെ വെളിച്ചം എന്നെ പിന്തുടർന്ന് നിൽക്കും. ഞാൻ വീട്ടിലേക്ക് കയറി എന്ന് ഉറപ്പ് വരുത്തി ആ പ്രകാശം അണയും. അതെ, നമ്മുടെ നാടിന് നഷ്ടമായ പ്രകാശം ആയിരുന്നു അദ്ദേഹം.

വൈക്കം മുഹമ്മദ് ബഷീറിനെ ഓർക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടാകുന്ന ഒരു ഫ്രെയിം മാംഗോസ്റ്റെൻ മരത്തിന്റെ ചുവട്ടിൽ ചാരു കസേരയിൽ ഇരിക്കുന്ന ഒരു രൂപമാണെങ്കിൽ,

ഉസ്താദിനെ ഓർക്കുമ്പോൾ മനസ്സിലുള്ളത്, പള്ളിയുടെ വടക്കേ ചരുവിൽ ഒരു ചെറിയ എഴുത്ത് മേശയ്ക്ക് മുന്നിൽ ഇരുന്നു ധ്യാന നിമഗ്നനായി എഴുതിക്കൊണ്ടിരിക്കുന്ന ഒരു രംഗമാണ്. ചെറുപ്പത്തിൽ ആ എഴുത്ത് മേശയോട് ഒരു വല്ലാത്ത കൗതുകം ആയിരുന്നു. വിജ്ഞാനത്തിന്റെ എത്രയെത്ര മുത്തുകൾ ലോകത്തിന് സംഭാവന ചെയ്ത ഇടം. ഇതേ ഇടത്ത് ഇരുന്ന് തന്നെ ആയിരിക്കാം ഷുജാഈ മൊയ്തു മുസ്ല്യാർ എന്ന അതുല്യ പ്രതിഭ സഫല മാല എന്ന മഹാ കാവ്യം രചിച്ചത്.

ഉസ്താദ് അനാവശ്യമായ ഒരു വാക്ക് സംസാരിക്കുന്നതായോ വികാര പ്രകടനങ്ങൾ നടത്തുന്നതായോ കണ്ടിട്ടില്ല. നല്ല രീതിയിൽ സാമ്പത്തിക ഭദ്രത ഉള്ള ആളായിട്ട് പോലും ലാളിത്യം പുലർത്തിയ ജീവിതം ആയിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകളിൽ മായാതെ മനസ്സിൽ നിൽക്കുന്ന ഒന്ന് അദ്ദേഹത്തിന്റെ മിസ്വാക് (tooth brush) ആയിരുന്നു. ചകിരി മനോഹരമായി ചെത്തി ഒരുക്കി വളരെ സൗകര്യപ്രദമായി ഉപയോഗിക്കാവുന്ന ലളിതവും - ഇന്ന് ചിന്തിക്കുമ്പോൾ eco-friendly യും ആയ - ഉപയോഗം കഴിഞ്ഞു ഉപേക്ഷിക്കുമ്പോൾ പ്രകൃതിക്ക് യാതൊരു ദോഷവും ചെയ്യാത്ത ഒന്ന്. അറാക്ക് ഒന്നും അന്ന് അത്ര വ്യാപകം അല്ലല്ലോ!

ഉസ്താദ് രചിച്ച ശാദുലി മൗലിദിന്റെ ആണ്ട് ഞങ്ങൾ കുട്ടികൾക്ക് നെയ്ച്ചോറിന്റെയും ബീഫിന്റെയും കൊതിപ്പിക്കുന്ന മണം ആയിരുന്നു. എന്നാല് ഉസ്താദിന്റെ കൂടെ തന്നെ ആ നന്മയും ഓർമ്മയായി എന്നത് വളരെ ദുഃഖകരമായ കാര്യം ആണ്. ശാദുലി മൗലിദിന് പുനർജീവനം നൽകുന്നത് ഉസ്താദിന് നൽകുന്ന ഒരു ആദരം കൂടി ആയിരിക്കും എന്ന് കൂട്ടത്തിൽ ഓർമ്മിപ്പിക്കുന്നു.

അദ്ദേഹം ഇവിടെ വിട്ടേച്ച് പോയത് അദ്ദേഹത്തിന്റെ സൗമ്യമായ ഓർമ്മകൾ മാത്രമല്ല, വിജ്ഞാനത്തിന്റെ സാഗരങ്ങളായ അദ്ദേഹത്തിന്റെ രചനകൾ കൂടിയാണ്. അവ പുതു തലമുറക്ക് ലഭ്യമാക്കുകയും വിജ്ഞാനത്തിന്റെ പുതു നാമ്പുകൾ തേടുന്ന ഒരു തലമുറയെ വാർത്തെടുക്കുകയും ചെയ്യുക

എന്നതായിരിക്കും നമുക്ക് അദ്ദേഹത്തോട് ചെയ്യാവുന്ന ഏറ്റവും വലിയ പ്രാർഥന.

അല്ലാഹുവെ അയൽപക്ക ബന്ധങ്ങളിൽ അദ്ദേഹം കാണിച്ച സൂക്ഷ്മത പോലെ ഞങ്ങൾക്കും തുടരാൻ കഴിയേണമേ... മികച്ച അയൽവാസികളെ നൽകി അദ്ദേഹത്തിന്റെ സ്വർഗീയ ജീവിതം അനുഗ്രഹിക്കേണമേ.. ഞങ്ങളെയും , അദ്ദേഹത്തെയും സ്വർഗീയ ആരാമത്തിൽ ഒരുമിച്ചു കൂട്ടേണമേ! ആമീൻ.

സുബൈർ ഓർമ്മകൾ പങ്കുവെക്കുന്നു

അസ്സലാമു അലൈക്കും

പാടൂർ മഹല്ലിലെ മഹാ പണ്ഡിതന്മാരിൽ ശ്രേഷ്ഠനായ , ബഹുമാന്യനായ ഒട്ടനവധി മഹല്ല് നിവാസികൾക്ക് ഗുരു വര്യനായ എല്ലാവർക്കും സ്വീകാര്യനായ ഒരു പണ്ഡിതൻ ആയിരുന്നു. മർഹും ഉസ്താദ് അവർകൾ. അവരുടെ നല്ല ഓർമ്മകൾ പങ്ക് വെച്ച എല്ലാവരോടും നന്ദികൾ അറിയിക്കുന്നു. അല്ലാഹു ആ മഹാനുഭാവന്റെ കൂടെ നമ്മെയും സ്വർഗ്ഗത്തിൽ ഒരുമിപ്പിക്കട്ടെ. ജീവിത കാലത്ത് വരും തലമുറയെ ശരിയായ രീതിയിൽ ജീവിക്കാനും, അനുസരണയുള്ളവർ ആക്കുവാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ നാടിന് ഉപകാരപ്പെട്ടിരിക്കുന്നു.

തികച്ചും മഹാൻ എന്ന വാക്കിന് അർഹതയുള്ള ഉസ്താദ്. തന്റെ പക്കൽ ഉള്ളത് മറ്റുള്ളവർക്ക് ഉപകരമാം വിധം പകർന്നു നൽകി ,ഓർമ്മകളെ ബാക്കിയാക്കി വഫാതായ ഉസ്താദ്. അല്ലാഹു ദറജ ഉയർത്തി കൊടുക്കട്ടെ🤲🤲🤲🤲🤲❤️❤️❤️❤️

ഷരീഫ് ബാബു ഓർമ്മകൾ പങ്കുവെക്കുന്നു

കുഞ്ഞു നാളിലേക്ക് കൈപ്പിടിച്ചു കൊണ്ടുപോയ ആ കുളിർ കാലത്തെ പുൽകുവാനായി മനസ്സും ഹൃദയവും വിങ്ങുകയാണ്.എത്രയോ സുന്ദരമായ കാലം. നാടൻ കളികളുടെ ഭ്രാന്തമായ വസന്ത കാലം അതോടൊപ്പം പറന്നു നടക്കാനുള്ള വേലിക്കെട്ടുകളില്ലാത്ത പറമ്പുകളും അടാട്ടുപുറം അത്രക്കും മനോഹരമായിരുന്നു. അന്യം നിന്നുപോയ നേരം പോക്കുകൾ. ഏറെ ഓർമ്മിച്ചെടുത്ത കുറിപ്പ് അത്രക്കും നന്നായിരിക്കുന്നു നെവാസ്. ആ ഗ്രാമം അത്രക്കും മനോഹരം ആയിരുന്നു.. ഇപ്പോൾ ശരത് കാലത്ത് ഇലകൾ കൊഴിഞ്ഞു വീണ കിടക്കുന്ന പോലെ.....

കബീർ പുളിക്കൽ ഓർമ്മകൾ പങ്കുവെക്കുന്നു

“ഉസ്താദ് ” അതെ ..അങ്ങിനെ ..വിശേഷിപ്പിക്കാനാണ് എനിക്കിഷ്ട്ടം .എൻറെ സ്കൂൾ തലം സഹപാഠി സഈദ് ന്റെ പ്രിയ പിതാവ് ,അദ്ദേഹത്തെ ഞാൻ അറിയുന്നത് ഏതൊരു സഹപാഠിയെപ്പോലെ തൊട്ടടുത്തു തൊട്ടുരുമ്മിയിരുന്ന പാഠങ്ങൾ പഠിച്ചിരുന്ന കൂട്ടത്തിൽ ഒരു പിതാവിന്റെ നിഷ്ഠകളിൽ അധിഷ്ഠനായകർക്കശക്കാരനായ വാപ്പയെ കുറിച്ച് പറഞ്ഞു

കേട്ടതിൽ നി ന്നാണ്. അത് അദ്ദേഹത്തിന്റെ വിജ്ഞാനം മഹാത്മ്യങ്ങളൊന്നും രേഖപെടുത്തുന്നതേയല്ല മറിച്ചു ദിനേനെയുള്ള വീട്ടാവശ്യങ്ങൾക്കു പോലും തികയാത്ത വേതനം കൈപറ്റി

ഒരു മഹല്ലിന്റെ നാടുംതൂണായി അവസാന ശ്വാസം വരേ....അല്ലാഹുവിന്റെ പ്രീതിക്കുവെണ്ടി അഹോരാത്രം നന്മചെയ്ത ഒരു പച്ചയായ മനുഷ്യൻ ,

തന്റെ വീജ്ഞാനം അതർഹിക്കുന്നവർക്കും ആവശ്യമറിയിച്ചു ചെന്നവർക്കും ഒന്നും ബാക്കിവെയ്ക്കാനില്ലാത്ത വിധം പകാർന്നു നെൽകുകയും, ശേഷിപ്പ് എഴുതപ്പെട്ട ഗ്രന്ഥങ്ങളാക്കി വരും കാലത്തേക്ക് ഒരടയാളപെടുത്തല്ലെന്നോളം കരുതിവെച്ചു കാല യവനികക്കുള്ളിൽ മറഞ്ഞു പോയ മർഹൂം കുഞ്ഞിമുഹമ്മദ് മൗലവിയുടെ ജീവിതം തികഞ്ഞ ആത്മീയതയുടെ മുഖമുദ്രയായിരുന്നു. ശരീര ഭാഷയെക്കുറിച്ചും ദിനചര്യകളെ കുറച്ച എന്നേക്കാൾ മുൻപേ പലരും പലവട്ടം പറഞ്ഞു കേൾപ്പിച്ചു. ഞാൻ ഉസ്താദിന്റെ ശിഷ്യഗണങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടാവുമോ എന്തോ ,ഉപ്പയുടെ നിർബന്ധതിനു വഴങ്ങി കുറഞ്ഞകാലം രാത്രികാല ദർസ്സിൽ ഖുർആൻ ഓത്തുപഠിക്കാൻ പോയിരുന്നു ,അന്നൊരു ദിവസം ചെറുപ്പത്തിന്റെ വികൃതികളിൽ ഇശാനമസ്ക്കാരജമാഅത്ത് നടന്നുകൊണ്ടിരിക്കെ അവസാന റക്കാ അ ത്ത് പുറകിലെ സഫിൽ നിന്നും ഞങ്ങൾ കൂട്ടത്തോടെ ചിരിച്ചു നമസ്ക്കാരത്തിനു ഭംഗംവരുത്തി. ഉസ്താദ് നമസ്ക്കാരനന്തരമുള്ള ദിക്ർ ദുആ നിർവഹിക്കാതെ തിടുക്കപ്പെട്ടു മുറിയിലേക്ക് പോയി .അത്യാവശ്യം നീളമുള്ള ചൂരൽ കൊണ്ടുപുറകിലൂടെ വന്നു തുരുത്തുരാ എല്ലാവർക്കും ഭേദപ്പെട്ട രീതിയിൽ പടപ്പാ കിട്ടിയ അടിയുടെ പൊള്ളുന്ന ചൂടിൽ തെക്കേ വാതിലുകളിലൂടെ ഞങ്ങൾ ചിതറി ഓടി പള്ളിപ്പറമ്പിലെ കൂരിരി ട്ടിലേക്കു മാഞ്ഞതോർത്തുപോകുന്നു. ..കുറ്റകൃത്യങ്ങൾകു കടുത്ത ശിക്ഷാനടപടിയും അദ്ദേഹം കൈകൊണ്ടിരുന്നു എന്നതും ഒരുമായാ ഓർമയായി ഇന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു.

സ്വർഗ്ഗ വാതിലിൽ നമുക്കുമുൻപേ കടന്നുപോയ ഗുരുനാഥൻമാരുടെ മുൻപന്തിയിൽ അദ്ദേഹത്തിന്റെ മുഖം പ്രകാശപ്പൂരിതമാവട്ടെ. ....,. 🤲

<u>അബ്ദുൽ മജീദ് മുഹമ്മദ്</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു</u>

പള്ളിക്കലൈലാർ ജീവിതത്തിൽ ആകെ കേട്ടതും അനുഭവിച്ചതും നമ്മുടെ നാടിന്റെ സ്വന്തമായ , അല്ല ,ഇഹ് യാ ഉലൂമുദ്ദീൻ മലയാളത്തിൽ വിവർത്തനം ചെയ്തതിലൂടെയും അല്ലാതെയും മലയാള മണ്ണിന്റെ സ്വന്തം മഹാപണ്ഡിതനായ മർഹൂം എം വി കുഞ്ഞി അഹമ്മദ് മുസ്ല്യാരെ കുറിച്ച് മാത്രമാണ്. നമ്മുടെ നാടിന്റെ കെടാവിളക്കായിരുന്നു അദ്ധേഹം. പുഞ്ചിരിച്ച മുഖത്തോടെയല്ലാതെ നമുക്ക് ആർക്കും അദ്ദേഹത്തെ കാണാൻ കഴിയില്ല. അദ്ദേഹം നടക്കുമ്പോൾ ഭൂമി പോലും അറിയാറില്ല എന്ന് നമുക്ക് തോന്നിപ്പോകും വിധത്തിലുള്ള സൂക്ഷ്മത… ആ സൂക്ഷ്മത നടത്തത്തിൽ മാത്രമല്ല, സംസാരത്തിലും വ്യക്തി ജീവിതത്തിലും എല്ലാം… ഉസ്താദിനെ കുറിച്ച് ഇവിടെ പലരും എത്രയെത്ര ഓർമ്മകളാണ് പങ്കു വെച്ചിരിക്കുന്നത്. ഒരു മഹല്ലിന്റെ വെളിച്ചമാകണം ആ മഹല്ലിലെ ഖത്തീബ്.. ആ നിലക്ക് ഉസ്താദ്

നൽകിയ വെളിച്ചം ഇന്നും നമ്മുടെ നാട്ടിൽ പ്രകാശം പരത്തുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. അള്ളാഹു ഉസ്താദിന്റെ ദറജ ഉയർത്തി കൊടുക്കട്ടെ.. നാളെ ജന്നാത്തുൽ ഫിർദൗസിൽ അദ്ദേഹത്തോടൊപ്പം നമുക്കും കഴിയാൻ നാഥൻ വിധികൂട്ടട്ടെ.. ജന്നാത്തുൽ ഫിർദൗസിൽ മുത്ത് ഹബീബിന്റെ ചാരെ നിഴൽ പോലെ ഉണ്ടാകാൻ അള്ളാഹു ഈ മഹാന് സൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.. ആമീൻ

<u>ഫാറൂഖ് തങ്ങൾ</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു</u>

കൃത്രിമത്തവും നാട്യവും പണ്ഡിതനിൽ ഉണ്ടാകാൻ പാടില്ലായെന്ന് ഉസ്താദിനെ വായിക്കുന്നവർക്ക് മനസ്സിലാകും. പാണ്ഡിത്യത്തിന്റെ ഗർവ്വോ നാട്യമോ ഒരർത്ഥത്തിലും ഉസ്താദിൽ കാണാൻ കഴിയില്ല.

കണ്ടു മുട്ടുമ്പോഴെല്ലാം പുഞ്ചിരിക്കുന്ന, കുശലമന്വേഷിക്കുന്ന ഉസ്താദ് ആണ് ഇപ്പോഴും ഓർമ്മയിൽ. ഒരു ദേശത്ത് ഒരു പണ്ഡിതനുണ്ടാകുകയെന്നത് തീർച്ചയായും അഭിമാനകരമാണ്. അത് നാടിന് വലിയ യശസ്സ് നൽകും. ഉസ്താദിന്റെ സാന്നിധ്യവും നമ്മുടെ നാടിന് വലിയ യശസ്സ് തന്നെയായിരുന്നു.

ഉസതാദിന്റെ പഠനവും ചിന്തയും സമകാലികരായ പണ്ഡിതന്മാരിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. അദ്ദേഹം തുടർന്ന് പോന്ന teaching രീതി ആഘർഷണീയമായിരുന്നുവെന്നു അദ്ദേഹത്തിന്റെ ശിഷ്യന്മാർ പറയുന്നുണ്ട്.

നിർഭാഗ്യ വശാൽ ഉസ്താദിനെ പോലെയുള്ള ഒരു മഹാ പണ്ഡിതനെ ഉൾക്കൊള്ളുവാനും അദ്ദേഹത്തിന്റെ വിജ്ഞാനത്തെ ഉപയോഗപ്പെടുത്തുവാനും നമുക്ക് പൂർണ്ണമായും സാധ്യമായില്ല. അദ്ദേഹത്തെ ആ ചെരുവിൽ നിന്ന് വലിയ ഹാളിലേക്ക് കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞില്ല. ഇതെല്ലാം വലിയ നഷ്ടങ്ങൾ തന്നെയാണ്. കാരണം ഒരു സംസ്കൃത സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ പണ്ഡിതൻമാർക്ക് വലിയ സംഭാവനകൾ നൽകാൻ കഴിയും.

വളരെ ചെറിയ പ്രായത്തിൽ എന്റെ വല്ലിപ്പയുടെ കൂടെ പോയി ഉസ്താദിന്റെ വിരിപ്പിൽ ഇരുന്നിരുന്നത് ഇപ്പോഴും ഓർക്കുന്നു. അവർ വളരെയധികം നേരം സംസാരിക്കുമായിരുന്നു.

അല്ലാഹു അനുഗ്രഹിക്കട്ടെ.

<u>നാസറുദ്ധീൻ തങ്ങൾ</u> <u>ഓർമ്മകൾ പങ്കുവെക്കുന്നു</u>

നമ്മൾ ഒക്കെ sir തിരക്കിലാണ്. അത് കൊണ്ടാണ്, sir ന്റെ പ്രഥമ ദിവസം കഴിഞ്ഞിട്ടു post ചെയ്യാമെന്ന് കരുതിയത്.

ഉസ്താദ് എന്ന് പറഞ്ഞാൽ ഒരാളേ എനിക്ക് ഉള്ളൂ. M. V. കുഞ്ഞി അഹ്മദ് moulavi.

മദ്രസയിലെ അഞ്ചാം ക്ലാസ് കഴിഞ്ഞ്, ഉസ്താദ് ന്റെ ദർ സിൽ, ചേർന്ന അന്ന് മുതൽ ജീവിതത്തിൽ മങ്ങാത്ത ഓർമ ആണ് ഉസ്താദ്. പരമ്പരാഗത വും النحو الواضح പോലെയുള്ള "ആധുനിക " كتاب കളും, അവിടെ വെച്ചാണ് ഉസ്താദ് പഠിപ്പിച്ച്

തരുന്നത്. സ്കൂളിലെ ക്ക് പോകുവാൻ ഉള്ള ഓട്ട ത്തിന്റെ ഇടയിൽ, വേണ്ടത്ര ഗൗരവം ഇല്ലാതെ ആണ് അതിനെയെല്ലാം സമീപിച്ചത് എന്ന കുറ്റ ബോധം എപ്പോഴും ഉണ്ട്. വ്യാകരണ ത്തോട് ഉള്ള താൽപര്യം, ഉസ്താദിന്റെ സ്വാധീനം ആണെന്ന് ആണ് എനിക്ക് തോന്നിയിട്ടുള്ളത്.

ഇഹ് യാ ക്ക് രണ്ട് പരിഭാഷകൾ നൽകിയ ലോകത്തെ തന്നെ ഒരേ ഒരു ഗ്രാമം ആയിരിക്കാം പാടൂർ. പാടൂർ അത് സ്മരിച്ച് കൊണ്ട് ഒരു ആഘോഷ/അനുസ്മരണം നടത്തി എങ്കിൽ എന്ന് ആഗ്രഹിക്കുന്നു.

ഓർമയിൽ തിളങ്ങി നിൽക്കുന്നതു, ഉ ഇഹ് യാ യുടെ വിവർത്തന കാല ഘട്ടത്തിൽ, കുറച്ച് ഞാൻ അദ്ദേഹത്തിന്റെ കേട്ട് എഴുത്തു കാരൻ ആയിരുന്നു എന്നതാണ്. വളരെ മനോഹരമായ ഒരു ഓർമ.

നമ്മെ വിട്ടു പിരിഞ്ഞ അദേഹത്തിന് മേൽ അല്ലാഹു വിന്റെ കാരുണ്യം വർഷിക്ക ട്ടെ. آمين

കെ പി എം അഷ്റഫ് ശബ്ദ സന്ദേശം

https://youtube.com/shorts/qsl-RB1dkzA?si=tzQVEoJ-jmFa-6Wv

ഡോ ഖാസിമുൽ ഖാസ്മി ശബ്ദ സന്ദേശം

https://youtu.be/tVNmGgdr5HY?si=EtzFyH0yb5BeyXjs

https://youtu.be/zZrekJDZEkA?si=c_xGOJ6g1uORXgyY

ഉസ്താൻ തറയിൽ

അഭിപ്രായം പറഞ്ഞ എല്ലാവർക്കും സന്തോഷം അറിയിക്കുന്നു ❤️💕👐

Dated 03 Nov 2025

Episode-2

മർഹൂം പി കെ കുഞ്ഞി ബാവു മുസ്‌ലിയാർ



ദീർഘകാലം തഅലീമുൽ ഇസ്ലാം മദ്രസയിലെ പ്രധാന അധ്യാപകനായും, ഇഹ്‌യ ഉലൂമുദ്ധീന്റെ മലയാള പരിഭാഷയിൽ പങ്കുവഹിച്ച പണ്ഡിതന്മാരിൽ ഒരാളും സലഫി ചിന്തകനും ആയ പി. കെ. കുഞ്ഞി ബാവു മുസ്ലിയാർ ആണ് ഇന്നത്തെ നമ്മുടെ "വിജ്ഞാനത്തിന്റെ ദീപങ്ങളിൽ"

അദ്ദേഹം നമ്മുടെ സമൂഹത്തിൽ ഒരവിസ്മരണീയ സാന്നിധ്യമായിരുന്നു. അദ്ദേഹത്തിന്റെ അർപ്പണബോധവും, ശാസ്ത്രീയമായ സമീപനവും, മൗനമെങ്കിലും ശക്തമായ വ്യക്തിത്വവുമാണ് നിരവധി വിദ്യാർത്ഥികളുടെ ഹൃദയങ്ങളിൽ ഉസ്താദിനെ ഇന്നും ജീവനോടെ നിലനിറുത്തുന്നത്.

ഇന്നിവിടെ, അദ്ദേഹത്തെ ഓർക്കുമ്പോൾ — നമുക്ക് ഓർമ്മവരുന്നത് ഒരു പണ്ഡിതനെ മാത്രമല്ല, ആത്മാർത്ഥമായൊരു ഗുരുവിനെയും, ചിന്താപ്രകാശത്തിന്റെ ദീപമായി തിളങ്ങിയ ഒരു ഉസ്താദിനെയും ആണ്. നിങ്ങളുടെ ഓർമകളിൽ ഉള്ള അനുഭവങ്ങൾ ഇവിടെ പങ്കു വെക്കാം

അഡ്മിൻസ്

<u>നജീബ് സാഹിബ് കാര്യാട്ട്</u>

ബഹുമാനപ്പെട്ട പി. കെ. കുഞ്ഞി ബാവു മുസ്‌ലിയാർ.

ഒരർത്ഥത്തിൽ പാടൂരിൻറെ യശസ്സ് വാനോളം ഉയർത്തിയ മഹത്തായ വ്യക്തിത്വം ആണ് മുസ്‌ലിയാർ. ഫത്ഹുൽ മുഈൻ എന്ന മഹത്തായ ഗ്രന്ഥം - ഇസ്ലാമിക ആചാരങ്ങളുടെ/ നിയമങ്ങളുടെ പരിപ്രേഷ്യം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി നമുക്ക് സുപരിചിതമാക്കിയത് അദ്ദേഹത്തിന്റെ കഠിനമായ പരിശ്രമം ആണ്. ഇസ്ലാമിക നിയമ സംഹിത പൂർണമായും സുവ്യക്തമായും പ്റതി പാലിക്കുന്നത് പ്രസ്തുത ഗ്രന്ഥത്തിൽ ആണ്. അദ്ദേഹത്തിന് എല്ലാ സംഹിതകളും കരതലാമാലകം ആണ്. ദീർഘ കാലം പാടൂർ ത അലീമുൽ ഇസ്ലാം മദ്രസ്സ യുടെ സദർ അഥവാ Head of the institution ആയിരുന്നു. അദ്ദേഹത്തിന്റെ വിനീത ശിഷ്യൻ ആകാൻ ഉള്ള അസുലഭ സൗഭാഗ്യം എനിക്ക് ഉണ്ടായി എന്നത് അഭിമാനപൂർവ്വം ഓർത്തു പോകുന്നു. ശിക്ഷണത്തിൽ ഒരു പ്രത്യേക ശൈലി സ്വീകരിക്കണം എന്ന നിർബന്ധം അദ്ദേഹത്തിന്റെ സത്വം ആണ്. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ Style So called Sunni ആയിരുന്നില്ല എന്നതാണ് വസ്തുത. എന്നിരുന്നാലും താൻ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ സിലബസ് (സമസ്ത കേരള ജംഇയ്യത്തുൽ ഉലമ) അണുവിട കൂടാതെ അധ്യയനം നടത്തണം എന്ന കാര്യത്തിൽ കാണിക്കാരൻ ആയിരുന്നു.

He was bound to teach Sunni syllabus as per the schedule of Samastha. I think during his tenure @ our Madrassa Sunni was not bifurcated to AP / EK.

അദ്ദേഹത്തിന്റെ സഹോദരൻ മുഹമ്മദ് ഹാജി സ്ഥാപിച്ച പള്ളിയിൽ ആണ് പലപ്പോഴും എനിക്ക് ഇശാ മഗ്‌രിബ് നിസ്കാരത്തിനു അവസരം ലഭിച്ചിരുന്നത്. It's beside my home. ഇടവേളകളിൽ പലപ്പോഴും എന്നെ ഉപദേശിക്കാറുണ്ട്. സുജൂദിൽ പോകുമ്പോൾ/ വുളു എടുക്കുമ്പോൾ/ സക്കാത്ത് നൽകുന്നത് സംബന്ധിച്ച് എന്നീ വിഷയങ്ങളിൽ. അത്തരം വിഷയങ്ങളിൽ ഉള്ള അദ്ദേഹത്തിന്റെ അവഗാഹത അനുപമമായ അനുഭവം ആണ്! സഹോദരൻ കാട്ടേപറമ്പിൽ കാതർക്ക ഞങ്ങളുടെ കുടുംബ സുഹൃത്തും സർവോപരി കോൺഗ്രസിന്റെ അതിശക്തനായ നേതാവും ആയിരുന്നു. യഹ് യാ ഉലൂമുദ്ദീൻ എന്ന ബൃഹത്തായ ഗ്റൻഥവും അദ്ദേഹത്തിന്റെ പരിഭാഷകളുടെ പട്ടികയിൽ ഉൾപ്പെടുന്നു. അര നൂറ്റാണ്ട് കാലത്തെ അധ്യാപക ജോലിയിൽ

നിന്നും വിരമിച്ച യാത്രയയപ്പ് വേളയിൽ എനിക്ക് സംസാരിക്കാൻ അവസരം ലഭിച്ചു. അദ്ദേഹത്തിന് പാരിതോഷികം(Retirement benefits) പൂർണമായും തന്റെ സഹപ്രവർത്തകരുടെ ക്ഷേമത്തിന് വേണ്ടി പ്രസ്തുത വേദിയിൽ വെച്ച് തിരിച്ച് ഏൽപ്പിച്ചത് എനിക്ക് വേദന ഉളവാക്കി. കാരണം മദ്റസ അധ്യാപകരുടെ ദയനീയാവസ്ഥ ഞാൻ പ്രസ്തുത സംഭാഷണത്തിൽ സൂചിപ്പിച്ചിരുന്നു. അതാണോ അദ്ദേഹത്തിനെ അതിന് പ്രേരിപ്പിച്ച ചേതോവികാരം എന്ന് പലവട്ടം ചിന്തിച്ചു. അദ്ദേഹത്തിന്റെ യഥാർത്ഥ കീർത്തി ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയിൽ ആണ് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. കാരണം ഞാൻ തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന വേളയിൽ പാളയം പള്ളിയിൽ ആണ്സ്ഥിരമായി പോകാറുള്ളത്. അവിടെ പലരും എന്റെ സ്വദേശം പറയുമ്പോൾ മുസ്ലിയാരെ കുറിച്ച് ആദരപൂർവ്വം അന്വേഷിക്കാനുള്ളത് എന്നെ അൽഭുത പരതൻത്റനാക്കി. സ്വന്തം കൃഷിയിടത്തിൽ സ്വയം അധ്വാനിച്ച് വിയർപ്പിന്റെ വില സ്വന്തം ശിഷ്യ ഗണങ്ങളെ പഠിപ്പിച്ച മഹാനായ ഗുരുവിന്റെ സ്മരണകൾക്ക് മുന്നിൽ സുജൂദ് ചെയ്യാൻ ആഗ്രഹിക്കുന്നു.

" എന്റെ ജീവിതം ആണ് എന്റെ സൻദേശം" എന്ന മഹാത്മാഗാന്ധിയുടെ ശൈലി സ്വാംശീകരിച്ച് പാടൂരിൻറെ യശസ്സ് വാനോളം ഉയർത്തിയ മഹാ മുൻഷി.

ഗഫൂർ EROS BH

1992,1993 വർഷങ്ങളിൽ 8,9 ക്ലാസ്സുകളിൽ എന്റെയും ഉസ്താദ് ആയിരുന്നു pk കുഞ്ഞുബാവു മുസ്ലിയാർ അന്ന് നവാസ്, ദിൽഷാദ് മാഷ്, സിറാജ്ജുദ്ധീൻ മുതലായവർ സഹപാഠികൾ ആയിരുന്നു...ഞങ്ങളുടെ ഉസ്താദിന് അള്ളാഹു ജന്നത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കട്ടെ... 🤲🤲🤲

@Dilshad Padoor @Navas Qatar @~Sirajrayams

സുബൈർ-ശബ്ദ സന്ദേശം

https://youtu.be/igrScHT1xAU?si=IyAKlpk4UKx2GjrT

ഉസ്താൻ -ശബ്ദ സന്ദേശം

https://youtube.com/shorts/wz2FRhThpJM?si=dn2DWBNUfj8CYOgP

ശിഹാബ് -ശബ്ദ സന്ദേശം

https://youtube.com/shorts/N0I3gLO7gro?si=EetsboZhFD1PHC5R

അബ്ദുൽ മജീദ് മുഹമ്മദ്

ദീനി വിദ്യാഭ്യാസം നമ്മുടെ നാട്ടിലെ ഓരോ മക്കൾക്കും ലഭ്യമാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച് ആയതിനു വേണ്ടി എല്ലാ തരത്തിലുമുള്ള പ്രോത്സാഹനവും നൽകി വന്നിരുന്ന ഒരേയൊരു ഉസ്താദ് കുഞ്ഞു ബാവു മുസ്ല്യാർ ആണെന്ന് നിസ്സംശയം പറയാൻ കഴിയും. ക്ലാസ്സിൽ സ്ഥിരമായി വരുന്ന മക്കൾക്ക് // കൂടുതൽ മാർക്കുകൾ വാങ്ങുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകിയും എന്നാൽ സ്ഥിരം ക്ലാസ്സിൽ വരാത്ത പഠിക്കാൻ മോശമുള്ള കുട്ടികളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുത്ത് മതവിദ്യാഭ്യാസം കൃത്യമായി കൊടുക്കാൻ കാണിച്ചിരുന്ന ഒരു മനസ്സുണ്ടായിരുന്നു ഉസ്താദിന്.. സൗമ്യതയുടെ പര്യായമായിരുന്നു ഉസ്താദ്. ചുണ്ടിൽ വിരിഞ്ഞ നറുപുഞ്ചിരി തന്നെയായിരുന്നു ഉസ്താദിന്റെയും മുഖമുദ്ര.. അള്ളാഹു സ്വർഗ്ഗത്തിൽ ഏറ്റവും ഉന്നതമായ ദറജ നൽകി ഉസ്താദിനെയും നമ്മളെയും അനുഗ്രഹിക്കട്ടെ

ഷെരീഫ് ബാബു

പി കെ കുഞ്ഞി ബാവു മുസ്‌ലിയാർ.

ശാഫിഈ മദ്ഹബ് പ്രകാരമുള്ള കർമ്മ ശാസ്ത്രം വളരെ ലളിതമായ രീതിയിൽ അവതരിപ്പിക്കുന്ന കേരളത്തിലെ വിഖ്യാത ഇസ്‌ലാമിക കർമ്മ ശാസ്ത്ര ഗ്രന്ഥമായ ഫത്ഹുൽ മുഈന്റെ മലയാള പരിഭാഷകൻ ഈ പുസ്തകത്തിന്ന് (1967 കേരള സാഹിത്യ അക്കാദമിയുടെ പുരസ്കാരം ലഭിച്ചു) ഇഹ്‌യാ ഉലൂമിദ്ധീൻ പരിഭാഷയും പ്രവാചക പ്രഭുവും, നാലു ഖലീഫമാരും, കാലത്തിന്റെ കോലം, തുടങ്ങി ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. തൊയക്കാവ് തെക്കെത്തലക്കൽ മഹല്ല് പള്ളിയിലെ സേവനത്തിന് ശേഷം പാടൂർ തഅലീമുൽ ഇസ്‌ലാം മദ്റസ അദ്ധ്യാപകനായും ദീർഘനാൾ സേവനം ചെയ്യുകയുണ്ടായി. പിന്നീട് തന്റെ ആരാധനാ കർമ്മങ്ങൾക്കായി പുളിക്കകടവിൽ ഒരു പള്ളി നിർമ്മിക്കുകയും ചെയ്തു. 20/01/2014 തിങ്കളാഴ്ച്ച ഇഹലോകവാസം വെടിഞ്ഞു. പാടൂർ മഹല്ല് ഖബർസ്ഥാനിൽ മറവു ചെയ്യപ്പെട്ടു.

1980 കളിൽ പാടൂർ ഗ്രാമം.. ഓർമ്മയിലെ പാടൂർ പള്ളിയും മദ്രസയും കൂടെ ആ പരിസരങ്ങളും ഏറെ ആത്മീയതയുടെയും ഭക്തന്മാരുടെയും പരിലാളനയാൽ ഭക്തി സാന്ദ്രമായ പ്രദേശം ഗ്രാമത്തിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് മോഹം തളിരിടുന്ന കാലഘട്ടം.അവരിൽ പലരും വിദ്യാഭ്യാസപരമായി ഉയരാൻ തുടങ്ങുന്ന സമയങ്ങൾ അപ്പോഴാണ് ഞാൻ കുഞ്ഞിബാവു മുസ്‌ലിയാർ എന്ന പണ്ഡിതനെ കാണാൻ തുടങ്ങുന്നതും.

പാടൂർ ഗ്രാമത്തിൽ പ്രാസ്ഥാനികമായി ആളുകൾ വായനയിലൂടെ അറിവുകൾ സമ്പാദിക്കുവാൻ തുടങ്ങിയിരിക്കുന്നു. മുജാഹിദ് ആദർശങ്ങൾ പോലെ മൗദൂദി ആശയങ്ങളും നാട്ടിൽ നാമ്പിട്ട് തുടങ്ങിയിരിക്കുന്നു അവരവരുടെ സംവാദങ്ങൾ നോട്ടീസുകൾ പഠന ക്ലാസ്സുകൾ ആക്കൂട്ടത്തിൽ ചെകന്നൂർ മൗലവിയുടെ പുസ്തകങ്ങൾ എല്ലാം വായിക്കുവാനായി കിട്ടിയിരുന്ന ആ കാലഘട്ടത്തിൽ സുന്നികൾക്കിടയിൽ മദ്രസ്സയിൽ നടന്നു വരുന്ന മത

പ്രസംഗങ്ങൾ പള്ളിയിൽ നേർച്ചകൾ മൗലീദ് തുടങ്ങിയവയും നടന്നിരുന്നു. അപ്പോഴും പരസ്പരം സ്നേഹവും ബഹുമാനവും നിറഞ്ഞു കൊണ്ടുതന്നെ അവരുടെ ആശയങ്ങളും കർമ്മങ്ങളും നിർവഹിച്ചു പോന്നിരുന്ന കാലം.വടക്കരും തെക്കരും നടത്തിപോന്നിരുന്ന ബദർ മൗലൂദ് അവിടെ ആരും അവരെ വാശി പിടിപ്പിക്കുവാനോ തടയാനോ പ്രോത്സാഹിപ്പിക്കുവാനോ നിന്നില്ല. മതത്തിൽ അവരവരുടെ അറിവും തുടർന്നുവന്ന ശീലങ്ങളുമായി അവരങ്ങനെ പരസ്പര സ്നേഹ ബഹുമാനങ്ങളോടെ നിറഞ്ഞു നിന്നിരുന്ന സുന്ദരമായ സമയം. അന്ന് പി കെ കുഞ്ഞി ബാവു മുസ്ലിയാർ മദ്രസ്സയിൽ ഉസ്താദ് ആണ്. സലഫി പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുമായി ഉസ്താദും അനുജൻ കാദർ സാഹിബും കൂടിയുള്ള യാത്രയും മറ്റും (പിന്നീടുള്ള ചരിത്രങ്ങൾ ഏറെ കുറെ ആവർത്തിച്ചതാണ്)

വ്യത്യസ്ഥ ആദർശങ്ങളാൽ മത രംഗത്ത് സേവനങ്ങൾ നിർഹിക്കുകയും പരസ്പരം ബഹുമാനിക്കുകയും ഇൽമിന്റെ ബലത്താൽ ജനങ്ങളെ പോരാടിപ്പിക്കാതെ അവരെ സ്വന്തമായി വായിക്കുവാൻ വിടുകയും ചെയ്ത പണ്ഡിത ശ്രേഷ്ഠർ അവരീ നാടിന്റെ ബർക്കത്ത് ആയിരുന്നു അവരാ മണ്ണിന്റെ സുകൃതമായിരുന്നു.

എനിക്ക് ഉസ്താദ് ആയിട്ടല്ല കുഞ്ഞി ബാവു മുസ്ലിയാരെ തോന്നിയിട്ടുള്ളത് പിതാവ് കുഞ്ഞി അഹമ്മദ് മൗലവിയുടെ സുഹൃത്തും സ്നേഹിതനും ആയിട്ടാണ് ഞാൻ കരുതിയിരുന്നതും ബഹുമാനിച്ചിരുന്നതും. അത്രക്കും അവർ തമ്മിലുള്ള ഒരു രസതന്ത്രം വർക്ക്ഔട്ട് ചെയ്തിരുന്നു. രണ്ടു പണ്ഡിതർ അവരാണെങ്കിൽ വ്യത്യസ്ഥ കാഴ്ച്ചപാടുള്ളവർ അവർ തമ്മിൽ തർക്കങ്ങൾ കാണുമെങ്കിലും പരസ്പരം സ്നേഹവും ബഹുമാനവും ആദരവും നൽകി കൊണ്ടു അവരെങ്ങനെയായിരുന്നു കഴിഞ്ഞു പോയിരുന്നത് എന്ന് പലപ്പോഴും ആലോചിച്ചിരുന്നു. ജീവിതം സുസാധ്യമാവുന്നതിന്ന് ഏതെല്ലാം സാഹചര്യങ്ങളാണ് അല്ലാഹു സഞ്ജമാക്കിയിട്ടുള്ളത് എന്ന് ചിന്തിക്കാൻ നമ്മളെ സഹായിക്കുന്നവരായിരുന്നു ആ രണ്ടു ദീപങ്ങൾ എന്ന് ഇപ്പോൾ ഞാൻ തിരിച്ചറിയുന്നു. അറിയാതെ പോയ മാണിക്യകല്ല്. വ്യത്യസ്ഥ സ്ഥലങ്ങളിൽ നിന്ന് നോക്കിയാൽ ആ കല്ലിന്റെ പ്രകാശം പല രീതിയിൽ കാണപ്പെടും. അല്ലാഹുവിന്ന് മാത്രമറിയാവുന്ന എത്രയോ രഹസ്യങ്ങൾ അവിടെ ഇനിയും നാം കാണാതെ അറിയപ്പെടാതെ ആ മണ്ണിൽ ഉണ്ടാവുമോ ആവോ.

സ്നേഹം കൊണ്ടും വിനയം കൊണ്ടും നേടിയെടുക്കാവുന്ന വലിയ വിപ്ലവങ്ങളെ നാം കാണാതെ പോകരുത്. തഖ് വയിലധിഷ്ഠിതമായ ജീവിതത്തിൽ മാത്രമേ അന്യരെ ഉൾകൊള്ളാനും അംഗീകരിക്കാനും സാധിക്കൂ.ഇവ രണ്ടും ജീവിതത്തിൽ കാണിച്ചു തന്ന പി കെ കുഞ്ഞി ബാവു മുസ്ലിയാർ എന്ന നാടറിയുന്ന നാടിന്റെ ഉസ്താദിന്റെ സൽപ്രവർത്തനങ്ങൾ അല്ലാഹു സ്വീകരിക്കുകയും അവന്റെ കരുണയാൽ സ്വർഗീയവകാശികളിൽ ഉൾപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യേണമേ നാഥാ!!

ഷരീഫ് ബാബു.

ലത്തീഫ് വാക്കയിൽ

പ്രിയപ്പെട്ട ഉസ്താദ് കുഞ്ഞിബാവു മുസ്ലിയാരുടെ അധ്യാപനം സ്വീകരിക്കാൻ എനിക്കും ഭാഗ്യം കിട്ടിയിട്ടുണ്ട്.

ഞങ്ങളുടെ പ്രിയ ഉസ്താദ് സദർ കുഞ്ഞി ബാവു മുസ്ലിയാർ — ഒരു അധ്യാപകനേക്കാൾ കൂടുതലായിരുന്നു അദ്ദേഹം. മദ്രസയുടെ ദീർഘകാല സദർ ആയിരുന്ന കുഞ്ഞി ബാവു മുസ്ലിയാർ നമ്മുടെ ഓർമ്മകളിൽ എന്നും ജീവിക്കുന്നു. വിത്യസ്തമായ രീതിയിൽ ആയിരുന്നു ഉസ്താദിന്റെ ക്ലാസ്. അദ്ദേഹം വെറും പാഠം പഠിപ്പിക്കുന്ന ഉസ്താദ് മാത്രമായിരുന്നില്ല — പഠിപ്പിച്ച ഓരോ വിഷയവും വിദ്യാർത്ഥികളുടെ മനസിൽ ജീവിച്ചു നിലനിൽക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

പഠനത്തെ ഒരിക്കലും വാക്കുകളിലേക്ക് മാത്രം ഒതുക്കിയിരുന്നില്ല. ഉദാഹരണത്തിന്, നമസ്കാരത്തെ കുറിച്ച് പാഠം പഠിപ്പിച്ചു കഴിഞ്ഞാൽ, അതിനു ശേഷം നമസ്കാരം എങ്ങനെ ശരിയായി നിർവഹിക്കണം എന്ന് ഓരോരുത്തരെയും പ്രായോഗികമായി ചെയ്യിപ്പിക്കും. അന്ന് മദ്രസ്സയുടെ പുറകിൽ കിണറിന്റെ അടുത്തു ഒരു ഹാളും ഹൗളും ഉണ്ടായിരുന്നു. ഹൗളിൽ നിന്നും വുളു എടുപ്പിക്കുകയും അത് കഴിഞ്ഞു അദ്ദേഹത്തിന്റ സാനിധ്യത്തിൽ നമസ്കരിപ്പി ക്കും, അതാണ് അദ്ദേഹത്തിന്റെ രീതി — "പഠനം ജീവിതത്തിലേക്ക്" എന്നത് തന്നെ അദ്ദേഹത്തിന്റെ മുദ്രാവാക്യം പോലെ.

അദ്ദേഹത്തിന്റെ ശാന്ത സ്വഭാവം, ഉറച്ച മതബോധം, വിദ്യാർത്ഥികളോടുള്ള സ്നേഹം — എല്ലാം കൂടി അദ്ദേഹത്തെ ഓരോരുത്തരുടെയും ഹൃദയത്തിൽ അതുല്യമായ സ്ഥാനത്തേക്കുയർത്തി.

ഇന്ന് അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ, ആ ആത്മീയ അധ്യാപകന്റെ പാഠങ്ങളും മാതൃകയും നമ്മെ വീണ്ടും പ്രചോദിപ്പിക്കുന്നു.

അല്ലാഹു അദ്ദേഹത്തിന് ഉന്നത ജന്നത്ത് നല്കട്ടെ. ആമീൻ.

വാഹിദ് സാഹിബ്

അഭിവന്ദ്യ പണ്ഡിത ഗുരുവര്യൻ പി.കെ.കുഞ്ഞി ബാവു മുസല്യാർ.

എന്റെ ഓർമയിൽ പാടൂർ മദറസ സ്ഥാപിതമായ വർഷം (1952 ൽ) തന്നെ തൊയക്കാവിൽജോലി ചെയ്തിരുന്ന പി.കെ.കെ. മുസ്ലിയാർ മദറസ അദ്ധ്യാപകനായി എത്തിയിട്ടുണ്ട്. മദറസയുടെതുടക്കത്തിൽ പ്രധാനാദ്ധ്യാപകനായി ഉണ്ടായിരുന്നത് തെക്കൻ കേരളത്തിൽ നിന്നുള്ള അബ്ദുൽ ഖാദിർ ഖാരി എന്ന പണ്ഡിതനും പുസ്തക രചയിതാവുമായിരുന്നു. അദ്ദേഹം കുറഞ്ഞ കാലമെ ഇവിടെ ഉണ്ടാ യുള്ളു. അദ്ദേഹത്തിന് ശേഷം പ്രധാനാദ്ധ്യാപകനായി പി.കെ.കെ. ഉസ്താദ് ഉത്തരവാദിത്വമേ െറ്റെടുത്ത കാലത്തായിരിന്നു ഞാൻ 1953-54 ൽ ഉസ്താദിന്റെ ശിഷ്യനായി മദറസയിൽ നാലാം ക്ലാസിൽ ചേരുന്നത്. (അത് വരെ എന്റെ ദിനീപഠനം വീട്ടിൽ ഉപ്പയുടെ മേൽനോട്ടത്തിലായിരുന്നു.) പുഞ്ചിരിച്ചുംസ്നേഹ വാത്സ്യത്തോടെയുമു ള്ള ഉസ്താദിന്റെ ശിക്ഷണ രീതി 70 കൊല്ലങ്ങൾക്കിപ്പുറവുംപച്ചയായി ഉള്ളം നിറഞ്ഞ അനു ഭൂതിയാണ്. നോട്ടുബുക്കിന്റെ ഏടുകൾ കീറി കൊച്ചു

നോട്ടുബുക്കാക്കി അറബി പാഠങ്ങൾ ഇടക്കിടെ ഉസ്താദിന്റെ കൈപടയിൽ എഴുതി ത്തരുമായിരുന്നു. ചിലപ്പോൾ ഉസ്താദിന്റെ വീട്ടിൽ പോയി വാങ്ങും.(ചന്തപ്പു ര 5◌ാ◌ം തരംവരെയുള്ള L.P.സ്കൂളിൽ പഠിച്ചിരുന്ന എനിക്കത് എമുപ്പമായിരുന്നു) ശിഷ്യരെ കൂടുതൽ വിജ്ഞാനകുതുകികളും ദിനീ പ്രതിബദ്ധയുള്ള വരുമാക്കുകയെന്നതു് ഉസ്താദ് ഒരു തപസ്യയായി കണ്ടിരുന്നുവെന്നതാണ് അനുഭവം. നറുപുഞ്ചിരിയോടെ തനിക്ക് ലഭിച്ച ദീനിവിജ്ഞാനം പിൻ തലമുറകളിലേക്ക് എത്തിക്കുകയെന്ന ദൗത്യത്തിൽ ലഭിക്കുന്ന പ്രതിഫലത്തിൽ ഏറ്റ കുറച്ചിലോ പരിഭവമോ ഇല്ലാതെ നിഷ്കളങ്കമായി സാമ്യശീലനായി മറ്റു ള്ളവരുടെ സ്വകാര്യതയിൽ ഇടപെടാതെനീണ്ട 50 പതിറ്റാണ്ടു കളോളം ഒരേ സ്ഥാപനത്തിൽ നിന്ന് വിശ്രമ ജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ നൂറുകണക്കിലുള്ള ശിഷ്യഗണങ്ങളുടെ ഉള്ളു നിറഞ്ഞ പ്രാർത്ഥനകൾ അദ്ദേഹമുറപ്പിച്ചിരുന്നു. മദറസയിൽ നിന്ന് വിരമിച്ചതിന്ന് ശേഷവും കടവത്തെ പള്ളിയിൽ അദ്ദേഹത്തിന്നടുത്ത് വ രുന്ന വർക്ക് സംശയദുരീകരണവും അറിവും പകർന്നു നല്കിയിരുന്നു. കടവത്തെ പള്ളിയിൽതന്റെ ശിഷ്യമാരെ നമസ്കാരസമയങ്ങളിൽഇമാമത്തിന് പ്രേരിപ്പിച്ച് അവരുടെ കൂടെ നമസ്കരിക്കുമായിരുന്നു. തമ്മിൽകാണുമ്പോൾ കൂട്ടുകാരെ പോലെ കുശലാന്വേഷണം നടത്തുമായിരുന്നു. കനപ്പെട്ട രണ്ടു ഗ്രന്ഥങ്ങളുടെ വിവർത്തകനും ഗൗരവമേറിയപല ചെറു ഗ്രന്ഥങ്ങളുടെയും രചയിതാവുമായിരുന്നു. അതെല്ലാം പ്രസാധനം ചെയ്തിരുന്ന ആമിനാ ബുക്ക് സ്റ്റാൾ ഏനാമാവ് കടവിൽ പ്രവർത്തിക്കുന്ന കാലത്ത് പ്രസാധകൻ അബൂബക്കർ ഹാജി ഇടക്കിടെ മൗലവിയുടെ സന്ദർശകനായിരുന്നു. തുടക്കത്തിൽ മദസ യിൽ അദ്ധ്യാപകരായി അബ്ദുൽ ഖാദിർ ഖാരി, കുഞ്ഞു ബാവു മുസല്യാർ , മുക്രി കുഞ്ഞി മുഹമ്മദ് മുസല്യാർ എന്നിവരാണുണ്ടായിരുന്നത്. പിന്നീട് മർഹൂം കെ.പി. അഹമ്മദ് കുട്ടി മുസലിയാർ, സെയ്ത് മാസ്റ്റർ തുടങ്ങി ഉസ്താദുമാരുടെ നീണ്ട നിരതന്നെ നമ്മുടെ മദറസയിൽ പാടൂരിന്റെയും അയൽപ്രദേശത്തിന്റെ മക്കൾക്ക് വിജ്ഞാനം പകർന്നു കൊടുത്ത പണ്ഡിത ഗുരുവര്യന്മാർ കടന്നുപോയിട്ടുണ്ട്.

ഉസ്താദ് കുഞ്ഞിബാവു മുസല്യാർ പിൽകാലത്ത് അദ്ദേഹത്തിന്ശരി യെന്ന് തോന്നിയ ചിന്താധാര പിൻപറ്റിയപ്പോഴും അദ്ദേഹത്തിന്റെ അദ്ധ്യാപനത്തിലൊ സൂഹൃവുമായുള്ള ഇടപഴകലിലൊ അതൊട്ടും പ്രതിഫലിപ്പിച്ചിരുന്നില്ല. 1992 ൽ പാടൂരിൽ സാമൂഹ്യ സാമ്പത്തിക സാംസ്കാരികരംഗത്തെ ഉന്നമനം ലക്ഷ്യം വെച്ചുള്ള ട്രസ്റ്റിന്റെ .രൂപീകരണത്തിൽ ഒരു ട്രസ്റ്റിയാകണമെന്ന അഭ്യാർത്ഥന ഉസ്താദ് സസന്തോഷം സ്വീകരിച്ചിരുന്നു. ഉള്ളും പുറവും വിശുദ്ധ മാവണമെന്ന നിർബന്ധബുദ്ധിയോടെ തുറന്ന പുസ്തകമായി എല്ലാവരുടെയും ഹൃദയം കവർന്ന പ്രിയ ഉസ്താദിന് അല്ലാഹു ജന്നാത്തുൽ ഫിർദൗസ് നല്കി അനുഗ്രഹിക്കട്ടെ . നമുക്കും അദ്ദേഹത്തോടൊപ്പം കഴിയാൻ നാഥൻ തുണക്കട്ടെ🤲🤲🤲

ശുഹൈബ് പി മുഹമ്മദ് --ശബ്ദ സന്ദേശം

https://youtube.com/shorts/k30mpaMQlgQ?si=rZEwMGddaMqzek4D

ഷെരീഫ് ബാബു

അസ്സലാമു അലൈക്കും. ഏറെ പ്രിയപ്പെട്ട ജനാബ് വാഹിദ് സാഹിബ് ഏറെ സമയമെടുത്ത് ആ പഴയ കാല ഓർമ്മകൾ ചികഞ്ഞെടുത്തു പുതുതലമുറയ്ക്കായി കുറിച്ചിട്ടപ്പോൾ അതൊരു ചരിത്രം ആവുകയാണ്. പലതും അവ്യക്തവും അ സത്യവുമായി തല തിരിഞ്ഞു മറിഞ്ഞു കിടക്കുന്ന കാലത്ത് നഷ്ട്ട പ്പെടുമെന്ന് കരുതുന്ന പല ചരിത്രങ്ങളും വിവരണങ്ങളും നേരറിവോടെ ഞങ്ങൾക്ക് മുന്നിൽ ഈ അവസ്ഥയിലും എഴുതാൻ കാണിച്ച ആ കൃത്യതയാർന്ന വരികൾ പാടൂരിന്റെ കടന്നു പോയ കാലത്തിന്റെ വരികളിൽ ചേർക്കപ്പെടും. വരും തലമുറയോട് താങ്കൾ അനുവർത്തിക്കുന്ന ഈ സമീപനം മുൻഗാമികൾക്കുണ്ടായിരുന്നെങ്കിൽ അനുമാനങ്ങൾക്ക് അരുതിയാകുമായിരുന്നു. അതിനാൽ തന്നെ ഏവർക്കും പിന്തുടരാൻ പ്രോത്സാഹനവും ആവുന്ന ഈ സത്യങ്ങൾ ഏറെ വളച്ചു കെട്ടില്ലാതെ ഒരു സനദുമില്ലാതെ ഒരു അബുവും ചേർക്കാതെ നേരിട്ട് രിവായത്ത് ചെയ്യുന്നതിനാൽ ആ വരികളിലൂടെ മിഴികളെ കൊണ്ടു പോകുമ്പോൾ ഇനിയും കുറെ വായിക്കാൻ ഉണ്ടാവണേ എന്നാഗ്രഹിച്ചു. എന്നാലും ഏറെ അറിയാനായി.ഏറെ സന്തോഷം തോന്നുന്നു. അൻപതു വർഷങ്ങൾക്ക് മുന്നേയുള്ള ചരിത്രം പറയാൻ ആ ഗ്രാമത്തിൽ ഇപ്പോൾ ചുരുക്കം പേർ മാത്രം അവശേഷിക്കെ,, ആ കഥകൾ കേൾക്കാൻ ആരും ആഗ്രഹിക്കും അതിനാൽ തന്നെ ഞങ്ങളുടെ ഇടയിലായി കാലങ്ങളോളം കഴിയാൻ അല്ലാഹു ആരോഗ്യവും ആയുസ്സും നൽകുമാറാകട്ടെ. ആമീൻ 🤲🤲🤲🤲 ഞങ്ങൾ എല്ലാവരും താങ്കൾക്ക് ആയുരാരോഗ്യ സൗഖ്യ ത്തിന്നായി ദുആ ചെയ്യുന്നു. Wassalam 💚💚💚💚🤞🤞🤞🤞🤞

സഊദ് തങ്ങൾ

അസ്സലാമു അലൈകും

ഉസ്താദ് കുഞ്ഞിബാവു മുസ്‌ലിയാർ

****

പാടൂരിൽ ഒരു പ്രവാസിയായി ഞാൻ, ദ്രസ്സയിൽ അഞ്ചാം ക്ലാസ്സിൽ ചേർന്നു. കുഞ്ഞിബാവു മുസ്‌ലിയാർ ക്ലാസ് തുടങ്ങി. ഒരു عِبَارَة വായിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു തുടങ്ങി: وَبَعْدُ = അതിനു ശേഷം. അത് വരെ وَبَعْدُ പോലുള്ള പദങ്ങൾക്ക്, മനസ്സിലാകുന്ന മലയാളത്തിൽ അർത്ഥം ഞാൻ പറഞ്ഞു കേട്ടിട്ടില്ല. അത് വരെ, ഞാൻ തേടിപോയ അധ്യാപകർക്കൊന്നും മലയാളം അറിയില്ലായിരുന്നു. അത് മൂലം എന്റെ വൈജ്ഞാനിക ദാഹത്തിനു ക്ലാവ് പിടിച്ചു തുടങ്ങിയിരുന്നു. അപ്പോഴാണ് ഒരു ദൈവിക നിയോഗം പോലെ നമ്മുടെ ചരിത്രപുരുഷൻ എന്റെ മുമ്പിൽ പ്രത്യക്ഷനായത്. ' وَبَعْدُ = അതിന് ശേഷം' എന്ന സമവാക്യം എന്റെ മനസ്സിൽ ഒരു പ്രകാശകിരണമായി ഒളി പരത്തി.

കാലം പലവട്ടം കറങ്ങി. എന്റെ ഒരദ്ധ്യാപകൻ, വൈജ്ഞാനിക മണ്ഡലത്തിൽ, സ്ഥാനം ഉറപ്പിച്ച ഒരു വലിയ പണ്ഡിതനാണെന്നു സാഭിമാനം ഞാൻ തിരിച്ചറിഞ്ഞു. കൈരളിക്ക് ലഭിച്ച ഇഹ്‌യാ ഉലൂമുദ്ധീന്റെ രണ്ട് പരിഭാഷകളിൽ ഒന്ന് അദ്ദേഹത്തിന്റേതാണല്ലോ! രണ്ടും പാടൂർ എന്ന ഈ ഗ്രാമത്തിൽ നിന്നായത് വിസ്മയകരമായ ആകസ്മികതയോ, അതോ കാലം കരുതി വെച്ച അനുഗ്രഹമോ!

ജീവിച്ച സാഹചര്യങ്ങളിൽ താൻ അഭിമുഖീകരിച്ച പ്രശ്നങ്ങളെ ഇസ്ലാമിന്റെ അളവുകോൽ വെച്ച് അദ്ദേഹം അളന്നു. താൻ കണ്ടെത്തിയ വസ്തുതകൾ ആരുടെ മുൻപിലും തുറന്ന് പറയാൻ മടിച്ചിട്ടില്ലാത്ത വ്യക്തിയായിരുന്നു അദ്ദേഹം. നാട്ടിലെ നടപ്പ് ശീലങ്ങളിൽ പലതിനോടും അദ്ദേഹം പണ്ഡിതോചിതമായി വിസമ്മതം കാട്ടി. സത്യത്തിനു വേണ്ടി നിലകൊള്ളുന്ന ആൽമീയോപാസകർക്ക് മാത്രമേ അതിന് കഴിയൂ.

ഒരിക്കൽ ഞങ്ങൾ ചിലയാളുകൾ, മദ്റസ പരിസരത്തു ഒരു യോഗം കൂടാൻ തീരുമാനിച്ചു. ഞങ്ങളെ തെറ്റിദ്ധരിച്ചിട്ടാവാം, കുറച്ചാളുകൾ എതിർപ്പുമായി വന്നു! മദ്രസാങ്കണത്തിൽ യോഗം നടത്താൻ പറ്റില്ലെന്ന് കട്ടായം പറഞ്ഞു. അപ്പോൾ, ഒറ്റപ്പെട്ട്പോയ ഞങ്ങളെ സമാശ്വസിപ്പിക്കാനും ഞങ്ങൾക്ക് വേണ്ടി സംസാരിക്കാനും ഈ മാന്യദേഹം മാത്രമാണ് രംഗത്ത് വന്നത്. അവസാനം, ഇപ്പോൾ ഫാറൂഖിന്റെ വീട് നിൽക്കുന്ന സ്ഥലം, കുഞ്ഞി ബാവു മുസ്ലിയാരുടെ സഹോദരനും സരസനുമായ, നമ്മുടെയൊക്കെ 'കാട്ടെ പറമ്പൻ കാദർക്ക' അനുവദിച്ചു തന്നു. ഇതിന്റെ പിന്നിൽ രാസത്വരകമായി വർത്തിച്ചത് കുഞ്ഞി ബാവു മുസ്ലിയാരുടെ സാന്ദർഭികമായ ഇടപെടലാണ്.

പുറമെ ഗൗരവ പ്രകൃതക്കാരൻ ആയിരുന്നെങ്കിലും ഉള്ളിൽ സൗമ്യനും സഹൃദയനും ആയിരുന്നു അദ്ദേഹം. രോഗാവസ്ഥയിൽ ആയിരുന്നപ്പോൾ ഞങ്ങൾ കുറച്ചു പേർ അദ്ദേഹത്തെ കാണാൻ പോയി. ഞങ്ങൾ ഉദ്ദേശിച്ചിറങ്ങിയ കാര്യത്തിൽ, ദുആ ചെയ്യാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെ: "മക്കളെ, നിങ്ങളൊക്കെ നല്ലതല്ലേ ചെയ്യുള്ളു !" ഞങ്ങളുടെ ഭൂതവും വാർത്തമാനവും അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട് എന്ന് ധ്വനിപ്പിക്കുന്നതായിരുന്നു ആ പ്രതിവചനം.

അദ്ദേഹതിന്റെതായി ശബാബ് വാരികയിൽ വന്ന ചില ലേഖനങ്ങൾ ആൽമകഥാ പരമായിരുന്നു. സത്യമന്വേഷിച്ചു നടന്നു, ദിവ്യ വെളിച്ചത്തിലേക്ക് അദ്ദേഹം എങ്ങനെയെത്തി എന്ന് അതിൽ വ്യക്തമാക്കുന്നുണ്ട്.

വഴി മുട്ടിയ എന്റെ വൈജ്ഞാനിക ദാഹത്തെ, ചെറിയ ഒരു വാക്കർത്ഥം കൊണ്ട്, ഗതി തിരിച്ചു വിട്ട ആ പാഠപുസ്തകത്തിൽ നിന്ന് ഇനിയും കുറേ പകർത്താനുണ്ട്. അത് മറ്റൊരിക്കലാകാം.

നമുക്ക് പ്രാർത്ഥിക്കാം, ഉത്തരം തരുന്ന മഹോന്നതനായ അല്ലാഹുവോട് മാത്രം:

🌷 🌷 .اللَّهُمَّ اغْفِرْ لَهُ، وَارْحَمْهُ، وَاجْعَلْ لَنَا وَلَهُ أَجْرًا عَظِيمًا، وَلَا تَفْتِنَّا بَعْدَهُ، وَارْحَمْنَا إِذَا صِرْنَا إِلَى مَا صَارَ إِلَيْهِ

ആർ പി സിദ്ധിഖ് സാഹിബ്

നിറ കുടം തുളുമ്പുകയില്ല.

ബഹുമാന്യനായ മർഹൂം കുഞ്ഞി ബാവു മുസ്ല്യാർ തുളുമ്പാത്ത ഒരു നിറകുടമായിരുന്നു.

ഈ യുള്ളവന്റ ഗുരുനാഥനും സുഹൃത്തും ഗുണകാംക്ഷിയും പിതൃ തുല്യനും ബന്ധുവും എല്ലാം ആയിരുന്നു. ജീവിതത്തിൽ ഒരുപാടു രംഗങ്ങളിൽ സ്വാധീനം ചെലുത്തിയ ശ്രേഷ്ഠ വ്യക്തി.ചെറുപ്പം മുതലേ കണ്ടു തുടങ്ങിയ അയൽവാസി.

മദ്രസയിൽ 3, 4, 5 ക്ലാസുകളിൽ അധ്യാപക നാ യി രു ന്നു.പഠിപ്പിച്ച ഒരു പാട് കാര്യങ്ങൾ ഇന്നും കൊണ്ടു നടക്കാൻ ശ്രമിക്കുന്നു. ഭക്ഷണം കഴിക്കുന്നതിന് മുമ്പ് ബിസ്മി ചെല്ലൽ സുന്നത്താണല്ലൊ. നാം പഠിച്ചതാണ്. അതോടൊപ്പം നമുക്ക് മനസ്സിൽ ഉണ്ടാവേണ്ട ഒരു പ്രാർത്ഥനയാണ്; നാഥാ നിനക്ക് ഇബാദത്ത് ചെയ്യുവാനുള്ള കഴിവും ആരോഗ്യവും ഈ ഭക്ഷണം മുഖേനെ എനിക്ക് ലഭ്യമാകണേ എന്ന ബോധം. ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ ആകത്തുക സൃഷ്ടാവിനുള്ള ഇബാദത്താണല്ലൊ അതിൽ ഭൗതികവും ആത്മീയവുമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുമല്ലൊ. മനുഷ്യന്റ നിലനിൽപിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലൊ അന്നപാനീയങ്ങൾ .ഇത്തരം ഒരു പ്രാർത്ഥനയും മനസ്സിൽ ഉണ്ടായാൽ അതുംഒരു ഇബാദത്തായി മാറുന്നു. ഇത് ഒരു വലിയ പാഠമായിരുന്നു.

ഈ യുള്ളവൻ നാട്ടിൽ വരുമ്പോഴും പ്രവാസം അവസാനിപ്പിച്ചു നാട്ടിൽ സ്ഥിരവാസമായപ്പോഴും കടവത്തെ പള്ളിയിലെ ഇമാമത്ത് എന്നെയാണ് ഏൽപിക്കുക.ഒരു വർഷം റമദാന് തറാവീഹ് ഉത്തരവാദിത്തവും ഇസ്താദുംഅനിയൻ കാദർക്കയും കൂടി (കാദർക്കാനെപ്പറ്റിയും ഏറെക്കുറെ പറയാനുണ്ട് അതിനൊരവസരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം ഇൻശാ അല്ലാഹ്) എൽപിച്ചു. റമദാൻ കഴിഞ്ഞപ്പോൾ മാന്യമായ ഒരു സംഖ്യയും തന്നു. വാങ്ങാൻ വിസമ്മതിച്ച എന്നെ വിട്ടില്ല. നിറകണ്ണുകളോടെയും പരസ്പര ആശ് ലേഷണങ്ങളിലൂടെയും അത് സ്വീകരിക്കേണ്ടി വന്ന സന്ദർഭം ഇന്നും മനസ്സിൽ മരിക്കാതെ നിൽക്കുന്നു. ഒരു ദിവസം ഖുർആൻ ക്ലാസ് എടുക്കാൻ വരാമെന്ന് ഏറ്റ ഒരാൾക്ക് എത്താൻ കഴിഞ്ഞില്ല. കുറെ നേരം കാത്തിരുന്നു. അവസാനം നിർബ്ബന്ധത്തിന് വഴങ്ങി എനിക്ക് രണ്ടു വാക്ക് പറയേണ്ടി വന്നു. നമസ്കാരവും മറ്റും കഴിഞ്ഞു തിരിച്ചു പോരുമ്പോൾ അനുമോദനങ്ങളും 'പ്രോത്സാനങ്ങളും. അതാണ് ഉസ്താദ് .ആരെയും ചെറുതായി കണ്ടില്ല. ആരെയും വെറുപ്പിച്ചില്ല.ആരോടും പരിഭവമോ പിണക്കമോ വിദ്വേഷമോ കാണിച്ച അനുഭവം ഉണ്ടായിട്ടില്ല. വിട്ടുവീഴ്ചയുടെയും ലാളിത്തത്തിന്റെയും ആൾരൂപമായിരുന്നു അഭിവന്ദ്യ നായ ഉസ്താദ് .ഇഹ് യാഉലൂമുദ്ദീന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട ഒരു കേസ് നടന്നിരുന്നു. കേസ് നൂറ് ശതമാനവും ഉസ്താദിന് അനുകൂലമായിരുന്നു. അടുത്ത ദിവസം വിധി പ്രഖ്യാപനം നടക്കുകയാണ് .അപ്പോഴാണ് എതിർകക്ഷി വരുന്നതും സംസാരിക്കുന്നതും എല്ലാം ഒത്തുതീർപ്പിൽ എത്തുന്നതും .ആ രംഗം എന്നോട് നേരിട്ട് അവതരിപ്പിച്ചത് ഇങ്ങനെ:

കേസിന്റെ വാദമുഖങ്ങൾ എല്ലാം കഴിഞ്ഞു. വിധി പറയൽത്തടുത്ത ദിവസം നടക്കും അങ്ങനെ വക്കീലിനെ കാണാൻ പോയി വക്കീലിൽ നിന്ന് നിർദ്ദേശങ്ങൾ എല്ലാം കിട്ടി. അനിയൻ കാദറുമായി വീട്ടിലേക്ക് മടങ്ങി ഇടക്ക് വെച്ചു കാദറിന് മൂത്രശങ്ക എന്നെ അവിടെ നിർത്തി മൂത്രമൊഴിക്കാൻ അടുത്ത പള്ളിയിലെ ശുദ്ധീകരണ സ്ഥലത്തേക്ക് പോയി.അൽപം കഴിഞ്ഞപ്പോൾ പിന്നിൽ നിന്ന് ഒരു "അസ്സലാമു അലൈക്കും" ശബ്ദം തിരിഞ്ഞു നോക്കി സെലാം മടക്കി. അപ്പോഴേക്കും ആൾ വന്ന് കൈ തന്നു ആശ്ലേഷണം നടത്തി.മുസ്ല്യാരെ എന്നോട് ക്ഷമിക്കണം പാച്ചവനെ ഓർത്ത് കേസ് ഒത്തുതീർപ്പാക്കണം വിനയ ഭാവത്തിലുള്ള അദ്ദേഹത്തിന്റെ വാക്കും സെലാമും എല്ലാം എന്നെ സ്വാധീനിച്ചു. എല്ലാം ഞാൻ സമ്മതിച്ചു. സന്തോഷത്തോടെ അദ്ദേഹം പോകുന്നു. ഈ രംഗം കണ്ടു കൊണ്ടാണ് കാദർ വരുന്നതു. സംഭവങ്ങൾ ഞാൻ വിവരിച്ചു. ഒരു സഹോദരൻ തെറ്റുകൾ സമ്മതിച്ചു മാപ്പ് പറഞ്ഞപ്പോൾ ഞാൻ മറ്റൊന്നും ചിന്തിച്ചില്ല. എല്ലാം പൊറുത്തു കൊടുത്തു.

"ഇക്കാ ഇത് വരെ ചെയ്ത കാര്യങ്ങൾ എല്ലാം ഇക്ക കളഞ്ഞു കുളിച്ചില്ലേ, എത്ര സമയം നാം ചിലവഴിച്ചു, എത്ര യാത്രകൾ നടത്തി എല്ലാ അദ്ധ്വാനവും വൃഥാവിലായില്ലേ" ഇത്രയും പറഞ്ഞു എന്നെ അവിടെ നിർത്തിക്കൊണ്ട് കാദർ രോഷത്തോടെ സ്ഥലം വിട്ടു.ഇതാണ് ആ വിഷയത്തിന്റെ കാതൽ. വിട്ടു വിഴ്ച്ചയുടെയും ഇസ്ലാമിക സാഹോദര്യത്തിന്റെയും മകുടോദാഹരണം.

ഉസ്താദിന്റെ ചില പുസ്തകങ്ങൾ വായിച്ചു ഹിദായത്തിലായി ഒരു സഹോദരൻ വളരെ അകലത്തു നിന്ന് വന്നു സന്ദർശിച്ചു പോയ സംഭവവും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആരുടെ മുമ്പിലും കാര്യങ്ങൾ തുറന്നു പറയുന്നതിൽ ഒരു വൈമനസ്യവും കാണിച്ചിരുന്നില്ല. താൻ മനസ്സിലാക്കിയ കാര്യങ്ങളിൽ ഉറച്ചു നിന്നു. എഴുതുകയാണെങ്കിൽ ഒരുപാടുണ്ട് .സ്വന്തം മക്കളെക്കാളേറെ എന്നെ സ്നേഹിച്ച ഒരു പിതാവിനെയാണ് എനിക്ക് നഷ്ടപ്പെട്ടത് എന്ന ചിന്ത പലപ്പോഴും എന്നെ അലട്ടാറുണ്ട്.

നബിമാരും, സത്യസന്ധരും, രക്തസാക്ഷികളും, സദ് വൃത്തരും പ്രവേശിക്കുന്ന അല്ലാഹു വിന്റെ സുഖലോക സ്വർഗ്ഗത്തിൽ നമ്മുടെ ഉസ്താദുമാർക്കൊപ്പം പടച്ച റബ്ബ് നാമെല്ലാവരെയും ഒരുമിപ്പിച്ചു കൂട്ടട്ടെ, എന്ന പ്രാർത്ഥനയോടെ തൽക്കാലം ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

وأخردعوانا ......

<u>തൈസീർ മുഹമ്മദ് -ശബ്ദ സന്ദേശം</u>

https://youtu.be/y2twnCFmjqk?si=JFkjtMqVlQx6DLsY

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

പാടൂരിന്റെ മാതൃകാ പുരുഷൻ..............."ഫത്തുഹുൽ മുഈൻ "എന്ന ആധികാരിക കർമശാസ്ത്ര ഗ്രന്ഥം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്ത തോടെ മലയാളിക്ക് ആദരണീയനായി മാറിയ മർഹൂം കുഞ്ഞിബാവു മുസ്‌ലിയാർ വ്യക്തിജീവിതത്തിലും മാതൃകാപുരുഷൻ തന്നെ ആയിരുന്നു. പ്രിയപ്പെട്ട വാഹിദ്ക്കയുടെ കുറിപ്പ് വായിച്ചാൽ പാടൂർ ത അലീമുൽ ഇസ്ലാം മദ്രസയുടെ ചരിത്രം കുഞ്ഞിബാവു മുസ്‌ലിയാരുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടതാണെന്ന് നമുക്ക് മനസ്സിലാകും.... അദ്ദേഹം എട്ട് കൊല്ലത്തോളം തൊ യക്കാവ് തെക്കേ ജുമാ അത്ത് പള്ളിയിൽ മുദ ർരിസ്സായിരുന്നു. അവിടെനിന്ന് വിരമിച്ചശേഷം ബഹുമാന്യനായ മർഹൂംസീതിതങ്ങളുടെ നിർബന്ധം മൂലം പാടൂർ വളപ്പിൽ പള്ളിയിൽ മുദർരി സായി. അതിന് ശേഷമാണ് മദ്രസയിൽ അദ്ധ്യാപകൻ ആകുന്നത്.വളപ്പിൽ പള്ളിയിൽ നല്ലഗ്രന്ഥങ്ങളുടെ ഒരുശേഖരം ഉണ്ടായിരുന്നു.അവിടെ വെച്ചാണ് അദ്ദേഹം "പ്രവാചക പ്രഭുവും നാല് ഖലീഫ മാരും "എന്ന ഗ്രന്ഥരചന നിർവഹിച്ചത്....മർഹൂം കഞ്ഞിഅഹമ്മദ് മുസ്ലിയാരെപോലെ കുഞ്ഞിബാവുമുസ്‌ലിയാരുമായും എനിക്ക് കുടുംബബന്ധമുണ്ട്. എന്റെ വെല്ലിപ്പ ആർ. പി ബാവുസാഹിബിന്റെ സഹോദരിയുടെ മകളാ ണ്മുസ്‌ലിയാരുടെസഹധർമിണി.അദ്ദേഹത്തിന്റെ സഹോദരൻ കാട്ടേ പറമ്പിൽ മുഹമ്മദ്ക്കയുടെ ഭാര്യ മുസ്‌ലിയാരുടെ ഭാര്യ നഫീസത്താടെ അനുജത്തിയാണ്.ആ അടുപ്പവും മുസ്‌ലിയാരോട്ടുള്ള താൽപ്പര്യവും മൂലം മുസ്‌ലിയാരുടെ വീട്ടിൽഞാൻ പതിവ്സന്ദർശകനാ യിരന്നു.കുലീനമായ അദ്ദേഹത്തിന്റെ പെരുമാറ്റവും ഹൃസ്വമായ കുശലാന്വേഷണവും ആരെയും ആകർഷിക്കും.......

1973ഡിസംബർ 8നാണു ഞാൻ അഡ്വക്കേറ്റ് സന്നദ് എടുത്തത്. ആക്കാലത്ത് മുസ്ലിം കർമശാസ്ത്രം സംബന്ധിച്ചു ഇഗ്ളീഷ് ഭാഷയിൽ ആധികാരിക ഗ്രന്ഥങ്ങൾ ഇല്ലായിരുന്നു. മുസ്ലിം നിയമം സംബന്ധിച്ച് യൂസഫലി സാഹിബിന്റെതടക്കം ഖുർആൻ ഇന്ഗ്ലിഷ് വെർഷൻ ആണ് കോടതികൾ ആശ്രയിച്ചിരുന്നത്. കുഞ്ഞിബാവുമുസ്ലിയാരുടെ ഫത്ഹുൽ മു ഈൻപരിഭാഷ വന്നതോടെ കോടതികളിൽ അഭിഭാഷകർ അതിലെ കാര്യങ്ങൾ മുസ്ലിം കർമശാസ്ത്രം ചർച്ചക്ക് വരുന്ന കേസുകളിൽ ഉന്നയിക്കാനും കോടതികൾ അതനുസരിച്ച് തീർപ്പ് കൽപ്പിക്കാനും തുടങ്ങി. അടുത്തകാലം വരെ മഹല്ലുകളുടെ bifurcation അഥവാ വിഭജനം, ഖബർസ്ഥാ നുകളിൽ മീസാൻ കല്ല് സ്ഥാപിക്കൽ, മഹല്ലിൽ നിന്ന് പുറത്താക്കൽ തുടങ്ങി കാര്യങ്ങളിൽ കോടതികൾ ഫത്തുഹുൽ മു ഈൻ ആശ്രയിച്ചു പോന്നു. പകരവെക്കാൻ മറ്റൊരു ഗ്രന്ധവും അ ന്നില്ലായിരുന്നു. മലബാർ പ്രദേശത്തു അന്ന് ഇത്തരം കേസുകൾ ധാരാളമായി ഫയൽ ചെയ്യുമായിരുന്നു. ചാവാക്കാഡ് കോടതികളിൽ കുഞ്ഞിബാവുമുസ്‌ലിയാരുടെ ഗ്രന്ഥത്തിലെ കാര്യങ്ങൾ ഉദ്ധരിച്ച് പ്രഗത്ഭ അഭിഭാഷകർ പ്രസംഗിക്കുന്നത് കേൾക്കുമ്പോൾ അഭിമാനവും സന്തോഷവും നിഷ്കളങ്കമായ അഹങ്കാരവും തോന്നിയിട്ടുണ്ട്....... കാലത്തിൻറെ മാറ്റവും ഈ സന്ദർഭത്തിൽ ഓർത്തുപോവുകയാണ്.ജാറവും ജാറം മൂട ലും തുടങ്ങി എല്ലാസുന്നി ആചാരങ്ങളും ഉള്ള വളപ്പിലെ പള്ളിയിൽ ഉറച്ച മുജാഹിദ് ആശയക്കാരനെ ഖത്തീബും മുദ ർരിസുമായി നിയമിക്കുക, ആചാരങ്ങൾക്കൊന്നും തടസ്സമില്ലാതെ സ്വന്തം ആദർശം മുറുകെ പിടിച്ച്

ദൗത്യം നിർവഹിക്കുക. വാർത്തമാനകാലത്ത് ഈ സഹവർത്തിത്തംസാധ്യമാണോ?...സുന്നി ആദർശത്തിൽ പ്രവർത്തിക്കുന്ന ഒരു മദ്രസ്സയിൽ അന്നത്തെ ഭാഷയിൽ വഹാബിയായ ഒരു അധ്യാപകനെ സദർ മുദർരിസ് ആയി നിയമിക്കാൻ സന്നദ്ധ മാവുക. അങ്ങനെയും ഒരു കാലം കടന്ന് പോ യെന്ന് വിശ്വസിക്കാൻ നമ്മുടെ ചെറുപ്പക്കാർക്ക് സാധിക്കുമോ? ചരിത്രത്തിൽ നിന്ന് വല്ലതും നമുക്ക് സ്വീകരിക്കാനുണ്ടോ?.....ഞാനും സൂര്യപുരുഷന്റെ വിദ്യാർത്തിയാണ്. ആ അനുഭവങ്ങൾ കുറിക്കാൻ ശ്രമിച്ചാൽ

നീണ്ട് പോവും എന്ന് ഭയപ്പെടുന്നു. അല്ലാഹു കുഞ്ഞിബാവു മുസ്‌ലിയാരുടെ പ്രവർത്തനങ്ങൾ സൽപ്രവർത്തികളായി സ്വീകരിക്കുകയും പ്രതിഫലം നൽകുകയും ചെയ്യട്ടെ. അദ്ദേഹത്തിന് സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

<u>അബ്ദുൽ ഹമീദ് -ശബ്ദ സന്ദേശം</u>

https://youtu.be/pMwpHMc0owA?si=d1ghoBnKBlQ_QE6l

<u>ഫക്രു കാദർ</u>

ബഹുമാനപ്പെട്ട കുഞ്ഞിബാവു മുസ്ലിയാർ

എന്റെയും പ്രിയപ്പെട്ട അധ്യാപകനായിരുന്നു അദ്ദേഹത്തെ കുറിച്ചു ഓർക്കുമ്പോൾ ഒരുപാട് എഴുതാൻ ഉണ്ട് .പാടൂർ മഹല്ലിലുള്ള മുഴുവൻ സത്യവിശ്വാസികളെയും ചേർത്ത് പിടിച്ച് കൊണ്ടുള്ള ഒരു അധ്യാപനം ആയിരുന്നു അദ്ദേഹത്തിന്റെ ശൈലി എന്നതാണ് ഞാൻ മനസ്സിലാക്കിയത് .

പൂർണമായ ഒരുസലഫി ആശയം ഉൾക്കൊള്ളുമ്പോഴും മറ്റുള്ള ആശയ ആദർശത്തിൽ ഉള്ളവരുമായി നല്ല നിലയിൽ സംവാദം നടത്തുമായിരുന്നു അതുകൊണ്ട് തന്നെ പാടൂർ മഹല്ലിൽ ഒരു അളവ് വരെ ശിർക്ക്, ബിദ്അത്ത്, കുറാഫാത്തുകൾ, അനാചാരങ്ങൾ, കൊടികുത്തുന്ന ഒരു സാഹചര്യം ഇല്ലാതെ ആക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഞാൻ ഒരിക്കൽ ചോദിച്ചു ഉസ്താദ് പഴയ കാലത്ത് കാര്യമായി പരിശ്രമിച്ചിട്ടുണ്ടെങ്കിൽ പാടൂർ മഹല്ലൽ തന്നെ ഒരു സലഫി മഹല്ല് ആകുമായിരുന്നു എന്ന് ? അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു ആര് എത്ര ശ്രമിച്ചാലും അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് മാത്രം ഹിദായത്ത് കിട്ടുകയുള്ളൂ എന്ന് അതായിരുന്നു അദ്ദേഹത്തിന്റെ ലാളിത്യം.

പാടൂർ ഇപ്പോൾ ഒരു ചെറിയ വിഭാഗം ആളുകൾ മാത്രം ആണ് അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നതും, മരിച്ച വീട്ടിൽ നടക്കുന്ന അനാചാരങ്ങളും, ഇസ്ലാമിൽ ഇല്ലാത്ത നേർച്ചകളും, മറ്റു ബിദ്അത്ത് കളുമായി ജീവിക്കുന്നത് എന്ന സത്യം എല്ലാവർക്കും അറിയാം അതിനെ എല്ലാ ഒരു പരിധി വരെ തടയിടാൻ ഉസ്താദിന്റെ അധ്യാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

അല്ലാഹു അദ്ദേഹത്തിനും കുടുംബത്തിനും, നമുക്ക് എല്ലാവർക്കും നാളെ സ്വർഗത്തിൽ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂടാൻ തൗഫീഖ് ചെയ്യുമാറാവട്ടെ ആമീൻ 🤲

<u>ഫൈസൽ OT</u>

കടവത്തെ പള്ളിയിൽ മഗ്‌രിബ് നമസ്കാരത്തിന് പോയാൽ ഇശാ നമസ്കാരം വരേയും ഉസ്താദുമായും കാദർക്കയുമായും സംസാരിച്ചിരിക്കുന്നത് ഒരവസരത്തിൽ പതിവായിരുന്നു. ആദർശ ബന്ധുക്കളായതുകൊണ്ട് അവരുടെ ജീവിതാനുഭവങ്ങൾ വലിയ പ്രചോദനം ആയിട്ടുണ്ട്. എപ്പോഴും ഊന്നി പറയുന്ന ഉപദേശം ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ വരെ തൗഹീദിൽ അധിഷ്ഠിതമായ വിശ്വാസ കർമ്മ കാര്യങ്ങൾ എത്ര പ്രയാസപെട്ടാണെങ്കിലും മുറുകെ പിടിക്കണം എന്നായിരുന്നു. റൂഹ് പിടിക്കുന്ന സമയത്തുപോലും പിശാച് നമ്മളെ വഴി തെറ്റിക്കാൻ പരിശ്രമിക്കുമത്രേ.

അള്ളാഹു അവർക്കും നമ്മൾക്കും ഉന്നതമായ സ്വർഗത്തിൽ വെച്ച് അവന്റെ വജ്ഹ് ദർശിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ (ആമീൻ).

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

ഒരു കാര്യം കൂടി കുറിക്കാൻ അനുവാദം തരണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. കുഞ്ഞിബാവുമുസ് ലിയാരെ ഏറെ വിഷമിപ്പിച്ച ഒരുസംഭവം എനിക്ക് നേരിട്ട് അറിയാം.പുളിക്കക്കടവത്ത് ഉള്ള നിസ്ക്കാരപ്പള്ളിയോട് തൊട്ട് ഒരു കെട്ടിട്ടം ഉണ്ടായിരുന്നു. അതിലെ ഒരു മുറി ട്രാവൽ ഏജൻസി നടത്താനായി വാ ടകക്ക് കൊടുത്തിരുന്നു. ബിസ്സിനെസ്സ് നഷ്ടത്തിലായതോടെ മുറി പണം വെച്ച്ചു ള്ള ശീട്ട് കളിക്കായി ആളുകൾക്കു കൊടുത്തു കാശുണ്ടാക്കാൻ തുടങ്ങി. മസ്ജിദിനു തൊട്ടുള്ള സ്ഥലത്ത് പണം ഇറക്കി ശീട്ട് കളി നടക്കുന്നത് ഉസ്താദിനെ വല്ലാതെ വേദനിപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്തു. പലരെയും ഇടപെടുവിച്ച് ചീട്ടുകളി അവസാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഉസ്താത് മാനസികമായി വളരെ തളർന്നു. എപ്പോൾ കണ്ടാലും ഇതെപ്പറ്റി സങ്കടം പറയും. നാട്ടിലെ പലപ്രമുഖരുംകളിക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവരെ ഒഴിപ്പിക്കൽ സാധ്യമായില്ല. ഉസ്താദ് വിഷമങ്ങളുംസങ്കടങ്ങളും അല്ലാഹുവിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. മാസങ്ങളുംവർഷങ്ങളും കടന്നു പോയെങ്കിലും പുളിക്കക്കടവിൽ പാലം പണിയാൻ സർക്കാർ ഉത്തരവ് വന്നു.പാലം പണിയണമെങ്കിൽ മസ്ജിതിന് തൊട്ടു വടക്കുള്ള കെട്ടിടം പൊളിച്ചു മാറ്റണം.പാലത്തിന്റെ പണി ആരംഭിച്ചതോടെ വിവാദ മുറി അടക്കമുള്ള കെട്ടിട്ടം പൊളിച്ചു മാറ്റി. അതോടെ പുളിക്കക്കട വിലെ ശീട്ടുകളിയും അവസാനിച്ചു. പലരുടെയുംആത്മാർത്ഥമായ പരിശ്രമത്തോടൊപ്പം ഉസ്താദിന്റെ മനസ്സുരുകിയ പ്രാർത്ഥനയുടെയും ഫലമായാണ് പുളിക്കാക്കടവുപാലം യാഥാർത്ഥ്യമായത് എന്നാണ് ഞാൻ അന്നും ഇന്നും

വിശ്വസിക്കുന്നത്.ഉസ്താദിന് അള്ളാഹു സ്വർഗത്തിൽ ഉന്നതസ്ത്താനം നൽകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു..അസ്സലാമുഅലൈക്കും.

കെ അബ്ദുൽ വാഹിദ് സാഹിബ്

Advt. R.V. ട.ന്റെ ഓർമകുറിപ്പുകൾപാടൂരിന്റെ ഉസ്താദുമാരെയും അവർ ജീവിച്ച കാലഘട്ടത്തെയും പരിചയപ്പെടുത്തുന്നു വെന്നതിനാൽ പാടൂരിന്റെ ചരിത്രത്തിലേക്ക് ഒരെത്തി നോട്ടംകൂടിയാണ്. അഭിനന്ദങ്ങൾ🤝

എല്ലാവരും കുറിപ്പുകൾ തയാറാക്കുമ്പോൾ പറ്റുമെങ്കിൽ ഈ പാത സ്വീകരിച്ചാൽഭാവി തലമുറക്ക് മുതൽ കൂട്ടാകും.ഇൻശാ അല്ലാഹ്.

അൻവർഷാ

കുഞ്ഞഹമ്മദ് മുസ്‌ലിയാരും, കുഞ്ഞി ബാവു മുസ്‌ലിയാരും.

"പാടൂരാണ് വീട്" എന്ന് പറഞ്ഞാൽ കുഞ്ഞമ്മദ് മുസ്‌ലിയാരെ അറിയോ? ഫത്'ഹുൽ മുഈൻ പരിഭാഷപ്പെടുത്തിയ കുഞ്ഞിബാവു മുസ്‌ലിയാരെ അറിയോ? എന്ന് ചോദിച്ചിരുന്ന ഒരു കാലം..

ഇപ്പോഴും അവർ നമ്മുടെ മനസ്സുകളിൽ ഉയർന്ന ബഹുമാനങ്ങളോടെ സജീവമായിരിക്കുന്നു എന്നത് തന്നെ അവരുടെ മഹത്വത്തിന് തെളിവാണ്. എത്രയോ ആഢ്യന്മാർ നമ്മിൽ നിന്ന് മറഞ്ഞുപോയിട്ടുണ്ട്. പക്ഷെ 'ഇൽമി'ന്റെ മഹത്വം എക്കാലഘട്ടത്തിലും നിലനിൽക്കുക തന്നെ ചെയ്യും.

എന്റെ വെല്ലിപ്പ ഹമീദ് മുസ്‌ലിയാരുമായും എന്റെ ഉപ്പ RP മുഹമ്മദ്മോനുമായും അടുത്ത ബന്ധമുള്ളവരായിരുന്നു രണ്ടാളുകളും. കുഞ്ഞി ബാവു മുസ്‌ലിയാർ അടുത്ത കുടുംബ ബന്ധമുള്ളയാളും, കുഞ്ഞഹമ്മദ് മുസ്‌ലിയാർ അടുത്ത സുഹൃദ് ബന്ധമുള്ളയാളും.

തെങ്ങിന് വരുമാനമുള്ള കാലം.. ഒരിക്കൽ എന്റെ ഉപ്പ നാട്ടിലുള്ള സമയം. കുഞ്ഞഹമ്മദ് മുസ്‌ലിയാർ വീട്ടിൽ വന്ന് ഉപ്പയോട് പറഞ്ഞു. "ഞാനിപ്പോൾ മാട്ടുമ്മൽ പറമ്പിൽ നിന്നാണ് വരുന്നത്. ഏഴ് തെങ്ങാണ് മോനെ തലപോയിനിൽക്കുന്നത്. വല്ലാത്ത വിഷമം തോന്നി. ഞാൻ അവിടെ നിന്നുകൊണ്ടുതന്നെ ശാദുലി ഔലിയയുടെ പേരിൽ ഒരു നീർച്ച നിയ്യത്താക്കിയിട്ടുണ്ട്. അത് നീ നിന്ന് നടത്തി തരണം."

ഉപ്പ അതിന് സമ്മതിക്കുകയും ചെയ്തു. അങ്ങിനെ ഉപ്പയുടെ നേതൃത്വത്തിലാണ് പല വർഷങ്ങളിലും ഈ നേർച്ച വിപുലമായി നടന്നിരുന്നത്. (ഉപ്പ പിന്നീട് പല കാരണങ്ങൾ കൊണ്ടും അതിൽ നിന്ന് മാറി).

കുഞ്ഞിബാവു മുസ്‌ലിയാർ ഗൗരവക്കാരനാണെങ്കിലും തമാശയിലൂടെ കാര്യം പഠിപ്പിക്കാൻ കഴിവുള്ള യാളായിരുന്നു. ഒരിക്കൽ ശാദുലി മൗലീദിന്റെ തലേ ദിവസം കുഞ്ഞിബാവു മുസ്‌ലിയാർ പള്ളിയിലേക്ക് വരുന്ന വഴിയിൽ പോത്തിനെ പുല്ല് തീറ്റിക്കുന്ന ഒരാളോട് "ഇത് ആർക്ക് വേണ്ടിയുള്ളതാണ് എന്ന് ചോദിച്ചു. "ഇത് ശാദുലി ഔലിയാക്കുള്ളതാണ് എന്ന്

പറഞ്ഞു...നടന്നുനടന്ന് മദ്രസയുടെ അടുത്ത് മറ്റൊരു പോത്തിനെ കെട്ടിയിരിക്കുന്നത് കണ്ടപ്പോൾ അടുത്ത് നിൽക്കുന്ന ആളോട് ചോദിച്ചു "ഇതാർക്കുള്ളതാണ്!?" "ഇത് അല്ലാഹുവിനുള്ളതാണ് " എന്ന് പറഞ്ഞപ്പോൾ കുഞ്ഞിബാവു മുസ്‌ലിയാർ പറഞ്ഞു "അപ്പൊ രണ്ടും രണ്ടാൾക്കുള്ളതാണല്ലേ...!?" എന്ന് ചിരിച്ച് കൊണ്ട് ചോദിച്ചത്രേ.. (കുഞ്ഞി ബാവു മുസ്‌ലിയാർ എഴുതിയ പുസ്തകത്തിൽ രസകരങ്ങളായ പല സംഭവങ്ങളും കാണാം)

ഇന്നത്തെ കാലത്തെ പോലെ chatGPT യൊന്നും ഇല്ലാത്ത കാലത്ത് ലോക പ്രശസ്ത അറബി ഗ്രന്ഥങ്ങളായ ഇഹ്‌യാ ഉലൂമുദ്ധീനും, ഫത്ഹുൽ മുഈനും പരിഭാഷപ്പെടുത്തുവാൻ ഈ മഹത്തുക്കൾ എത്രയോ നാളുകൾ കഷ്ടപ്പെട്ടിട്ടുണ്ടാകും!.

അള്ളാഹു അവരുടെ പ്രവർത്തനങ്ങൾ സ്വീകരിക്കട്ടെ. അള്ളാഹു അവർക്ക് രണ്ട് പേർക്കും മഗ്ഫിറത്ത് നൽകുകയും സ്വർഗ്ഗത്തിൽ അർഹമായ സ്ഥാനം നൽകിയും അനുഗ്രഹിക്കട്ടെ.

جز اكم الله خيرا و تقبل الله منكم

ബഹുമാന പൂർവ്വം

അൻവർഷാ

ഉസ്താൻ -ശബ്ദ സന്ദേശം

https://youtube.com/shorts/OABxfPXUfrI?si=ZaxAQ5HoxUA_PpAs

നവാസ് അബ്ദുൽ ഖാദർ

അതെ. തീർച്ചയായും. പഴയ ചരിത്രങ്ങൾ അറിയുക എന്നു വെച്ചാൽ നമ്മുടെ നാടിൻറെ അടിസ്ഥാന ശിലകളെ പരിചയപ്പെടുകയും, പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുകയും ചെയ്യുക എന്നത് കൂടിയാണ്. ഭൂതകാല പാരമ്പര്യത്തിൽ അഭിമാനം കൊള്ളുക എന്നതിലുപരി ഭാവിയിലേക്കായി നാം ഈ വർത്തമാന കാലഘട്ടത്തിൽ എന്താണ് കരുതി വെയ്ക്കുന്നത് എന്നത് കൂടിയാണ് അടയാളപ്പെടുത്തുന്നത്. പലപ്പോഴായി വളരെ കാലം ആഗ്രഹിക്കുകയും പല പരിമിതികൾ മൂലം നടക്കാതെ പോകുകയും ചെയ്ത നമ്മുടെ നാടിൻറെ ഇന്നലെകളുടെ ഒരു കാത്തുവെയ്പ്പ് ആണ് ഇപ്പൊൾ നടക്കുന്നത്. നാം ഇവിടെ നിസ്സാരം എന്ന് കരുതി കോറിയിടുന്ന ഓരോ അക്ഷരങ്ങളും, വാക്കുകളും വരും തലമുറക്ക് പ്രചോദനം നൽകാൻ ഉതകും വിധം ഡോക്യുമെൻ്റ് ചെയ്യാനാണ് നാം ഉദ്ദേശിക്കുന്നത്. ഇന്ഷാ അല്ലാഹ്.

നാടിന്റെ അമൂല്യങ്ങളായ കഥകൾ അറിയുന്ന ഒരുപാട് പേരെ ഇങ്ങിനെ ഒരു പ്ലാറ്റ്ഫോമിൽ ഒരുമിച്ച് കിട്ടിയിട്ട് ഇപ്പോഴെങ്കിലും നാം ഇത് ചെയ്തില്ലെങ്കിൽ ഇനി എപ്പോൾ ചെയ്യാനാണ്? നമ്മുടെ ചരിത്രങ്ങളെ മായ്ക്കാനും, മാറ്റി എഴുതാനും ഒക്കെ ബോധപൂർവമായ ശ്രമങ്ങൾ കൊണ്ടു പിടിച്ചു നടക്കുമ്പോൾ വീണ്ടും വീണ്ടും അത് പറയുകയും, ഓർമ്മിപ്പിക്കുകയും,

സംസാരിക്കുകയും ചെയ്യുന്നതിനേക്കാൾ വലിയ പുണ്യപ്രവൃത്തി മറ്റെന്താണ് ഉള്ളത്. ഉസ്താദുമാരുടെ ഓർമ്മകളിലൂടെ നമുക്ക് നമ്മുടെ നാടിനെ, മഹല്ലിനെ ഒക്കെ പടുത്തുയർത്തിയ മഹാന്മാരിലേക്ക് പോകേണ്ടതുണ്ട്. നാം കേൾക്കാൻ കാത്തിരിക്കുകയാണ്. നമ്മുടെ പ്രിയ കാരണവന്മാരിൽ നിന്നും.

ഇനിയും ഇതിലേക്ക് contribute ചെയ്യാൻ സാധിക്കുന്ന പലരും മാറി നിൽക്കുന്നുണ്ടാകും, പലരും ഇവിടെ ഇല്ലായിരിക്കും. അവരെ കൂടി ഇതിന്റെ ഭാഗമാക്കണം. സോഷ്യൽ മീഡിയയിൽ ഒന്നും ഭാഗമാകാത്ത ആളുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ഇവിടെ share ചെയ്യാൻ സാധിക്കുന്നവർ അങ്ങിനെ ചെയ്യണം എന്ന് കൂടി ആഗ്രഹിക്കുകയാണ്.

<u>നൗഫൽ</u>

എന്റെ വെല്ലിപ്പ (ഞാൻ ഉപ്പ എന്ന് തന്നെ ആണ് വിളിക്കാറ്) .. വളരെ കർക്കശവും അതിലുപരി വാൽസ്യവും നിറയെ ഉള്ള ഉപ്പ. എന്നെ ആദ്യമായി ഇസ്ലാമിക ചര്യകൾ പഠിപ്പിച്ച ഉസ്താത് . ജമാഅത്തിന് പള്ളിയിൽ കണ്ടില്ലെങ്കിൽ അന്ന് അടി ഉറപ്പ്. ഉപ്പാടെ വാല്യൂ ഞാൻ മനസ്സിലാക്കിയത് എന്റെ പല ജീവിത വഴികളിലെ ഉയർച്ച താഴ്ചകളിൽ അദ്ദേഹത്തിന്റെ പല വാക്കുകളും എന്നെ മുന്നോട്ടു നയിച്ചപ്പോൾ ആണ് .. ഈ ഗ്രൂപ്പിൽ ഉപ്പാനെ കുറിച്ച് ഒരു ചർച്ച മുന്നോട്ടു വെച്ച അഡ്മിൻ പാനൽ ഒരായിരം നന്ദി...എഴുത്തിൽ തെറ്റ് കുറ്റങ്ങൾ ഉണ്ടെങ്കിൽ ക്ഷമിക്കുക ....

<u>സുബൈർ</u>

മാ ഷാ അല്ലാഹ്, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ പുളിക്കക്കടവ് പാലത്തിന്റെ താഴെയുള്ള പള്ളിയിൽ ഒരു റമദാനിൽ തറാവീഹ് നിസ്കാരത്തിന് നേതൃത്വം നൽകാൻ ഉസ്താദിനോടൊപ്പം എനിക്ക് സാധിച്ചിട്ടുണ്ട്, അതുപോലെ അദ്ദേഹത്തിന്റെ അവസാന നാളുകളിൽ ഉസ്താദിനോടൊപ്പം ഭക്ഷണം കഴിക്കാനും ഉള്ള അവസരങ്ങൾ കിട്ടിയിട്ടുണ്ട്... അതുപോലെ മദ്രസ്സയിൽ ആറാം ക്ലാസ്സിലെ എന്റെ പ്രിയപ്പെട്ട ഉസ്താദ് ആയിരുന്നു അദ്ദേഹം... അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ ആമീൻ

05 Nov 2025

Episode-3

മർഹൂം എൻ പി ആലി മുസ്‌ലിയാർ



പാടൂരിന്റെ നന്മയും നന്മയുടെ പാതയും തെളിച്ചുകൊണ്ട്, ദീർഘകാലം മതവിദ്യാഭ്യാസം നൽകി തലമുറകളെ രൂപപ്പെടുത്തിയ ആ മഹത്തായ വ്യക്തിത്വം — ഞങ്ങളുടെ പ്രിയപ്പെട്ട ഉസ്താദ് ആലി മുസ്ലിയാർ.

പാടൂർ തഅലീമുൽ ഇസ്ലാം മദ്രസയിൽ അധ്യാപകനായിരുന്നപ്പോൾ, അദ്ദേഹം പഠിപ്പിച്ചത് വെറും പാഠങ്ങൾ മാത്രമല്ല; ജീവിതം നയിക്കാൻ വേണ്ട മൂല്യങ്ങൾ, മാന്യത, ശുചിത്വം, വഴികാട്ടൽ — അതെല്ലാം തന്റെ ശരാശരിയിലൂടെ വിദ്യാർത്ഥികളുടെ ഹൃദയത്തിലേക്ക് കൊഴിഞ്ഞൊഴുക്കിയിരുന്നു.

പാടൂരും പരിസര പ്രദേശങ്ങളും അദ്ദേഹത്തെ ഒരു ഉസ്താദെന്നതിലുപരി, ജ്ഞാനത്തിന്റെയും പൗരസ്ത്യനന്മയുടെയും പ്രതീകമായി കണ്ടിരുന്നു.

അദ്ദേഹം വിടവാങ്ങിയെങ്കിലും, നമ്മിൽ ഓരോരുത്തരിലും അദ്ദേഹം വിതച്ച പ്രകാശത്തിന്റെ വിത്തുകൾ ഇന്നും വളരുന്നു, വിളയുന്നു.

ഇന്ന്, നമ്മെ മനുഷ്യരാക്കിയത് അദ്ദേഹത്തിന്റെ പഠനങ്ങളും മാതൃകയും ആണെന്ന് ഓർത്ത്, ഇന്ന് നമുക്ക് നമ്മുടെ പ്രിയ ഉസ്താദ് ആലി മുസ്ലിയാരിനെ കുറിച്ചുള്ള നല്ല ഓർമ്മകൾ പങ്കു വെക്കാം "പാടൂർ മഹൽ കൂട്ടായ്മ" യിലൂടെ.

അഡ്മിൻസ്

<u>ഷരീഫ് ബാബു.</u>

മർഹൂം ആലി മുസ്‌ലിയാർ (ന : മ)

ഓർമ്മകളിൽ ആ ലളിതമായ രൂപമുണ്ട്. ഏറെയൊന്നും അറിയില്ലെങ്കിലും അദ്ദേഹത്തെ കൂടുതൽ അറിയണമെങ്കിൽ ഏകദേശം അറുപതു വയസിനു മുകളിലെങ്കിലും വയസ്സുള്ളവർക്കെ ആ മഹാന്റെ നിസ്വാർത്ഥമായ ജീവിതം പകർത്താൻ കഴിയൂ. അതിനാൽ തന്നെ നമുക്ക് കാത്തിരിക്കാം പാടൂർ ഗ്രാമത്തിൽ ജീവിച്ചിരുന്ന ആ വലിയ പണ്ഡിതനായ വലിയ്യിനെ കുറിച്ചുള്ള ഓർമ്മകൾ. അവർ കുറെയെല്ലാം യാഥാസ്ഥികരാവാം മതത്തിന്റെ സൗന്ദര്യത്തെ സർഗാ ത്മകതയും ചാലനാത്മകതയും കൊണ്ടു വെറുപ്പിക്കാതെ സമൂഹത്തിൽ കൊണ്ടുനടന്നവരാവാം. ഏതാണ്ടെല്ലാം ആ ഗണത്തിൽ പെട്ട എന്റെ ഉപ്പ കുഞ്ഞി അഹമ്മദ് മൗലവിയും ആലി മുസ്ലിയാരും നേരിൽ കാണുമ്പോൾ കിതാബ് സംബന്ധമായ ചർച്ചകൾ നടത്തുന്നത് ഇന്നും നനവുള്ള ഓർമകളാണ്,ആ ബന്ധം പിന്നീട് അദ്ദേഹത്തിന്റെ മക്കളായ മുഹമ്മദ് മാഷും അനുജൻ ഹുസ്സൈൻക്കയും തുടർന്ന് പോരുന്നു.

അദ്ദേഹത്തിന്റെ അവസാന നാളുകളിൽ ഞാൻ കണ്ടതോർക്കുകയാണെങ്കിൽ ആലി മുസ്ലിയാരെ ഏറെ ബഹുമാനത്തോടെയാണ് ആളുകൾ നോക്കി കണ്ടിരുന്നതും അതിനാൽ തന്നെ ആ പണ്ഡിതനെ കുറിച്ചറിയാൻ ഏറെ ആകാംഷയോടെയാണ് ഇപ്പോൾ കാത്തിരിക്കാം നമുക്ക് നമ്മുടെ ഗ്രാമത്തിലെ ഗ്രാമീണരിൽ നിന്നും.

പാടൂർ പള്ളിയുടെ തൊട്ടടുത്ത യായി ആ ഖബർ ഇന്നും കാണുമ്പോൾ ഒന്ന് സെലാം പറയാതെ അവിടെക്ക് പോകാറുമില്ല ഇൻ ശാ അല്ലാഹു പറഞ്ഞു പിരിയാറുമില്ല.(അല്ലാഹു ആ മഹാനെ അനുഗ്രഹിക്കട്ടെ! ആമീൻ)

കണ്ടവർക്കും കാണാത്തവർക്കും ആലി മുസ്‌ലിയാർ എന്ന ആലിമിനെ കാണാനായി എനിക്ക് ലഭ്യമായ ഒരു ഫോട്ടോ പങ്കു വെക്കുന്നു. അത് കണ്ടെങ്കിലും ഓർമ്മയിലെ മറഞ്ഞോർമ്മകൾ ജനൽ പാളി തുറക്കെ ദൂരെ നിന്നും നേർത്ത മഞ്ഞുകണങ്ങൾ കണക്കെ നമുക്കായ് പെയ്തിറങ്ങിയെങ്കിലോ. നഷ്ട്ടപ്പെട്ട നമ്മുടെ കുറെ പണ്ഡിതർ ആലിമീങ്ങൾ നമ്മെ ഈ നിലയിലെത്തിച്ച അറിവ് നൽകി ഉയരാൻ പ്രാപ്തരാക്കിയ ജീർണ്ണതകൾക്കും ദുരചാരങ്ങൾക്കും വർഗീയതക്കും എതിരെ മതിൽ കെട്ടി നിന്നവരുടെ നഷ്ടം നമ്മെ വല്ലാതെ നടുക്കുന്നുവെങ്കിലും അവരുടെ ജീവ

ചരിത്രം ഇന്നും നമുക്ക് കിട്ടാതെ പോയല്ലോ എന്നോർത്ത് കാലത്തിന്റെ മുഖത്തേക്ക് നിസ്സംഗമായി നോക്കാനേ കഴിയൂ.

ഷരീഫ് ബാബു.

നജീബ് സാഹിബ് കാര്യാട്ട് - ശബ്ദ സന്ദേശം

https://youtu.be/Nx6zG3Su7tQ?si=YMC69W4uwIf0D6GH

മുഹമ്മദ് സഊദ്

മർഹൂം ആലി മുസ്ലിയാർ എന്റെ വാപ്പയുമായി വളരെ അടുപ്പം പുലർത്തിയിരുന്ന ഒരു സ്വാതിക്കാനായിരുന്നു അദ്ദേഹം മദ്രസയിൽ നിന്ന് എന്നും നേരെ വന്നിരുന്നത് പള്ളിയിലെ വാപ്പ ഇരിക്കുന്ന ചരുവലേക്കാണ് പല വിശയങ്ങളും അവർ തമ്മിൽ ചർച്ച ചെയ്തിരുന്നു അദ്ധ്യാത്മിക മായ കാര്യങ്ങളായിരുന്നു അവയെല്ലാം അതിൽ ഖുർആനും ഹദീസും ഗ്രാമറും ഗോള ശാസ്ത്രവും എല്ലാം ഉൾപെടും, അള്ളാഹു അദ്ദേഹത്തെയും നമ്മളെയും സ്വർഗത്തിൽ പ്രവേശിക്കുമാറാകട്ട എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിറുത്യുന്നു

അസ്സലാമുഅലൈക്കും

സഊദ് തങ്ങൾ

ഉസ്താദ് ആലി മുസ്ലിയാർ

****

ആലിമുസ്ലിയാരെ കുറിച്ചുള്ള ഒരാസ്വാസദനം മാത്രമാണിത്.

ഞാൻ മറ്റൊരു സ്ഥലത്ത് നിന്ന് ഇവിടെ മദ്രസയിൽ ചേരാൻ വന്നപ്പോഴാണ് സൂര്യ പുരുഷനെ കാണുന്നത്. അദ്ദേഹമാണ് എന്നെ ഇന്റർവ്യൂ ചെയ്തത്. 'തങ്ങളുട്ടി' ഖത്തം തീർത്തിട്ടുണ്ടോ? എന്ന ചോദ്യത്തിന് മുമ്പിൽ ഞാൻ അമ്പരന്ന് നിന്നു. എന്റെ കാര്യത്തിൽ, വ്യവസ്ഥാപിതമായ ഖുർആൻ പഠനം നടന്നിട്ടില്ലായിരുന്നു, അന്ന്. എന്റെ ഉത്തരം കിട്ടുന്നതിന് മുമ്പ് തന്നെ അദ്ദേഹം വിശുദ്ധ ഗ്രന്ഥം തുറന്നു വെച്ചു. അദ്ദേഹം ചൂണ്ടി കാണിച്ച ആയത്തുകൾ, ഞാൻ വലിയ ബുദ്ധിമുട്ടില്ലാതെ ഓതി. അദ്ദേഹം എന്നെ അഞ്ചാം ക്ലാസ്സിലേക്ക് പറഞ്ഞയച്ചു. അഞ്ചാം ക്ലാസ്സിൽ ഉസ്താദ് കുഞ്ഞിബാവു മുസ്ലിയാർ ആണ് എന്നെ പഠിപ്പിച്ചത്. ആധ്യാൽമിക ചൈതന്യത്തിന്റെ ഉറവകൾ ഒഴുകുന്ന ജീവിത വിശുദ്ധിയുടെ സാക്ഷ്യങ്ങളെ യാണ് നാം 'പണ്ഡിതന്മാർ ' എന്ന് വിളിക്കുക. അങ്ങനെ പരാമർശിക്കപ്പെടാൻ എന്തുകൊണ്ടും അർഹനായ ഉസ്താദ് ആലി മുസ്ലിയാരെ കുറിച്ച്, കുറച്ചു നന്ദിവാക്കുകൾ കുറിക്കുന്നതിൽ ചാരിതാർഥ്യമുണ്ട്. നന്മ ചെയ്യുകയും സഹനമവലമ്പി ക്കുകയും ചെയ്തവർക്കുള്ളതാണല്ലോ സ്വർഗം. سَلَامٌ عَلَيْكُم بِمَا صَبَرْتُمْ فَنِعْمَ عُقْبَى الدَّارِ എന്നാണല്ലോ ഖുർആൻ..

ഭൗതിക വ്യാമോഹങ്ങളേതുമില്ലാത്ത 'സ്വബറിന്റെ' ഒരുദാഹരണമാണ് ആലി മുസ്ലിയാരുടെ ജീവിതം. അത് കൊണ്ട് തന്നെ, അദ്ദേഹത്തിന്റെ പരലോക വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കാം:

മലക്കുകൾ 'സലാമുൻ അലൈക്കും.....' എന്ന മധുരോക്തികൾ ഓതി പറുദീസയിലേക്ക് കൈ പിടിച്ചു കൊണ്ടു പോകുന്നവരിൽ അല്ലാഹുവേ ഞങ്ങളെയും ഞങ്ങളുടെ ഉസ്താദുമാരെയും ഉൾപ്പെടുത്തേണമേ, ആമീൻ

ഉസ്മാൻ -ശബ്ദ സന്ദേശം

https://youtu.be/AZ12thiM4y4?si=8lUMksP-v71p65A8

സുബൈർ ശബ്ദ സന്ദേശം

https://youtube.com/shorts/d6igsFmzgUI?si=FM1AkFPwtUxOZP8W

മുഹമ്മദ് സഊദ്

ഓർമയിൽ വന്ന മറ്റൊരു കാര്യം.ആ കാലഘട്ടത്തിൽ റമദാൻ മാസപിറവിയും തുടർന്നുള്ള പെരുന്നാൾ പിറവിയും ഒരേ പോലെ പ്രാധാന്യം, അധികവും കാപ്പാട് കടപ്പുറം കണ്ടതായി രാത്രീ വളരെ വൈകിയാവും ചിലപ്പോൾ വിവരം കിട്ടുക അന്നേരം പള്ളിയുടെ അകത്തളത്തിൽ പള്ളി ഖത്തീബും ആലി മുസ്ലിയാരും മറ്റു കുറച്ചു വ്യക്തികളും കൂടി മുശാവാറാ നടത്തി തീരുമാനം കമ്മറ്റിക്കാര അറിയിക്കുന്നയും കണ്ടിട്ടുണ്ട് ആലി മുസ്ലിയാരുടെ അഭിപ്രായം ആരായുന്ന പതിവുണ്ട്,

നമ്മുടെ ഈ ഗ്രൂപ്പിൽ ചരിത്രം അറിയുന്ന വലിയ വ്യക്തികൾ ഉള്ളത് കൊണ്ട് അവരും മുന്നോട്ടു വരുമെന്ന് കരുതട്ടെ

അസ്സലാമുഅലൈക്കും.

അയൂബ് സാഹിബ് പേരോത്ത് - ശബ്ദ സന്ദേശം

https://youtube.com/shorts/45LJInAhGgo?si=5dWIzBvZafZyxjpi

ആർ പി സിദ്ധിഖ് സാഹിബ്

പാടൂർ തഅലീമുൽ ഇസ്ലാം മദ്രസയുടെ ഒരു വാർഷിക പരിപാടി മദ്രസാ അങ്കണത്തിൽ വെച്ചു നടക്കുന്നു. വിപുലമായ പരിപാടികൾ ! ജനറേറ്റർ ആദ്യമായി കണ്ടത് അന്നാണ്. മദ്രസയുടെ പിൻഭാഗത്തുള്ള സെയ്തു മാസ്റ്ററുടെ കുളത്തിനോട് ചേർന്നാണ് അത് സ്ഥാപിച്ചിരുന്നത്. എല്ലായിടത്തും ട്യൂബ് ലൈറ്റുകൾ, ഉത്സവ പ്രതീതി. മദ്രസ വിദ്യാർത്ഥികളുടെ

കലാപരിപാടികൾ,നാട്ടിന് പുറത്തു നിന്നുള്ള പണ്ഡിതന്മാരുടെ സാന്നിദ്ധ്യം, നാട്ടുപ്രമുഖരുടെ ഒത്തുചേരൽ എല്ലാം ബഹുകേമം.

പതിവുപോലെ പ്രാർത്ഥന കഴിഞ്ഞു. സ്വാഗത പ്രസംഗം, അദ്ധ്യക്ഷ ഭാഷണം എല്ലാം കഴിഞ്ഞു.പിന്നീട് നടക്കേണ്ടത് മുഖ്യ പ്രഭാഷണമാണ് അതിന് മുമ്പ് വിദ്യാർത്ഥികളെ ഏല്പിച്ച പരിപാടികൾ നടത്താൻ അറിയിപ്പ് വന്നു.ഓരോരുത്തരും അവരുടെ ഊഴവും കാത്തു നിൽക്കുന്നു. പരിപാടിയിൽ പങ്കെടുത്ത എന്റെ ആത്മസുഹൃത്ത് സഹോദരൻ VP ഹംസ (വാസ്സ) ഇന്നും നമ്മോടൊപ്പം ഉണ്ട്. പങ്കെടുത്ത മറ്റൊരു ദേഹം സുഹൃത്തായ മുണ്ടന്റ കായിൽ അബ്ദു റഹ്മാനായിരുന്നു. അദ്ദേഹം നാഥനിലേക്ക് തിരിച്ചു പോയി.(അല്ലാഹു അദ്ദേഹത്തിന് കരുണ ചെയ്യട്ടെ.) മറ്റുള്ളവരെ ഇപ്പോൾ ഓർത്തെടുക്കാൻ കഴിയുന്നില്ല.

പിന്നിട് അനൗൺസ്മെൻറ് വരുന്നു;കുട്ടികളുടെ പരിപാടികൾ കഴിഞ്ഞു, സമ്മാദാനം നടത്തുകയാണ് .അതും കഴിഞ്ഞു.മുഖ്യ പ്രഭാഷകനെ ക്ഷണിക്കുകയാണ്.

അപ്പോഴാണ് തന്റെ ഊഴവും കാത്തു നിൽക്കുന്ന ഒരു മൂന്നാം ക്ലാസുകാരൻ തലയിൽ ഉറുമാലും കെട്ടി അമ്പരപ്പോടെ നിൽക്കുന്നത്. ആ സമയം ഓടി വന്ന അദ്ധ്യാപകൻ അവനെ സ്റ്റേജിലേക്ക് പതുക്കെ തള്ളുന്നുണ്ട്, ബേജാറിലായ വിദ്യാർത്ഥി ഇതി കർതവ്യാമൂഢനായി നിൽക്കുന്നു. അവസാനം സ്റ്റേജിൽ കയറുന്നു.അഭിവന്ദ്യ ഗുരുവായ ഉസ്താദ് ഗൗര വംപൂർവ്വം ഇടപെടുന്നു.അങ്ങനെ കുട്ടിക്ക് അവസരം നൽകുന്നു .ദു:ഖവും ജാള്യതയും എല്ലാം മറച്ചുവെച്ച് കുട്ടി പ്രിയപ്പെട്ട ഉസ്താദ് എഴുതിക്കൊടുത്ത് പഠിപ്പിച്ചവരികൾ ഉച്ചത്തിലും ഗൗരവത്തിലും ആഞ്ഞടിക്കുന്ന രൂപത്തിൽ അവതരിപ്പിക്കുന്നു. സംസാരം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണു. പക്കറ് പോക്കര് എന്ന പേര് മാത്രം പോര മുസ് ലിം മുസ്ലിമായി ജീവിച്ചാൽ മാത്രമേ ഇഹത്തിലും നാളെ പരത്തിലും വിജയം വരിക്കാൻ സാധിക്കുകയുള്ളൂ.

സദസ്സിൽ നിന്ന് ഹർഷാരവം , കയ്യടി . സമ്മാനം എല്ലാം തീർന്നിരുന്നു. കൊടുത്ത സമ്മാനം ഒരു കുട്ടിയിൽ നിന്നു തിരിച്ചു വാങ്ങി നൽകുന്നു. വാർഷിക കമ്മറ്റിയുടെ ചെയർമാനായ മർഹൂം മൂസൽ ഖാസിം തങ്ങൾ പോക്കറ്റിൽ നിന്ന് ഒരു രൂപ (അന്ന് അതിന്റെ മൂല്യം പറയേണ്ടതില്ലല്ലോ) സ്വാഗത സംഗം സെക്രട്ടറിയായിരുന്ന കെ.കെ.മുഹമ്മദലി സാഹിബ് തന്റെ പോക്കറ്റിൽ നിന്ന് V V V എന്ന് മുദ്ര ചെയ്ത ഒരു പേന (ഞെക്കുമ്പെ തുറിക്കുന്ന പേന) എടുത്ത് നൽകുന്നു. യോഗാദ്ധ്യക്ഷനായിരുന്ന പുത്തൻ പുരയിൽ RP ബാവു സാഹിബ് എഴുനേറ്റുനിന്ന് അഭിവാദ്യം ചെയ്യുന്നു.

പ്രിയരെ, പ്രസംഗത്തിന്റെ അവസാന വാചകത്തിന് ഇന്നും പ്രസക്തിയുള്ളതുകൊണ്ടും മറക്കാൻ പറ്റാത്ത ഒരു സംഭവമായി മനസ്സിൽ കൊണ്ടു നടക്കുന്നത് കൊണ്ടും, മഹാനായ ഉസ്താദിന്റെ അവസരോചിതമായ ഇടപെടലും ഇവിടെ കുറിച്ചതാണ്. ക്ഷമിക്കുമല്ലൊ.

ഒന്നുകൂടി :

പ്രസംഗം എഴുതിത്തന്നതും പരിശീലിപ്പിച്ചതും, സ്റ്റേജിലേക്ക് തള്ളിവിട്ടതും സൂര്യ പുരഷനായ പ്രിയപ്പെട്ട ഇസ്സാദ് NP ആലി മുസ്ല്യാർ ആയിരുന്നു. അവതരിപ്പിച്ചതു് വിനീതനായ ഈയുള്ളവനും.

ഇസ്സാദ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടനും ഉസ്താദിന് ഞാനും അങ്ങനെയായിരുന്നു.(അന്ന് ഉസ്താദ് പ്രയോഗം കുറവായിരുന്നു കെട്ടോ.മുസ് ല്യാർ, മെയ് ല്യാർ ഇങ്ങനെയാണു് വിളിക്കാറ് പിന്നീട് മറ്റൊരു അദ്ധ്യാപകൻ വന്നതിന് ശേഷമാണ് ഇസ്സാദ് വിളി വ്യാപകമായത്) മദ്രസയിൽ പരിപാടികൾ ഉണ്ടാകുമ്പോൾ പ്രസംഗം എനിക്ക്എഴുതി ത്തരിക പതിവായിരുന്നു. ഒരു നബിദിന പരിപാടിക്ക് എഴുതി തന്നത് ആനക്കലഹം. പരിശുദ്ധ കഅബാ മന്ദിരം പൊളിക്കാൻ വന്ന അബ്റഹത്തിന്റെ ചരിത്ര കഥ.

ആ യോഗത്തിന്റെ അദ്ധ്യക്ഷൻ നമ്മുടെ പ്രിയങ്കരനായിരുന്ന മർഹൂം BV സീതി തങ്ങൾ ,മുഖ്യ പ്രഭാഷകൻ പ്രശ്ത പണ്ഡിതനും മുജാഹിദ് നേതാവുമായിരുന്ന CP അബൂബക്കർ മൗലവിയായിരുന്നു.എന്റെ പ്രസംഗം കഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ തന്നെ വന്നു ആശ്ലേഷിച്ച ഒരു വ്യക്തിയെ ഈ സമയത്ത് ഓർത്തു പോവുകയാണ്. എന്റെ ഇയ്യാത്തു കുട്ടി മൂത്തുമ്മായുടെ മകൻസഹോദരൻ ജലീൽക്ക . കപ്പലിൽ വെച്ചായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം (അല്ലാഹു മഗ്ഫിറത്തും, മർഹമത്തും, ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.)

തന്റെ വിദ്യാർത്ഥികളെ ചേർത്തുനിർത്തുന്നതിൽ മാതൃകയായിരുന്നു അലി മുസ്ലിയാർ . വടി കയ്യിൽ ഉണ്ടാകുമായിരുന്നെങ്കിലും അപൂർവ്വമായേ ശിക്ഷിക്കാറുണ്ടായിരുന്നുള്ളൂ. നല്ല ഫലിദ പ്രിയനും ആയിരുന്നു. പള്ളിയിൽ എല്ലാ വ്യാഴ്ച രാത്രികളിലും നടന്നു വന്നിരുന്ന ദിക്കർ ഹൽഖ യുടെ നടത്തിപ്പുകാരനും അദ്ദേഹം ആയിരുന്നു.

കുറച്ചു കാര്യങ്ങൾ കോറിയിട്ടിട്ടേ ഉള്ളു.കാലപ്പഴക്കം കൊണ്ട് സ്മൃദി പഥത്തിൽ നിന്ന് പലതും പോയ് മറഞ്ഞിരിക്കുന്നു.

ത്യാഗിവര്യരായിരുന്ന നമ്മുടെ ഉസ്താദുമാരുടെ പ്രവർത്തനങ്ങൾ കരുണാമയനായ റബ്ബ് സ്വീകരിക്കുമാറാകട്ടെ. അവരോടൊത്ത് സ്വർഗ്ഗം പൂകാനുള്ള അവസരം നമുക്കും പ്രധാനം ചെയ്യുമാറാകട്ടെ. - ആമീൻ.

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

നാലകത്ത് പുഴങ്കര അലിമുസ്ലിയാർ :=ഇസ്ലാമിക കർമശാസ്ത്രം (ഫിഖ്ഹ്), അറബ് വ്യാകാരണം (നെഹ്വ്),ആനനന്ത രാവകാശം,തുടങ്ങിയ വിഷയങ്ങളിൽ അഘാത പാണ്ഡിത്യം ഉണ്ടായിരുന്ന അക്കാലത്തെ അപൂർവ വ്യക്തിത്വങ്ങളിൽ പ്രഥമൻ ആയിരുന്നു മർഹൂം എൻ. പി. അലിമുസ്ലിയാർ.കൊച്ചി, പൊന്നാനി, കടപ്പുറം. ചാവാക്കാട് എന്നിവിടങ്ങളിലെ ദർസുകളിൽ അദ്ദേഹം മത വിദ്യാഭ്യാസം നടത്തി.കടപ്പുറം ബുഖാറയിൽ കോയക്കുട്ടി തങ്ങൾ, നമ്മുടെ ഖത്ത്തീബായിരുന്ന കുഞ്ഞിമുഹമ്മദ് മുസ്ലിയാരുടെ പിതാവ് മുഹമ്മദാലിമുസ്ലിയാർ എന്നിവരുടെ ശിഷ്യനായിരുന്നു അദ്ദേഹം....1950

കാലഘട്ടത്തിൽ അദ്ദേഹം കടപ്പുറം ബുഖാറ പള്ളിയിൽ മുദർരിസായി കാൽ നൂറ്റാണ്ടോളം സേവനമനുഷ്ഠിച്ചു. അവിടുന്നു പോന്നതിന്ന് ശേഷം കുറച്ചുകാലം തൃശൂർ കാളത്തോട് പള്ളിയിൽ ഖത്തീബ് ആയി പ്രവർത്തിച്ചു. അതിന് ശേഷമാണ്അദ്ദേഹം പാടൂർ തഅലീമുൽ ഇസ്ലാം മദ്രസയിൽ അധ്യാപകനായി എത്തുന്നത്.....അദ്ദേഹത്തിന്റെ ശിഷ്യഗണ ങ്ങൾവിശദമായി അധ്യാപനത്തെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ടല്ലോ..അദ്ദേഹത്തിന് കിട്ടിയ ആ ആദരവ് ആ വ്യക്തി ത്വം തുറന്ന് കാട്ടുന്നുണ്ട് .... കാര്യമായ അസുഖങ്ങൾ ഒന്നും ഇല്ലായിരുന്നെങ്കിലും ലും 1987ൽ അദ്ദേഹം നിര്യാതനായി. മുഹമ്മദ്, ഹുസൈൻ എന്നീ രണ്ട് ആൺ മക്കളും മൂന്ന് പെൺമക്കളുമാണ് അദ്ദേഹത്തിന്. മൂത്തമകൻ കെ. പി. മുഹമ്മദ് സാഹിബ് എന്റെ അയൽവാസിയും സുഹൃത്തുമാണ്.വലിയ പണ്ഡിതന്മാർ പോലും അനന്തരാവകാശം സംബന്ധിച്ച വിഷയത്തിൽ സംശയനിവാരണത്തിനായി അലിമുസ്‌ലിയാരെസമീപിച്ച്ചിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സിൽ പഠിച്ചതായി എന്റെ ഓർമയിൽ ഇല്ല.വളരെ ആദരവോടെ നോക്കിക്കണ്ടിരുന്ന അധ്യാപകരിൽ ഒരാളായിരുന്നു പ്രിയപ്പെട്ട അലിമുസ്‌ലിയാർ.എല്ലാ വർക്കും ആദരണീയനായിരുന്നു സൂര്യപുരുഷൻ. ജന്നാത്തുൽ ഫിർദൗസിൽ ഉന്നത പദവി നൽകി അല്ലാഹു അദ്ദേഹത്തെഅനുഗ്രഹിക്കട്ടെ. ആമീൻ.........

കടപ്പാട് :കെ. പി. മുഹമ്മദ് സാഹിബ്.

<u>അബ്ദുൽ മജീദ് മുഹമ്മദ്</u>

അസ്സലാമു അലൈക്കും. എല്ലാവർക്കും നന്മകൾ നേരുന്നു. ആഫിയത്തുള്ള ആയുസ്സിനായി നാഥനോട് പ്രാർത്ഥിക്കുന്നു. നമ്മളിൽ നിന്നും നാഥനിലേക്ക് തിരിച്ചു പോയ എല്ലാവർക്കും സ്വർഗ്ഗത്തിൽ ഉന്നതമായ പദവി നൽകി റബ്ബ് അനുഗ്രഹിക്കട്ടെ. ഈ വാട്ട്സ് ആപ്പ് ഗ്രൂപ്പ് തുടങ്ങിയ സമയത്ത് അല്ലറ ചില്ലറ അസ്വാരസ്യങ്ങൾ ഉണ്ടായിരുന്നു. പേരിന്റെ വിഷയത്തിലും മറ്റുമായി.. ചിലരെങ്കിലും പിന്നീട് ഈ ഗ്രൂപ്പിൽ നിന്നും പിന്മാറി. പിന്നെ പിന്നെ ഈ ഗ്രൂപ്പ് നന്മ നിറഞ്ഞ കൂട്ടായ്മയാണെന്ന് പലവട്ടം തെളിയിച്ചു. ഈയടുത്ത സമയത്ത് അഡ്മിൻസ് നടത്തിയ ക്വിസ് മത്സരത്തോടെ ഈ ഗ്രൂപ്പിന്റെ മുഖച്ഛായ വീണ്ടും മാറി. ഇപ്പോൾ അതിശക്തമായ ഒരു തീരുമാനവുമായി അഡ്മിൻസ് വീണ്ടും നമ്മളിലേക്ക് വന്നു. തുടക്കത്തിൽ ഈയുള്ളവൻ കരുതിയത് നമ്മുടെ നാട്ടിലെ കുറച്ച് മദ്രസ്സ അധ്യാപകരെ ഓർക്കാനുള്ള ഒരു പരിപാടി മാത്രമാണെന്ന് കരുതി. ആ ചിന്ത തീർത്തും തെറ്റായിരുന്നു എന്ന് ഇപ്പോൾ കൃത്യം. നമ്മുടെ നാടിന്റെ സൗന്ദര്യം ഇപ്പോൾ കൂടുതൽ കൂടുതൽ ഏറെ തിളക്കത്തോടെ നോക്കി കാണുകയാണ് ഈയുള്ളവൻ. എത്രത്തോളം പുണ്യം നിറഞ്ഞ മഹാന്മാരുടെ കാലടിപാദം കൊണ്ട് അനുഗ്രഹീതമാണ് ഈ നാട്. ഇഹ് യാ ഉലൂമുദ്ദീനും ഫത് ഹുൽ മുഇനും പരിഭാഷപ്പെടുത്തി മാനവിക സമൂഹത്തിന് സംഭാവന ചെയ്ത മഹത്തുക്കൾ, പിന്നെ മറ്റു പല ശക്തമായ ഗ്രന്ഥങ്ങൾ വേറെയും.. ആയതിൽ നിന്നും ബഹുമാനപ്പെട്ട നീതിന്യായ വകുപ്പുകൾ കോടതികൾ ഒക്കെ റഫറൻസ് എടുക്കുക, പിന്നീട് കോടതിക്ക് മുന്നിൽ വരുന്ന വിഷയങ്ങൾക്ക് തീർപ്പ് കൽപ്പിക്കുക… ഏറെ ചിന്തിക്കാനുണ്ട്,

അതിലേറെ അഭിമാനിക്കാനുണ്ട്.. ഭാഗ്യം ചെയ്തവരാണ് നമ്മൾ പാടൂർക്കാർ, പുണ്യം ചെയ്തവരാണ് നമ്മൾ… ഗ്രൂപ്പിലുള്ള നമ്മുടെ നാടിന്റെ കാരണവന്മാർ, ഇക്കമാർ ഒക്കെ ഇവിടെ കുറിക്കുന്ന ഓരോ അനുഭവങ്ങൾ വല്ലാതെ കോരിത്തരിപ്പിക്കുന്നു… മനസ്സിൽ വല്ലാത്ത സന്തോഷം.. ഇങ്ങിനെയൊരു അനുഭവങ്ങളുടെ നേർരേഖ ഇവിടെ വരച്ചു കാണിക്കാൻ അവസരം നൽകിയതിലൂടെ അഡ്മിൻസ് ഈ തലമുറക്ക് ഏറ്റവും വലിയ സമ്മാനമാണ് നൽകിയത്… ഏറെ സന്തോഷം, അഭിമാനം… അനുഭവങ്ങൾ പങ്കുവെച്ചു കൊണ്ടിരിക്കുന്ന എല്ലാവർക്കും ഒരായിരം നന്ദി… അല്ലാഹു ഈയൊരു പുണ്യ പ്രവർത്തിയെ നാഥന്റെ അരികിൽ സ്വാലിഹായ അമലാക്കി തീർക്കട്ടെ.. മണ്മറഞ്ഞു പോയ പണ്ഡിത മഹാന്മാരുടെ കൂടെ നാളെ നാഥന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂടാനും മുത്ത് റസൂലിന്റെ ചാരെ ചേർന്നു നിൽക്കാനും റബ്ബ് തൗഫീക് ചെയ്യട്ടെ…

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/K2Ip4ITQeWE?si=STUK5qQjd34NAEYt

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം1

https://youtube.com/shorts/u_qC4LuVWBE?si=7-XMFAx7BqobV95w

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം2

https://youtube.com/shorts/3KM7AunY_jA?si=X0LRGbZ0TlRNBdoH

ശിഹാബ് -ശബ്ദ സന്ദേശം

https://youtube.com/shorts/OM5RZCa0G-I?si=j-gj0HHP5hHQabEK

അബ്ദുൽ മജീദ് മുഹമ്മദ്

തീർച്ചയായും അസാധ്യമായത് ഒന്നും തന്നെയില്ല ഷിഹാബ് ഭായ്.. മാത്രവുമല്ല കാലം ആവശ്യപ്പെടുന്ന സ്മരണികകൾ ആണിവിടെ എല്ലാവരും കുറിക്കപ്പെട്ടത്.. മഹാന്മാരായ പണ്ഡിത ശ്രേഷ്ഠന്മാരുടെ ഓർമ്മകൾ വരും തലമുറക്ക് വലിയ വെളിച്ചം നൽകുന്ന ഒന്നായി മാറുകയും ചെയ്യും. ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഈ ഓർമ്മകൾ ഒരു പുസ്തകമായി ഇറങ്ങുമെന്ന് തന്നെ നമുക്ക് പ്രതീക്ഷിക്കാം. നാളെയുടെ ഭാവി വാഗ്ദാനങ്ങൾക്ക് അവരെ നേരിന്റെ പാതയിലൂടെ നടത്താൻ ഉപകരിക്കുന്ന വലിയൊരു മുതൽക്കൂട്ട്… നാഥൻ തൗഫീക് നൽകട്ടെ

ശിഹാബ് -ശബ്ദ സന്ദേശം

https://youtube.com/shorts/ysP9YaVmZhE?si=2_-rHmSZn5_oKsmS

റഫീഖ് പേരൊത്ത്

ഈ ഉദ്യമം ആരുടെ മനസ്സിൽ ഉദിച്ചതായാലും നമ്മുക്ക് വെളിച്ചം പകർന്നു നൽകിയ പൂർവ്വിക രോടും നാടിനോടും നാം ചെയ്യുന്ന നീതിയിലെ ഒരു സ്വൽപ്പം ഭാഗം മാത്രമാണ് ഈ കൂട്ടായ്മയിലൂടെ ഇപ്പോൾ നടന്നു വരുന്നത്.ഇതിൽ തന്നാലയത് കൊണ്ട് പരമാവധി എല്ലാവരും ഭാഗബക്കാവുന്നത് വരും തലമുറയോട് കാണിക്കുന്ന ഒരു ഔദാര്യമൊ മറ്റൊ ഒക്കെയാവാം.

എല്ലാവർക്കും എഴുതാനൊ അതല്ല ഇവിടെ വോയ്സായി നൽകാനൊ മടിയുണ്ടായെന്ന് വരാം. നമ്മേ വഴി കാണിച്ച ഉസ്ഥാദുമാരുടെ ആ നല്ല നല്ല ഓർമ്മകൾ നമ്മോടൊപ്പം മണ്ണടിഞ്ഞു പോകേണ്ടതല്ല.

ആയതിനാൽ ആ നല്ല ഓർമ്മകൾ നിങ്ങളുടെ ശബ്ദത്തിലൊ മറ്റൊ അഡ്മിൻസ് മാരുടെ മുന്നിലേക്കെത്തിച്ചാൽ അത് അവർ വേണ്ട വിധത്തിൽ കൈകാര്യം ചെയ്യുമെന്ന് നമുക്ക് പ്രതീക്ഷിക്കാം

ആർ പി സിദ്ധിഖ് സാഹിബ് - ശബ്ദ സന്ദേശം-1

https://youtube.com/shorts/4GPVBqsCBCM?si=GuC0pqHMNEebQmiS

ആർ പി സിദ്ധിഖ് സാഹിബ് - ശബ്ദ സന്ദേശം-2

https://youtube.com/shorts/obzbv_MltMg?si=E2COmYScGdt7JtTW

തമീം ഷമീം-ശബ്ദ സന്ദേശം

https://youtube.com/shorts/3qfB7vCMKuc?si=74CxQoP7B1kLI20u

ശിഹാബ് -ശബ്ദ സന്ദേശം

https://youtube.com/shorts/ZxCWQZGhIYc?si=uQvT4F7q81ejvSKE

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/pqLHJ6CKzXM?si=H2lfNeb0ApuTx5HO

ശിഹാബ് -ശബ്ദ സന്ദേശം

https://youtu.be/7nBN6lVar48?si=69Z_s-Ir3Z_IWDlQ

അബ്ദുൽ മജീദ് മുഹമ്മദ്

അസ്സലാമു അലൈക്കും. ഡ്രാഫ്റ്റ് കോപ്പി വായിച്ചു. വളരെ നന്നായിട്ടുണ്ട്. മേൽവിഷയത്തിൽ എന്റെ അഭിപ്രായം:-

നിലവിൽ അഡ്മിൻസ് തയ്യാറാക്കിയ പണ്ഡിത മഹാന്മാരുടെ ജീവിത ചരിത്രങ്ങളും അവരോടൊത്തുള്ള അനുഭവങ്ങളും കുറെ കൂടി വിശദീകരിച്ച് എഴുതേണ്ടതുണ്ട്. നിലവിൽ ആ മഹത്തുക്കളെ കുറിച്ച് ഈ ഗ്രൂപ്പിൽ എഴുതിയവർ തന്നെ കുറെ കൂടി അനുഭവങ്ങൾ പങ്കു വെക്കേണ്ടതുണ്ട്. അവർക്ക് ഒരു പക്ഷേ ഇനിയും ഒട്ടേറെ കാര്യങ്ങൾ പറയാൻ കാണും നമ്മുടെ പ്രിയപ്പെട്ട ഉസ്താദുമാരെ കുറിച്ച്. ആയത് കൊണ്ട് ഇതെല്ലാം കൂടുതൽ എഴുതുന്നതിന് വേണ്ടി ഒരു കൂട്ടം വ്യക്തികളെ നാം കണ്ടെത്തണം. എഴുതാൻ കഴിവുള്ള വ്യക്തികളെ.. കുറെ കൂടി നന്നായി എഴുതാൻ കഴിയുന്നവരെ..(എഴുതിയവരുടെ കുറിപ്പുകൾ മോശമാണെന്നല്ല ഇതിനർത്ഥം, മറിച്ച് ഒരു പുസ്തകത്തിന് വേണ്ട ഭാഷാ ശൈലി എന്നാണുദ്ദേശിച്ചത്).. എന്നിട്ട് ഒരു ഉസ്താദിനെ കുറിച്ച് ഒരാൾ എഴുതട്ടെ.. ആ എഴുതുന്നയാൾ നമ്മുടെ ഗ്രൂപ്പിൽ അതേ ഉസ്താദിനെ കുറിച്ച് അനുഭവങ്ങളും ഓർമകളും പങ്കുവെച്ചവരിൽ നിന്ന് കൂടുതൽ കാര്യങ്ങൾ ചോദിച്ചറിഞ്ഞ് കൃത്യമായി എഴുതട്ടെ. അങ്ങിനെ ഓരോ ഉസ്താദിനും ഓരോ എഴുത്തുകാർ വരട്ടെ. അങ്ങിനെ എഴുതിയാൽ ആ പുസ്തകത്തിന് കൂടുതൽ സൗന്ദര്യം ഉണ്ടാകും. വായനക്കാർക്ക് വായിക്കാനും കൂടുതൽ മനസ്സിലാക്കാനും എളുപ്പമാകും.. നമുക്കും നമ്മുടെ വരും തലമുറയ്ക്കും അതൊരു വലിയ സംഭാവനയായി മാറും… അല്ലാഹു സഹായിക്കട്ടെ

അബ്ദുൽ ഹമീദ് -ശബ്ദ സന്ദേശം

https://youtu.be/gsvsNQ1YUTw?si=XqmMeKoR7E-gc-nT

കെ അബ്ദുൽ വാഹിദ് സാഹിബ്

പുഴങ്ങര ആലി മുസല്യാർ:-

നമ്മുടെ മദറസയിൽ 1950 കളുടെ അവസാനത്തിലൊ 1960 കളുടെ തുടക്കത്തിലൊ ആയിരിക്കുമദ്ദേഹം അദ്ധ്യാപക ജീവിതം തുടങ്ങിയത്. അതിനാൽ എനിക്കദ്ദേഹത്തിന്റെ ശിഷ്യനാകാൻ കഴിഞ്ഞില്ല. എങ്കിലുമദ്ദേഹം എന്റെ ഉപ്പ കെ.പി. അഹമ്മദ് കുട്ടി മുസലിയാരുടെ ഉറ്റ സുഹൃത്തായിരുന്നു. എന്റെ തൊട്ട അയൽവാസികളായിരുന്ന നമ്മുടെഹൈസ്കൂളിലെ പിയുൺ മർഹൂം മുഹമ്മദുക്കയുടെ ഉമ്മ മുസലാരുടെ സഹോദരിയും സ്കൂളിലെതന്നെ പിയൂണായിരുന്ന മജീദിന്റെ വെല്ലി പ്പ ഹസ്സൻ മുസല്യാർ ജേഷ്ഠ സഹോദരനുമായിരുന്നു. കൂടാതെ എന്റ തൊട്ടടുത്ത് അദ്ദേഹത്തിന്നുണ്ടായിരുന്ന സ്ഥലത്ത് മാസാമാസാ തേങ്ങയിടീക്കാനും വരുമായിരുന്നു. മാസത്തിൽ രണ്ടു മൂന്ന് പ്രാവശ്യം വരുമ്പോൾദീനീ ചർച്ചകളും സൗഹൃദ സംഭാഷണങ്ങളും ഉപ്പയുമായും മുസല്യാ ർ

നടത്തിയിരുന്നതിൽ ഞാനും ശ്രോദ്ധാവായി ഉണ്ടായിരുന്ന കാലം മധുരിക്കുന്ന ഓർമകളാണ്. അലിമുസലിയാരുടെ കുടുംബത്തിൽ മുൻഗാമികളും പിൻഗാമികളിലുമായിദീ നിവിജ്ഞാനത്തിന്ന് പ്രാമുഖ്യം നൽകിയവരായിരുന്നു.

അലിമുസല്യാർ നാട്ടിലും പുറത്തും പേരുകേട്ട പണ്ഡിതന്മാർക്ക് കീഴിൽ ഇസ്ലാമിക കർമശാസ്ത്രത്തിലും ഖുർആൻ തഫ്സീറുകളിലും ആഴത്തിൽ പഠനം നേടിയിട്ടുണ്ടന്ന് സമകാലികർ പറഞ്ഞു കേട്ടിട്ടുണ്ട്. ഒരു പക്ഷെ അദ്ദേഹത്തിന്റെ അഭിപ്രായ സുബദ്ധതയും നിലപാടിൽഉറച്ചു നിന്നിരുന്ന പ്രകൃതവും അദ്ദേഹത്തിന്റെ പഠന ഗവേഷണത്തിലൂടെനേടിയതാവാം. പണ്ഡിതന്മാർ ഏറെയിട്ടുണ്ടായിരുന്ന അനുഗ്രഹീത ഗ്രാമമായിരുന്നു നമ്മുടെ പാടു ർ .നമ്മുടെ പള്ളിദർസിൽ പൂർവികരായ പ്രശസ്ത അറബി പദ്യസമാഹാരമായ സഫലമാല രചയിതാവ് ശുജാഇ മൊയ്തു മുസലിയാർ തുന്നൻ വീടൻ മുഹമ്മമ്മദ് മുസലിയാർ , മണ്ണാർക്കാട് ചളവറ സ്വദേശി C.T.അബ്ദുറഹ്മാൻ മുസലിയാർ തുടങ്ങിയ പണ്ഡിത ശ്രേഷ്ഠരാൽ അനുഗ്രഹീതമായിരുന്നു നമ്മുടെ പള്ളിദർസ് .

അത് കൊണ്ട് തന്നെ നമ്മുടെ നാട്ടിലും ഇവരുടെ ശിക്ഷ്യത്വത്തിൽ കുറെ പണ്ഡിതമാരുണ്ടായിരുന്നു. അവരിൽ ചിലർ ഉയർന്ന കിതാബുകളുടെ പഠനത്തിന് . അക്കാലത്തെ പേരു കേട്ട പണ്ഡിതന്മാരാൽ നടത്തുന്ന പൊന്നാനി പോലുള്ള പള്ളിദർസുകളിൽ പോയി പഠനം നടത്തിയ പണ്ഡിതന്മാർ പാടൂർക്കാരായി ഉണ്ടായിരുന്നെന്ന് എന്റെഉപ്പയിൽ നിന്ന് കേട്ടിട്ടുണ്ട്. CT.അബ്ദുറഹിമാൻ മുസലിയാർ 35 വർഷത്തോളം നമ്മുടെ ഖത്വീബായും മുദരിസായം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിക്ഷ്യനാവാൻ ഒന്നര കൊല്ലത്തോളം എനിക്കും അവസരം ലഭിച്ചിട്ടുണ്ട്.

അലി മുസലിയാർ പഴയ തെക്കൻ മലബാറിൽ ചിലയിടങ്ങളിലെ പള്ളിദർസുക ളിൽ ജോലി ചെയ്തതിന് ശേഷമാണ് പാടൂർ മദറസയിലെ അദ്ധ്യാപനം തുടങ്ങിയത്. അങ്ങിനെ പാടൂരിലെ മദ്ധ്യ വയസ്സർക്ക് അദ്ദേഹത്തിൽ നിന്ന് വിജ്ഞാനം നേടാനും അവരിരി നിന്ന് അദ്ദേഹത്തിന് പ്രാർതനയിലൂടെ ബർസഖീ ജീവിതത്തിൽ സുഖ നിദ്ര ലഭിക്കാനും ഇൻശാ അല്ലാഹ്.. അവസരമാകട്ടെയെന്ന് നമുക്കും പ്രാർത്ഥിക്കാം. റബ്ബുസു ബഹാനഹുതആല നമ്മിൽ നിന്നു മരണമടഞ്ഞ മാതാപിതാക്കൾ ഉസ്താദുമാർ തുടങ്ങി എല്ലാവർക്കും ജന്നാത്തുൽ ഫിർദൗസ് നൽകി നമുക്കും അവരോടൊപ്പം ഒത്തുകൂടാൻ തൗഫീക്ക് നൽകട്ടെ 🤲 🤲

<u>കെ അബ്ദുൽ വാഹിദ് സാഹിബ്</u>

മഹൽ ഗ്രൂപ്പിന്റെ അഡ്മിൻ മാരും പ്രത്യേകിച്ച് ലത്വീഫ് സാഹിബ് ഈഗ്രൂപ്പിനെ ഫോർവേഡുകളുടെ ഉപദ്രവത്തിൽ നിന്നും (ഫോർവേർഡുകൾ ചിലത് ഉപകാരപ്രദമാണങ്കിലും പല ഗ്രൂപ്പുകളുള്ളതിനാൽ അതിപ്രസരമാകുന്നു.) രക്ഷിച്ച് ഇന്നിന്റെയും നാളെയുടെയും അഭ്യുതയകാംക്ഷികൾക്ക് വിജ്ഞാനപ്രദമായ രീതിയിലേക്ക് തിരി ചൂവിടാൻ നടത്തുന്ന പരിശ്രമങ്ങൾ സൽകർമ്മാകട്ടെയെ ന്ന്പ്രാർത്ഥിക്കുന്നതോടൊപ്പം 🤲എല്ലാവിധ അഭിനന്ദനങ്ങളും🤝 🌹

ആർ പി സിദ്ധിഖ് സാഹിബ് - ശബ്ദ സന്ദേശം



https://youtu.be/f2ALMeBuTZk?si=-JSKacZ966cCI2PD

NP ആലി മുസ്ല്യാരുടെ മകൻ മുഹമ്മദ് മുസ്ല്യാരുമായി ഒരു അഭിമുഖത്തിന് അവസരം കിട്ടി.ആ voice ഉം Photo യുമാണ് മുകളിൽ കെടുത്തതു്.

റഫീഖ് പേരൊത്ത്

ആലി മുസ്ല്യാരുടെ പഠന രീതിയെ കുറിച്ചുള്ള ഒരു കേട്ടെഴുത്തുകൂടി (കരിപ്പായിൽ അയ്യൂബിൽ നിന്ന്)

അന്ന് വടക്കേ പള്ളി കുളത്തിന്റെ സൈഡിൽ ഒരു വട്ടത്തിലുള്ള കാടുണ്ടായിരുന്നു. അതിനു ചുറ്റുമിരുന്നാണ് കുട്ടി കൾമൂത്രമൊഴിക്കാറുള്ളത്. അവിടെയെത്തി കുട്ടികളെ മൂത്രമൊഴിക്കുന്ന പ്രയോഗിക രീതിയെ പോലും അക്കാലത്തെ അദ്ധ്യാപകർ മനസ്സിലാക്കി കൊടുത്തിരുന്നു. കുട്ടികൾ ഇരുന്നു നിലത്തിനോടു ചേരുമ്പോൾ മാത്രം വസ്ത്രം ഉയർത്താൻ പാടുള്ളൂ എന്നത് ആലി മുസ്ല്യാരുടെ ശാസനയായിരുന്നു. മാത്രമല്ല മൂത്രമൊഴിച്ച തിന് ശേഷം വസ്ത്രത്തിലൊന്നു മാവാതെ ഇടതു കയ്യിനാൽ നന്നായി കുടഞ്ഞു തന്റെ അവ് റത്തിനെ മറച്ചു പിടിച്ചു നടന്നു കുളത്തിലിറങ്ങി ശുചിയാക്കുന്നത് പോലും അദ്ദേഹം സൂഷ്മതയോടെ പറഞ്ഞു കൊടുത്തിരുന്നുവത്രെ.

അബ്ദുൽ സലാം പി എ

അസലാമു അലൈകും.ഈ ഗ്രൂപ്പിന്റെ പുതിയ വലിയ ഒരു ദൗത്യം മുന്നോട്ട് ഭംഗിയായി മുന്നേറട്ടെ.ഈ തലമുറയിൽ പെട്ട മറ്റാരെങ്കിലും ജീവിച്ചിരിപ്പുണ്ടെങ്കിൽ ഇങ്ങിനെ കൊണ്ട് വരുന്നത് വലിയ ഒരു വിജയം തന്നെ.🤲

പിന്നെ ഇദ്ദേഹം ഇപ്പൊ എവിടെ എന്ന് കൂടി പറഞ്ഞാൽ നന്നായേനെ.മണ്മറഞ്ഞ നമ്മുടെ എല്ലാ ഉസ്താതുമാർക്കും റബ്ബ് ആഖിറം വിശാലമാക്കി കൊടുക്കട്ടെ.അവർ പകർന്ന തന്ന അറിവു കൊണ്ട് ചെയ്യുന്ന

എല്ലാം നല്ല കാര്യങ്ങളും സല്പ്രവർത്തികളായ് റബ്ബ് സ്വീകരിച് അവരുടെ ഖബറിടത്തിലേക്കത് മുതൽകൂട്ടാവട്ടെ.ആമീൻ.🤲🤲

<u>അഷ്റഫ് P.A.</u>

അറിവിന്റെ നിറകുടമായ NP ആലി മുസ്ലിയരെ കുറെ നല്ല ഓർമകൾ ഉണ്ട് മനസ്സിൽ.

അദ്ദേഹം ദീൻ പഠിപ്പിക്കുന്നതോടൊപ്പം തന്നെ നിത്യ ജീവിതത്തിലെ കർമ്മശാസ്ത്ര പരമായ കാര്യങ്ങളും പറഞ്ഞു പഠിപ്പിച്ചിരുന്നു എന്നതും ഓർമ്മിക്കുന്നു..

ഒരിക്കൽ പള്ളി മിറ്റത്തു വെച്ച് MV കുഞ്ഞി അഹമ്മദ് മുസ്ലിയാരെ കണ്ടപ്പോൾ ഇരുപേരും അറബിയിൽ സംസാരിക്കുന്നത് ഒന്നും മനസിലാവാതെ നോക്കി നിന്നതും ഞാനോർക്കുന്നു.

മൂന്നാം ക്ലാസ്സിൽ ആണെന്നാണ് ഓർമ്മ ... കക്കൂസിൽ പോയാൽ ആണുങ്ങൾ മിനുസം പോയി ഉരം വരുന്നത് വരെയും ,സ്ത്രീകൾ ഉരം പോയി മിനുസം വരുന്നത് വരെയും കഴുകണം എന്ന് പഠിപ്പിച്ചതും ഞാനോർക്കുന്നു .

രോഗാവസ്ഥയിൽ കിടക്കുന്നത് അറിഞ് കൊട്ടുക്കൽ കുഞ്ഞുമോൻക്കയുമായി അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ ഉറക്കത്തിൽ ആയിരുന്നത് കൊണ്ട് വിളിക്കാതെ കണ്ടു പോന്നു. മറ്റൊരു ദിവസം പോയി കാണാം എന്ന് പറഞ്ഞു ഉറപ്പിച്ചു കൊണ്ട് .

ഞങ്ങൾ പോവണം എന്ന് കരുതിയ ദിവസത്തിന് മുൻപ് മൗലവി റബ്ബിന്റെ വിളിക്ക് ഉത്തരം നൽകിയന്ന് കുഞ്ഞു മോൻക്ക അറിയിച്ച ദുഃഖ വാർത്ത ഞനിന്നും വേദനയോടെ ഓർക്കുന്നു.

ഈ ലിസ്റ്റിൽ പേർ ഇല്ലാത്ത നമ്മുടെ നാട്ടുകാരൻ അല്ലാത്ത ഒരു കാനൂർ മുസ്ലിയാർ നമസ്ക്കാരം [അത്തഹിയാത്തിലെ ഇരുത്തവും മറ്റും] പ്രാക്ടിക്കൽ ആയി കാണിച്ചു തന്നതും സാന്ദർഭികമായി ഓർക്കുന്നു.

ദീനി ഇൽമ് പഠിപ്പിച്ച നമ്മുടെ പണ്ഡിതന്മാർക്ക് എല്ലാം അള്ളാഹു ഉന്നത ദറജ നൽകി അനുഗ്രഹിക്കട്ടെ... അവരെയും നമ്മളെയും ഉന്നതമായ സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ ...🤲

അഷ്റഫ് P.A.

<u>കെ പി എം അഷ്റഫ് ശബ്ദ സന്ദേശം</u>

https://youtu.be/AXl9rlUuamQ?si=lSnjcseHYL6-zcA-

https://youtube.com/shorts/3iWKnR8bui4?si=f20hjJ_-CdijESj5

https://youtu.be/krNT5Q8BUGI?si=5vWbEgZAE9u7NGba

07 Nov 2025

Episode-4

മർഹും അബു മുസ്‌ലിയാർ



പഠിപ്പിക്കുമ്പോൾ ചിരിയിലും സ്നേഹത്തിലും ഒളിപ്പിക്കപ്പെട്ട കർശനത – പിഴച്ചപ്പോൾ നേരെ നിർത്തിയ കൈപ്പിടിയും, വഴിതെറ്റാതിരിക്കാനായുള്ള പ്രാർത്ഥനയും –ഇതാണ് നമ്മുടെ പ്രിയ ഉസ്താദ് മർഹൂം അബു മുസ്ലിയാർ

വർഷങ്ങൾ കഴിഞ്ഞാലും അദ്ദേഹത്തിന്റെ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ ഇന്നും മുഴങ്ങുന്നു. അദ്ദേഹം നമ്മെ വിട്ടുപോയെങ്കിലും, അദ്ദേഹം വിതച്ച അറിവും മൂല്യങ്ങളും നമ്മിൽ പുഷ്പിക്കുന്നു, മറ്റുള്ളവരിലേക്കും പകരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് അല്ലാഹുവിന്റെ

കരുണയും ജന്നത്തിന്റെ ഉയർന്ന സ്ഥാനവും ലഭിക്കട്ടെ. ആമീൻ. ഇന്ന് നമുക്ക് അദ്ദേഹത്തിന്റെ ഓർമ്മകൾ പങ്കു വെക്കാം

അഡ്മിൻസ്

ഉസ്താദ് തറയിൽ -ശബ്ദ സന്ദേശം

https://youtu.be/yDE5vWEqWFM?si=z7fJmXLdmohK7sDW

ഷരീഫ് ബാബു

അബു മുസ്‌ലിയാർ

==========================

പാടൂർ മദ്രസയിലെ കുട്ടികളുടെ ഓർമ്മയിൽ നിന്നും അവരെ പഠിപ്പിച്ച ഉസ്താദുമാരിൽ ഒഴിച്ചു കൂടാനാവാത്ത ഒരു ഉസ്താദിന്റെ നാമം പറയാൻ പറഞ്ഞാൽ ഒട്ടും ആലോചിക്കാതെ ഒരു ശെക്കും ഇല്ലാതെ അബു മുസ്‌ലിയാർ എന്ന് മറുപടി പറയും.

നിത്യവും ഖുർആൻ പാരായണം ചെയ്യുന്നവരുടെ കൂട്ടത്തിൽ മുൻപന്തിയിലുണ്ടായിരുന്ന ആ കുറിയ മനുഷ്യനായ ഉസ്താദ് ഖുർആൻ തിലാവത്ത് (വിശുദ്ധ ഖുർആൻ പാരായണം ശരിയായ ഉച്ചാരണത്തോടെയുള്ള വായന, തജ്‌വീദ് (ഖുർആൻ വാക്കുകൾ ഉച്ചരിക്കേണ്ടതായ രീതിയെ നിയന്ത്രിക്കുന്ന പാരായണ ശാസ്ത്രം) തുടങ്ങിയവയിൽ ഏറെ പ്രഗത്ഭൻ ആയിരുന്നു.

ഖുർആനിലെ ആയത്തുകൾ ഇന്നത്തെ പോലെ ഏത് സൂറത്തിൽ (അദ്ധ്യായത്തിൽ) ആണെന്ന് കണ്ടുപിടിക്കാൻ വളരെ എളുപ്പത്തിൽ കുതിച്ചു ചാടുന്ന ഈ കാലം ആയിരിക്കെ ആ കാലത്ത് അത് കണ്ടുപിടിക്കാൻ അബു മുസ്‌ലിയാരെ പോലെ ഒരാളും ആ മദ്രസ്സയിലോ പ്രദേശത്തോ ഉണ്ടായിരുന്നില്ല എന്നത് എത്ര പേർക്ക് അറിയാം.അത്ര മാത്രം ആ ഉസ്താദ് ഖുർആനുമായി വളരെ അടുപ്പത്തിലായിരുന്നു. പ്രിയ ഉസ്താദ് അങ്ങിനെ എത്രയോ തവണ എന്റെ പിതാവിനെ സഹായിച്ചിരിക്കുന്നു.നാം ഉദ്ദേശിക്കുന്ന ഖുർആൻ ആയത്ത് ഏത് സൂറത്തിൽ ആണ് ഉള്ളത് എന്ന് അറിയണമെങ്കിൽ ഒട്ടും വൈകാതെ ഇന്ന സൂറത്തിലെ ഇത്രാമത്തെ വരി ആണ് എന്ന് പറയാനുള്ള ആ അറിവ് അന്ന് അബു മുസ്ലിയാർക്കു മാത്രം മനപാഠം ആയിരുന്നു ! ഇന്ന് അതാലോചിക്കുമ്പോൾ പ്രിയ അബു മുസ്‌ലിയാർ ഉസ്താദുമാരുടെ ഓർമ്മകളിൽ മുന്നിൽ തിളങ്ങി നിൽക്കുകയാണ് കൂടെ പ്രാർത്ഥനയും.

കുട്ടികളെ തലോലിച്ചും അവരെ സ്നേഹിച്ചും അബു മുസ്‌ലിയാർ ആ മദ്രസയുടെ മുന്നിൽ കുട്ടികളെ വട്ടത്തിൽ നിർത്തി പഠിപ്പിക്കുന്ന കാഴ്ച്ച മനസ്സിൽ മായാതെ ഇന്നും ഉണ്ട്. ആ ഉസ്താദിന്റെ ശിഷ്യന്മാർ ഖുർആൻ പരായണത്തിൽ മികച്ച കുട്ടികളായിരിക്കും എന്നതിൽ ഒരു സംശയവും ഉണ്ടാവില്ല.ലാ റെയ്ബ ഫീ.

റോഡിന്റെ ഓരം ചേർന്ന് അബു മുസ്‌ലിയാർ മദ്രസ്സയിലേക്ക് വരുമ്പോൾ അച്ചടക്കത്തോടെ കുട്ടികളും കൂടെയുണ്ടാവും. ഒരിക്കലും ആരുമായും തർക്കിച്ചു കണ്ടിട്ടില്ല ആരുമായും ക്ഷോഭിച്ചു കണ്ടിട്ടില്ല ആ കുറിയ ശരീര പ്രകൃതി പോലെ എല്ലാവരോടും താഴ്മയോടെ പുഞ്ചിരി തൂകി ജീവിച്ചു. ഒരു സംഘടനയിലോ വിഭാഗീയതയിലോ അദ്ദേഹത്തെ കണ്ടില്ല. എല്ലാവരോടും പരസ്പര സഹവർത്തിത്വത്തിലും സഹകരണത്തിലും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി കാണാനായി തീർത്തും മദ്രസയിലെ മാതൃകാ ഉസ്താദ് ആയി. ഖുർആൻ പഠിപ്പിക്കാൻ ഒരു പ്രത്യേക രീതി അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥനാക്കി. കരുണാമയനായ അല്ലാഹു അദ്ദേഹത്തിന് സ്വർഗീയാരാമത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

ഷരീഫ് ബാബു.

ആർ പി സിദ്ധിഖ് സാഹിബ്

അബു ഉസ്താദ് (അബു മുസ്ല്യാർ)

മദ്രസയിൽ പഠിച്ചു കൊണ്ടിരുന്ന അവസാന നാളുകളിലാണ് അബു മുസ്ല്യാർ നമ്മുടെ മദ്രസയിൽ അധ്യാപകനായി വരുന്നത്. കുറച്ചു നാൾ ഞങ്ങൾക്ക് ഖുർആൻ പഠനമാണ് അദ്ദേഹം നടത്തിയിരുന്നു. എപ്പോഴും പുഞ്ചിരിച്ച മുഖം, ശാന്ത പ്രകൃതി, സൗമ്യമായ രീതിയിൽ ആയിരുന്നു അധ്യാപനം. ഞാനും നമ്മെ വിട്ടുപിരിഞ്ഞ പ്രിയ സുഹൃത്ത് ജഅഫർ സാദിഖ് തങ്ങളും അടുത്തടുത്ത സീറ്റിൽ ആണ് ഇരിക്കാറ്. ഞങ്ങളോട് പ്രത്യേക അടുപ്പവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു.

മദ്രസയിൽ എല്ലാവരെയും മുസ്ല്യാർ എന്നാണ് വിളിക്കാറ്. അബു ഉസ്താദ് വന്നതിന് ശേഷമാണ് " ഉസ്താദ് " വിളി വ്യാപകമായത്. അദ്ദേഹം അതിനെയാണ് പ്രോത്സാഹിപ്പിച്ചിരുന്നത്.

തന്റെ ഉത്തരവാദിത്തത്തോട് തികച്ചും നീതി പുലർത്തിക്കൊണ്ടുള്ള ഒരു മാതൃകാ ജീവതമാണ് ജീവിതാന്ത്യം വരെ ഉസ്താദ് അവർകൾ കാത്തു സൂക്ഷിച്ചു പോന്നത്.

എല്ലാത്തിനും പടച്ച റബ്ബ് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ. നമ്മുടെ ഒക്കെ ആത്യന്തിക ലക്ഷ്യമായ പടച്ച റബ്ബിന്റെ തൃപ്തിയും സുഖലോക സ്വർഗ്ഗവും ലഭ്യമാകട്ടെ.

പ്രാർത്ഥനയോടെ.....

നജീബ് സാഹിബ് കാരിയാട്ട്

അബു മുസ്‌ലിയാർ പാടൂർ.

പാടൂർ മദ്റസയിൽ അര നൂറ്റാണ്ട് നിറഞ്ഞു നിന്ന വ്യക്തിത്വം. അറിവിന്റെ നിറകുടം. അത് കൊണ്ട് തന്നെ ആ നിറ കുടം ഒരിക്കലും തുളുംപാറില്ല. വളരെ

ശാസ്ത്രീയമായി അധ്യയനം നടത്തുക എന്നത് ആണ് അദ്ദേഹത്തിന്റെ ശൈലി. മദ്റസ/ പള്ളി വിഷയങ്ങൾ എല്ലായ്പ്പോഴും Controversy യിൽ അധിഷ്ഠിതമാണ്. ഭാരവാഹികൾക്ക് (എന്റെ ഉപ്പ ഉൾപ്പെടെ) വളരെ തലവേദന സൃഷ്ടിച്ചിരുന്നു. പക്ഷേ മുസ്‌ലിയാരുടെ ഭാഗത്ത് നിന്നും ഒന്നും അപ ശബ്ദം പോലും ഉണ്ടായിരുന്നില്ല.

എം ടി യുടെ വളരെ പ്രസക്തമായ ഒരു വാചകം ഉണ്ട്. മഞ്ഞ് എന്ന ലഘു നോവലിൽ. " വരും വരാതിരിക്കില്ല" ക്ഷമയോടെ ഉള്ള കാത്തിരിപ്പ് ആണ് ഒരു വ്യക്തിയെ നല്ലവനാണ് കുന്നത്. മ്ദ്റസാ അധ്യാപകൻ എന്നത് പൊതു ജന മധ്യത്തിൽ വളരെ Respectable position ആയിരുന്നു അക്കാലത്ത് (ഇപ്പോഴത്തെ അവസ്ഥയിലും) പക്ഷേ, അവരുടെ Income വളരെ നിസ്സാരമായിരുന്നു. എന്നിരുന്നാലും തന്നിലർപ്പിതമായ ദൗത്യം വളരെ ഉത്സാഹത്തോടെ ഉത്തരവാദിത്വം പൂർവം നിർവഹിക്കുന്നതിൽ അദ്ദേഹം ബദ്ധ ശ്രദ്ധാ യിരുന്നു. സർവ ശക്തനായ അല്ലാഹു അദ്ദേഹത്തിന്റെ പാരത്രിക ജീവിതം സ്വർഗീയമാക്കട്ടെ എന്ന് ഇത്തരുണത്തിൽ ദുആ ചെയ്യുന്നു. ആ മഹാ ഗുരുവിന്റെ മുന്നിൽ നമ്റശിരസ്കനാകുന്നു.

Najeeb Kariat

മുഹമ്മദ് സഊദ്

എന്റെ പ്രിയപ്പെട്ട അബു മുസ്‌ലിയാർ, എല്ലാ പുലർ കാലത്തും കാണാറുള്ള ആ കുറിയ മനുഷ്യന്റ് സൗമ്യ മായ നടത്തം ഇന്നും എന്റെ മനസ്സിൽ മായാദെ കിടക്കുന്നു എന്നെ സംബന്ധിച്ച് നിങ്ങളെല്ലം വിളിക്കുന്ന പള്ളിക്കലെ ഉസ്താദല്ലാദേ മറ്റാരും എനിക്ക് ഉസ്താദയിട്ട് ഓർമയില്ല. പക്ഷെ ആ കാലഘട്ടത്തിൽ ഇവരെല്ലാം എന്റെ ബഹുമാന്യ വ്യക്തികളുമാണ് വളരെ സൗമ്യ നായ എല്ലാവരും ഇഷ്ട്ടപ്പെടുന്ന ഒരു ആൾരൂപം അള്ളാഹു അദ്ദേഹത്തിന് ജന്നത്തുൽ ഫിർദൗസിൽ അർഹമായ പദവി നാലാകുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു, അസ്സലാമുഅലൈക്കും

റഫീഖ് പേരൊത്ത്

ഒരു കുളിരുള്ള പ്

ഒരു കുളിരുള്ള പ്രഭാതം സൂര്യൻ മെല്ലെ ഉദിച്ചു പൊന്തി ഉച്ചസ്ഥിയിലേക്കുയരുന്നു.മദ്രസയിലേക്കുള്ള കുട്ടികളെയൊന്നും ആ ഇടവഴികളിലൊ മറ്റൊ കാണുന്നില്ല. അല്പം നേർത്തതായ ഒരു കുട്ടിയുടെ ഞാനില്ലേ ഞാനില്ലേ എന്ന് പറഞ്ഞുള്ള കരച്ചിൽ അടുത്തടുത്ത് വരുന്നുണ്ട്. കിഴക്കോട്ടൊന്നു നോക്കിയപ്പോൾ ആശുപത്രിയുടെ കിഴക്കു ഭാഗത്തുള്ള പാടത്തു നിന്ന് അത്യാവശ്യ ഭാരമുള്ള ഒരു പത്തൊ പതിനൊന്നൊ വഴസ്സുള്ള കുട്ടിയേയും തന്റെ ചുമലിലേറ്റി ആരോഗ്യദൃഢഗാത്രനായ ഒരു മനുഷ്യൻ കണ്ണെല്ലാം ഇറുക്കി പിടിച്ചു? നടന്നു വരുന്നുണ്ട്. മെല്ലെ ശങ്കപ്പ തട്ടാന്റെയും പുളിപറമ്പിലെ അബ്ദുല്ല കുട്ടിക്കാടേയും,അബ്ദുൾ ഖാദർക്കാടെ ചായകടയേയും മറികടന്ന് ചെമ്മൺപാതയിലൂടെയുള്ള അദ്ദേഹത്തിന്റെ

നിശ്ചയദാർഢ്യത്തോടെയുള്ള ആ നടത്തം ചെന്നു നിന്നതും തന്റെ ചുമലിലെ ഭാരം ഇറക്കിയതും ഓഫീസ് റൂമിനടുത്ത അബു മുസ്ല്യാരുടെ ക്ളാസ്സിനു മുന്നിലായിരുന്നു. ഭാരമിറക്കിയതിന് ശേഷം അദ്ദേഹം തന്റെ തോളൊന്നുതപ്പി നോക്കിയിട്ടുണ്ടാവാം തന്റെ സ്നേഹനിധിയായ പൊന്നാരപേരകുട്ടി തന്റെ പിരടിയിൽ നൽകിയ കടി സമ്മാനത്തെ അദ്ദേഹം ആ പേരകുട്ടിക്ക് ക്ഷമിച്ചു കൊടുത്തിട്ടുണ്ടൊ ആവൊ എന്തൊ?. 🤲

അബു മുസ്ല്യാരെ ഓർക്കുമ്പോൾ വരുന്ന ആദ്യ ഓർമ്മയാണ് ഇത് ആ മടിയനായ പേര കുട്ടി ഞാനും നിങ്ങളിലേറെ പേർക്കും പരിജിതനല്ലാത്ത എന്നെ ചുമലിലേറ്റി വന്ന ആ മനുഷ്യൻ എന്റെ മാതാവിന്റെ പിതാവായ(പുളിക്കലെ മുഹമ്മദ്ക്കാടേയും,PV കുഞ്ഞോൻ ക്കാടേയും,kvഅഹമ്മദ് ക്കാടേയും പാടൂരിലെ മറ്റു പലരുടേയും ഉറ്റ ചങ്ങാതിയായിരുന്ന)ചേറ്റുവയിലെ അബ്ദുല്ലക്ക എന്ന് വിളിക്കുന്ന എന്റെ പ്രിയ വെല്ലിപ്പയുമായിരുന്നു.

ഉസ്ഥാദുമാരും നമ്മുടെ രക്ഷാകർത്താക്കളും അക്കാലത്ത് ദീനി സമൂഹത്തെ നട്ടുവളർത്താൻ സമയം കണ്ടെത്തിയിരുന്നു. അതാണ് നാം ഇന്ന് അനുഭവിക്കുന്നതെന്ന സത്യത്തെ സ്മരിക്കാതെ ഒരടി മുന്നോട്ടു വെക്കാൻ നമുക്കാകില്ല. നമുക്ക്ൻ ദീൻ പകർത്തി തരാൻ പെട്ട പെടാപാടിന് തക്കതായ പ്രതിഫലം റബ്ബ് അവർക്ക് നല്കട്ടെ -ആമീൻ - റബ്ബ് അനുഗ്രഹിച്ചാലല്ലെ നല്ല വഴിയിൽ എത്തിപെടുകയുള്ളൂ.അവർ അവരുടെ ഭാഗം നന്നായി തന്നെ കൈകാര്യം ചെയ്തു. അദ്ദേഹത്തെ ഓർക്കാനും ഇവിടെയെഴുതാനും നിങ്ങളുടെയൊക്കെ പ്രാർത്ഥന അദ്ദേഹത്തിനും വേണമെന്ന് ആവശ്യപെടാനും ഈ ഒരു പരമ്പര എന്നേ സഹായിച്ചതിന് ഈ കൂട്ടായ്മയോട് വളരെയധികം കടപെട്ടിരിക്കുന്നു.

ഇന്നത്തെ കുഞ്ഞുകുട്ടികൾ രാവിലെ തന്നെ മടിയേതുമില്ലാതെ ചുറുചുറുക്കോടെ കാണുന്നവരോട് സലാം ചൊല്ലി മദ്രസ്സയിലേക്ക് നടന്നു നീങ്ങുന്നത് കാണുമ്പോൾ എന്റെ നഷ്ട ബാല്യത്തെ പറ്റി ഞാനോർക്കേണ്ടതല്ലെ.

പാടൂർ മസ്ജിദുറഹ്മ ഉൽഘാ ട ന്ന വേളയിൽ ഷരീഫ് ബാബു സുചിപ്പിച്ചതു പോലെ സംഘടനാ സങ്കുചിതത്ത മൊന്നും പേറാത്ത ഉസ്ഥാത് അതിൽ പങ്കെടുക്കയും പ്രഭാഷകന്റെ പ്രസംഗത്തിലെ നല്ല വരികളെ കുടുംബ ബന്ധുവായ അബു മുസ്ല്യാർ എടുത്ത് ഓർമ്മപ്പെടുത്തിയതൊക്കെ ഇന്ന് ഓർമ്മയണ്.

അദ്ദേഹത്തിനും ദീൻ നമ്മൾക്ക് പകർത്തി തരാൻ ശ്രമിച്ച ഉസ്ഥാദു മാർക്കും നമ്മെ നല്ല വഴി കാണിക്കാൻ ശ്രമിച്ച നമ്മുടെ പ്രിയപെട്ട രക്ഷാകാർത്താക്കൾക്കും മഗ്ഫിറത്തും മർഹമത്തും റബ്ബ് നൽകട്ടെ അവരോടൊന്നിച്ച് സ്വർഗ്ഗത്തിലുല്ലസ്സിക്കാനുള്ള റബ്ബിന്റെ ഔദാര്യം നമുക്കും ലഭിക്കട്ടെ -ആമീൻ -

<u>അബ്ദുൽ മജീദ് മുഹമ്മദ്</u>

പരുശുദ്ധ ഖുർആനിലെ സൂറത്തുൽ ഫാത്തിഹ ഒരു ദിവസത്തിൽ എത്രയോ തവണ നമ്മൾ പാരായണം ചെയ്യുന്നു. ദിവസത്തിൽ ഏറ്റവും

ചുരുങ്ങിയത് 17 വട്ടമെങ്കിലും നാം സൂറത്ത് ഫാത്തിഹ ഓതുന്നു. കൂട്ടത്തിൽ ചെറിയ സൂറത്ത് ആണെങ്കിലും ഒരായിരം അർത്ഥങ്ങളും സന്ദേശങ്ങളും ഉണർത്തലുകളും ഒക്കെയുണ്ട് സൂറത്തുൽ ഫാത്തിഹയിൽ.. ആ പരിശുദ്ധ സൂറത്ത് എന്നെ കൃത്യമായി ഓതാൻ പഠിപ്പിച്ച എന്റെ പ്രിയപ്പെട്ട അബു മുസ്ല്യാർ… കണ്ടിട്ടില്ല ജീവിതത്തിൽ ഒരിക്കലും ആരോടെങ്കിലും ദേഷ്യപ്പെട്ട് സംസാരിക്കുന്നത്, പുഞ്ചിരിയോടെയല്ലാതെ ആ മുഖം കണ്ടിട്ടില്ല നാളിതുവരെയും. സ്നേഹം കൊണ്ട് ശാസിക്കുകയും വാത്സല്യം കൊണ്ട് ഉപദേശിക്കുകയും ആയതിലൂടെ ദീനിനെയും ദുനിയാവിനെയും അല്ലാഹുവിനെയും പഠിപ്പിച്ചു തന്ന മഹാൻ. അള്ളാഹു സ്വർഗ്ഗത്തിൽ ഉന്നതമായ ദറജ നൽകി ഉസ്താദിനെ അനുഗ്രഹിക്കട്ടെ.. നാളെ ജന്നാത്തുൽ ഫിർദൗസിൽ മുത്ത് റസൂലിന്റെ ചാരെ ചേർന്ന് നിൽക്കാൻ നാഥൻ ഉസ്താദിനെ അനുഗ്രഹിക്കട്ടെ..

ഫാറൂഖ് തങ്ങൾ

അബു മുസ്ലിയാർ

"If a person teaches me one single word, he has made me his servant for a lifetime. Ali (RA)

അധ്യാപകർക്ക് സമൂഹത്തിന്റെ വളർച്ചയിൽ ഉയർന്ന പങ്കാളിത്തമുള്ളത് കൊണ്ടും അവർ സാമൂഹിക വികസനത്തിൽ വളരെ നിർണ്ണായക ഘടകമായത് കൊണ്ടും ഇസ്ലാം അധ്യാപകർക്ക് ഉയർന്ന പദവി നൽകിയിട്ടുണ്ട്.

പുഞ്ചിരി സുകൃതമാണെന്ന ശുഭ വാർത്ത സ്വായത്തമാക്കിയ ഒരു വ്യക്തിയാണ് നമ്മുടെയെല്ലാം പ്രിയപ്പെട്ട അബു മുസ്ലിയാർ. എപ്പോഴും പുഞ്ചിരിക്കുന്ന അവസ്ഥയിലായിരിക്കും അദ്ദേഹത്തെ കാണുക. പ്രത്യേകിച്ച് ക്ലാസ്സിൽ.

വിദ്യാർത്ഥികളയെല്ലാം കൃത്രിമത്തമില്ലാതെ അദ്ദേഹം സ്നേഹിച്ചിരുന്നു. വിദ്യാർത്ഥികൾക്കെല്ലാം വലിയ ബഹുമാനവും അടുപ്പവും സ്നേഹഹുമായിരുന്നു അദ്ദേഹത്തിനോട്.

പലരിലും ഉണ്ടായിരുന്ന, ഉണ്ടാകാൻ പാടിലാത്ത ചില പ്രവണതകളിൽ നിന്നും അദ്ദേഹം വിട്ടു നിന്നിരുന്നു. വിദ്യാർത്ഥികളിൽ നിന്നും ഒട്ടും അകലം പാലിക്കാതെയുള്ള രീതിയാണ് അദ്ദേഹം അനുവർത്തിച്ചിരുന്നത്. അവരെയെല്ലാം സമ ഭാവനയോടെ സമീപിക്കുന്ന രീതി വല്ലാതെ ആഘര്ഷിച്ചിട്ടുണ്ട്.

അബു മുസ്ലിയാരെ കുറിച്ച് എല്ലാവര്ക്കും നല്ലത് മാത്രം പറയാൻ ഉണ്ടാകുകയുള്ളൂ. ചിരിക്കാന് മാത്രമറിയുന്ന അബു മുസ്ലിയാർ ഒരിക്കലും ദേഷ്യപ്പെട്ടതായി എനിക്ക് കാണാന് കഴിഞ്ഞിട്ടില്ല. ഓർക്കുന്നു ഇപ്പോഴും ആ വസന്ത കാലത്തെ.

പഠനത്തിൽ നിഷ്കർഷ വേണമെന്നും ഇസ്ലാമിക ജീവിത രീതി പൂർണ്ണമായും പിന്തുടരണമെന്നും വിദ്യാർത്ഥികളെ നിരന്തരം അദ്ദേഹം ഉണർത്തിയിരുന്നു. അദ്ദേഹത്തിൽ എനിക്ക് കാണാൻ കഴിഞ്ഞ മറ്റൊരു

സവിശേഷത പഠനത്തിൽ ചിലർക്കുണ്ടാകുന്ന വീഴച്ചയെ വലിയ അപരാധമായി കാണാതെ അവരെ ഏറ്റവും സ്നേഹത്തോടെ പഠിപ്പിച്ചെടുക്കുവാനുള്ള അദ്ദേഹത്തിന്റെ ഇടപെടലായിരുന്നു. അത് വലിയ ഒരു കരുതൽ തന്നെയാണ്. ഏറ്റവും മാതൃകപരവുമാണ്, പ്രത്യേകിച്ച് ആ കാലഘട്ടത്തിൽ.

ഒരു നല്ല ഇസ്‌ലാമിക അധ്യാപകൻ അല്ലാഹുവിനെ ഭയപ്പെടുക മാത്രമല്ല, അവൻ പഠിപ്പിക്കുന്ന വിദ്യാർത്ഥികളിൽ അല്ലാഹുവിനോടുള്ള ബന്ധത്തെ കുറിച്ച് ബോധ്യപ്പെടുത്തുന്നവനുമായിരിക്കും. ഈയൊരു രീതിയിലാണ് അദ്ദേഹം ക്ലാസുകൾ എടുത്തിരുന്നത്.

വിശുദ്ധ ജീവിതമായിരുന്നു അബു മുസ്ലിയാർ ലക്ഷ്യം വെച്ചിരുന്നത്. കര്‍മ്മ മേഖലയിൽ അദ്ധേഹം വിശുദ്ധ ഖുർആൻ അദ്ധ്യാപകനായിരുന്നു. പ്രപഞ്ച നാഥന്റെ തിരു അരുളുകൾ കുഞ്ഞുങ്ങളിലേക്ക് പകര്‍ന്നു കൊടുക്കാന് അവസരം കിട്ടിയ മഹാ സൌഭാഗ്യവാനാണ് അദ്ദേഹം.

അദ്ദേഹത്തെ നാഥന് അനുഗ്രഹിക്കട്ടെ. പരാത്രിക ജീവിതം അനുഗ്രഹീതമാക്കട്ടെ. അല്ലാഹുവെ പ്രിയപ്പെട്ട അബു മുസ്ലിയാരെ ജന്നത്തുൽ ഫിർദൌസ് നല്കി അനുഗ്രഹിക്കണമെ.

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/VebBUg0V8Qo?si=2DiqPU4d7rYpsvVs

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/c8c7lrMvIXs?si=PryLdkEcpKD4fTWP

https://youtube.com/shorts/lmbrFCB5c6s?si=YqcPMu_HOglVaOqP

അലി അബ്ദുല്ലാഹ്

എന്റെ ഉപ്പയുടെ വളരെ അടുത്ത സുഹൃത്തുക്കളിൽ ഒരാളായിരുന്നു അബുമുസ്‌ലിയാർ എന്ന അബൂബക്കർ മുസ്‌ലിയാർ. ഞങ്ങളുടെ തറവാട് വീടിനു മുന്നിലൂടെ തല താഴ്ത്തി വളരെ പതിയെ പാടൂർ സെന്ററിലേക്കും ഇടയിൽ അദ്ദേഹത്തിന്റെ സഹോദരിയുടെ വീട്ടിലേക്കും (റാവുത്തർ മുഹമ്മദ്ക്കയുടെ ഭാര്യ അദ്ദേഹത്തിന്റെ സഹോദരിയാണ്, അള്ളാഹു മുഹമ്മദ്ക്കാക്കും, ആ ഉമ്മക്കും സ്വർഗം കൊടുത്തനുഗ്രഹിക്കട്ടെ 🤲) ഒട്ടു മിക്ക എല്ലാ ദിവസങ്ങളിലും വൈകുന്നേരങ്ങളിൽ പോകുമായിരുന്നു. ഇടക്ക് അദ്ദേഹം ദൂരെ നിന്നും വരുന്നത് കണ്ടാൽ വഴിയിൽ ഇറങ്ങിനിന്നു സലാം ചൊല്ലിയാൽ എത്ര സൗമ്യമായിട്ടായിരുന്നു സലാം മടക്കിയിരുന്നത്. എന്നിട്ട് വളരെ ചുരുങ്ങിയ വാക്കുകളിൽ കുശലന്വേഷണങ്ങൾ നടത്തിയിരുന്ന ഉസ്താദിനു അള്ളാഹു സ്വർഗം കൊടുത്തു അനുഗ്രഹിക്കട്ടെ 🤲🤲

<u>സൈനുദ്ധീൻ പാടൂർ</u>

അബുസ്താദ്

മറക്കാനാവാത്ത മുഖം. കൈ◌ നീട്ടി വാങ്ങിയ അടിയെല്ലാം ഒരു സംസ്കാരവും ഇൽമും പകർന്നു നല്കുകയായിരുന്നു. ബാല്യകാലത്തെ മദ്രസ്സാ പഠനം ഇന്നും ഓർക്കുമ്പോൾ അബുഉസ്താദിനെ ഓർക്കാതിരിക്കാനാവില്ല.

അന്ന് വിദ്യാർത്ഥികളായ ഞങ്ങൾ ആദ്യം നോക്കുന്നത് മുറുക്കിയിട്ടുണ്ടോ എന്നാണ്. പഠിക്കാത്തതിൽ ദേഷ്യം വന്നാലും ഉസ്താദ് അത് പ്രകടിപ്പിക്കാറില്ല. മിക്കവാറും അബ്ദുൾ കാദർക്കാടെ ചായകടയിൽനിന്നും ചായ വാങ്ങികൊണ്ട് കൊടുത്തിരുന്നത് ഞങ്ങളിൽ ചിലരാണ്.

ലളിത ഭാഷയിൽ ഓരോ പാഠവും ഞങ്ങൾക്ക് പകർന്നു നൽകിയ ഉസ്താദിന് അള്ളാഹു ജന്നത്തുൽ ഫിർദൗസിൽ അർഹമായ പദവി നാലാകുമാറാകട്ടെ

ആമീൻ

<u>കെ അബ്ദുൽ വാഹിദ് സാഹിബ്</u>

അബൂബക്കർ മുസലിയാർ എന്ന അബു മുസല്യാർ:-

വളരെ ക്ഷമാശീലനും സൗമ്യനുമായ കൊല്ലങ്ങളോളം പാടുരിന്റെ മക്കൾക്ക് _ മറെറല്ലാ ജീവിത സഹചര്യങ്ങളും അവഗ ണിച്ച് _ദീനീ വെളിച്ചം പകർന്നു നൽകുന്നതിൽസംതൃപ്തനായിരുന്നഅബുക്ക (ഞങ്ങൾ അങ്ങിനെയാണ് വിളിച്ചിരുന്നത്) യുടെ പിതാവിന്റെ കുടുംബം ക്കാരുടെ അയൽവാസിയായിരുന്നു ഞങ്ങൾ . പണ്ഡിതസൂഫിവര്യനായിരുന്ന കരു മാന്റെ കായിൽ മൊയ്തീൻ മുസല്യാരുടെ അനുജൻ ന്മാരിൽ ഒരാളായിരുന്ന കുഞ്ഞുമാ◌െയ്തുക്കയുടെ ഏക മകനാണ് അബൂബക്കർ മുസല്യാർ. മുസല്യാരുടെ രണ്ടു സഹോദരിമാരിൽ ഒരാളെ വിവാഹം കഴിച്ചത് എന്റെ കസിൻ മുഹമ്മതു ക്ക യായിരുന്നു. അങ്ങിനെ ഞങ്ങളും മുസല്യാരും സഹോദര സൗഹൃദ ബന്ധങ്ങൾ നിലനിർത്തിയിരുന്നു. സംഭാഷണത്തിന്റെ സരസമുഹൂർത്തങ്ങളിൽ അധികം ശബ്ദ മുണ്ടാക്കാത്ത അടക്കിപിടിച്ച പ്രത്യേക തരത്തിലുള്ള അദ്ദേഹത്തിന്റെചിറി ഓർമയിൽ ഇപ്പോഴുംനിലനിൽക്കുന്നു.

ഖുർആനുമായുള്ള അദ്ദേഹത്തിന്റെ അഗാത ബന്ധമാകാം മറ്റുള്ളവരുമായുള്ള ഇടപഴകലിലും ജീവിതചര്യകളിലുള്ള ലാളിത്യവും എളിമയും.

"കാരുണാമയനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ വിനീതരായി സഞ്ചരിക്കുന്ന"വരാണല്ലോ ?

അല്ലാഹു നമ്മുടെ മൺമറഞ്ഞ ദീനീ സേവകരെയെല്ലാം അവന്റെ ജന്നാത്തുൽ ഫിർദൗസ് നല്കി അനുഹിക്കട്ടെ.നമുക്കെല്ലാം നാളെ അവരോടൊത്ത് കൂടാൻ നാഥൻ അനുഹിക്കട്ടെ. 🤲 🤲

സൈനുദ്ധീൻ പോഗോ

اسلام عليكم ورحمة الله وبركاته

ഓർമ്മകളിലെ

പണ്ഡിത ശ്രേഷ്ഠൻമാർ

നാല് വയസ്സിലോ അഞ്ച് വയസ്സിലോ എന്നാണെന്നറിയില്ല. എന്റെ മദ്രസ്സ പഠന തട്ടകം വടക്കേ മദ്രസ്സയായിരുന്നു. (ഇടിയൻചിറ ഭാഗം) ഉടുതുണി കറുത്ത ചിരടിൽ വലിച്ച് കെട്ടിമുറുക്കി എടുത്ത് ഒരു കുട്ടി കുപ്പായവും ഇട്ട് സ്ളേറ്റും ഒരു കഷ്ണം സ്ളേറ്റ് പെൻസിലും ഒരു കായിതയുമായി (എന്ന് അന്ന് പറഞ്ഞിരുന്ന പുസ്തകം) ഉറക്കച്ചടവോടെ നേരം വൈകി, വൈകിയില്ലാ എന്ന തരത്തിൽ ഓടിയിരുന്ന ഒരു കാലം.

എന്റെ ഓർമ്മ ശെരിയാണെങ്കിൽ മൂന്നാം ക്ലാസ്സ് വരെയോ മറ്റോ അവിടെ ഉണ്ടായിരുന്നുള്ളൂ. .

ഏവർക്കും സുപരിചിതനായ ബഹുമാന്യ പണ്ഡിതൻ മർഹൂം തച്ചങ്കോടൻ ഉസ്താദാണ് അവിടെത്തെ പ്രധാന അധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ ചൂരൽ കഷായം ഞാൻ ആവോളം ആസ്വദിച്ചിട്ടുണ്ട്.ഉസ്താദിനെ കുറിച്ച് രണ്ട് വരി കുറിക്കാതെ പോകുന്നത് ഉചിതമല്ല. ചെറുപ്പം മുതൽ അദ്ദേഹത്തെ കണ്ട് വളർന്ന ഞാൻ അദ്ദേഹത്തിന്റെ വിടവാങ്ങൽ വരെ ആ ബഹുമാനം കാത്ത് സൂക്ഷിച്ച് പോന്നു. അദ്ദേഹം വളരെ മനോഹരമായി ഗാനമാലപിക്കുന്ന വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു. നബിദിന റാലികളിൽ നിറസാന്നിദ്ധ്യവുമായിരുന്നു. അദ്ദേഹ മാല പിക്കുന്ന ഗാനങ്ങൾ വളരെ ഇമ്പമുള്ളതും അതി മനോഹരവുമായിരുന്നു.

നാലാം ക്ലാസ്സിൽ തെക്കെ മദ്രസ്സയിൽ ചെന്ന് ചേർന്നത് ബഹു: പണ്ഡിതൻ അബു മുസ്ലിയാരുടെ ക്ലാസ്സിലാണ്. അടുത്ത കുടുംബ ബന്ധമുള്ള യാളായത് കൊണ്ട് അദ്ദേഹത്തിന്റെ ക്ലാസ്സിൽ തന്നെ കൊണ്ടിരുത്തി.

വളരെവ്യക്തിപ്രഭാവമുള്ള അബുമുസ്ല്യാർ ,അദ്ദേഹം പഠിപ്പിക്കുന്ന കുട്ടികളായാലും പുറത്തുള്ള കുട്ടികളായാലും അമുസ്ലീം കുട്ടികളായാൽ പോലും തൊട്ട് തലോടി സ്നേഹാ ന്നേഷ്യക്കാതെ പോകാറില്ല.

അദ്ദേഹം നന്നായി മുറുക്കുമായിരുന്നു. മുറുക്കി ചുവപ്പിച്ച ചിരിയുമായി ക്ലാസ്സിൽ എത്തിയാൽ ചൂരൽ അടിമരുന്ന് വളരെ കുറയും. തന്നെയുമല്ല സ്നേഹവാത്സല്യം കൂടുകയും ചെയ്യും. അത് അന്നത്തെ പതിവ് കാഴ്ചയാണ്. ഭൗതിക വിദ്യാഭ്യാസത്തിനും പാരത്രിക വിദ്യാഭ്യാസത്തിനും ഉസ്താദ് വളരെ പ്രധാന്യം കൊടുത്ത വ്യക്തിയായിരുന്നു.പല ഫിക്കിഹി മസ്അല സംശയ നിവാരണത്തിന് അദ്ദേഹത്തെ പലരും സമീപിച്ചിരുന്നതായി കേട്ടിട്ടുണ്ട്. സ്നേഹം വിതറി സ്നേഹം വാങ്ങുന്ന അപൂർവ്വം പണ്ഡിതരിൽ ഒരാളായിരുന്നു അദ്ദേഹം. പുലർച്ചെവീട്ടിൽ നിന്നിറങ്ങി വഴിയിൽ കാണുന്നവരോടൊക്കെ കുശലം പറഞ്ഞ് ഒരു കാലൻ കുടയും നിവർത്തിപ്പിടിച്ച്നടന്ന് നീങ്ങുന്ന അബു മുസ്ല്യാരെ കുറിച്ച് ഇന്നും

അദ്ദേഹത്തെ അറിയുന്ന ആർക്കും നല്ലതെ പറയാനുള്ളൂ എന്നുറപ്പാണ്.അനേകം ശിക്ഷ്യഗണങ്ങളുള്ള അദ്ദേഹം പകർന്ന് തന്ന ഖുർആനിക പാരായണ നിയമങ്ങൾ മറ്റു ദീനീ അറിവുകൾ ഞാനടക്കമുള്ള മുന്നത്തെയും പിന്നത്തെയും തലമുറകൾക്ക് വളരെ പ്രജോദനമായിട്ടുണ്ടെന്നുള്ളതിൽ തർക്കമില്ല. അദ്ദേഹം ഇട്ടേച്ച് പോയത് ഒരു പാട് സിഷ്യഗണങ്ങൾക്ക് നൽകിയ അറിവും കാലയവനികക്കുള്ളിൽ മറയുമ്പോൾ കൊണ്ട് പോയത് അദ്ദേഹത്തിൽ അമലും സൽകർമ്മങ്ങളും മാത്രം.

നമുക്ക് പ്രാർത്ഥിക്കാം നമുക്ക് അറിവ് പകർന്ന പണ്ഡിതർക്ക് വേണ്ടി.പരലോകത്ത് അള്ളാഹു അവന്റെ ജന്നാത്തുൽ ഫിർദൗസിൽ നമ്മളെയും അവരെയും ഒരുമിച്ച് ചേർക്കണമെ ...ആമീൻ യാ റബ്ബുൽ ആലമീൻ.

ചില ഉസ്താദുമാരെ കുറിച്ച് കുറിച്ച് മനസ്സിലുള്ള ചിത്രങ്ങളുണ്ട്.ബഹു: പണ്ഡിതൻ പള്ളിക്കലെ മെയ്ല്യാർ (എന്ന വിളിപ്പേര്) അദ്ദേഹത്തെ കൂടുതലടുക്കാൻ കഴിഞ്ഞില്ലങ്കിലും ദൂരെ നിന്ന് നോക്കി കണ്ടിരുന്ന വ്യക്ത്യത്വങ്ങളിലോരാളായിരുന്നു ഈയുള്ളവൻ. ബഹുമാന്യ പണ്ഡിതൻ ആലി മുസ്ല്യാർ, കുഞ്ഞി ബാവു മുസ്ല്യാർ, കേലാണ്ടത്ത് അഹമ്മദ് മുസ്ല്യാർ, മാട്ടുമ്മൽ മുഹമ്മദ് മുസ്ല്യാർ, തുടങ്ങിയ പണ്ഡിതരെ മാത്രം എന്റെ ഓർമ്മയിൽ നിന്ന് ചികഞ്ഞെടുത്തതാണ് ആരെങ്കിലും വിട്ട് പോയിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്ന പേക്ഷ.പറഞ്ഞതും പറയാത്തതുമായ എല്ലാ വർക്കും അള്ളാഹു സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ.... എന്ന പ്രാർത്ഥനാ വസിയ്യത്തോടെ എന്റെ ഈ കുറിപ്പവസാനിപ്പിക്കുന്നു. എല്ലാവർക്കും നന്മകൾ നേർന്ന് കൊണ്ട്

ZAIN Pogo Tech Mob:9745663339.

<u>ശിഹാബ് -ശബ്ദ സന്ദേശം</u>

https://youtube.com/shorts/NTkG0SlHTwg?si=m-6oXwB5dVe45h8o

<u>നാസറുദ്ധീൻ തങ്ങൾ</u>

അബു മുസ്ലിയാർ എന്നെ പഠിപ്പിച്ചിട്ടു ഇല്ല. എല്ലാവരും പറഞ്ഞ പോലെ ചിരിക്കുന്ന സ്നേഹമുള്ള ശാന്തനായ മുസ്ലിയാർ.

അല്ലാഹു സ്വർഗം നൽകി അനുഗ്രഹിക്കട്ടെ آمين

<u>അമീറുദ്ധീൻ കെ എം</u>

അബു മുസ്ല്യാർ മദ്രസ്സയിലെ നാലാം ക്ലാസ്സിന്റെ ചാർജ് ഉണ്ടായിരുന്ന ഉസ്താദ് ' മറ്റു ഡിവിഷനിൽ പഠിച്ച് 4 ക്ലാസ്സ് പാസ്സായവർക്കും ഉസ്താദിന്റെ ക്ലാസിൽ പഠിച്ചവരും ഉണ്ടാകുമ്പോൾ ആണ് ഉസ്താദിന്റെ വിനയവും മഹത്വവും ഓരോ

കുട്ടികളോടും ഉള്ള സമീപനവും മനസ്സിൽ ആകുകയുള്ളു. യാസീൻ സൂറത്ത് മനപ്പാഠ മാക്കാതെ ഒരു കുട്ടിയും ഉസ്താദിന്റെ ക്ലാസ്സിൽ നിന്ന് പിരിഞ്ഞിട്ടുണ്ടാകില്ല. മാനസ്സിക മായി ഓരോരുത്തരുടെ കഴിവ് നോക്കി പ്രോത്സാഹിപ്പിച്ച് പഠിപ്പിച്ചിരുന്ന മഹൽ വ്യക്തി ആണ്. വിനയത്തോടെ പതിഞ്ഞ ശബ്ദത്തിൽ മാത്രം സംസാരിച്ചിരുന്ന പണ്ഡിതൻ. പഠന ശേഷം കഴിഞ്ഞിട്ടും വളരെ ആവേശത്തോടെ നമ്മുടെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞ് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി യുന്നു മഹാൻ. അള്ളാഹു ഖബർ ജീവിതം വിശാലമാക്കി കൊടുക്കട്ടെ. സ്വർഗ്ഗത്തിൽ അവരോടൊപ്പം നമ്മേയും ഒരുമിച്ച് കൂട്ടുമാറാകട്ടെ . ആമീൻ

<u>തൈസീർ</u>

അബല്ല്യര്..

കുടുംബത്തിലെ ഒട്ടു മിക്ക ആളുകളുടെയും നാലാം ക്ലാസ്സ് ഉസ്താദ്. സൂറഹ് യാസീൻ ഓതി,ഓതിച്ചു മനപ്പാഠം ആക്കുന്നതിലെ ഗുരുവര്യൻ...

അടുത്തറിയുന്ന വീടുകളിൽ ഇസ്ലാമിക ചട്ട കൂട് ഉണ്ടാക്കി എടുക്കുന്നതിൽ സൗമ്യമായി ഇടപ്പെട്ട് വളർത്തിയ ഉസ്താദ്..

വാക്കും പ്രവർത്തിയും ഒരേ പോലെ ജീവിതത്തിൽ ശീലമാക്കി കാണിച്ചു സാധാരണക്കാരൻ....

പ്രിയ കബീർബായ്, മദ്രസ്സയിൽ ഒരുമിച്ചു പഠിച്ച ആമിന മോൾ എന്നിവരുടെ പ്രിയ പിതാവ്....

അദ്ദേഹത്തിന്റെ മരണ സമയത്തു സാന്നിധ്യം ഉണ്ടായിരുന്ന എന്റെ അയൽവാസി ഇക്ക അനുഭവപ്പെടുത്തിയത്...

തന്റെ രക്ഷിതാവിലേക്കു തൃപ്തി പെട്ടുകൊണ്ടും തൃപ്തി ലഭിച്ചു കൊണ്ടും മടങ്ങിയ സമാധാനമടഞ്ഞ ആത്മാവിനെ അനിവാര്യമാക്കുന്നത് ആയിരുന്നു എന്നാണ്..

എപ്പോഴും പ്രാർത്ഥനയിൽ ഉണ്ട് പ്രിയ ഉസ്താദേ..താങ്കളെ കണ്ടു മുട്ടാൻ എനിക്ക് സ്വർഗപ്രവേശനം സാധ്യമാക്കണേ എന്ന പ്രാർത്ഥന മാത്രം..

തൈസീർ...

<u>ഷെഫീഖ് പാടൂർ</u>

അസ്സലാമു അലൈക്കും

അബു മുസ്ലിയാർ

ഞങ്ങൾ ഉസ്താദിനെ കുറിച്ച് ബാക്കിയുള്ളവരോട് സംസാരിക്കുമ്പോൾ അബേയ്യ്യർ എന്നാണ്പറയുക. നാലിൽ ഉസ്താദിന്റെ ക്ലാസിൽ പഠിക്കാനുള്ള ഭാഗ്യം ഉണ്ടായിട്ടുണ്ട്.

ഖുർആൻ എല്ലാ ദിവസവും ഓതണമെന്ന് ഉസ്താദിന് നിർബന്ധമുണ്ടായിരുന്നു.

ഉസ്താദിന്റെ അയൽവാസി ആയതുകൊണ്ട് തന്നെ ഉസ്താദിനും കുടുംബത്തിനും അവിടെ കുട്ടികൾ ഇല്ലാത്തത് കൊണ്ട് കടയിൽ പോകാനും നേർച്ചടെ ചോർ വെടിക്കാനും എന്നെ അന്വേഷിച്ച് വീട്ടിൽ വരും. ഉസ്താദിന് അങ്ങനെ ചെറിയ ചെറിയ സഹായങ്ങൾ ചെയ്യാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്.ഉസ്താദിന്റെ പേരക്കുട്ടികളും (പെൺകുട്ടികളുടെ മക്കൾ) ഞങ്ങളുംവെക്കേഷൻ സമയത്ത് ഉസ്താദിന്റെ പറമ്പിലാണ് കളിക്കാർ. വെള്ളിയാഴ്ച ഞങ്ങളോട് 10 മണിക്ക് പള്ളിയിൽ എത്താൻ പറയും. പള്ളിയുടെ മേലെ അടിച്ചു വൃത്തിയാക്കി പായ വിരിക്കുന്ന ജോലി ഞങ്ങൾക്കാണ് തന്നിരുന്നത്. ഉസ്താദ് തന്നെയാണ് ഞങ്ങളെ പള്ളിയിലെ മെയ്ല്യാരേം പരിചയപ്പെടുത്തി തന്നിട്ടുള്ളത്. എപ്പോൾ പള്ളിയുടെ മുകളിൽ പോയാലും ഓർമ്മവരുന്ന രണ്ട് മഹാ വ്യക്തിത്വം പള്ളിയിലെ മെയിലാരും അമ്പയിലാരും. എപ്പോൾ ഉസ്താദിന്റെ വീട്ടിൽ പോയാലും ഉറങ്ങുന്ന സമയമല്ലാതെ ബാക്കി എല്ലാ സമയത്തും ഖുർആനോ തസ്ബിയോ ആയി ആ ചാരു കസേരയിൽ ഉണ്ടാവും. എന്ത് തെറ്റ് കണ്ടാലും ദേഷ്യം പിടിച്ച ചീത്ത പറയാൻ അറിയാത്ത ഉസ്താദ്. സ്കൂളിൽ മാർക്ക് കുറവാണെന്ന് പറഞ്ഞു ആമിന മോൾ ഇത്തനെകൊണ്ട് ഫ്രീയായി ട്യൂഷൻ എടുപ്പിച്ചിരുന്ന പ്രിയ ഉസ്താദ്.

പ്രിയ ഉസ്താദുമാരെ സ്വർഗ്ഗത്തിൽ വച്ച് കാണാനുള്ള ഭാഗ്യം അവർക്കും നമ്മൾക്കും അല്ലാഹു നൽകട്ടെ. ആമീൻ.

<u>ആർ വി അബ്ദുൽ ഹമീദ് സാഹിബ്</u>

അബു ഉസ്താ നിതിന്റെ ക്ലാസിൽ പഠിക്കാൻ എനിക്ക് അവസരം ഉണ്ടായിട്ടുണ്ട്.അബു മുസ്ലിയാർ എന്ന് പറയേണ്ട ഉസ്താദ് എന്ന് പറഞ്ഞാൽ മതിഎന്ന് മൂപ്പര് തന്നെ അന്ന് പറഞ്ഞ തായിട്ട് ഓർമ്മയുണ്ട്.പിന്നീട് ഉസ്താദ് എന്നാണ് ഞങ്ങൾ അദ്ദേഹത്തെ വിളിച്ചിരുന്നത്.ഒരു റമദാൻ മാസത്തിൽഞാനുമായി അല്പം തമാശ പറഞ്ഞത് ഓർമ്മയുണ്ട്.അന്ന് ഞാൻ തടിയുള്ള ഒരു ഉണ്ട ചെക്കൻ ആയിരുന്നു.നോമ്പ് കഴിയുമ്പോഴേക്കും നിൻറെ തടിയൊക്കെ പോകും അല്ലേ എന്ന് പറഞ്ഞു.ഉടനെ മൂപ്പര് തന്നെ തിരുത്തി പറഞ്ഞു അലീ സയും നെയ്യും കഴിച്ച് തടി കൂടാന് സാധ്യത.അങ്ങനെ ഒരു തമാശ പറഞ്ഞത് ഓർമ്മ വരികയാണ്.എപ്പോഴും ചിരിച്ച മുഖമായിരിക്കുംഉസ്താദിന്റേത്.എൻറെ ഒരു ബന്ധുകൂടിയാണ് അദ്ദേഹംആലി കുഞ്ഞിപ്പാടെ മകൻ അഷറഫ് ആണ് അദ്ദേഹത്തിൻറെ മകളെ കല്യാണം കഴിച്ചിട്ടുള്ളത്.അങ്ങനെ ഒരു ബന്ധം കൂടി ഉണ്ട്അദ്ദേഹത്തിനും നമുക്കും ജന്നാത്തുൽ ഫിർദൗസിൽത്തിൽ ഒരു ഒരുമിച്ചു കൂടുവാൻ അല്ലാഹു തൗഫീഖ് ചെയ്യട്ടെ ആമീൻ

<u>പി എൻ അബ്ദുൽ ഖാദർ സാഹിബ്</u>

അബു ഐലേത് എന്ന് വിളിച്ചിരുന്ന അഭിവന്യ ഗുരു അബു ഉസ്താദ് എന്റെ പഠന കാലത്ത് ഒരു പാട് അനുഭവങ്ങൾ പറയാനുണ്ട് കുറച്ച് സെന്റിയാണ് എങ്കിലും കുറിക്കട്ടെ ഒന്നാമതായി പറഞ്ഞാൽ ഒരു ദിവസം പോലും മദ്രസയിൽ മുടങ്ങാൻ പറ്റില്ല കാരണം നമ്മുടെ രാവിലത്തെ കാര്യങ്ങൾ കണ്ടാൽ ഉമ്മാക്ക് കാര്യം മനസിലാകും അപ്പോൾ പരിക്കൽ ചെന്ന് നിന്ന് ഏതെങ്കിലും ഉസ്താദിനോട് പറയും എന്ന് പറഞ്ഞാൽ പിന്നെ മദ്രസയിലേക്ക് ഒരു ഓട്ടമാണ് ചെറുപ്പത്തിൽ തന്നെ യത്തീമായ തുകൊണ്ടാവാം എന്നോട് വളരെ വാൽസല്യവും സ്നേഹവും ഉണ്ടായിരുന്നു ദിവസവും ഇൻട്രബെല്ലടിച്ചാൽ ഉസ്താദിന് ചായ വാങ്ങിച്ചാൽ അതിൽ നിന്ന് പകുതി എനിക്കും തരും പെരുമാറ്റത്തിലും വളരെയധികം സ്നേഹം മാൽസല്യത്തോട് കൂടി ആയിരുന്നു പിൽക്കാലത്ത് എന്റെ മക്കളെയും പഠിപ്പിച്ചിരുന്നു ഞാൻ പുറത്ത് പോയ സമയത്ത് നവാസിനെ പഠിപ്പിച്ചിരുന്നു വീട്ടിൽ നിത്യ സന്ദർഷകനായിക്കുന്ന അദ്ദേഹം ഞാൻ നാട്ടിലുള്ള സമയത്ത് നവാസ് മദ്രസയിൽ മുടങ്ങിയ പിറ്റെ ദിവസം വീട്ടിൽ വന്നപ്പോൾ കാരണം ചോദിച്ചപ്പോൾ കോഴിമുട്ട ഇല്ലാത്തത് കൊണ്ടാണെന്ന് പറഞ്ഞത്രെ അത് അദ്ദേഹം വളരെ ഫലിത രൂപത്തിൽ പറഞ്ഞതായി ഓർക്കുന്നു ഏതായാലും ഇങ്ങനെ ഒരു ഓർമകുറിപ്പിന് തുടക്കം കുറിച്ചവർക്ക് എന്റെ സ്നേഹാദരം നമ്മുടെ ജീവിചിരിക്കുന്ന പണ്ഡിതന്മാർക്ക് ആയുരാരോഗ്യ സൗഖ്യം ഉണ്ടാവട്ടെ മരണപ്പെട്ടവർക്ക് അള്ളാഹു മഗ്ഫിറത്ത് നൽകി അവന്റെ ജന്നാത്തുൽ ഫിർദൗസിൽ അവരേയുംനമ്മളേയും ഒരുമിച്ച് കൂട്ടട്ടെ

09 Nov 2025

Episode-5

മർഹും പി പി മുഹമ്മദ് മുസ്‌ലിയാർ



പാടൂരിന്റെ ഒരു അനുഗ്രഹമായിരുന്നു മുൻകാലങ്ങളിൽ തഅ്ലീമുൽ ഇസ്ലാം മദ്രസ്സയിൽ അധ്യാപകരായിരുന്നവരിൽ കൂടുതൽ പേരും ഇവിടെ തന്നെ ജനിച്ചുവളർന്നവരാണ് എന്നുള്ളത്.

യാതൊരു ഭൗതികലാഭവും ആഗ്രഹിക്കാതെ പുതിയ തലമുറയെ ഇസ്ലാമിക മാർഗ്ഗത്തിലൂടെ കൈ പിടിച്ചുയർത്താൻ അഹോരാത്രം പ്രവർത്തിച്ച ഒരു കൂട്ടം ഉസ്താദുമാരുടെ പ്രധാന പ്രവർത്തന കേന്ദ്രമാണ് ഈ മദ്റസ.തലമുറകൾ മാറിമറിയുമ്പോഴും അവർ പകർന്നു നൽകിയ ദീനിയായ വിജ്ഞാനമാണ്

നമ്മൾ നമ്മുടെ അടുത്ത തലമുറയിലേക്കും പകരുന്നത്. സ്കൂളില്ലാത്ത ഞായറാഴ്ചകളിൽ ഉച്ച കഴിഞ്ഞും ക്ലാസുകൾ നമ്മുടെ ഈ മദ്റസയിൽ ഉസ്താദുമാർ സംഘടിപ്പിക്കാറുണ്ടായിരുന്നു.

നമുക്ക് മുൻപേ മൺമറഞ്ഞു പോയവരും ജീവിച്ചിരിക്കുന്നവരുമായ ഉസ്താദുമാരെ കുറിച്ചുള്ള ഓർമ്മ പുതുക്കൽ ഇന്ന് നമ്മുടെ ഉസ്താദുമാരിൽ ഒരാളായ മർഹൂം മുഹമ്മദ് മുസ്ലിയാരെ കുറിച്ചാണ്. ഓരോ ആളും അവരവരുടെ ഓർമ്മകൾ എഴുത്തായോ ശബ്ദമായോ കൊണ്ടുവരിക.

നമ്മുടെ ഈ നല്ല പ്രവർത്തനത്തിന് അള്ളാഹു തക്ക പ്രതിഫലം നൽകുമാറാവട്ടെ. ആമീന്

അഡ്മിൻസ്

<u>നജീബ് സാഹിബ് കാരിയാട്ട്-ശബ്ദ സന്ദേശം</u>

https://youtu.be/oCTNvEI9KGM?si=AihhNn2DFlOiAdPl

<u>മുഹമ്മദ് സഊദ്</u>

അങ്ങകലെ അറേബ്യയിൽ ഉദിച്ച നക്ഷത്രം അതിന്റെ ഭാഷ നമുക്ക് ഗ്രഹിക്കാൻ സാധിപ്പിച്ച പണ്ഡിതരയേ നമ്മുടെ പൂർവികർ എത്ര സുഗുർധം ചെയ്തവർ കടൽ കടന്നെത്തിയത് ഭാഷ മാത്രമല്ല ഒരു സാംസ്കാരിക പൈത്രകാമാണെന്ന് തിരിച്ചറിഞ്ഞത് കൊണ്ടായിരിക്കാം ഇസ്ലാം എന്ന പ്രത്യയ ശാസ്ത്രം മറ്റു പ്രദേശങ്ങളേല്ന്ന് പോലെ നമ്മുടെ നാടും അതിനെ സ്വീകരിച്ചധും അതിനുള്ള സൗകര്യം ഒരുക്കിയദു, നമ്മിൽ നിന്ന് വിട്ടു പോയ മാറ്റുമ്മൽ മുഹമ്മദ് മുസ്‌ലിയാർ മദ്രസാ ആദ്യബാകനായ അദ്ദേഹം വഹിച്ച പങ്കു വലുതാണ് നാഥൻ അദ്ദേഹത്തിന് ജന്നത്തുൽ ഫിർദൗസിൽ ഇടം നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു അസ്സലാമുഅലൈക്കും

<u>ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം</u>

https://youtu.be/eSXoNTlRmO8?si=E5-EOQguM8TdOXWX

<u>അബ്ദുൽ മജീദ് മുഹമ്മദ്</u>

പരസ്പരം സ്നേഹിക്കാനും ദയാവായ്പ്പോടെ ജീവിതം എല്ലായ്പ്പോഴും മുന്നോട്ട് നയിക്കണമെന്നും സ്വന്തം ജീവിതം സാക്ഷ്യപ്പെടുത്തി വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തിയ നമ്മുടെ ഏറെ പ്രിയങ്കരനായ മർഹൂം മുഹമ്മദ് മുസ്ല്യാർ… മുൻകാലങ്ങളിൽ മുഹമ്മദ് മുസ്ലാരെ പോലെ, അബെയിലാരെ പോലെ, കുഞ്ഞുബാവു മുസ്ല്യാരെ പോലെ ഉള്ള ഉസ്താദുമാർ ഇന്നിന്റെ യുഗത്തിൽ വളരെ വിരളമാണ്. നിലവിലുള്ള ഉസ്താദുമാരെ മോശക്കാരനായി കാണുന്നില്ല എങ്കിലും പഴയകാല ഉസ്താദുമാരെ പോലുള്ളവർ, അവർ തന്നെയാണ് നമ്മുടെ

ദീനിന്റെ വെളിച്ചം. സ്വന്തം താല്പര്യത്തിനു വേണ്ടിയോ സാമ്പത്തിക നേട്ടത്തിനോ വേണ്ടി ആയിരുന്നില്ല അവർ നമുക്ക് ദീനിനെ പകുത്ത് നൽകിയത്.. അവർ സമ്പാദിക്കുകയായിരുന്നു, ആഖിറത്തിനു വേണ്ടി.. നാഥന്റെ തൃപ്തിക്ക് വേണ്ടി… സ്വാലിഹായ മക്കൾ ഉണ്ടാകുക, അവർ സമൂഹത്തിനും സമുദായത്തിനും ഉപകാരമുള്ളവർ ആയി തീരുക, ഇതെല്ലാം പുണ്യം ചെയ്ത മാതാപിതാക്കളുടെ ഭാഗ്യമാണ്. അങ്ങിനെ നോക്കുമ്പോൾ പുണ്യം ചെയ്ത മഹാനാണ് നമ്മുടെ ഏറെ പ്രിയങ്കരനായ മർഹൂം മുഹമ്മദ് മുസ്ലാർ. തന്റെ മക്കളും അതെ വഴിയിലൂടെ…. നാഥൻ സ്വർഗ്ഗത്തിൽ ഉന്നതമായ ദറജ നൽകി അനുഗ്രഹിക്കട്ടെ.. പുണ്യ റസൂലിന്റെ ചാരത്ത് ചേർന്നു നിൽക്കാൻ സൗഭാഗ്യം ലഭിക്കട്ടെയെന്ന് ആത്മാർത്ഥമായി ദുആ ചെയ്യുന്നു.

<u>നജീബ് സാഹിബ് കാരിയാട്ട്-ശബ്ദ സന്ദേശം</u>

https://youtube.com/shorts/Ox2tv4v9hJo?si=d38eo4WPuKyKQr5T

<u>സലിം കണ്ടംപറമ്പിൽ</u>

അസലാമു അലൈക്കും ആദരണീയനും ബഹുമാന്യനും ആയ മർഹൂം മുഹമ്മദ് മുസ്ലിയാരെ കുറിച്ച് പറയുമ്പോൾ വെറുതെ പറഞ്ഞുപോകാനുള്ള ഒരു ബന്ധവും അല്ല ബഹുമാനപ്പെട്ട വരെ കുറിച്ചുള്ളത്, മർഹൂം തച്ചങ്കോടൻ ഹമീദ് മുസ്ലിയാർ, മാമദ് മുസ്ലിയാർ, മുഹമ്മദ് മുസ്ലിയാർ, അബു മുസ്ലിയാർ, കുഞ്ഞുബാവു മുസ്ലിയാർ, M. V കുഞ്ഞഹമ്മദ് മുസ്ലിയാർ തുടങ്ങി എനിക്ക് ദീൻ പകർന്നു നൽകിയ ഉസ്താക്കന്മാരെ അവരുടെ മുഖം ഭിത്തിയിൽ കൊത്തിയിട്ട് പോലെ മനസ്സിന്റെ കോണിൽ ഒരു അനുഭവമായി ഇന്നും നിലനിൽക്കുകയാണ്. ആദരണീയനായ മുഹമ്മദ് മുസ്ലിയാരെ കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ താമസം പണ്ടാരമഡിൽ നിന്ന് എന്റെ തൊട്ട അയൽവക്കത്തേക്ക് മാറിയത് മുതൽ അദ്ദേഹവുമായി വളരെ വൈകാരികമായ ഒരു ഹൃദയബന്ധം ആണ് ഉള്ളത് അദ്ദേഹത്തെ കാണാത്ത ദിവസങ്ങളില്ല അദ്ദേഹവുമായി സംസാരിക്കാത്ത ദിനങ്ങൾ ഇല്ല എന്ന് തന്നെ പറയാം ഓർക്കുമ്പോൾ അദ്ദേഹത്തിന്റെ പുഞ്ചിരി മാറാത്ത മുഖമാണ് ഓർമ്മ വരിക ജീവിതം മുഴുവൻ ദീനിൽ ഇസ്ലാമിന് വേണ്ടി സമർപ്പിച്ച അദ്ദേഹത്തെപ്പോലെ തന്നെ ഒരു തലമുറയെ വാർത്തെടുക്കാൻ ശ്രമിക്കുകയാണ് ചെയ്തത് അതിൽ പെട്ട ഒരാളാണ് ഞാനും ഇദ്ദേഹത്തെ പോലുള്ള ഉസ്താദുമാരുടെ കീഴിൽ ഇൽമ് പഠിച്ചത് കൊണ്ടാവാം ഞാനൊന്നും ചെറുപ്പം മുതൽ ഇന്ന് ഈ സമയം വരെ വേറൊരു തെറ്റായ ദിശയിലേക്ക് മാറി പോകാതിരുന്നത് അങ്ങിനെ ഒട്ടനവധി ആളുകൾക്ക് അവരുടെ കഥകൾ പറയാൻ ഉണ്ടാവും, ഉസ്താദുമായി ഉണ്ടായിരുന്ന ബന്ധം അദ്ദേഹത്തിന്റെ കുടുംബവുമായി അദ്ദേഹത്തിന്റെ മക്കളുമായി നിലനിർത്താൻ സാധിച്ചിട്ടുണ്ട് അല്ലാഹു സുബ്ഹാനവുതാല നാളെ ആഹാരത്തിലും മഹാരഥന്മാരായ ഈ ഉസ്താക്കന്മാരുടെ കൂടെ സ്വർഗ്ഗം പൂകാൻ അനുഗ്രഹിക്കട്ടെ. അല്ലാഹു ബഹുമാനപ്പെട്ടവർക്ക് സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ . ആമീൻ

സൈനുദ്ധീൻ പാടൂർ

اسلام عليكم ورحمة الله وبركاته

ഉസ്താദ് മുഹമ്മദ് മുസ്ല്യാർ. എന്റെയും അധ്യാപകനാണ്. സൗമ്യശീലനും എപ്പോഴും പുഞ്ചിരിക്കുന്ന ഉസ്താദിന്റെ ക്ളാസ്സുകൾ ഏറെ ഹൃദ്യമാണ്. അറിവ് പകർന്നുതന്നിരുന്ന ഉസ്താദുമാർ അന്ന് പാടൂരില്ലുള്ളവർ തന്നെയാണ് കൂടുതലും എന്ന് ഇപ്പോൾ തിരിച്ചറിയുന്നു. നല്ല വ്യക്തിത്വങ്ങളായി കുട്ടികളെ വളർത്തിയെടുക്കുന്നതിൽ മർഹൂം മുഹമ്മദ് ഉസ്താദിന്റെ മദ്രസ്സയിലെ സേവനം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്നും ഓർക്കുന്നത് ആ പുഞ്ചിരിതന്നെ. നമ്മുടെ എല്ലാ ഉസ്താദുമാർക്കും നമ്മളെ വിട്ടുപോയ നമ്മുടെ മാതപിതാക്കൾക്കും

അള്ളാഹു സ്വർഗ്ഗ പൂങ്കാവനം നൽകി അനുഗഹിക്കുമാറാവട്ടെ

آمين 🤲 يارب العالمين

ഫാറൂഖ് തങ്ങൾ

മുഹമ്മദ് മുസ്ലിയാർ

ഖുർആൻ അല്ലാഹുവിന്റെ കലാമാണ്. വസ്തുതാപരവും വിജ്ഞാനപ്രദവും സമഗ്രവുമാണത്. വിശുദ്ധ ഖുർആൻ മുഴുവൻ ലോകത്തിനും മനുഷ്യർക്കും ദിവ്യമായ മാർഗനിർദേശവും വിമോചനവും നൽകുന്നു. ഒരു തലമുറയെ വിശുദ്ധ ഖുർആന്റെ വെളിച്ചത്തിലേക്ക് വഴി നടത്തുക എന്ന വലിയ ദൌത്യം ഏറ്റെടുത്ത മുഹമദ് മുസ്ലിയാർ ഇപ്പോഴും ഓർമ്മകളിലുണ്ട്.

മുഹമദ് മുസ്ലിയാരെ ആദ്യം കാണുന്നതും ഇടപഴുകുന്നതും ജമാലിയ മസ്ജിദിൽ വെച്ചാണ്. അവിടെ കുറച്ച് കാലം അദ്ദേഹമായിരുന്നു مَغْرِب നമസ്ക്കാരത്തിനു നേതൃത്വം നൽകിയിരുന്നത്. മദ്രസ്സയിൽ അദ്ദേഹം എന്റെ ഉസ്താദല്ലാതിരുനിട്ടും നല്ല ബന്ധം സൂക്ഷിക്കാൻ കഴിഞ്ഞുരുന്നു. ഉസ്താദ് കാണുമ്പോഴെല്ലാം കുറച്ച് നേരം കുശാലാന്വേഷണങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു. മാത്രവുമല്ല എന്റെ വാപ്പയുമായും അദ്ദേഹം നല്ല അടുപ്പമായിരുന്നു.

ഒരു ഇസ്ലാമിക അധ്യാപകൻ സത്യസന്ധനും ആദരണീയനും വിനയാന്വിതനും ആയിരിക്കണം. ഇസ്ലാമിക പഠിപ്പിക്കലുകളിൽ കാണപ്പെടുന്ന കരുണയും ദയയും ഉൾക്കൊള്ളുന്നുവനുമായിരിക്കണം. തീർച്ചയായും മുഹമദ് മുസ്ലിയാരിലും ഈ ഗുണ സവിശേഷതകളുണ്ടായിരുന്നു. പഠിപ്പിക്കുന്ന വിഷയങ്ങൾ വിദ്യാർത്ഥികൾക്ക് കൃത്യമായി ഗ്രാഹ്യമാകാണമെന്ന നിഷ്കർഷ അദ്ദേഹത്തിനുണ്ടായിരുന്നു.

അല്ലാഹു അനുഗ്രഹിക്കട്ടേ,അദ്ദേഹത്തിന്റെ പാരത്രിക ജീവിതം ഐശ്വരപൂർണ്ണമാക്കി കൊടുക്കട്ടെ.

ശിഹാബ് -ശബ്ദ സന്ദേശം

https://youtube.com/shorts/7WI3BVj2SZg?si=i6hRfAvUw7b50b93

ശിഹാബിന്റെ ചോദ്യങ്ങൾക്കു ശുഐബിന്റെ മറുപടി

https://youtu.be/U49DvHqfsVQ?si=wonn863ETgT1Gghs

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/nE8vbnOo2pU?si=vBXA256yzYR3MmX6

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/Nn_FqYFyvnI?si=CBowN9mXMtRN_a1r

ആർ വി അബ്ദുൽ ഹമീദ് സാഹിബ്

السلام عليكم ورحمه الله

മുഹമ്മദ് മുസ്ലിയാർ എൻറെയും ഒരു ഉസ്താദ് ആയിരുന്നു.

മുഹമ്മദ് മുസ്ലിയാരെ കുറിച്ച് ഓർക്കുമ്പോൾ ദുനിയാവിലും ആഖിറത്തിലും വിജയിച്ച ഒരു മനുഷ്യനായി അദ്ദേഹത്തെ വിലയിരുത്താം.സ്വാലിഹായ മക്കളെ കുറിച്ചും. ജാരിയായ സദക്കയെ കുറിച്ചുംപറയുന്നുണ്ടല്ലോമക്കളുടെ പ്രാർത്ഥന എന്നും അദ്ദേഹത്തിന് കിട്ടിക്കൊണ്ടിരിക്കും അതേപോലെ അദ്ദേഹത്തിൻറെ അമല് സ്വാലിഹാത്ത് ഇവിടെ ഉണ്ടെങ്കിൽ അതും കബറിൽ കിട്ടിക്കൊണ്ടിരിക്കും എന്നാണല്ലോ പറയുന്നത്.സൂറത്തുൽ കഹ്ഫിലെ ഒരു ആയത്ത് المال والبنون زينه الحياه الدنيا والباقيات الصالحات خير عند ربك ثوابا وخير املا സുപരിചിതമായ ഈ ആയത്ത് ഇതാണ് സൂചിപ്പിക്കുന്നത്.അദ്ദേഹത്തെയും നമ്മളെയും അള്ളാഹു ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂടുവാൻ തൗഫീഖ് ചെയ്യട്ടെ

ആർ വി ഉമ്മർ സാഹിബ്

വെളുത്ത വസ്ത്രങ്ങൾ വെളുത്ത തലക്കെട്ട്, വട്ടമുഖം, സൗമ്യൻ, സുമുഖൻ, സുസ്മേരവദനൻ, ആരെയും വെറുപ്പിക്കാത്ത സംഭാഷണ ശൈലി. നാട്ടുകാരുടെ മാട്ടുമ്മൽ മുസ്ലിയാര് പക്ഷേ പുത്തൻപുരക്കാരുടെ വീടുകളിൽ മുഹമ്മദ്ക്കയാണ്. ഞങ്ങളുടെ സംഭാഷണങ്ങളിൽ മുസ്ലിയാർ എന്ന് പറഞ്ഞ് അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത് കണ്ടിട്ടില്ല.

അദ്ദേഹത്തിൻറെ ആത്മാർത്ഥതയും മറ്റുള്ളവരോട് ഇടപഴകുന്ന രീതിയുടെ മാന്യതയും പലരും ഇവിടെ പങ്കുവെച്ചു കണ്ടു. ഈർഷ്യയോടെയോ കലഹിക്കുന്ന വിധത്തിലോ അദ്ദേഹം ആരോടെങ്കിലും ഇടപെടുന്നത് കണ്ടതായി ഓർമ്മയിൽ ഇല്ല.

ഇനി പറയാനുള്ളത് സ്വല്പം കുടുംബ വിശേഷമായി തോന്നും, പക്ഷെ അധികമാർക്കും അറിയാൻ സാധ്യതയില്ലാത്ത ഒരു വിഷയമായത് കൊണ്ട് പറയുകയാണ്.

പുത്തൻപുര കുടുംബത്തെ സംബന്ധിച്ചിടത്തോളം വിവിധ തലമുറകളുടെ ചരിത്രത്തിൻറെ വിശദാംശങ്ങൾ, സന്താന പരമ്പരകളുടെ താവഴികൾ തുടങ്ങി പലതും അദ്ദേഹത്തിന് കൈവെള്ളയിലെ രേഖകൾ പോലെ ഹൃദിസ്ഥമായിരുന്നു.

അഞ്ച് തലമുറകൾക്കിപ്പുറം, പുത്തൻപുരയിലെ ഇളമുറക്കാർ തങ്ങളുടെ താവഴിയുടെ ഫാമിലി ചാർട്ട് ഉണ്ടാക്കുവാൻ വേണ്ടി ശ്രമിച്ചപ്പോൾ, പഴയ തലമുറകളുടെ വിശദാംശങ്ങൾ പകർന്നു നൽകിയത് അദ്ദേഹമായിരുന്നു. ഞങ്ങളുടെ കുടുംബത്തെ സംബന്ധിച്ചിടത്തോളം കുടുംബ ബന്ധങ്ങളുടെ ഇണചേർത്ത ചരിത്രത്തിൻറെ അവശേഷിച്ച ഒരു സ്രോതസ്സ് ആയിരുന്നു അദ്ദേഹത്തിൻറെ മരണത്തോടെ നഷ്ടമായത്.

അല്ലാഹു അദ്ദേഹത്തിന് പരലോക മോക്ഷവും ഉത്തമമായ പ്രതിഫലവും നൽകുമാറാകട്ടെ! ആമീൻ.

<u>സഈദ് തങ്ങൾ</u>

മാട്ടുമ്മൽ മുഹമ്മദ് മുസ്‌ലിയാർ

****

പുഞ്ചിരിയുടെ നിലാഭംഗി വിതറി നമുക്കിടയിലൂടെ ദീർഘ നാൾ നടന്നു നീങ്ങിയ സുമുഖനായ മാട്ടുമ്മൽ മുഹമ്മദ് മുസ്ലിയാർ വളരെ സൗമ്യനായിരുന്നു. വൃത്തിയും വെടിപ്പുമുള്ള വസ്ത്രധാരണമായിരുന്നു അദ്ദേഹത്തിന്റേത്.

ക്ലാസ്സെടുക്കുമ്പോൾ വടിയുടെ സഹായമില്ലാതെ തന്നെ അദ്ദേഹം അറിവ് പകർന്നു കൊടുത്തു. കുടുംബത്തും ആ ശീലം പുലർത്തിയത് കൊണ്ടാകാം, തന്റെ പിൻതലമുറ, അദ്ദേഹത്തിന്റെ സ്നേഹവായ്പ് നുകർന്നുകൊണ്ട് പാടൂരിന്റെ പൊതുയിടങ്ങളിൽ പച്ചപ്പടർപ്പുകൾ തീർത്തത്.

പിൽകാല ഭൗതിക സൗഭാഗ്യങ്ങളെ അല്ലാഹുവിന്റെ വരദാനമായി കണ്ട്, വിനയപൂർവ്വം നമുക്കിടയിലുടെ നടന്നു നീങ്ങിയ വ്യക്തിയാണദ്ദേഹം. 'അല്ലാഹുവിന്റെ ദാസന്മാർ, ഭൂമിയിൽ നടക്കുന്നത് ദുരഭിമാനം കൂടാതെ, വിനീതമായി ആയിരിക്കും......' എന്നാണല്ലോ ദിവ്യ വചനം.

പാടൂരിലെ ഓരോ കുടുംബത്തിന്റെയും വംശാ വലി ആഴത്തിലറിയുന്ന ഒരാളായിരുന്നു അദ്ദേഹം.

എന്നെ അദ്ദേഹം എന്റെ കുടുംബത്ത് വിളിക്കുന്ന ഓമനപ്പേരാണ് വിളിക്കാറ്. താനുമായി വളരെയൊന്നും ഇടപഴകിയിട്ടില്ലാത്ത എന്നോട് പോലും സ്നേഹർദ്രയോടെ പെരുമാറിയ അദ്ദേഹം, താനുമായി കൂടുതൽ അടുത്തവരോട് എങ്ങനെ ആയിരിക്കും ഇടപഴകിയത് എന്നൂഹിക്കാവുന്നതേയുള്ളൂ.

വ്യത്യസ്ത ആശയ ധാരകളോട് അദ്ദേഹം സഹിഷ്ണുതാപരമായ സമീപനമാണ് സ്വീകരിച്ചത്. ഇത് തന്റെ മക്കളുടെ ദീനീ വിദ്യാഭ്യാസത്തോടും ദീനീ കാഴ്ചപ്പാടുകളോടുമുള്ള 'ഉൾകൊള്ളൽ മനോഭാവത്തിൽ' നിഴലിച്ചു കാണാം. ഹൃദയ വിശാലതയുള്ളവർക്ക് മാത്രം കൈവരുന്ന സൗഭാഗ്യം!

നമുക്ക് പ്രാർത്ഥിക്കാം, ഉത്തരം നൽകുന്ന അല്ലാഹുവിനോട് മാത്രം:

رَبَّنَا تَقَبَّلْ مِنَّا دُعَاءَنَا، فَاغْفِرْ لَنَا وَلِأُسْتَاذِينَا، وَاجْمَعْ بَيْنَنَا فِي جَنَّاتِ النَّعِيمِ.

അഷ്റഫ് പി എ

മാട്ടുമ്മൽ മൊമൈലാർ...

എന്നോട് ഏറെ സ്നേഹവും വത്സല്യവും കാണിച്ചിരുന്ന ഉസ്താദ് ആയിരുന്നു മുഹമ്മദ് മുസ്ലിയാർ . അന്ന് 'അമലിയാത്ത്' മാത്രമാണ് അറബിയിൽ. ബാക്കി എല്ലാം അറബി മലയാളത്തിൽ ആണെന്നാണ് എന്റോർമ്മ .

അറബി പദങ്ങളും വാക്ക് അർത്ഥങ്ങളും കൃത്യമായി പഠിച്ചു പറയുവാനും ക്ലാസ് പരീക്ഷയിൽ നല്ല മാർക്ക് വാങ്ങിയിരുന്നത് കൊണ്ടും ആവാം ഉസ്താദിന് എന്നോട് പ്രത്യേക വാത്സല്യം ആയിരുന്നു . മാട്ടുമ്മലുള്ള വീട്ടിലേക്ക് പോണ വഴിയിലുള്ള വളപ്പിലെ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്ത് എന്റെ ഉപ്പാടെ പലചരക്കു കടയിൽ കയറിയിട്ടേ ഉസ്താദ് വീട്ടിലേക്ക് പോവൂ..

ഉപ്പാനെ കാണുമ്പോഴൊക്കെ എന്നെ കുറിച്ചു ഉസ്താദ് ഉപ്പാട് പറയുന്ന നല്ല വാക്കുകൾ പലപ്പോഴും ഞാൻ കേട്ടിട്ടുണ്ട്. ഒരിക്കൽ എനിക്ക് ചിക്കൻ പോക്സ് വന്ന് 10 ദിവസം മുടങ്ങി. എന്നും ഉപ്പ ഉസ്താദിനെ കാണുന്നത് കൊണ്ട് ഈ വിവരം ഉപ്പ ഉസ്താദിനോട് പറഞ്ഞിരുന്നു . എന്നോടൊപ്പം ഈ അസുഖമായി അടുത്ത വീട്ടിലെ അബ്ദുട്ടിയും ഗഫൂറും നജീബും ഒക്കെ ഉണ്ടായിരുന്നു. 10 ദിവസത്തിന് ശേഷം അസുഖം സുഖപ്പെട്ട് ഞങ്ങൾ എല്ലാവരും കുളിച്ചു ഒരുമിച്ച് മദ്രസയിലേക്ക് യാത്രയായി . പോവുന്ന വഴിയിൽ എല്ലാവർക്കും ചിക്കൻ പോക്സ് വന്നതിന്റെ അടയാളം ഉണ്ടായിരുന്നു ശരീരത്തിലും മുഖത്തും. എനിക്ക് മാത്രം അടയാളം ഇല്ല . അതിൽ സന്തോഷവും അഹങ്കാരവും പ്രകടിപ്പിച്ചു കൊണ്ടാണ് ഞങ്ങൾ മദ്രസയിലേക്ക് ചെന്നത് .

അവിടെ ചെന്നപ്പോ ക്ലാസ്സിൽ തങ്ങൾ ഉസ്താദായിരുന്നു .പേര് ഓർമ്മയില്ല .[ലിസ്റ്റിൽ കാണുന്നതിൽ ഒരാൾ.] മൂന്ന് പേർക്ക് ശരീരത്തിലെ അടയാളം നോക്കി ഇരിക്കാൻ പറഞ്ഞു . അടയാളം ഇല്ലാത്തതിൽ അഹങ്കരിച്ച എനിക്ക് അടയാളം ഇല്ലാത്തതിന്റെ പേരിൽ തടിച്ച കരുവള്ളി കോല് കൊണ്ട് 10 അടി ഇരു കൈകളിലുമായി കിട്ടി. പോത്തിനെ തല്ലുന്ന പോലെ... സങ്കടവും അമർഷവും സഹിക്കാനാവാതെ ചുവന്നു വീർത്ത കൈകളുമായി ഞാനിരുന്നു .. ഇർണ്ണം കാച്ചണം എന്നുറപ്പിച്ചു കൊണ്ട് . സംഗതി പ്രശ്നമായി. പിറ്റേ ദിവസം ഉപ്പ മദ്രസയിലേക്ക് വരാൻ ഇരിക്കുന്നത് അറിഞ്ഞു സങ്കീർണ്ണമാകുമായിരുന്ന പ്രശനം മുഹമ്മദ് ഉസ്താദ് വളരെ രമ്യമായി പരിഹരിച്ചതും ഞാനോർക്കുന്നു .

ഉസ്താദിന്റെ ഹൃദ്യമായ ചിരിയും ശരീര ഭാഷയും മക്കൾക്കും ലഭിച്ചിട്ടുള്ളത് കൊണ്ട് അവരോടൊക്കെ ഇടപഴകുമ്പോൾ എനിക്ക് ഉസ്താദിനെ ഓർമ്മ വരും.

വിത്യസ്ത മേഖലകളിൽ പ്രശസ്തിയും കഴിവും തെളിയിക്കുമ്പോഴും ദീനി ആദർശം മുറുകെ പിടിച്ചു ജീവിക്കുന്ന മക്കൾ തന്നെയല്ലേ മാതാപിതാക്കളുടെ സൗഭാഗ്യം. ഒരിക്കൽ അസുഖമായി കിടക്കുമ്പോൾ ഉസ്താദിനെ കാണുവാനും കൈ പിടിച്ചു സലാം ചൊല്ലുവാനും കഴിഞ്ഞത് ഞാനോർക്കുന്നു..

ഉസ്താദിന് ഉന്നതമായ സ്വർഗ്ഗം നൽകി നാഥൻ അനുഗ്രഹിക്കട്ടെ ..

കുഞ്ഞു മനസ്സിൽ തോന്നിയ ഇർണ്ണം ഒന്നും ഞാൻ കാണിച്ചില്ല . നമുക്ക് ആദ്യക്ഷരങ്ങൾ പഠിപ്പിച്ചു നൽകിയ എല്ലാ ഉസ്താദുമാർക്കും അള്ളാഹു പൊറുത്തു കൊടുക്കുകയും സ്വർഗം നൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ ...🤲

ഉസ്താദുമാരെ ഓർക്കുവാനും പറയുവാനും അവർക്ക് വേണ്ടി ദുആ ചെയ്യുവാനും അവസരം ഉണ്ടാക്കിയ ഗ്രൂപ്പ് അംഗങ്ങൾ അഭിനന്ദനങ്ങൾ അർഹിക്കുന്നു. 🍒

<u>മുഹ്സിൻ മാസ്റ്റർ</u>

പി പി മുഹമ്മദ് മുസ്‌ലിയാർ .

കൊട്ടുക്കൽ കുഞ്ഞുമോൻ സാഹിബിന്റെയും പുത്തൻപുരയിൽ സൈനബയുടെയും മകനായി 1939 ൽ പാടൂരിൽ ജനിച്ച പി പി മുഹമ്മദ് പിന്നീട് പി പി മുഹമ്മദ് മുസ്ലിയാർ എന്ന പേരിൽ അറിയപ്പെട്ടു. സഹ പ്രവർത്തകരുടെ ഇടയിൽ പി പി എന്ന രണ്ടക്ഷരത്തിൽ അദ്ദേഹം നിറഞ്ഞുനിന്നു.

ഭൗതിക വിദ്യാഭ്യാസത്തിന് ഒട്ടും പ്രാധാന്യം കൽപ്പിക്കാതിരുന്ന ആ കാലയളവിൽ എട്ടാം ക്ലാസ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം വളരെ നന്നായി ഇംഗ്ലീഷ്, അറബിക്, മലയാളം എന്നിവ കൈകാര്യം ചെയ്തു. ഭംഗിയായി ഈ ഭാഷകൾ എഴുതുകയും വായിക്കുകയും ചെയ്യുമായിരുന്നു. വളരെ ഭംഗിയായ കൈയക്ഷരമുള്ള ഉപ്പയുടെ പാത എഴുത്തിൽ ശീലിക്കാൻ ഞങ്ങൾ മക്കൾ ഏറെ ശ്രമിച്ചിട്ടുണ്ട്.

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം ആ മനസ്സിൽ നിന്നും വേണ്ടുവോളം ആസ്വദിച്ച് മനസ്സിലാക്കുവാൻ മക്കളായ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വളരെ ഗഹനമായ അറിവുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഗാന്ധിജി, നെഹ്റു, അബുൽ കലാം ആസാദ്, അലി സഹോദരങ്ങൾ...... തുടങ്ങി നിരവധി പേരെ ചെറുപ്പത്തിൽ ഞങ്ങൾ മനസ്സിലാക്കിയത് ഉപ്പയിൽ നിന്നാണ്.

പൊന്നാനി ജുമാ മസ്ജിദിലാണ് അദ്ദേഹം ദർസിൽ ചേർന്ന് പഠിച്ചത്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സംസ്ഥാന പ്രസിഡണ്ട് ആയിരുന്ന അബ്ദുറഹ്മാൻ അസ്ഹരി തങ്ങളാണ് മുഖ്യ ഗുരുനാഥൻ.

പാടൂർ തഅ്ലീമുൽ ഇസ്ലാം മദ്രസയിൽ 50 വർഷക്കാലം വിദ്യാർത്ഥികൾക്ക് അറിവ് പകർന്നു നൽകിക്കൊണ്ട് സ്തുത്യർഹമായ സേവനം അദ്ദേഹം അനുഷ്ഠിച്ചു

അന്ന് വെറും 7 രൂപയിൽ തുടങ്ങിയ അദ്ദേഹത്തിന്റെ ശമ്പളം പിന്നീട് 15 രൂപയായും 35 രൂപയായും വിരമിക്കുമ്പോൾ 700 രൂപയായും വർദ്ധിച്ചത് ഇടയ്ക്കിടെ പറയാറുള്ളത് ഓർത്തു പോവുകയാണ്. കുടുംബക്കാരിൽ പലരും അദ്ദേഹത്തെ വിദേശത്തേക്ക് കൊണ്ടു പോകാൻ പരിശ്രമിച്ചപ്പോൾ, നാട്ടിലെ മക്കൾക്ക് ദീനി വിദ്യാഭ്യാസം പകർന്നു നൽകി സംസ്കാരസമ്പന്നരാക്കുക എന്നതും പ്രായമായ തന്റെ ഉമ്മയെ പരിപാലിച്ചു കൊണ്ട് നാട്ടിൽ നിൽക്കുവാനുമാണ് അദ്ദേഹം ആഗ്രഹിച്ചത്.

ആരോടും വിദ്വേഷമോ ശത്രുതയോ ഒന്നും ആ നിഷ്കളങ്കമായ മനസ്സിൽ ഇല്ലായിരുന്നു എന്നു മാത്രമല്ല ഏത് പ്രായക്കാരോടും പുഞ്ചിരിച്ചേ അദ്ദേഹം സംസാരിക്കാറുള്ളൂ. ചെറിയ കുട്ടികൾ മുതൽ വലിയവർ വരെ അദ്ദേഹത്തിന്റെ സുഹൃദ് വലയത്തിൽ ഉണ്ടായിരുന്നു.

കുടുംബ ബന്ധങ്ങൾ ചേർക്കുന്ന കാര്യത്തിൽ അതീവമായ ജാഗ്രത അദ്ദേഹം പുലർത്തിയിരുന്നു കുടുംബത്തിന്റെ തലമുറകളുടെ അടിത്തട്ടിലേക്കുള്ള വേരുകൾ അദ്ദേഹം ഓർത്തെടുത്ത് പറഞ്ഞു തരുമായിരുന്നു. ചാവക്കാട് രാജ ഹാളിൽ നടന്ന കുട്ടൂസ എന്ന പേരിൽ അറിയപ്പെട്ട കുടുംബ സംഗമത്തിന് തലമുറകളെ ഒരുമിച്ചു കൂട്ടാൻ ഉപ്പയാണ് ഏറെ സഹായം നൽകിയത്.

ഫാറൂഖ് കോളേജ് മുൻ പ്രിൻസിപ്പലും MSS സംസ്ഥാന പ്രസിഡന്റുമായിരുന്ന പ്രൊഫസർ വി മുഹമ്മദ് സാഹിബ് കുട്ടൂസയിലെ കുടുംബാംഗമായിരുന്നു. അന്ന് അതിന് വേണ്ടി ഉപയോഗിച്ച തലമുറകളുടെ വേരുകൾ എഴുതിയ ഫോർമാറ്റ് ഇന്നും ഭദ്രമായി സൂക്ഷിച്ചു വെച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിന് നല്ല പ്രാധാന്യം നൽകിയ പി പി മുഹമ്മദ് മുസ്‌ലിയാർ വിവിധ മത സംഘടനകൾ നടത്തുന്ന കോളേജുകളിൽ പറഞ്ഞയച്ച് തന്റെ മക്കളെ വിദ്യാഭ്യാസം ചെയ്യിപ്പിച്ചു. തിരൂർക്കാട് ഇലാഹിയ കോളേജ്, ഫാറൂഖ് കോളേജ്, ജാമിഅ ബുസ്താൻ, അലീഗഡ് യൂണിവേഴ്സിറ്റി, കരുവാരക്കുണ്ട് ദാറുന്നജാത്ത് അറബിക് കോളേജ് എന്നിവിടങ്ങളിലെല്ലാം മക്കളെ ചേർത്ത് പഠിപ്പിച്ചു. വിദ്യാഭ്യാസത്തിന് ഇസങ്ങൾ തടസ്സമല്ല എന്ന് അദ്ദേഹം പ്രവൃത്തിലൂടെ തെളിയിക്കുകയായിരുന്നു.

തന്റെ പരിചയത്തിലുള്ള ഏതൊരു വ്യക്തി മരിച്ചാലും ജാതി മത ഭേതമന്യേ അവിടെ ആദ്യമായി ഓടിയെത്താൻ ശ്രമിക്കുന്നത് ഉപ്പ ആയിരുന്നു.പിന്നീടാണ് ആ മരണവാർത്ത അറിഞ്ഞെതെങ്കിൽ പോലും അദ്ദേഹം അവിടേക്ക് എത്തുകയും ആ ഖബറിന്റെ അടുത്ത് പോയി ദീർഘനേരം ദുആ ചെയ്ത് പിന്നീട് ആ മരണ വീട്ടിലേക്ക് എത്തുകയും ചെയ്യുന്ന പതിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. മറ്റാരെയും ബുദ്ധിമുട്ടിക്കരുത് എന്ന ദൃഢ പ്രതിജ്ഞ അദ്ദേഹത്തിനുണ്ടായിരുന്നു.

റമദാനിലെ നാളുകളിൽ സുബ്ഹിയുടെ മുമ്പായി അത്താഴ സമയത്ത് അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്ന പള്ളിയിൽ നിന്ന് മൈക്കിലൂടെ ഖുർആൻ കേൾപ്പിക്കണമെന്ന് ഒരു കൂട്ടം യുവാക്കൾ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അത് സ്നേഹത്തോടുകൂടി നിരസിച്ചു.

അദ്ദേഹം പറഞ്ഞ കാരണങ്ങൾ ഇപ്രകാരമായിരുന്നു ഇതൊരു ബഹുസ്വര സമൂഹമാണ്. ഒരാളുടെ പോലും ഉറക്കം കെടുത്താൻ പള്ളിയിലെ ഖുർആൻ

പാരായണം കാരണമാവരുത്. പല വിധ രോഗികളും, ഒരു പക്ഷേ ഉറക്കം കിട്ടുന്നത് തന്നെ ഈ സമയങ്ങളിൽ ആവാം. അവർ അവിടെ കിടന്നുറങ്ങുമ്പോൾ നമ്മുടെ ഖുർആൻ കേട്ടുകൊണ്ട് അവർക്ക് ഉറക്കം പോകുന്നുണ്ടെങ്കിൽ അതിൻറെ കുറ്റക്കാർ നമ്മൾ ആയിത്തീരും. ഈ അഭിപ്രായം മുഖവിലക്കെടുക്കാതെ പള്ളിയിൽ നിന്ന് മൈക്കിൽ ഖുർആൻ പാരായണം വെച്ചപ്പോൾ അത് അദ്ദേഹം കേൾക്കുകയും ആ സമയത്ത് വീട്ടിൽ നിന്ന് പോയി പള്ളിയിലെ മൈക്ക് ഓഫ് ആക്കിയ സംഭവം ഉണ്ടായിട്ടുണ്ട്.

സുബ്ഹിക്ക് മുമ്പുള്ള, അദ്ദേഹത്തിന്റെ പള്ളിയിലേക്കുള്ള പോക്ക് ഇന്നും ഓർത്തു പോവുകയാണ്. പള്ളിയിലേക്ക് പോകുമ്പോൾ തന്റെ മക്കളെയും കൂട്ടി പോകുകയും സുബ്ഹിക്ക് ശേഷം ഒരിക്കൽപോലും വീട്ടിൽ കിടന്നുറങ്ങാൻ സമ്മതിക്കാത്ത ഒരു അവസ്ഥ ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ പിന്നീട് മക്കളായ ഞങ്ങൾക്കൊക്കെ സുബ്ഹിക്ക് എഴുന്നേൽക്കുക എന്നത് ഒരു വിഷമമേ അല്ലാതെ ആയി തീർന്നു

വളപ്പിൽ പള്ളിയുടെ യഥാർത്ഥ പേര് മസ്ജിദുൽ വുസ്ത്വ എന്നാണെന്ന് ഉപ്പയിൽ നിന്നാണ് പലരും മനസ്സിലാക്കിയത്. വുസ്ത്വ എന്ന അറബി പദത്തിന് മധ്യഭാഗം (Middle) എന്നാണ് അർത്ഥം.

പാടൂർ ജുമാ മസ്ജിദിന്റെയും ഇടിയഞ്ചിറ മസ്ജിദുൽ ഹംസിയയുടെയും മധ്യത്തിലായി വളപ്പിലെ പള്ളി വരുന്നതുകൊണ്ടാണ് അങ്ങനെ പേരിട്ടത് എന്നാണ് അദ്ദേഹം പറഞ്ഞ് തന്നത്. അദ്ദേഹം ഈ പള്ളിയിൽ ദീർഘകാലം ഇമാമത്ത് നിർവഹിച്ചിട്ടുണ്ട്.

അവസാന കാലഘട്ടങ്ങളിൽ ശമ്പളം വാങ്ങാതെയാണ് അദ്ദേഹം ഇമാമത്ത് നിർവ്വഹിച്ചിരുന്നത്. അതിനുള്ള ശമ്പളം അല്ലാഹു അവിടെ നിന്നു നൽകും എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

കാരാകോസിലുള്ള മസ്ജിദുൽ ജമാലിയയിലും ഒരു വ്യാഴവട്ടക്കാലം അദ്ദേഹം ഇമാം ആയിരുന്നു.

പാടൂർ ജുമാഅത്ത് പള്ളിയിൽ ഖത്വീബുമാരെ നിശ്ചയിക്കുന്നതിൽ ഉപ്പ യുടെ പങ്ക് എടുത്തു പറയേണ്ടതാണ്. ഓരോ ഖതീബുമാർ മാറി മാറി വരുമ്പോഴും അവരെ തേടി പിടിച്ച് കൊണ്ടുവരേണ്ട ചുമതല ഉപ്പയാണ് അന്ന് നിർവ്വഹിച്ചിരുന്നത്.

ആ പള്ളിയിലെ ഏറ്റവും പ്രായം കൂടിയ ദർസ് വിദ്യാർത്ഥി ഉപ്പയായിരുന്നു. മദ്റസ കഴിഞ്ഞാൽ പാടൂർ ജുമാ മസ്ജിദിലെ ദർസിലിരുന്ന് പഠിക്കുന്ന വിദ്യാർത്ഥിയായിരുന്നു ഉപ്പ. 19/10/2015 ൽ അദ്ദേഹം വിട പറയുമ്പോൾ 76 വയസ്സായിരുന്നു.

മക്കളിൽ 2 പേര് പാടൂർ അലീമുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂളിലും മറ്റുള്ളവർ വിദേശരാജ്യങ്ങളിലും നല്ല നിലയിൽ ജോലി ചെയ്തു വരുന്നു. മകൻ ഷുഐയ്ബ് മുഹമ്മദ് ബുഷി ഡോ കൈ കാൻ കരാട്ടെ ഓർഗനൈസേഷന്റെ ഗ്രാന്റ്മാസ്റ്ററും 9 th Dan ബ്ലാക്ക് ബെൽറ്റ് ബിരുദ ധാരിയും മാർഷ്യൽ ആർട്ട്സിൽ അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

അല്ലാഹു അദ്ദേഹത്തിന്റെ ബർസഖിയായ ജീവിതം സ്വർഗീയ ജീവിതം ആക്കി കൊടുക്കട്ടെ.......പ്രാർത്ഥനയോടെ

മുഹ്സിൻ മുഹമ്മദ് ..... ☘️☘️☘️☘️

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/Nn_FqYFyvnI?si=CBowN9mXMtRN_a1r

അബ്ദുൽ മജീദ് മുഹമ്മദ്

സ്വാലിഹായ മക്കളെ ലഭിക്കുക എന്നത് ഏതൊരു മാതാപിതാക്കളെയും ഭാഗ്യമാണ്. അങ്ങിനെ ഭാഗ്യം ലഭിച്ച മഹാനായ പിതാവാണ് നമ്മുടെ പ്രിയങ്കരനായ മർഹൂം പി പി മുഹമ്മദ് മുസ്ലാർ… അല്ലാഹു നമ്മുടെ മാതാപിതാക്കൾക്കും ഉസ്താദുമാർക്കും ഖൈറുകളിൽ വെച്ച് ഏറ്റവും നല്ലത് നൽകട്ടെ, സ്വാലിഹായ മക്കളെ നൽകിയും അനുഗ്രഹിക്കട്ടെ

ഷരീഫ് ബാബു

മുഹമ്മദ് മുസ്ലിയാർ.

ഓർമ്മയിൽ എന്റെ മൂന്നാം ക്ലാസ്സിലെ പ്രിയപ്പെട്ട ഉസ്താദ്. ഒന്നിൽ നിന്നും അറിയാതെ നേരിട്ട് മൂന്നിലേക്ക് പോയി നിന്നത് ഈ ഉസ്താദിന്റെ ക്ലാസ്സിന്റെ പുറത്തായിരുന്നു. ആ ക്ലാസ്സിൽ കൂടെ പഠിച്ച കൂട്ടുകാരെ തിരഞ്ഞപ്പോൾ ആരെയും കാണാനില്ല അവരിൽ പലരും ഒന്നിലും രണ്ടിലുമായി തന്നെയിരിപ്പുണ്ട്. അപ്പോഴാണ് അസീസ് (നാഷ്ണൽ ലോഡ്ജ്) വരുന്നത്. അന്ന് കുട്ടികളെ കൊണ്ട് നിറഞ്ഞ മദ്രസാ അന്തരീക്ഷമായിരുന്നു പല ക്ലാസ്സുകളിലും തിങ്ങി നിറഞ്ഞാണ് കുട്ടികൾ ഇരിക്കാറുള്ളത്. പല ഉസ്താദുമാരും മറ്റു നാടുകളിൽ നിന്നും വന്നവർ, അവർക്കാണെങ്കിൽ നാട്ടിലെ കുട്ടികളെ ഒന്നും അറിയുകയുമില്ല. അതിനാൽ തന്നെ അവർ അവരുടെ ക്ലാസ്സിൽ കയറ്റാതെ പുറത്തു നിർത്തിയ ഞാൻ എന്ന കുട്ടിയെ പ്രിയപ്പെട്ട ഈ ഉസ്താദ് ആണ് കൈപിടിച്ചു കയറ്റിയത്. അത് പോലെ തന്നെയാണ് അസീസും വന്നതെന്ന് ഓർക്കുന്നു. എന്തായാലും നേരിട്ട് മൂന്നാം ക്ലാസ്സിലേക്ക് കൈപിടിച്ചിരുത്തിയ ഉസ്താദിന്റെ ക്ലാസ്സിൽ തന്നെ പഠനം തുടരാനായി ഈ സൗകര്യം ചിലപ്പോൾ മദ്രസ്സാ ചരിത്രത്തിൽ ഞങ്ങൾക്ക് മാത്രമായിട്ടായിരിക്കും കിട്ടിയിട്ടുണ്ടാരിക്കുക. അങ്ങിനെയാണ് അസീസും ഞാനും കൂട്ടുകാർ ആവുന്നത്. വേറെ ഒന്നും കൊണ്ടല്ല ഒന്ന് വല്യ ഉസ്താദിന്റെ മകൻ മറ്റൊന്ന് ഉസ്താദിന്റെ കുടുംബത്തിലെ സന്തതിയും ആയതിനാലായിരിക്കുമോ? അതോ,മുന്നേ ഞങ്ങളെ അറിയാമായിരുന്ന ഉസ്താദിന്റെ ഞങ്ങളോടുള്ള സ്നേഹമോ കരുണയോ.അങ്ങിനെ ആരും കയറ്റാത്ത ക്ലാസ്സിൽ ആരുടേയും സമ്മതമില്ലാതെ ഞങ്ങളെ കയറ്റി ഇരുത്തിയ മർഹൂം മുഹമ്മദ് മുസ്ലിയാർ എന്നും പ്രാർത്ഥനയിൽ കൂടെയുണ്ട്. അല്ലാഹുവേ! ഉസ്താദിന് നീ കരുണ ചെയ്യേണമേ "പിന്നെ അസീസിന്റെ

അന്നത്തെ ആ ചിരി കാണാൻ നല്ല രസമായിരുന്നു തടിച്ചു വെളുത്ത ആ കുലുങ്ങി ചിരി ഇപ്പോഴും ഓർമ്മയിലുണ്ട്. വേണ്ടപെട്ടവരുടെ മക്കളാണെന്നുള്ള ആ പരിഗണനയൊന്നും പഠനത്തിന്റെ കാര്യത്തിൽ അവിടുന്ന് കിട്ടാറില്ല. അത്യാവശ്യം അടിയെല്ലാം എനിക്കും അസീസിനും കിട്ടിയിരുന്നു അത് വേദനിപ്പിക്കാത്ത അടിയിൽ ഒതുങ്ങുന്ന ആ അടി ഞങ്ങളോടുള്ള സ്നേഹം കൊണ്ടായിരുന്നു എന്നത് ഞങ്ങൾക്ക് മാത്രം അറിയാവുന്ന രഹസ്യമാണ്. പുറത്ത് ഞങ്ങളോട് ഏറെ വാത്സല്യവും ആയിരുന്നു. കറുത്ത കട്ടി കണ്ണടയും വെച്ചു ഉസ്താദ് കാഇദ നോക്കി പഠിപ്പിക്കുമ്പോൾ ആ സുന്ദരമായ മുഖത്ത് നോക്കി പറയുന്നത് ശ്രദ്ധിച്ചു കേൾക്കുമായിരുന്നു. ചിലപ്പോൾ ആ ക്ലാസ് മുതലായിരിയ്ക്കും മദ്രസ്സയിൽ സമയത്തിന് വരവും പഠനവും തുടങ്ങിയിരിക്കുക സ്നേഹത്തോടെ വീട്ടിലെ സ്വന്തം മക്കളെ കാണുന്നപോലെ നാട്ടിലെ കുട്ടികളെയും സ്വന്തമായി കണ്ടിരിക്കാം ആ പ്രിയപ്പെട്ട ഉസ്താദ്.

1975 കളിൽ പാടൂരിലെ മദ്രസകൾ കുട്ടികളെ കൊണ്ടു തിങ്ങി നിറഞ്ഞ വസന്ത കാലം ആയിരിക്കും അല്ലെങ്കിൽ മദ്രസയുടെ സുവർണ്ണ കാലമെന്ന് വേണമെങ്കിൽ പറയാം അന്നായിരുന്നു ബോംബെയിലെയും ബീവണ്ടിയിലെയും കാർന്നോന്മാരുടെ നാട്ടിലേക്കുള്ള വരവും അവർ നാട്ടിൽ സ്ഥിരമായി നിൽക്കാൻ തുടങ്ങിയതും. അവരുടെ കഠിന പരിശ്രമത്താൽ വിജയകരമായി നടന്നു പോകുന്ന മദ്രസ്സയും കൺകുളിർക്കെ അവർക്ക് കാണാനായിട്ടുണ്ടായിരിക്കുക അപ്പോഴായിരിക്കും. അന്ന് അവർ ആ മദ്രസയുടെയും പള്ളിയുടെയും പരിസരത്ത് ചുറ്റി തിരിഞ്ഞു നടക്കുന്നത് കാണാൻ എന്തൊരു ഐശ്വര്യമായിരുന്നു. അതിൽ എൻ പി സി കുഞ്ഞി മുഹമ്മദ് സാഹിബ്, ആർ വി കുഞ്ഞി കോയ സാഹിബ്,ആർ പി മുഹമ്മദ് ഹാജി, അവുതുൽ സാഹിബ്, കാലടിയിൽ പി കെ ഇബ്രാഹീം കുട്ടി സാഹിബ് മുതൽ തുടങ്ങിവർ അവരുടെ ദീർഘവീക്ഷണം എത്രമാത്രം ഫലാവത്തായിരിക്കുന്നു അവരുടെ കൂട്ടായ പരിശ്രമത്താൽ നാട്ടിലെ മദ്രസാ സംവിധാനം ആ നാട്ടിലെ മക്കൾക്ക് ദീനിയായി എന്തെങ്കിലും സാമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ നമ്മുടെ പൂർവ്വികരായ പൂങ്കവന്മാർ നാട്ടുകാരായ ഉസ്താദുമാർ അവരെല്ലാവരും റബ്ബിന്റെ കരുണയിൽ തന്നെ കഴിയുന്നുണ്ടാവും.

സുബ്ഹി കഴിഞ്ഞാൽ മദ്രസയിലേക്ക് ഒഴുകി വരുന്ന കുട്ടികളുടെ കാഴ്ച്ച കാണാൻ ആ ഗ്രാമത്തിന് സൗഭാഗ്യം ഒരുക്കി തന്ന ദേശത്തിന്റെ മണിമുത്തുകളായ നാട്ടിലെ ഉസ്താദ്മാരെയും പൂർവ്വികരായ നാട്ടു കാർന്നോന്മാരെയും അനുസ്മരിക്കാതെ ഒരു എഴുത്തും എഴുതിത്തീരില്ല. അവരെ പോലെ നിലനിൽക്കുന്ന ഒന്നും വരും തലമുറക്കാർക്കായി സമ്മാനിക്കാൻ നമുക്ക് കഴിയാതിരിക്കെ എന്നാലും വരും നാളുകൾ ഭംഗിയായി അവരെ കുറിച്ചുള്ള മദ്ഹ് പറയാനും അവർക്കായി പ്രാർത്ഥിക്കുവാനും മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുവാനെങ്കിലും എഴുത്തുകാർക്കും മൊഴികളിലൂടെ വരുന്നവർക്കും ആവട്ടെ എന്നാശംസിക്കുന്നു.കാരണം അവരാരും ആയുസ്സിനെ തുലച്ചു കളഞ്ഞില്ല, അലസമായി ജീവിച്ചില്ല അർത്ഥ രഹിതമായി കഴിഞ്ഞില്ല, മരണ വാറണ്ടുമായി വരുന്ന മലക്കുകളെ ഓർത്തായിരിക്കും അവർ

ജീവിച്ചിരിക്കുക.അതിനാൽ തന്നെ അവർ പഠിപ്പിച്ചു തന്ന പ്രാർത്ഥനകളും ദിക്ക്റുകളും പ്രഭാതത്തിലും പ്രദോഷത്തിലും നമുക്ക് ഉരുവിടാം.

പ്രിയപ്പെട്ട നമ്മുടെ ഉസ്താദിന് അല്ലാഹു അവന്റെ സ്വർഗീയ ലോകത്ത് കൂടുതൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

ഷരീഫ് ബാബു.

<u>പി എൻ അബ്ദുൽ ഖാദർ സാഹിബ്</u>

എല്ലാ ഉസ്താദുമാരെ പോലെ തന്നെ എനിക്കേറ്റവും പ്രിയപ്പെട്ട എന്റെ ഗുരുനാഥൻ മാട്ടുമ്മലെ മൊമ്മദ്ലേര് എന്ന് വിളിക്കുന്ന മുഹമ്മത് ഉസ്താദ് എപ്പോഴും ചിരിച്ച മുഖമായിട്ടല്ലാതെ ഞാൻ ഉസ്താദിനെ കണ്ടട്ടില്ല ഏതങ്കിലും കുട്ടികളെ ഏതങ്കിലും കാരണവശാൽ ശിക്ഷിക്കുന്ന ഘട്ടത്തിൽ പറയുമായിരുന്നു നല്ല പൊളി ചാർത്ത് കൊടുക്കണം എന്ന് അടിക്കുന്നത് ഞാൻ കണ്ടിട്ടില്ല വിദ്യാർഥികളോട് വളരെ സ്നേഹവാൽസല്യത്തോടെ പെരുമാറിയിരുന്ന ഉസ്താദ് അവസാനനാളിൽ കണ്ടുമുട്ടിയപ്പോൾ കുശലാന്വേഷണം നടത്തുന്നതിനിടയിൽ ദുആ ചെയ്യണം എനിക്ക് വേണ്ടി എന്ന് പറഞ്ഞ് ഓർക്കുന്നു അള്ളാഹു ഉസ്താദിന്റെ ഖബറിനെ വിശാലമാക്കി സ്വർഗാവകാശികളിൽ ഉൾപ്പെട്ടു ത്തട്ടെ. ആമീൻ

<u>സൈനുദ്ധീൻ പോഗോ</u>

പുഞ്ചിരി ഒരു ധാനമാണ്. പ്രവാചക വചനം

🍂🍂🍂🍂🍂🍂🍂

മാട്ടുമ്മൽ മുഹമ്മദ് മുസ്ല്യാർ എ നിക്ക് അധ്യാപകനായി വന്നിട്ടില്ലങ്കിലും എന്നെയും എന്റെ കുടുംബത്തെയും അടുത്തറിയുന്ന സാത്വികനായ പണ്ഡിത ശ്രേഷ്ഠൻ. മൊഴികളിൽ അഴക് വരുമ്പോൾ ആ സ്വാദകർക്ക് മാധുര്യം കൂടും. വാചാനല്ലങ്കിലും പറയുന്ന കാര്യങ്ങൾ അർത്തവത്താണ് ചിന്താമണ്ഡലങ്ങൾക്ക് അനുയോജ്യമുള്ളതുമാണ്.

കണ്ട് മുട്ടുമ്പോഴൊക്കെ .കുശലന്വോശണങ്ങളിൽ ഏർപ്പെടാറുണ്ടായിരുന്നു. ഞങ്ങളൊക്കെ ഒരു മുസ്ല്യാർ കുടുംബമായത് കൊണ്ടാവാം കൂടുതൽ പിൻതലമുറകളോട് താല്പര്യം കാണിച്ചിരുന്നത് എന്ന് തോന്നുന്നു.

എല്ലാവരാലും ഇഷ്ടപ്പെട്ടിരുന്ന അപൂർവ്വം ചിലരിലൊരാൾ. വിനയവും പാണ്ഡ്യത്യവും നൂൾ ഇഴകളെ പോലെ പിരിഞ്ഞ് കിടക്കും പോലെയാണെന്ന് നമുക്ക് തിരിച്ചറിയാനാവും. ശുദ്ര വസ്ത്രധാരണത്തിൽ വളരെ കൃത്യത പുലർത്തി സുന്നത്തുകൾ മുറുകെ പിടിച്ച് ജീവിച്ച വ്യക്തത്വങ്ങളിലൊരാൾ

മുഹമ്മദ് മുസ്ല്യാർ നടന്ന് പോകുന്ന വഴികളിലെ ഓരോ പുൽകൊടിയും ഒരു സെലാം പറയാതിരിക്കില്ല എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. മൺ തരികളെ പോലും അറിയിക്കാതെയുള്ള ആനടത്തം സൂക്ഷ്മതയിൽ ലയിച്ചത് കൊണ്ടാണ്.

പാരത്രിക, ഭൗതിക വിദ്യക്ക് ശക്തമായ പിന്തുണ മക്കൾക്ക് നൽകാൻ ഇസ്താദിന് കഴിഞ്ഞു എന്നുള്ളത് ഒരു യതാർത്ഥ്യമാണ്. രണ്ട് 'വിദ്യയും സമന്വയിപ്പിച്ചുള്ള ഒരു വിജയം മക്കളിലൂടെ നേടിയെടുക്കാൻ ഒരു പാട് ത്യാഗം സഹിച്ചിട്ടുണ്ടാവാം. ആ സ്വപ്നം റബ്ബ് യതാത്ഥ്യമാക്കി കൊടുത്തു.

ചന്ദ്രനിലാവ് പോലെ പരക്കുന്ന മുസ്ല്യാരുടെ ആ മഹിമ ഈ ലോകത്തും പരലോകത്തും തിളങ്ങട്ടെ എന്ന് പ്രാർത്ഥിച്ച് കൊണ്ട് ഈ ചെറിയ കുറിപ്പ് ഞാനിവിടെ അവസാനിപ്പിക്കുന്നു. ഇത്തരം പണ്ഡിതൻമ്മാരുടെ ഭൗതിക ശരീരം ആറടി മണ്ണിൽ ലയിച്ചിട്ടുണ്ടെങ്കിലും അവർ ഇട്ടേച്ച് പോയ, അവർ പകർന്ന് നൽകിയ അറിവുകൾ, അവർ കാണിച്ചു മാതൃകകൾ പുതിയ തലമുറ മുറുകെ പിടിച്ചാൽ നാടും സമൂഹവും ഉന്നതിയിലെത്തുമെന്നുള്ളതിൽ തർക്കമില്ല. അതിന് അള്ളാഹു അനുഗ്രഹിക്കട്ടെ. അവന്റെ ണ്ടന്നാത്തുൽ ഫിർദൗസിൽ നമ്മളെയും അവരെയും ഒരുമിച്ച് ചേർക്കട്ടെ ... ആമീൻ യാ റബ്ബുൽ ആലമീൻ .

ZA1iN Pogo Tech

Mob: 9745663339

🍀 🍀 🍀 🍀 🍀 🍀 🍀

<u>ലത്തീഫ് വാക്കയിൽ</u>

'മാട്ടുമ്മലെ മോമ്മദ് മെയിലാർ' –അങ്ങിനെ പറഞ്ഞാണ് ശീലം--ഞങ്ങളുടെ ആദരണീയനായ മർഹും പി പി മുഹമ്മദ് മുസ്ലിയാർ.

മദ്രസ ക്ലാസ്സുകളിൽ അറിവിന്റെ വെളിച്ചം പകർന്നുതന്ന പ്രിയപ്പെട്ട ഉസ്താദ്. എന്റെ വാപ്പയുടെ പ്രിയ ചങ്ങാതി. സൗമ്യതയും ലാളിത്യവും ചേർന്ന ഒരു ജീവിത മാതൃക.

അദ്ദേഹത്തെ ഓർക്കുമ്പോൾ ആദ്യം മനസിലേക്ക് വരുന്നത് ശുദ്ധമായ മനസിന്റെ പ്രതിഫലനംപോലെ അദ്ദേഹത്തിന്റ ശുഭ്ര വസ്ത്രധാരണമാണ്. ചിരി – ഒരു മുഖമുദ്ര ആയിരുന്നു. ഒളിച്ചു വെച്ചാലും മറഞ്ഞുപോകാത്ത, പുണ്യത്തിന്റെ സുഗന്ധമുള്ള മായാത്ത പുഞ്ചിരി. അനുഗ്രഹിക്കപ്പെട്ട കുടുംബം.

ഒരു പക്ഷെ ഇവരുടെയൊക്കെ ലളിതമായ ജീവിതം കണ്ടു കൊണ്ട് വളർന്നതുകൊണ്ടാവാം, കിട്ടിയ അനുഗ്രഹത്തിന് നന്ദി പറയുകയും, കിട്ടാത്തതിനെ കുറിച്ച് ആവലാതി ഇല്ലാത്തതും. സ്വന്തം ജീവിതത്തിലൂടെ വാക്കുകൾ കൊണ്ടല്ല, പ്രവർത്തിയിലൂടെയാണ് അദ്ദേഹം പഠിപ്പിച്ചത് ലാളിത്യത്തിന്റെ പ്രതീകമായിരുന്ന അദ്ദേഹംപദവിയിലോ പരിചയത്തിലോ അഭിമാനം കണ്ടിരുന്നില്ല. മനുഷ്യരുടെ ഹൃദയത്തിലേക്ക് പടിയിറങ്ങിയാണ് ജീവിതം ചെലവഴിച്ചത്.

ഇന്ന് അദ്ദേഹം നമ്മോടൊപ്പം ഇല്ല . എന്നാൽ അറിവിന്റെ വെളിച്ചവും സ്നേഹസ്പർശവും ഓർമ്മയായി തുടരും.അല്ലാഹുവേ അദ്ദേഹത്തിന് സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കേണമേ 🤲

"സത്യനിഷ്ഠയോടെ ജീവിച്ചവരുടെ ഓർമ്മകൾ

എപ്പോഴും ഹൃദയത്തിലിരിക്കും."

ആർ പി സിദ്ധിഖ് സാഹിബ്

മാട്ടുമ്മൽ പി.പി.മുഹമ്മദ് മുസ്ല്യാർ

പരിശുദ്ധ ഖുർആനിലെ ഇരുപത്തി അഞ്ചാമത്തെ സൂറ: യാ യ സൂറ: അൽഫുർഖാനിൽ പരമകാരുണികന്റെ ദാസന്മാരുടെ ലക്ഷണങ്ങൾ 64 മുതലുള്ള ആയത്തുകളിൽ എണ്ണിപ്പറയുന്നുണ്ട് .ആ ലക്ഷണങ്ങൾ എല്ലാം ഒത്തിണങ്ങിയ ഒരു മഹാ വ്യക്തിത്തമാണ് നമ്മുടെ സ്മര്യ പുരുഷനായ പി.പി.മുഹമ്മദ് മുസ്ല്യാർ. തൽക്കാലം മുസ്ല്യാർ എന്ന പദം ഞാൻ ഒഴിവാക്കുകയാണ്. കാരണം മുഹമ്മദുക്ക ഞങ്ങളുടെ കുടുംബത്തിലെ ഒരംഗമായിരുന്ന അദ്ദേഹം ഞങ്ങളുടെ കുടുംബങ്ങളിലെയും പ്രത്യേകിച്ച് ' എന്റെ തറവാട്ടിലെയും നിത്യസന്ദർശകനായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് എന്റെ പിതാവിന്റെ മൂത്താപ്പയുടെ മകളാണ്. മറ്റൊന്ന് എന്റ മൂത്താപ്പയുടെ ഭാര്യ ആ ഉമ്മയുടെ ജേഷ്ഠത്തിയുടെ മകളുമാണ്.കൂടാതെ എന്റെ ഉപ്പയുമായി മുലകുടി ബന്ധവും ഉണ്ട്.മുഹമ്മദുക്കായുടെ ഭാര്യ ജമീലത്തയുമായും ബന്ധമുണ്ട് ഉപ്പായുടെ ഏളീമ്മായുടെ പേരക്കുട്ടിയാണ്.

അക്കര മാട്ടിൽ (പണ്ടാര മാട്)ആയിരുന്നു എനിക്ക് ഓർമ്മയുള്ള കാലം മുതൽ അവരുടെ താമസം. പിന്നീടാണ് ഇപ്പോഴത്തെ വീട്ടിലേക്ക് മാറി താമസിച്ചത് . മദ്രസ കഴിഞ്ഞാൽ പലപ്പോഴും വീട്ടിൽ എത്തും മൂത്തുമ്മയും മായി സംഭാഷണത്തിൽ ഏർപ്പെടും, മണിക്കുറുകളോളം തന്നെ ആ സംസാരം നീണ്ടു നിൽക്കും. ഇസ്ലാമിലെ കർമ്മശാസ്ത്രം, ഇസ്ലാമിക ചരിത്രം , സമകാലീന സംഭവങ്ങൾ, കുടുംബ കാര്യങ്ങൾ എല്ലാം വിഷയീഭവിക്കുന്നതായിരിക്കും ആ മുഖാമുഖത്തിൽ.

കുടുംബ ബന്ധം ചേർക്കുന്നതിൽ ഒന്നാം സ്ഥാനത്തായിരുന്നു അദ്ദേഹം.ഏത് ബന്ധത്തെപ്പറ്റി അറിയാനും, മുലകുടി ബന്ധം, അനന്തരാവകാശം തുടങ്ങിയ ഏത് സംശയങ്ങൾക്കും മുഹമ്മദുക്കാനെ സമീപിച്ചാൽ മതി. രോഗ സന്ദർശനം, മരണവീട് സന്ദർശനം തുടങ്ങിയ കാര്യങ്ങൾ ഒരു നിർബ്ബന്ധ ബാധ്യതയായി അദ്ദേഹം ഏറ്റെടുക്കുമായിരുന്നു.പരിചയവൃത്തത്തിലുള്ളവർ മരിച്ചാൽ എത്ര വിദൂരത്തിൽ ആയിരുന്നാലും അവിടെ എത്തിയിരിക്കും.

മദ്രസയിൽ പഠിക്കുന്ന സമയത്ത് എന്റെ അദ്ധ്യാപകനല്ലാതിരിന്നിട്ടും കാര്യങ്ങളിൽ വല്ലാതെ ശ്രദ്ധിച്ചിരുന്നു.

രോഗശയ്യയിൽ കിടന്നിരുന്ന സമയത്ത് പലപ്പോഴും വീട്ടിൽ പോകാറുണ്ടായിരുന്നു. അപ്പോഴൊക്കെ കുടുംബകാര്യങ്ങൾ അന്വേഷിക്കാനും മക്കളുടെ കാര്യങ്ങൾ ചോദിക്കാനും പ്രത്യേകം ദുആ ചെയ്യാനും ശ്രദ്ധിക്കാറുണ്ടായിരുന്നു .എല്ലാവരുടെയും ദീർഘായുസ്സിന് വേണ്ടി

പ്രാർത്ഥിക്കും എന്നിട്ട് പറയും ഇത് പ്രവാചകൻ (സ) പ്രോത്സാഹിപ്പിച്ച പ്രധാനപ്പെട്ട കാര്യമാണ് എന്ന് .

ആദ്യകാലങ്ങളിൽ പ്രയാസങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള മുഹമ്മദ്ക്ക ക്ഷമയും സഹനവും ശുഭാപ്തി വിശ്വാസവും കൈവിട്ടിരുന്നില്ല. സ്നേഹനിധികളായ മക്കളെക്കൊണ്ട് ഒരു പാട് അനുഗ്രഹങ്ങൾ പടച്ച റബ്ബ് അദ്ദേഹത്തിന് നൽകി.അതെല്ലാം അനുഭവിച്ചും ആസ്വദിച്ചും കൊണ്ടാണു് നാഥനിലേക്ക് തിരിച്ചുപോയിട്ടുള്ളത് .....

" അല്ലയോ സമാധാനം പ്രാപിച്ച ആത്മാവേ, നിന്റെ നാഥനിലേക്ക് മടങ്ങിക്കൊള്ളുക, സംപ്രീതനും പ്രീതിപ്പെട്ടവനുമായിക്കൊണ്ട് .എന്റെ ഉത്തമ ദാസന്മാരിൽ ചേർന്നു കൊള്ളുക. എന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക."

ഈ ഗണത്തിൽ അദ്ദേഹത്തെയും നമ്മെയും റബ്ബുൽ ആലമീൻ ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

<u>നജീബ് അബു കുവൈറ്റ്</u>

അസ്സലാമു അലൈക്കും

മുകളിൽ പറഞ്ഞ മുഴുവൻ ഉസ്താദുമാരും വ്യത്യസ്ത ശൈലിയും സ്വഭാവ രീതിയും ഉള്ള ഉസ്താദുമാർ ആയിരുന്നു അതുകൊണ്ടുതന്നെ മദ്രസയിൽ പഠിക്കുന്ന സമയത്ത് പഠനകാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്തിരുന്നില്ല പ്രത്യേകിച്ച് ഖുർആൻ പഠിക്കുന്ന കാര്യത്തിൽ . ഇന്നത്തെ പുതിയ തലമുറയ്ക്ക് ഉയർന്ന മദ്രസ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് പോലും കൃത്യമായി ഖുർആൻ ഓതാൻ അറിയാത്ത അവസ്ഥയാണ് ഉള്ളത് . എന്നാൽ നമ്മൾ മദ്രസയിൽ പഠിക്കുന്ന സമയത്ത് രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ തെറ്റില്ലാതെ ഖുർആൻ ഓതാൻ നമ്മൾ പഠിച്ചു . അതിനു കാരണം പാടൂർ നമ്മുടെ മദ്രസയിലുള്ള നമ്മുടെ നാട്ടുകാരായ ഉസ്താദുമാരുടെ മികവും ക്വാളിറ്റിയും തന്നെയായിരുന്നു അവരുടെയെല്ലാം അന്നത്തെ പഠന രീതിയും മികവും എടുത്തു പറഞ്ഞാൽ തീരില്ല . സത്യം പറഞ്ഞാൽ ഇപ്പോഴാണ് അവരുടെ കഴിവും മഹിമ നമുക്ക് ബോധ്യപ്പെടുന്നത് .എന്തായാലും അവർ ചെയ്ത മുഴുവൻ നന്മകളും അല്ലാഹു സ്വീകരിക്കുമാറാകട്ടെ ജീവനത്തിനിടയിൽ അറിഞ്ഞോ അറിയാതെയോ എന്തെങ്കിലും പിഴവുകൾ വന്നിട്ടുണ്ടെങ്കിൽ അല്ലാഹു അവർക്ക് പൊറുത്തു മാപ്പാക്കി കൊടുക്കു മാറാകട്ടെ അല്ലാഹു അവരുടെ കബറിടം വിശാലമാക്കുകയും അവരെയും നമ്മളെയും സ്വർഗ്ഗത്തിന്റെ അവകാശികൾ ഉൾപ്പെടുത്തി അല്ലാഹു അനുഗ്രഹിക്കട്ടെ

നജീബ് അബു കുവൈറ്റ്

കെ അബ്ദുൽ വാഹിദ് സാഹിബ്

പി.പി മുഹമ്മദ് മുസല്യാർ:- അനേകം മക്കൾക്ക് ദീനീ വിജ്ഞാനം പകർന്നു നൽകുക മാത്രമല്ലപഠിപ്പിക്കുന്നത് സ്വന്തം ജീവിതത്തിൽ പ്രവർത്തിപഥത്തിൽ കാണിച്ചു കൊടുക്കുകയും(ലിമ ത കൂലൂന മാലാതഫ് അലൂൻ = നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന്ന് നിങ്ങൾ പറയുന്നു ? അല്ലാഹുവിന്നടുത്ത് ഏറെ ഗൗരവുള്ള കാര്യമാണതു്.) ചെയ്ത മാതൃകാ ഉസ്താദുമാരിൽ ഒരാളായിരുന്നുപി.പി.യെന്ന് ഇവിടെ കുറിപ്പിട്ട വരിൽ പലരും സാക്ഷ്യപ്പെടുത്തിയതാണ്.

അറിവ് ആത്മീകവും ഭൗതീകവുമെന്ന് വേർതിരിക്കാതെ ദുൻയാവിലും ആഖിറത്തിലും ഉപകാരപ്പെടുന്നനല്ല അറിവുകളെ പരിശ്രമിച്ചു നേടുകയെന്ന കർമത്തിന്ന് പ്രാധാന്യം കൊടുക്കണമെന്ന് വിദ്യാർത്ഥി യുവ സമൂഹത്തോടുള്ള തന്റെ ഉപദേശം സ്വന്തം വീട്ടിൽ നിന്നദ്ദേഹം തുടക്കം കുറിച്ച് മാതൃകയായി. ജനിച്ച് വളർന്ന ചിന്താധാര കാത്ത് സൂക്ഷിച്ചുതന്നെ മറ്റ് ആശയക്കാരാൽ നടത്തപ്പെടുന്ന നല്ല സ്ഥാപനങ്ങളിൽ മക്കളെ ചേർത്ത് സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തരാക്കുന്ന തലിലദ്ദേഹംവിജയിച്ചു.

ചെറുപ്പ വലിപ്പമോ പ്രായ വിത്യാസമോ നോക്കാതെ ആരെക്കണ്ടാലും നിറപുഞ്ചിരിയോടെ കുശലാന്വോഷണം നടത്തുന്ന P.P. മുസല്യാർ ഞങ്ങൾ തമ്മിൽ കാണുമ്പോൾ അറബി അക്ഷരവടിവോടെ പൂർണമായും എന്റെപേര് വിളിച്ചു കൊണ്ടാണ് സംഭാഷണം തുടങ്ങാറ്.

ഉസ്താദിന്റെ ഖബറിടം വിശാലവും വെളിച്ചമുള്ളതുമാക്കി നാളെ ജന്നാത്തുൽ ഫിർദൗസ് നല്കി അനുഗ്രഹിക്കട്ടെ. നമുക്കേവർക്കും അദ്ദേഹത്തോടെപ്പം സ്വർഗ പൂങ്കാവനത്തിൽ ഒത്തുകൂടാൻ നാഥൻ തുണക്കട്ടെ.🤲🤲🤲

നാസറുദ്ധീൻ തങ്ങൾ

മുഹമ്മദ് മുസ്ലിയാർ മൂന്നാം ക്ലാസ് ൽ എന്റെ ഉസ്താദ് ആയിരുന്നു. വളരെ സൗമ്യ പ്രകൃതൻ ആയിരുന്നു. ഇവിടെ വരിക, എന്നതിന് വരൂ എന്ന പ്രയോഗം ആദ്യം കേൾക്കുന്നത് ഉസ്താദിൽ നിന്നാണ്.

കാരാകൂസു പള്ളിയിൽ ഉസ്താദ് ആയിരുന്ന കാലത്ത്, മഗ്രിബ് നിസ്കാ രാനന്തരം മദ്രസയിലെ കി താ ബു ക ൾ വായിക്കുന്ന ഒരു ശീലം ഉണ്ടായിരുന്നു. ഉസ്താദ് ആയിരുന്നു അതിന് നേതൃത്വം കൊടുത്തിരുന്നു. ഞങ്ങളുടെ അടുത്ത പള്ളി ആയിരുന്ന തി നാല് അദ്ദേഹത്തിന്റെ പിന്നിൽ ദീർഘകാലം നമസ്കരിച്ചട്ടുണ്ട്.

എന്റെ മൂത്ത മകൻ ജനിച്ചതു അറിഞ്ഞു വീട്ടിൽ വരികയും കുറച്ച് പൈസ സമ്മാന മായി ഭാര്യ ക്ക് കൊടുക്കുകയും ചെയ്തു. എന്റെ ഭാര്യയും അദ്ദേഹത്തിന്റെ ശിഷ്യ ആയിരുന്നു. ഈ ബന്ധം കാത്തു സൂക്ഷിക്കുന്നു എന്നത് കുടുംബ ബന്ധം സൂക്ഷിക്കാൻ ശ്രമിക്കാർ ഉണ്ട് എന്നതു മായി ചേർത്തു വായിക്കാവുന്നതാണ്.

ഉസ്താദ് ഏതെങ്കിലും തർക്കത്തിൽ ഉൾപ്പെട്ടത് ആയി കണ്ടിട്ടില്ല.

അദ്ദേഹത്തിന്റെ മക്കൾ എപ്പോളും അടുപ്പും കാണിക്കുന്ന ഇസ്ലാമിക തൽപരരായ സുഹൃത്തുക്കൾ ആണ്. അദ്ദേഹത്തിന്റെ പരലോക ജീവിതം പ്രകാശ പൂർണ്ണമായതു ആകട്ടെ آمين

<u>അബ്ദുൽ സലാം പി എ</u>

മാട്ടുമ്മലെലാർ.🌹

മുഹമമദ് മുസ്ലിയാർ.നാട്ടുകാർക്കും റബ്ബിനും ഇഷ്ട്ടപ്പെട്ട രീതിയിൽ ജീവിച്ച് സൗഹൃദം മാത്രം പങ്കുവെച്ച് തലമുറക്ക് ദീനി അറിവ് വേണ്ടുവോളം നൽകി.സ്വന്തം മക്കളെ നാടിനും വിടിനും നന്മകൾ ചൊരിയുന്ന നല്ല സ്വാലിഹായ മക്കളായി വളർത്തി എല്ലാവരോടും പുഞ്ചിരി മാത്രം നൽകി റബ്ബിലേക്ക് യാത്ര ആയ ഭാഗ്യവാൻ.റബ്ബ് അദ്ദേഹത്തെ ജന്നാത്തുൽ ഫിർദൗസിൽ ചേർക്കട്ടെ.ആമീൻ.

കഴിഞ്ഞ തവണ നാട്ടിൽ ഞാൻ ഉള്ളപ്പൊ പിന്നിൽ നിന്നുഎന്നെ സലാം എന്ന വിളിയോടെ മകൻ ജബ്ബാർ".സത്യത്തിൽ ഉസതാത് വന്ന് മുമ്പിൽ നിന്നത് പോലെ.ആചിരിയും സംസാരവും.ഒരൽപ്പ നേരം ഞാൻ മിഴിച്ച് നിന്നു പോയി.വിശേഷങ്ങൾ പറഞ്ഞു പിരിഞ്ഞു.

എന്റെ നല്ല ഒരോർമ്മ പങ്കു വെചതാണു.🤲🤝🌹

<u>ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം</u>

https://youtube.com/shorts/k8D2S2EsBA4?si=P7o46JHq_siMlBeG

<u>കെ പി എം അഷ്റഫ് ശബ്ദ സന്ദേശം</u>

https://youtube.com/shorts/esJZQfAaVzg?si=x8MbFAGydncxdAWG

11 Nov 2025

Episode-6

മർഹൂം മാമദ് മുസ്‌ലിയാർ



اسلام عليكم ورحمة الله وبركاته

പാടൂർ തഅ്ലീമുൽ ഇസ്ലാം മദ്രസ്സയിൽ ഒട്ടനേകം ഉസ്താദുമാരുടെ സേവനം നമുക്ക് ലഭിച്ചിട്ടുണ്ട്. അവർ പകർന്നു തന്ന അറിവ് മറ്റേത് അറിവിനേക്കാളും മഹത്തരവുമാണ്.

കൈയിൽ ഒരു ചൂരലും മുറുക്കിയ ചുണ്ടിൽ പുഞ്ചിരിയുമായി വന്നിരുന്ന ആ ഉസ്താദിന്റെ ഓർമ്മകളാണ് ഇന്ന് നമ്മൾ പങ്കുവയ്ക്കുന്നത്.

നമ്മൾ ഇന്നും ഓർക്കുന്ന ഉസ്താദ് മാമദ് മുസ്ല്യാരെ കുറിച്ചാണ് ഇന്ന്. ദീനിയായ അറിവുകൾ ഓതിതന്ന മാമദ് മുസ്ല്യാരെ കുറിച്ചും താങ്കളുടെ അനുഭവവും എഴുതുക പറയുക..

-അഡ്മിൻസ്

ലത്തീഫ് വാക്കയിൽ

മാമദ് മെയ്ല്യാര് എന്ന നമ്മുടെ മർഹൂം മാമദ് മുസ്ലിയാരെ കുറിച്ച് ഓർക്കുമ്പോൾ വല്ലാത്ത ഒരു ഗൃഹാതുരത്വം ആണ്. ഉസ്താദ് പഠിപ്പിച്ചിരുന്നത് 1-2ക്ലാസ്സുകളിൽ ആയിരുന്നു എന്നാണ് ഓർമ. കളിയിൽ ആയിരുന്നു കൂടുതൽ ശ്രദ്ധ. മദ്രസയുടെ പുറകിൽ ഒരു ചെറിയ ഒരു ഗ്രൗണ്ട് ഉണ്ടായിരുന്നു. ഇന്റർവെൽ സമയത്തു നേരെ അവിടേക്ക് പോകും. പ്രധാന വിനോദം കോറ്റം കുത്ത് ആയിരുന്നു. അതു കഴിഞ്ഞു ജർമന്റവിടെ ഒരു ഞാവൽ മരം ഉണ്ട്. അവിടെനിന്നും ഞാവൽ പഴം പറക്കി കഴിച്ചാണ് ക്ലാസ്സിൽ കയറുക. വൈകി എത്തിയാൽ ഉസ്താതിന്റെ ചെറിയ ഒരു ചൂരൽ കഷായം. എന്നാലും കുട്ടികളോട് വളരെ വാത്സല്യത്തോടെയാണ് അദ്ദേഹം പെരുമാറിയിരുന്നത്.

അന്ന് മദ്രസയിൽ പോകാൻ ഏറ്റവും ഇഷ്ടം ഉള്ള ദിവസം ഞായർ ആഴ്ചകൾ ആയിരുന്നു. അതിനു പല കാരണങ്ങൾ ഉണ്ടായിരുന്നു. ഒരു കാരണം ഞായർ ഇന്റർവെൽ 30 മിനിറ്റ് ആണ്. മറ്റൊരു പ്രധാന കാരണം. ......രാവിലെ മദ്രസ്സയിലേക്ക് വരുമ്പോൾ നമ്മുടെ കുഞ്ഞിമോൻക്കാടെ കടയുടെ അവിടെ നിന്ന് നോക്കും മദ്രസയിൽ നിന്ന് പുക ഉയരുന്നുണ്ടോ എന്ന് , ഉണ്ടെങ്കിൽ മനസ്സിൽ ലഡ്ഡു പൊട്ടും. കാരണം ചക്കര ചോറ് ഉണ്ടാക്കുന്ന പുക അടുപ്പിൽ നിന്ന് ഉയരുന്നതാണ്. വല്ലാത്ത സന്തോഷം ആയിരിക്കും അന്ന്. സാദാരണ ഞായറാഴ്ചകളിൽ ആയിരിക്കും ചക്കര ചോറ് ഉണ്ടാക്കുന്നത്. മദ്രസയുടെ വരാന്തയിൽ എല്ലാവരും നിരന്നു ഇരുന്നു കഴിക്കും, നമ്മുടെ ഉസ്താദ്മാരുടെ നിയന്ത്രണത്തിൽ. അന്ന് കഴിച്ച ചക്കര ചോറിന്റെ രുചി പിന്നീട് ഒരു മട്ടൻ ബിരിയാണിക്കും കിട്ടിയിട്ടില്ല. ആ കാലഘട്ടത്തിലെ ഉസ്താദുമാരെ കുറിച്ച് ഓർത്തപ്പോൾ വിഷയത്തിൽ നിന്നും വ്യതിചലിച്ചോ എന്ന് സംശയം.

ആദ്യാക്ഷരം പഠിപ്പിച്ച, അറിവിന്റെ വെളിച്ചത്തിലേക്ക് കൈ പിടിച്ചു ഉയർത്തിയ പ്രിയ ഉസ്താദിന് അള്ളാഹു സ്വർഗത്തിൽ ഉന്നത സ്ഥാനം നല്കട്ടെ.

സുബൈർ -ശബ്ദ സന്ദേശം

https://youtu.be/lTvM2meeJ4Y?si=T2LE8yvvybmWVdFt

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/GNiyZQoIVgE?si=zuuiNBmeIB_VEL0w

നജീബ് സാഹിബ് കാരിയാട്ട്

ക്ളാസിൽ എടുക്കുന്ന പാഠഭാഗങ്ങൾ പഠിച്ചു വരാതെ ഇരിക്കാൻ കഴിയില്ല; മാമത് മുസ്‌ലിയാരുടെ ക്ളാസിൽ. അത്ര മാത്രം കർശനമാണ്. അത് പോലെ ഖുർആൻ ഓതുമ്പോൾ യഥാർത്ഥ ഉച്ചാരണ ശുദ്ധി പാലിക്കണം. ഒരു വിട്ടു വീഴ്ചയും ഇല്ല. അദ്ദേഹത്തിന്റെ ക്ളാസിൽ പഠിക്കുമ്പോൾ ഉഴപ്പാൻ കഴിയില്ല. അത് കൊണ്ട് തന്നെ അന്ന് അദ്ദേഹം പഠിപ്പിച്ച പാഠഭാഗങ്ങൾ ഇന്നും ഹൃദിസ്ഥമാണ്. മദ്റസ വിട്ടു പുറത്തു വന്നാൽ വളരെ സൗമ്യമായ പെരുമാറ്റം

ആണ്. സ്കൂളിലെ പാഠഭാഗങ്ങൾ കൃത്യമായി പഠിക്കണം, ക്ളാസിൽ ശ്രദ്ധിക്കണം അധ്യാപകരോട് ഏറ്റവും Respectful ആയി പെരുമാറണം എന്ന് എല്ലാം ഉപദേശിക്കാറുണ്ട്. അദ്ദേഹത്തെ കാണുമ്പോൾ അറിയാതെ മുണ്ടിന്റെ മടക്കി കുത്ത് അഴിച്ചിടും. അദ്ദേഹത്തിന്റെ മകൻ ഉമ്മർ എന്റെ അടുത്ത സുഹൃത്ത് ആയിരുന്നു. ഞാൻ ഏനാമാക്കൽ സ്കൂളിൽ എട്ടാം ക്ലാസിൽ ചേർന്നപ്പോൾ അദ്ദേഹം ഒൻപതാം ക്ലാസ്സിൽ ഉണ്ട്. ഞാനും സഹോദരൻ ബാബുവും കാതർ മാസ്റ്ററുടെ മകൻ അഷ്റഫും ഒരുമിച്ച് നടന്ന് ആണ് സ്കൂളിലേക്ക് പോയിരുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ അതൊന്നും ആലോചിക്കാൻ വയ്യ. മാമത് മുസ്‌ലിയാരുടെ വീട്ടിലെ സ്ഥിരം സൻദർശകർ ആയിരുന്നു ഞങ്ങൾ. വീട്ടിൽ ചെല്ലുമ്പോൾ വളരെ ഹൃദ്യമായ പെരുമാറ്റവും സ്വീകരണവും ആണ്.

അമലിയാത്ത് / ദീനിയാത്ത് തുടങ്ങിയ പാഠ ഭാഗങ്ങൾ പഠിപ്പിക്കുന്ന സൻദർഭത്തിൽ വളരെ Practical ആയി ചെയ്യിക്കാൻ അദ്ദേഹം ശ്രദ്ധിക്കാറുണ്ട്. നിസ്കാരത്തിന്റെ/വളു എടുക്കുന്നത് നിന്റെ ശറ്ത് ഫറള് എല്ലാം പഠിപ്പിച്ചു തന്നത് ഇന്നും by heart ആണ്. അത്തരം ആത്മാർഥമായി പഠിപ്പിക്കുന്ന അധ്യാപകരുടെ തലമുറ ഇന്ന് കുറഞ്ഞു പോയി.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സിലബസിൽ ഒരു കടുകിട മാറ്റം വരുത്താൻ അദ്ദേഹം തയ്യാറായില്ല. അതായത് അടിയുറച്ച സുന്നി സംപ്റദായം തന്നെ ആണ് ശരി എന്ന് ഉറച്ചു വിശ്വസിക്കുന്ന ഒരു തലമുറയുടെ പ്രതിനിധിയാണ് അദ്ദേഹം. ശാഖാപരമായ വിട്ടു വീഴ്ചകൾക്ക് ഒരിക്കലും സന്നദ്ധനായി രുന്നില്ല.

സ്വകാര്യ ജീവിതത്തിലും അധ്യാപനത്തിലും ഒരു പോലെ വിട്ട് വീഴ്ചകൾക്ക് വഴങ്ങാതെ അർപ്പണ ബോധത്തോടെ പ്രവർത്തിച്ച മാമത് മുസ്‌ലിയാരുടെ ജീവിതം ഒരു Text Book ആണ്. അത്തരം മഹാരഥന്മാരുടെ പാൻഥാവ് ദീനി ആയി പിന്തുടരേണ്ടത് ഏറ്റവും അനുയോജ്യമായ കാലാഘട്ടത്തിൽ ആണ് നാം. ഭീഷണികൾ നേരിടേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഏറ്റവും അനുയോജ്യമായ കാര്യം ഐക്യദാർഢ്യം ആണ്. സർവ ശക്തനായ അല്ലാഹു അതിന് അവസരം ഒരുക്കട്ടെ.

അഭിവന്ദ്യ ഗുരു നാഥൻ മാമത് മുസ്‌ലിയാരുടെ പാരത്രിക ജീവിതം സ്വർഗീയമാകട്ടെ എന്ന് സർവ ശക്തനായ അല്ലാഹുവിനോട് ദുആ ചെയ്യാം.

മുഹമ്മദ് സഊദ്

മാമദ്യലെര് എന്റെ ഉസ്താദ്ല്ലെങ്കിലും കുഞ്ഞു നാൾ മുതൽ കാണുന്ന ഉസ്താദ് അധികമൊന്നും സംസാരിക്കാതെ ശാന്തനായ മനുഷ്യൻ but ഞങ്ങളുടെ വീടിന്റ് മുന്പാഗത്തു മതിലിനോട് ചേർന്നു നിൽക്കുന്ന തെങ്ങിൽ നിന്ന് കാറ്റു വീഴ്ചയാൽ റോഡിലേക്ക് വീഴുന്ന തേങ്ങ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പേട്ടാൽ ഒരു മടിയും കൂടാദെ എടുത്ത് മുറ്റത്തേക്ക് എടുത്തു ഇടാറുണ്ടായിരുന്ന കാര്യം ഈ അനുസ്മരണ വേളയിൽ ഞാൻ ഓർക്കുന്നു മദ്രസ്യിലേക്ക് വളരെ വൃത്തിയോട് കൂടി പോകുന്ന ഒരു ഉസ്താദ്ആണ് ഇദെന്ന് ഓർക്കണം അള്ളാഹു അദ്ദേഹത്തിന് പരലോകത് ഹൗദുൽ കൗസാറിൽ

നിന്നുള്ള പാനീയാം നൽകുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു, അസ്സലാമുഅലൈക്കും

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

ആദരണീയനായ മർഹൂം മാമത് മുസ്‌ലിയാരുമായി ബന്ധപ്പെട്ട വ്യത്യസ്തമായ ഒരനുഭവമാണ് ഇവിടെ പങ്കുവെക്കുന്നത്.1984-85കാലത്താണ് എന്നാണ് ഓർമ. മാമാമത് മുസ്യർക്കെതിരെ പാടൂരിലെ ഒരുവ്യക്തി ചാവക്കാട് പോലീസ് സ്റ്റേഷനിൽ ഒരു കള്ളപ്പരാതി കൊടുത്തു. അക്കാലത്ത് നമ്മുടെ പോലീസ് സ്റ്റേഷൻ ചാവക്കാട് ആയിരുന്നു. പിന്നീടാണ് പാവാറട്ടി സ്റ്റേഷൻ സ്ഥാപിതമായത്. ചാവക്കാട് സ്റ്റേഷനിൽ നിന്ന് മൂന്ന് നാല് തവണ മാമതത് മുസ്‌ലിയാരെ വിളിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ഉണ്ടായി.FIR റെജിസ്റ്റർ ചെയ്യുകയോ കേസ് എടുക്കുകയോ ചെയ്യാതെ പോലീസിന്റെ ഹാരസ്മെന്റ് മുസ്‌ലിയാരെ വല്ലാതെ അസ്വസ്ഥതനും ദുഖിതനുമാക്കി. വിനീതനായ എന്റെ ഉപദേശപ്രകാരം അദ്ദേഹം ബഹു :കേരള ഹയ്ക്കോടതിയിൽ ചാവക്കാട് പോലീസിനെതിരെ കേസ്കൊടുത്തു. പോലീസ് അകാരണമായി സ്റ്റേഷനിലേക്ക് വിളിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതിനാൽ അവരെ കോടതിയിലേക്ക് വരുത്തി സങ്കടനിവൃത്തി ഉണ്ടാക്കി തരണം എന്ന് ആയിരുന്നു കോടതിയിൽ കൊടുത്ത പരാതി.ഹൈക്കോടതി DSP യോട് നാല് ദിവസത്തിനകം ചാവക്കാട് SI യെ കോടതിയിൽ ഹാജരാക്കാൻ ഉത്തവായി. കോടതി നിർദേശിച്ച ദിവസം പബ്ലിക് പ്രോസിക്കൂട്ടർ മുഖേനയും നേരിട്ടും SI ഹയ്ക്കോടതിയിൽ ഹാജറായി.പ്രോസിക്കൂട്ടർ നിരുപാധികം മാപ്പ് പറയാൻ SI യെ ഉപദെശിച്ചിരുന്നു. അല്ലെങ്കിൽ സസ്‌പെൻഷൻ അടക്കം നടപടികൾ നേരിടേണ്ടിവരും എന്ന് SI യോട് ഉപദേശിച്ചതി ന്റെഅടിസ്ത്താനത്തിൽമാപ്പാപേക്ഷയുമായാണ് അയാൾ കോടതിയിൽ എത്തിയത്.നിരുപാധിക മാപ്പാപേക്ഷയുടെ അടിസ്ഥാനത്തിൽ മേലിൽ ഹരചജിക്കാരനെ ആകാരണമായി വിളിപ്പിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യരുതെന്ന് ഉത്തരവിട്ട് ഹൈക്കോടതികേസ് തീർപ്പാക്കി.............മൂന്നോ നാലോ മാസങ്ങൾക്കശേഷം നമ്മുടെ ജമാ അത്ത് പള്ളിയുടെ പരിസരത്തുള്ള എലെക്രിസിറ്റി ലൈനിൽ നിന്ന് കേബിൾ നഷ്ടപ്പെട്ട ഒരു സംഭാവമുണ്ടായി. മർഹൂം കൊട്ടുക്കൽ കുഞ്ഞിമോൻ സാഹിബിന്റെ അതിഥിയായി താമസിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ ആണ് ആ കേബിൾ മോഷ്ടിച്ചത് എന്നാരോപിച്ച് ആരോ ഒരു പരാതി ചാവക്കാട്പോലീസിൽ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് പോലീസ് ആ ചെറുപ്പക്കാരനെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. ആ ചെറുപ്പക്കാരാനും കുഞ്ഞിമോൻ സാഹിബും ഞാനും പോലീസ് സ്റ്റേഷനിൽ എത്തി. കുറച്ചു കഴിഞ്ഞപ്പോൾ SI സ്റ്റേഷനിലെത്തി. അദ്ദേഹം ഞങ്ങളെ മുറിയിലേക്ക് വിളിച്ചു.ഒരു പോലീസുകാരൻ പരാതി SI ക്ക് കൊടുത്തു. അദ്ദേഹം പരാതി വായിച്ച് കുറച്ചു നേരം നിശ്ശബ്ദനായി ഇരുന്നു. നിങ്ങൾ പാടൂർക്കാരാണല്ലേ എന്ന് ചോദിച്ചു. ഞങ്ങൾ അതേ എന്ന് പറഞ്ഞു. പുലിവാലിനൊന്നും വയ്യ, നിങ്ങൾ പൊക്കോളൂ ഇനിയും ഹൈക്കോടതി കേറാൻ ഞാനില്ല എന്ന് പറഞ്ഞു. ഏതോ കോൺസ്റ്റബിൾ ആണ് പാടൂരിലെ ആ

കുട്ടിയോട് സ്റ്റേഷനിൽ ഹാജരാവാൻ പറഞ്ഞത്. SI പരാതി കണ്ടത് ഞങ്ങൾ സ്റ്റേഷനിൽ എത്തിയപ്പോഴാണ്. ഞങ്ങൾ സ്റ്റേഷനിൽ നിന്ന് പുറത്തിറങ്ങി. കുഞ്ഞിമോൻ സാഹിബിനു അത്ഭുതം. മുസ്‌ലിയാരുടെ കേസ് കാര്യം അറിയാവുന്ന വിനീതൻ കുഞ്ഞിമോൻ സാഹിബിനെ പാടൂർകാരോട് വിട്ടുവീഴ്ച്ച ചെയ്യതല്ല ഇത് മാമത് മുസ്ലിയാർ ഇഫെക്ട് ആണെന്ന് ബോധ്യപ്പെടുത്തി......മാമദ്ദുസ്‌ലിയാരുടെ മൂത്തമകൻ മർഹൂം അഹമ്മദ് എന്റെ സഹപാടിയും സുഹൃത്തും ആയിരുന്നു. ആക്കാരണത്താൽ എന്നോട് വളരെ സ്നേഹവും അടുപ്പവും എന്നും കാണിച്ചിരുന്നു. ഒരുപാട് കാര്യങ്ങൾ ഇനിയും എഴുതാൻ ഉണ്ട്. ആരോഗ്യപരമായ കാരണങ്ങളാൽ അവസാനിപ്പിക്കുകയാ ണ്. പ്രിയപ്പെട്ട മാമദ് മുസ്‌ലിയാർക്ക് സ്വർഗത്തിൽ വലിയ പദവി നൽകട്ടെ എന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ച് കൊണ്ട് നിർത്തുന്നു. അസ്സലാമുഅലൈക്കും.

<u>ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം</u>

https://youtube.com/shorts/AKV3YFB7p3E?si=nVm4Obhw_cMJ1cR8

<u>ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം</u>

https://youtu.be/-Hmet9gesHQ?si=6RwwwR728C74_L2d

<u>റഫീഖ് പേരൊത്ത്</u>

മാമദ് മുസ്ല്യാരെ ഓർക്കുമ്പോൾ

അലിഫ് ബാഅ....അറ തറ ഉമ്മ മക്കന തുന്നി....

എന്നൊക്കെയുള്ള ആദ്യാപാഠങ്ങൾ മാമദ് മുസ്ല്യാരിൽ നിന്നാണൊ കാളൻ കോട് മുഹമ്മദ് മുസ്ലിയാരിൽ നിന്നാണൊ പഠിച്ചതെന്നുള്ളത് ഓർമ്മയിലില്ല.

നമ്മുടെ പള്ളി പറമ്പിൽ സുലഭമായി കിട്ടിയിരുന്ന ഫ്ളക്സബിളായ കരുവള്ളി കോലുമായിട്ടാണ് മാമദ് മുസ്ല്യാരെ ഏറിയകൂറും കണ്ടിട്ടുള്ളത്.ആ കരുവള്ളി കോലിൽ നിന്നു പിറന്നിട്ടുള്ള ഒരോ അടിയുമേറ്റവരിൽ ഏറിയകൂറും വളഞ്ഞിട്ടുണ്ടവാൻ സാധ്യത വിരളമാണ്. കരുവള്ളി കോലുകൾ നമ്മുടെ പള്ളി പറമ്പിൽ നിന്ന് വംശനാശം വന്നു പോകുന്നതു പോലെ തന്നെ ദീനിന് അടിതറപാകുന്ന ഇത്തരം ആലിമീങ്ങൾ നമ്മുടെ നാടുകളിൽ കുറഞ്ഞു വരുന്നത് നമ്മേ ഏറെ അശങ്ക പെടുത്തേണ്ട ഒന്നാണ്.നമുക്കേവർക്കും ദീൻ പകർത്തി തന്ന ഉസ്ഥാദുമാർക്ക് സ്വർഗ്ഗത്തിലെ ഉന്നതസ്ഥാനം നൽകേണമെ എന്ന് നമുക്ക് വീണ്ടും വീണ്ടും പ്രാർത്ഥിക്കാം.🤲

അലി അബ്ദുല്ല

മാമദ് മുസ്ലിയാർ എന്നെ മദ്രസയിൽ പഠിപ്പിച്ചിട്ടില്ല, ഞാൻ മറ്റൊരു ഡിവിഷൻ ആയിരുന്നു. എങ്കിലും മദ്രസ്സ പഠന കാലഘട്ടത്തിൽ ഒരു ഭയമായിരുന്നു അദ്ദേഹത്തെ കാണുമ്പോൾ. തല ഉയർത്തി വളരെ ഘംഭീരത്തോടെ നടന്നു വരുന്നത് കാണുമ്പോൾ ഒരു ചന്തമുണ്ടായിരുന്നു.ഞങ്ങളുടെ അയൽവാസികളായിരുന്നു അദ്ദേഹത്തിന്റെ അനുജന്മാർ അബ്ദുറഹ്മാൻ മുസ്ലിയാരും അഹമ്മദ്ക്കയും. അവരുടെ വീടുകളിൽ മാമുദ് മുസ്ലിയാർ നിത്യ സന്ദർഷകനായിരുന്നു. എന്റെ കുടുംബവുമായി നല്ല സൗഹൃദം ഉണ്ടായിരുന്നു.

അള്ളാഹു സ്വർഗ്ഗപൂന്തോപ്പിൽ അദ്ദേഹത്തോടൊപ്പം നമ്മെയും ഒരുമിച്ചു കൂട്ടട്ടെ 🤲🤲

ആർ പി സിദ്ധിഖ് സാഹിബ്

മാമുതു മുസ്ല്യാർ

പാടൂർ തഅലീമുൽ ഇസ്ലാം മദ്രസയുടെ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തി വെക്കേണ്ട വ്യക്തിത്തം.

പാടൂരിലെ മൂന്ന് തലമുറകൾക്കെങ്കിലും ദീനിന്റെ പ്രഥമിക പാഠങ്ങൾ അഭ്യസിപ്പിച്ച മാതൃകാ അദ്ധ്യാപകൻ.

ഒന്ന്, രണ്ട് ക്ളാസുകളിൽ എന്നെ പഠിപ്പിച്ച പ്രിയങ്കരനായ ഉസ്താദ് .മദ്രസയിൽ എത്തിയാൽ ചൂരൽ അദ്ദേഹത്തിന്റെ സന്തത സഹചാരിയായിരുന്നു.അത്കൊണ്ട് അന്ന് കിട്ടിയ പ്രഹരങ്ങൾ വേദനിപ്പിച്ചിരുന്നെങ്കിലുംഇന്ന് ജീവിതത്തിന്റെ വഴികാട്ടിയായ മധുരിക്കുന്ന ഓർമ്മകളായി നിലനിൽക്കുന്നു. ഒരിക്കൽ മാത്രമേ അടി കിട്ടിയതായി ഈയുള്ളവൻ ഓർക്കുന്നുള്ളൂ. അത് തുടർച്ചയായി കുറച്ചു ദിവസം മുടങ്ങിയതിന്റെ പേരിൽ. ഖുർആൻ ഓതിപ്പിക്കുമ്പോൾ രണ്ടു കൈകളും പുറത്ത് ചന്തിക്ക് മേലെയായി ഇടത്തും വലത്തും വെച്ചുള്ള ഒരു നടത്തം ഉണ്ട് അത് ഇപ്പോഴും കണ്ണിൽ നിന്ന് മറഞ്ഞിട്ടില്ല.

ഒരിക്കൽ പാഠം എഴുതിക്കൊണ്ടു വരാതിരുന്ന സഹപാഠി ഹൈദറു , കോപ്പി പുസ്തകം ഇല്ലാത്തതു് കൊണ്ടാണ് എഴുതാതിരുന്നത് എന്ന് പറഞ്ഞപ്പോൾ, ടാ തെങ്ങിന്റെ കടക്കൽ വാവ്വൽ ചപ്പിക്കൊണ്ടിടുന്ന പുന്നക്കുരു പറക്കി വിറ്റാൽ വാങ്ങാവുന്നല്ലെ കോപ്പി പുസ്തകം എന്ന് പറഞ്ഞത് ഒരു അറിവായിരുന്നു.പുന്നക്കുരുവിനെ അന്ന് മുതൽ ഞാനും സ്നേഹിക്കാൻ തുടങ്ങി.ഞങ്ങളുടെ പറമ്പിലും വവ്വാൽ പല ഭാഗങ്ങളിലായി പുന്നക്കുരു നിക്ഷേപിക്കാറുണ്ട്. അവ ഒരുമിച്ചു കൂട്ടിവെച്ചു മിഠായി വാങ്ങാനുള്ള വഹ കണ്ടെത്തിയിരുന്നു.

'മാമുദു മുസ്ല്യാരുടെ ചൂരൽപ്രയോഗത്തെപ്പറ്റി പറയുമ്പോൾ ഓർമ്മ വരുന്ന വരുന്നത് സഹപാഠിയായിരുന്ന സഹോദരി ഹലീമയെ യാണ്. അടിക്കാൻ വരുമ്പോൾ തന്നെ തുടങ്ങും അട്ടഹാസം അവസാനിക്കണമെങ്കിൽ സമയം കുറെ പിടിക്കും.അവരും അല്ലാഹു വിന്റെ വിളിക്കുത്തരം നൽകി

യാത്രയായി. റബ്ബ് മഗ്ഫിറത്തും മർഹമത്തും സ്വർഗ്ഗപ്പൂങ്കാവനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ. സ്നേഹസമ്പന്നനായിരു മാമുദു മുസ്ല്യാർ.വീട്ടുകാര്യങ്ങൾ ചോദിച്ചറിയുമായിരുന്നു.പ്രത്യേകിച്ച് വെല്ലിമ്മായുടെ 'വിശേഷങ്ങൾ.അതിന് പ്രത്യേക കാരണ മുണ്ട്. എന്റെ വെല്ലിപ്പ മരിച്ചതിനു് ശേഷം മാമു ദു മുസ്ല്യാരുടെ ബാപ്പ കരുമാന്റ കായിൽ മൊയ്തീൻ മുസ്ല്യാർ വെല്ലിമ്മാനെ വിവാഹം കഴിച്ചിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം വെല്ലിമ്മ എന്റെ മൂത്തുമ്മായുടെ കുടെയാക്കി താമസം. അന്നു മാമുദു മുസ്ല്യാരും മറ്റു സഹോദരങ്ങളും ചെറുപ്പങ്ങളായിരുന്നു എന്ന് വെല്ലിമ്മ പറഞ്ഞ അറിവുണ്ട്.

ഇപ്പോഴും മങ്ങലേൽക്കാതെ മനസ്സിൽ കിടന്നിരുന്ന ചില ഓർമ്മകൾ കുത്തിക്കുറിക്കുക മാത്രമാണ് ഇവിടെ ചെയ്തതു്.

റബ്ബുൽ ഇസ്സത്ത് , നന്മയുടെ വെള്ളിവെളിച്ചം നമ്മിൽ വിതറിയ നമ്മുടെ ഗുരുക്കന്മാർക്കെല്ലാം അർഹമായ പ്രതിഫലം നൽകുമാറാകട്ടെ. സ്വർഗ്ഗീയാരാമങ്ങളിൽ അവർക്കൊപ്പം നമ്മെയും പ്രവേശിപ്പിക്കുമാറാകട്ടെ. ആമീൻ.

അബ്ദുൽ മജീദ് മുഹമ്മദ്

പ്രിയപ്പെട്ട മാമത് മുസ്ലാർ.. ഏറെ ഇഷ്ടമാണ് ആ ഗുരുവന്ധ്യനെ.. പാടൂരിന്‌റെ മക്കൾക്ക് ദീനി വിദ്യാഭ്യാസത്തിന്‌റെ ആദ്യാക്ഷരങ്ങൾ പറഞ്ഞും പഠിപ്പിച്ചും കൊടുത്ത മഹാവര്യൻ..എനിക്കും എന്‌റെ മുൻതലമുറയ്ക്കും കിട്ടിയ ശിക്ഷണ ഭാഗ്യം നമ്മുടെ പിന്തുടർച്ചക്കാർക്ക് ലഭിച്ചില്ല എന്ന വിഷമവും ഇവിടെ പങ്കു വെക്കട്ടെ. മാമത് മുസ്ലാരുടെ സന്തത സഹചാരിയായിരുന്നു അദ്ദേഹത്തിന്‌റെ നീളമുള്ള നല്ല ഒന്നാന്തരം ചൂരൽ.. ആ ചൂരൽ കൊണ്ടുള്ള അടി കിട്ടാത്ത ഒരു വിദ്യാർത്ഥിയും ആ കാലഘട്ടത്തിൽ ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും കടന്നു പോയിട്ടുണ്ടാകില്ല. അക്കാലങ്ങളിൽ നമുക്ക് പ്രത്യക്ഷത്തിൽ വേദന ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ആ ചൂരൽ കഷായമാകും ഒരു പക്ഷേ നമ്മളെ ഇന്നത്തെ നമ്മളാക്കിയെടുത്തത്.. ഉസ്താദിന്‌റെ ബർസാഖിയായ ജീവിതം എന്നും സന്തോഷമുള്ളതാകട്ടെ. നാഥൻ സ്വർഗ്ഗത്തിൽ ഉന്നത ദറജയിൽ കുറയാത്ത സ്ഥാനവും ആദരവും നൽകി നാഥൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. ജന്നാത്തുൽ ഫിർദൗസിൽ മുത്ത് റസൂലിന്‌റെ ചാരെ ചേർന്നു നിൽക്കാനും നാളെ നമ്മെ സ്വീകരിക്കാനും അദ്ദേഹത്തിനും നമുക്കും റബ്ബ് തൗഫീക് നൽകി അനുഗ്രഹിക്കട്ടെ…

കെ അബ്ദുൽ വാഹിദ് സാഹിബ്

മാമദു മുസല്യാർ എന്ന അയവാസിയായ ഞങ്ങളുടെ മാമതുക്ക:-

ഞങ്ങളുടെ പിതാവ് കെ.പി. അഹമ്മദ് കുട്ടി മുസല്യാരുടെജീവിത കാലത്ത് വീട്ടിലെ നിത്യ സന്ദർശകനായിരുന്നു മാമ ദുക്ക . ഒരു പക്ഷെ ഉററ ബന്ധം പുലർത്തിയിരുന്ന അയൽവാസികളായതിനാലും ഉപ്പ വീട്ടിൽ

വിശ്രമജീവിതം നയിച്ചിരുന്നതിനാലുമാകാം പ്രവാചക ചര്യ അദ്ദഹം പിൻപറ്റിയതു്.

ദൂരെ നിന്ന് വീക്ഷിക്കുന്നവർക്ക് ഗൗരവ സ്വഭാവം തോന്നുമെങ്കിലുംഇടപഴകിയാൽ അങ്ങിനെയായിരുന്നില്ല. അദ്ദേഹത്തിന്റെ പിതാവ് കുരുമാന്റകായിൽ മൊയ്തീൻ മുസല്യാർ പ്രശസ്തനായസൂഫീ പണ്ഡിതവര്യനായിരുന്നു. ധാരാളം പേർ രോഗം, വ്യക്തി പരമായ പ്രശ്നപരിഹാരങ്ങൾ തേടിഅയൽപ്രദേശങ്ങളിൽ നിന്ന് നിത്യസന്ദർശകരായി വരുമായിരുന്നു - മൊയ്തിൻ മുസല്യാർ ദീർഗ കാലം കോട്ടയത്തെ പുരാതന പള്ളിയിൽ ഖത്വീബും മുദരിസുമായി പ്രവർത്തിച്ചിട്ടുണ്ടന്ന് കേട്ടിട്ടുണ്ട്. അദ്ദേഹം നമ്മുടെ പള്ളിയിലെ പൂർവ കാല മുദരിസായിരുന്ന തുന്നൻ വീടൻ ഉസ്താദിന്റെ ശിഷ്യനായിരുന്നു.

പിൽകാലത്ത് തുന്നൻ വീടൻ ഉസ്താദിന്റെ പാടൂരിലെ സഹധർമിണിയായിരുന്ന ആയിഷത്താനെ മൊയ്തീൻ മുസല്യാർ കല്യാണം കഴിച്ചിരുന്നു..

മാമദു മുസലിയാരുടെ മദ്റസയിലെ അദ്ധ്യാപന കാലത്ത് അദ്ദേഹത്തിന്റെ വേറിട്ട പഠന രീതിയെ ശിഷ്യന്മാർ ഓർത്തെടുത്ത് ഹൃദയം തട്ടിയുള്ള പ്രാർതനകൾ അല്ലാഹുസ്വീകരിക്കട്ടെ . ദീനി വിജ്ഞാനം മക്കൾക്ക് കിട്ടുവാനും പകർന്ന് നൽകുവാനുംമുൻകാല രക്ഷിതാക്കളുംഉസ്താദുമാരും പുലർത്തിയിരുന്ന ശുഷ്കാന്തിയും ആത്മാർത്ഥതയും പുതിയ ജീവിത സഹചര്യത്തിൽ വേണ്ടുവോളമുണ്ടോയെന്നതു് വിഷയമാണ്. ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം ദീനി വിജ്ഞാനവും നേടിയെടുക്കാൻ നമ്മുടെ മക്കൾക്ക് കഴിയട്ടെ . മൺമറഞ്ഞ എല്ലാ ഉസ്താദുമാർക്കും അല്ലാഹു സ്വർഗം നല്കി അനുഗ്രഹിക്കട്ടെ .

അവരോടൊപ്പം സ്വർഗത്തിൽ സംഗമിക്കാൻ നമ്മുടെ പൂർവികർക്കും നമുക്കും അല്ലാഹു തൗഫീക്ക് നൽകട്ടെ 🤲🤲

<u>പി എൻ അബ്ദുൽ ഖാദർ സാഹിബ്</u>

അസ്സലാമു അലൈക്കും മാമദൈലേ ര് എന്ന് വിളിക്കുന്ന മാമത് മുസ്ലിയാർ എന്നെ ഓതിച്ചട്ടില്ലെങ്കിലും എപ്പോഴും കയ്യിലുള്ള ചൂരൽ എനിക്ക് പേടിയായിരുന്നു മദ്രസ പ ഠനം അന്ന് ഇന്നത്തെ പോലെ ആയിരുന്നില്ല ഉസ്താദുമാർ എല്ലാ ക്ലാസിലും വിസിറ്റ് ചെയ്യുകയും കുട്ടികളുടെ പഠന കാര്യത്തിൽ ഉസ്താദുമാര് സംസാരിക്കുന്നതും കേട്ടട്ടുണ്ടായിരുന്നു മാമത് മുസ്ലിയാര് എന്റെ നേരെ മുന്നിലുള്ള വീട്ടിൽ നിത്യ സന്ദർഷകനായിരുന്നു അത് കൊണ്ട് തന്നെ അദ്ദേഹത്തിന് മുറുക്കുന്ന സ്വഭാവം ഉള്ളതുകൊണ്ട് ഇടക്ക് മുറുക്കാൻ വാങ്ങി കൊട്ക്കാൻ പറഞ്ഞു വിളിക്കാറുണ്ടായിരുന്നു അന്നള്ള ഉസ്താദുമാരുമായി എല്ലാവരും നല്ല ബന്ധങ്ങൾ കാത്തുസൂക്ഷിച്ച ഒരു കാലഘട്ടമായിരുന്നു ഇന്ന് അങ്ങനെ ഒരു ബന്ധം കാണുന്നില്ല അന്ന് എല്ലാ ഉസ്താദ് മാരും നമ്മുടെ സ്വന്തം നാട്ടിലുള്ളവരായതു കൊണ്ടാവും കുറഞ്ഞ കാലംഈയുള്ളവനും മക്കളെ പഠിപ്പിക്കാനുള്ളൊരു അവസരം കിട്ടിയിരുന്നു ജീവിതത്തിലെ വലിയൊരു ഭാഗ്യമായി കരുതുന്നു നമ്മുടെ മാതാ പിതാക്കൾ

ഉസ്താദുമാർ എല്ലാവരെയും അള്ളാഹു ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടട്ടെ ആമീൻ അസ്സലാമു അലൈക്കും

എഴുതാനറിയാത്ത ഞാൻ എഴുതുമ്പോൾ പല തെറ്റ് കുറ്റങ്ങളും ഉണ്ട് ക്ഷമിക്കുക

ശിഹാബ് -ശബ്ദ സന്ദേശം

https://youtube.com/shorts/P_AZHS2FhPc?si=LPws3rzAUI0UCaqQ

സൈനുദ്ധീൻ പാടൂർ

اسلام عليكم ورحمة الله وبركاته

നാട്ടിലെതന്നെ അനേകം ഉസ്താദുമാരും അവരിൽ ഏറെപേരും നമ്മുടെ മദ്രസ്സയിൽ സേവനവും അനുഷ്ഠിച്ചിട്ടുമുണ്ട് എന്നത് പാടൂരിന്റെ മാത്രം സവിശേഷതയാണോ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

യാതൊരു ഭൗതികലാഭവും ആഗ്രഹിക്കാതെ പുതിയ തലമുറയെ ഇസ്ലാമിക മാർഗ്ഗത്തിലൂടെ കൈ പിടിച്ചുയർത്താൻ അഹോരാത്രം പ്രവർത്തിച്ച ഒരു കൂട്ടം ഉസ്താദുമാരുടെ പ്രധാന പ്രവർത്തന കേന്ദ്രമായിരുന്നു നമ്മുടെ ഈ മദ്രസ്സ.

തലമുറകൾ മാറിമറിയുമ്പോഴുംഅവർ പകർന്നു നൽകിയ ദീനിയായ വിജ്ഞാനമാണ് നമ്മൾ നമ്മുടെ അടുത്ത തലമുറയിലേക്കും പകരുന്നത്.

മർഹൂം ഉസ്താദ് മാമദ് മുസ്ല്യാരെ കുറിച്ച് ഓർക്കുമ്പോൾ പലതും മനസ്സിൽ മിന്നിമറയുന്നുണ്ട്. ഉസ്താദിന്റെ ക്ലാസ്സിൽ ആരും സംസാരിക്കാൻ ധൈര്യം കാണിക്കാറില്ല കൈയ്യിലുള്ള ചൂരൽ എപ്പോൾ വന്ന് പുറകിൽ വീഴും എന്നറിയില്ല അതു തന്നെ കാരണം. ഉസ്താദിനെ ദൂരെനിന്നും കാണുമ്പോൾതന്നെ എന്തുനല്ല മക്കളാവുമെന്നോ ഞങ്ങളെല്ലാം.

അന്നത്തെ ഭയം ഇന്ന് ബഹുമാനമായി തോന്നുണ്ടങ്കിൽ നമ്മളെ എത്രമാതം ദീനിയായ വിജ്ഞാനത്തിന് മാമദ് മുസ്ല്യാർ ശ്രമിച്ചിരുന്നു എന്നതിന് തെളിവ് കൂടിയാണ് അത്.

അള്ളാഹുവിന്റെ കൃപയിൽ എല്ലാ ഉസ്താദ്മാർക്കും മാമദ് ഉസ്താദിനും നമ്മളെ വിട്ടുപിരിഞ്ഞ നമ്മുടെ മാതാപിതാക്കൾക്കും സ്വർഗ്ഗപൂങ്കാവനം നൽകി അനുഗ്രഹിക്കുമാറാവട്ടെ...

آمين 🤲 يارب العالمين

മുഹമ്മദ് സഊദ്

ചൂരൽ കഷായം അത് വേണ്ടു വോളം ഞാൻ എന്റെ വാപ്പയിൽ നിന്ന് മേടിച്ചിട്ടുണ്ട് ഇവിടെ സൂചിപ്പിച്ചവരേക്കാൾ കൂടുതലായ് ഇപ്പോൾ നിങ്ങളെ പോലെ തന്നെ എനിക്കും മനസ്സിലായി അദെല്ലാം നമ്മുടെ നന്മക്കു

വേണ്ടിയാണെന്ന് നമ്മുടെ ഉസ്താദുമാർ നമുക്ക് പകർന്നു നൽകിയ അറിവ് വിലമധിക്കാനാവാത്തതാണ് റബ്ബിന്റെ അനുഗ്രഹം അവരിയുണ്ടാകട്ടെ ആമീൻ

ആർ വി അബ്ദുൽ ഹമീദ് സാഹിബ്

السلام عليكم ورحمه الله وبركاته

നമ്മുടെ മാമദു മുസ്ലിയാർ.അത്യാവശ്യത്തിന് മാത്രം സംസാരിച്ചിരുന്ന ഒരു പ്രകൃതമായിരുന്നു പ്രകൃതിയെ കൂടുതൽ ഇഷ്ടപ്പെടുന്ന ഗുരുകുല സമ്പ്രദായത്തിൽ ആയിരുന്നു മാമമ്മദ് മുസ്ലിയാർ ക്ലാസുകൾ എടുത്തിരുന്നത് ഉസ്താദ് മദ്രസയുടെ മുറ്റത്താണ് അധിക ക്ലാസുകളും നടത്തിയിരുന്നത് പിന്നെ ചൂരൽ പ്രയോഗം നടത്തുന്ന ഒരു പ്രകൃതം ഉണ്ട് അതുകാരണം കുട്ടികളെല്ലാം ക്ലാസിൽ വളരെ ശ്രദ്ധയോടെ തന്നെ ഇരിക്കുകയും ചെയ്യുന്നു. ക്ലാസിൽ വർത്താനം പറഞ്ഞു സമയം കളയില്ല. സൈയ്തു മുഹമ്മദ് വക്കീല് ഇതിനുമുമ്പ് പറഞ്ഞ കാര്യം വളരെ ശരിയാണ് ഒരു കേസുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യം.ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.ഒരിക്കൽ മാമദു മുസ്ലിയാർക്കെതിരെ ഒരു കേസ് ഉണ്ടായിരുന്നു.ആ കേസിന്റെ കാര്യത്തിന്.മുഹമ്മദ് ഉണ്ണി ക്കാടെ അബ്ദുൽ ഹമീദ് മായി പോയിരുന്ന സമയത്ത്. എന്റെ കൂട്ടുകാരനായിരുന്ന അബ്ദുൽ ഹമീദ് എന്നെയും കേസിന്റെ കാര്യത്തിൽ മുസ്ലിയാരെ കൂടെ പോകാൻ നിർബന്ധിക്കുമായിരുന്നു. അങ്ങനെ പോയ അനുഭവം ഉണ്ട്. കേസിനെ കുറിച്ച് എനിക്ക് കൂടുതൽ അറിയില്ല എങ്കിലും ഉസ്താതിന്റെ കൂടെ പോയ അനുഭമാണ് . തൊയക്കാവിൽ ഉണ്ടായിരുന്ന ജോർജ് വക്കീലിനെ കൂട്ടി എറണാകുളത്ത് ഹൈകോടതി വരെ പോയിരുന്നു. ന്യായമുള്ള കേസാണെങ്കിൽ ഏതതറ്റം വരേയും പോകും. എറണാകുളത്ത് വുഡ്ലാൻഡ് ഹോട്ടലിൽ നിന്ന് ചിക്കൻ കറിയും നൂൽ പുട്ടും കഴിച്ചത് ഇപ്പോഴും ഓർമ്മയുണ്ട്.അബ്ദുൽ ഹമീദും അനുജൻ യൂസഫും ഇന്ന് നമ്മോടൊപ്പം ഇല്ല അവരുടെ ഖബറിടം അള്ളാഹു വിശാലമാക്കി കൊടുക്കട്ടെ.

മാമ ദു മുസലിയാർ എന്റ ബന്ധവുമാണ്.കരിയന്റെ അകായിൽ മൊയ്തു മുസ്ലിയാർ എൻറെ വല്യമ്മയെ കല്യാണം കഴിച്ചിട്ടുണ്ട് ആ ബന്ധം അധികനാൾ നീണ്ടു നിന്നിട്ടില്ല എന്നാണ് അറിഞ്ഞത് അതിനു ശേഷം വല്യമ്മാനെ ഞങ്ങൾ കരിയാ ന്റ അകായിലെഉമ്മ എന്നാണ് വിളിച്ചിരുന്നത്.എൻറെ ഉമ്മയും ഉമ്മാടെ ഉമ്മയും ഉപ്പയും ഉപ്പാടെ ഉമ്മയും എല്ലാവരും കൂടെ ചേർന്നതാണ് ഞങ്ങളുടെ വീട്. ഇപ്പോൾ ഞാനും ഭാര്യയും മക്കളും മാത്രം. തറവാട് വീട് ഇപ്പോഴും അങ്ങനെ നിലനിൽക്കുന്നു അൽഹംദുലില്ല .അന്ന് കരിയ ന്റയിലെ ഉമ്മ സൂഫി കഥകളും ഇസ്ലാമിക കഥകളും പറഞ്ഞു തന്നിരുന്നു . ഉപ്പാടെ ഉമ്മയും ഒരുപാട് കഥകൾ പറഞ്ഞുതന്നിരുന്നു അന്നത്തെ നല്ല കാലങ്ങൾ ഓർക്കുകയാണ്.

മുസ്ലിയാരുടെ കയ്യിൽ നിന്ന് അടി വാങ്ങി വീട്ടിൽ വന്നു കംപ്ലയിന്റ് പറഞ്ഞാൽ ഉമ്മ പറയുന്നത്ആണ് രസം.അടി കൊള്ളുന്നത് നല്ലതിനാണ് അടികൊണ്ട ഭാഗങ്ങൾ സ്വർഗ്ഗത്തിൽ പോകും. എന്നെല്ലാം പറയും. ഉപ്പാട് കംപ്ലൈന്റ് ഒന്നും പറയില്ല.പറയാൻ പേടിയായിരുന്നു.നിർത്തട്ടെ നീണ്ടു പോകുന്നു.നമ്മളിൽ നിന്ന് പിരിഞ്ഞ് മൺമറഞ്ഞ് പോയ ഗുരുനാഥന്മാർക്കും

മാതാപിതാക്കൾക്കും ബന്ധുമിത്രങ്ങൾക്കും അല്ലാഹു ആഖിറം വിശാലമാക്കി കൊടുക്കട്ടെ ആമീൻ

അമീറുദ്ധീൻ കെ എം

ബഹു: മാമദ് മുസ്ല്യാർ , മദ്രസ്സയിൽ ഒന്നാം ക്ലാസ്സിൽ പഠിച്ച് കൊണ്ടിരിക്കുമ്പോൾ ഓരോ വിദ്യാർത്ഥിയും മനസ്സിൽ ആഗ്രഹിച്ചിരുന്നത് രണ്ടാം ക്ലാസ്സിലേക്ക് വിജയിക്കുമ്പോൾ മാമദേയ് ലേരുടെ ക്ലാസ്സിൽ ആകരുതെന്ന് ആയിരിക്കും, എന്നെ പോലെ എല്ലാവർക്കും . പക്ഷേ നിർഭാഗ്യ വശാൽ ഞാനും അന്ന് ഉസ്താദിന്റെ ക്ലാസ്സിൽ ആയി. ക്ലാസ്സ് ബെല്ലടിച്ച് തുടങ്ങിയാൽ മദ്രസ്സയുടെ മുറ്റത്ത് വട്ടം ചുറ്റി നിറുത്തി ഓരോരുത്തരെ കൊണ്ടും ഓതിപ്പിച്ച് , തെറ്റുമ്പോൾ കിട്ടുന്ന അടി, അതും നടും പുറത്ത് കൈ എത്താത്തയിടത്ത്. ഒരാൾക്ക് പോലും കിട്ടിയിട്ടില്ല എന്ന് പറയാൻ കഴിയില്ല. ഒന്നാം ക്ലാസ്സിലെ അക്ഷരങ്ങൾ പഠിച്ച് പെട്ടെന്ന് ഖുർആൻ കൂട്ടി ഓതുക എന്ന ശ്രമകരമായ ദൗത്യം ഒരു പരിധി വരെ ഉസ്താദിനെ പേടിച്ചാണെങ്കിലും പഠിക്കാൻ കഴിഞ്ഞു എന്നത് വളരെ ഭാഗ്യം ആണ്. കർക്കശമായിട്ടാണ് എങ്കിലും അന്നത്തെ സാഹചര്യത്തിൽ അത് അനിവാര്യമായതായിരുന്നു പെരുമാറ്റം. തലയിൽ തോർത്ത് മുണ്ട് ഇട്ട് വരുന്ന വ്യക്തി. മുറുക്കാൻ മുറുകി വരുന്ന പ്രകൃതം. എല്ലാം കൊണ്ടും വ്യത്യസ്ത രീതിയിൽ കുട്ടികളെ പഠിപ്പിച്ചിരുന്ന ഒരു തനി നാടൻ ശൈലി.. ഒരുപാട് ഓർത്തിരിക്കാൻ നല്ല പാഠങ്ങൾ സമ്മാനിച്ച് വിട പറഞ്ഞ അദ്ദേഹത്തിന് അർഹമായ പ്രതിഫലം അള്ളാഹു നൽകട്ടെ.. പരലോക ജീവിതം സുഖത്തിലും സന്തോഷത്തിലും ആകുമാറാകട്ടെ. ആമീൻ

13 Nov 2025

Episode-7

മർഹൂം കളേങ്കോട്ടെ മുഹമ്മദ് മുസ്ല്യാർ



اسلام عليكم ورحمة الله وبركاته

സ്വന്തം ഉസ്താദുമാരെകുറിച്ച് വാതോരാതെ സംസാരിക്കാനുള്ള അത്രയും ഓർമകൾ ഓരോരുത്തർക്കും സ്വന്തം മദ്രസ്സാ പഠനകാലഘട്ടത്തിൽ നിന്നു ചികഞ്ഞെടുക്കാനുണ്ടാകും. അധ്യാപകരുട ഉപദേശങ്ങളും

വാങ്ങികൂട്ടിയ തല്ലും വിളിപ്പേരുകളും ഉൾപ്പെടെ അന്നൊക്കെ തോന്നിയ വാക്കുകൾ കാലയവനിക തിരിയുമ്പോൾ നനുത്ത ഓർമകളായി ്മാറുന്നു. അത്തരം ഓർമകൾ ഇവിടെ പങ്കുവയ്ക്കാം.

ഇന്ന് നമ്മുടെ ഉസ്താദ് മർഹൂം കളേങ്കോട്ടെ മുഹമ്മദ് മുസ്ല്യാരെകുറിച്ചാണ്. അനുഭവങ്ങളും ഓർമകളും പങ്കുവയ്ക്കാം

അള്ളാഹു നമ്മളുടെ ഈ ഉദ്യമത്തിന് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ..

آمين 🤲 يارب العالمين

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/bwlUK1TBXiE?si=3fSR5-vF09w6n4JJ

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/-gnhs_u3bm0?si=KvXkR8peaPXVt1aP

അലി അബ്ദുല്ല

അസ്സലാമു അലൈക്കും,

നാലകത്തു പുഴങ്ങര (കളയംകോട്)മുഹമ്മദ് മുസ്‌ലിയാർ, എന്റെ പ്രിയപ്പെട്ട മുഹമ്മദ്ക്ക. അടുത്ത കുടുംബം, അയൽവാസി, 10ആം വയസ്സിൽ ഉപ്പ മരണപ്പെട്ട (സ്വർഗ്ഗം കൊണ്ടനുഗ്രഹിക്കട്ടെ)

എനിക്ക് ഉപ്പയെ പോലെ സ്നേഹവും വാത്സല്യവും നൽകിയ മുഹമ്മദ്ക്ക. ആ സ്നേഹവും ആദരവും ബഹുമാനവും അദ്ദേഹത്തിന്റെ മരണംവരെ തിരിച്ചുകൊടുക്കാൻ കഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം. ഇന്നും ഇടക്ക് അദ്ദേഹത്തിന്റെ ഖബറിനടുത്തു പോയി സലാം പറയുമ്പോൾ ഒരു നോവ് അനുഭപ്പെടാറുണ്ട്.

എന്റെ കളികൂട്ടുകാരന്റെ (കാദർ)ഉപ്പ എന്നനിലയിലും അദ്ദേഹം എനിക്ക് പ്രിയപ്പെട്ടവരായിരുന്നു.

1980 ഇൽ നമ്മുടെ ഹൈസ്കൂൾ നോൺ ടീച്ചിങ് സ്റ്റാഫായി കയറുമ്പോൾ ഞങ്ങൾ സ്കൂളിലെ first hatch വിദ്യാർഥികളായിരുന്നു.സ്കൂളിൽ നിന്നും വിരമിക്കുന്നത് വരെയും അതിനു ശേഷവും ശംസുദ്ധീൻ മാഷ് മുതൽ എല്ലാ അധ്യാപകർക്കും അനധ്യാപകർക്കും ആദരവും ബഹുമാനവും നിറഞ്ഞ പ്രിയപ്പെട്ട മുഹമ്മദ്ക്കയായിരുന്നു.

ഇനി മദ്രസയിലേക്ക് വന്നാൽ, 1984 ഇൽ മദ്രസ അധ്യാപനം നിയമം അനുവദിക്കാത്തതിനാൽ നിറുത്തേണ്ടിവന്നു. മദ്രസയിൽ അറബി- മലയാളം അക്ഷരങ്ങളും ഈമാൻ, ഇസ്ലാം കാര്യങ്ങളും കൊച്ചുകുട്ടികളെ ഈണത്തോടെ പ്രത്യേക രീതിയിൽ ആയിരുന്നു പഠിപ്പിച്ചിരുന്നത്.

അന്നത്തെ കാലത്തു വീടുകളിൽ നടന്നിരുന്ന മൗലിദ്, റാത്തീഫ് പാരായണങ്ങളിൽ നിറ സാനിധ്യമായിരുന്നു.

മക്കളിൽ നിസ്കാരത്തിന്റെ കാര്യത്തിൽ വളരെ നിർബന്ധം പുലർത്തിയിരുന്നു.മഗ്‌രിബിന്റെ സമയത്തു വീട്ടിൽ വന്നാൽ നിസ്കരിച്ചില്ലേ മോനെന്നു ചോദിക്കുമായിരുന്നത്രെ. അന്നൊന്നും കൃത്യമായി നിസ്കരിക്കാതിരുന്ന ആ മരുമോൻ എന്തിനാ ഉപ്പാട് നുണ പറയുന്നതെന്ന് തോന്നി തുടങ്ങിയതത്രേ നിസ്കാരം. പിന്നീട് ഒരിക്കലും ഒരു വഖ്ത് പോലും സമയം തെറ്റി നിസ്കരിച്ചിട്ടില്ലത്രേ.

അദ്ദേഹത്തെ കുറിച്ചുള്ള ഓർമ്മകൾ അങ്ങിനെ.. അങ്ങിനെ...

അല്ലാഹുവേ അദ്ദേഹത്തെയും ഞങ്ങളെയും ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടണേ. 🤲🏻🤲🏻

<u>ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം</u>

https://youtube.com/shorts/9RxsQa7FlQU?si=_gM1e7i2Imc8EkwH

<u>കെ അബ്ദുൽ വാഹിദ് സാഹിബ്</u>


കളയങ്കോടൻ മുഹമ്മദ് മുസല്യാർ:-

മദറസ അദ്ധ്യാപന കാലത്ത് ശിഷ്യരും സമകാലികരും മുഹമ്മദ് മുസല്യാർ എന്നും അലീമുൽ ഇസ്ലാംHss ൽ പിയൂൺ ആയി ജോലി ചെയ്യുന്ന കാലത്ത് സഹപ്രവർത്തകരും വിദ്ധ്യാർത്ഥികളിൽ ഏറിയ കൂറും സ്നേഹ ബഹുമാനത്തോടെ മുഹമ്മദുക്കയും എന്ന് വിളിച്ചിരുന്ന മുഹമ്മദുക്ക എൻെറ ഉററ അയൽവാസിയും (പ്രായകൂടുതലുണ്ടങ്കിലും) സുഹൃത്തുമായിരുന്നു. തന്നാൽ കഴിയാവുന്ന ശാരീക സ.ഹായം ആർക്കും നിഷ്ക്കളങ്കമായി ചെയ്തു കൊടുക്കുന്നതിൽ സന്തോഷവും സംതൃപ്തിയും കണ്ടിരുന്ന മനസ്സിന്നുടമയായിരുന്നു. മുസ്ല്യാരായിമദറസയിലും പിയൂണായിസ്കൂളിലും വ്യക്തി ജീവിതത്തിലും ഒരേ ഡ്രസ്കോഡ് സ്വീകരിച്ച്ലാളിത്യത്തോടെ സംതൃപ്ത ജീവിതം നയിച്ച മുഹമ്മദുക്കാനെയും മൺമറഞ്ഞ നമ്മുടെ പുർവികരേയും നാമെല്ലാവരെയും അല്ലാഹു അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടുമാറാകട്ടെ.🤲🤲🤲

16 Nov 2025

Episode-8

മർഹൂം അബ്ദു മുസ്ലിയാർ വാക്കയിൽ വളപ്പിൽ



اسلام عليكم ورحمة الله وبركاته

എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടാവും മറക്കാനാവാത്ത ഒരു മദ്രസ്സാ നിമിഷം. ഒരോ ഉസ്താദും നിർണ്ണായക നിമിഷത്തെ ഒരു വാക്കോ ഒരു പുഞ്ചിരിയോ മതി ആ ഉസ്താദിനെ നാം എന്നെന്നും ഓർത്തിരിക്കാൻ.

താങ്കളുടെ ജീവിതത്തിലെ അത്തരമൊരു നിമിഷം ഓർത്തെടുത്ത് ഇവിടെ എഴുതൂ അല്ലെങ്കിൽ പറയൂ

ഇന്ന് നമ്മൾ ഓർക്കുന്നതും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതും ആദ്യം കടപ്പുറം തങ്ങൾമാരുടെ പള്ളിയിൽപ്രവർത്തിച്ച പിന്നീട് ഇപ്പോഴുത്തെ ജമാലിയ മസ്ജിദ് എന്ന പേരിൽ അറിയപ്പെടുന്ന കാരക്കോസ് പള്ളിയിലും തുടർന്ന് തഅ്ലീമുൽ ഇസ്ലാം മദ്രസയിലും ഉസ്താദായി പ്രവർത്തിച്ച മർഹൂം അബ്ദു മുസ്ലിയാർ

വാക്കയിൽ വളപ്പിൽ എന്ന ഉസ്താദിനെ കുറിച്ചാണ്. നമ്മുടെ സുഹൃത്തായ ലത്ത്വീഫ് വാക്കയിലിന്റെ പിതാവുംകൂടിയാണ്...

അല്ലാഹു നമ്മളുടെ ഈ ഉദ്യമത്തിന് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ..

آمين 🤲 يارب العالمين

ലത്തീഫ് വാക്കയിൽ

ഞങ്ങളുടെ ജീവിതത്തിന്റെ തണലും തുണയും, സ്നേഹത്തിന്റെയും സഹനത്തിന്റെയും ദൃഢനിഷ്ഠയുടെയും പ്രതീകം ആയിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട പിതാവ്--ഞങ്ങൾ "വാപ്പ" എന്നാണ് വിളിച്ചു ശീലിച്ചത്--മർഹൂം വാക്കയിൽ വളപ്പിൽ അബ്ദു മുസ്‌ലിയാർ.

കുറ്റിപ്പുറം അടുത്ത് ഐങ്കലം എന്ന ഗ്രാമത്തിൽ നിന്നും ഒരു സാധാരണകുടുംബത്തിൽ ജനിച്ചു വളർന്ന അദ്ദേഹം 1955 കളിൽ ആണ്, മനോഹരമായ ഈ പാടൂരിൽ എത്തുന്നത്. ഷരീഫ് ബാബുവിന്റെ വാക്കുകൾ കടമെടുത്താൽ "രണ്ടാളുകളുടെ ഭക്ഷണത്തിന് മൂന്നാമതൊരാളെ കൂട്ടുക, നാലാളുടെ ഭക്ഷണത്തിനു ഒരഞ്ചാമനെ കൂട്ടുക" എന്ന മഹദ് വചനം എന്നും ഉയർത്തി പിടിക്കുന്ന ഈ നാട്ടിൽ, ഇവിടുത്തെ ജനങ്ങൾ അദ്ദേഹത്തെ രണ്ടു കൈയും നീട്ടിയാണ് സ്വീകരിച്ചത്. അന്ന് പാടൂരിൽ താമസിക്കാൻ സൗകര്യം നൽകിയത് കേലാണ്ടത്ത് മുഹമ്മദ് മുസ്‌ലിയാർ ആയിരുന്നു. (അല്ലാഹു അദ്ദേഹത്തിന് തക്ക പ്രതിഫലം നല്കട്ടെ, ആമീൻ). ആ സമയത്ത് കടപ്പുറം തങ്ങൾമാരുടെ പള്ളിയിൽ ജോലിചെയ്യുകയായിരുന്നു. അത് കൊണ്ട് തന്നെ കടപ്പുറവും അവിടത്തെ തങ്ങൾമാരും ആയി വാപ്പാക്ക് അഭേദ്യമായ ബന്ധം ആയിരുന്നു ഉണ്ടായിരുന്നത്.

കടപ്പുറം പള്ളിയിൽ നിന്നും ആരംഭിച്ച അധ്യാപനവും സേവനവും, പിന്നീട് പാടൂരിലെ മദ്രസയിലും പള്ളിയിലും തുടർന്നു. അതൊരു ജോലി മാത്രമല്ലായിരുന്നു അത് ഒരു ദൗത്യമായിരുന്നു.

ഒരു പിതാവെന്ന നിലയിൽ അദ്ദേഹം ഞങ്ങൾ മക്കളെ നല്ല ശിക്ഷണത്തിൽ തന്നെ യാണ് വളർത്തിയത്. ബാല്യത്തിൽ അദ്ദേഹം കർശനനായി തോന്നിയിരുന്നുവെങ്കിലും, ഇന്ന് തിരിച്ചറിഞ്ഞപ്പോൾ അത് മുഴുവൻ ഞങ്ങളുടെ നന്മയ്ക്കായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഏത് പ്രതിസന്ധി ഘട്ടത്തിലും ഞങ്ങളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഐഹിക മായാലും ബൗധികമായലും പിതാവ് കാണിച്ച കരുതലും ശ്രദ്ധയും അതുല്യമായിരുന്നു. ഒരു വിട്ടു വീഴ്ചക്കും അദ്ദേഹം തയ്യാറായിരുന്നില്ല. അത് കൊണ്ടുതന്നെ അന്ന് നൽകപ്പെട്ട വിദ്യാഭ്യാസം ഞങ്ങളുടെ മുന്നോട്ടുള്ള ജീവിതത്തിനു വളരെയധികം ഉപകാരപ്പെട്ടു എന്ന് പറയാതിരിക്കാൻ കഴിയില്ല. ഒരു പിതാവിന് മക്കൾക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം, അവർക്ക് കഴിയാവുന്ന വിദ്യാഭ്യാസം നൽകുക എന്നതാണ്. അതു തന്നെയാണ് ഞങ്ങൾ മക്കളും പിന്തുടരുന്നത്. ഒരു സമയം കഴിഞ്ഞപ്പോൾ ആ ഉത്തരവാദിത്വം ഏറ്റെടുത്തത് ഞങ്ങളുടെ മൂത്ത സഹോദരൻ കാസിം

ഇക്കാക്ക ആയിരുന്നു. അദ്ദേഹം ചെയ്ത സത്കർമങ്ങൾക്ക് അള്ളാഹു തക്ക പ്രതിഫലം നൽകട്ടെ,ആമീൻ.

പിതാവിന്റെ ലാളിത്യവും സൗമ്യതയും എല്ലാവരെയും ആകർഷിച്ചിരുന്നു. ഞങ്ങൾ മക്കൾ 4 ആൺ മക്കളും 3 പെൺമക്കളും അടങ്ങിയ കുടുംബം ആയിരുന്നു. (അതിൽ രണ്ടു പേർ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകി പോയി. അള്ളാഹു അവർക്ക് മറുമഹത്തും മാഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ , ആമീൻ)

അദ്ദേഹത്തിന്റെ കൂടെ കാരകോസ് (ജമാലിയ) പള്ളിയിൽ തറാവീഹിനും നോമ്പ് തുറക്കാനും പോയിരുന്ന സമയങ്ങൾ, ഇന്നലെ കഴിഞ്ഞ പോലെ തോന്നുന്നു. പെരുന്നാൾ ആവുമ്പോൾ പള്ളിയുടെ അടുത്തുള്ള അബുക്കാടെ കടയിൽ നിന്നും പടക്കം വാങ്ങിച്ചുതരാറുള്ളതും ഓർത്തുപോകുന്നു. ഞങ്ങൾ നോക്കി ഖുർആൻ പാരായണം ചെയ്യുമ്പോൾ എന്തെങ്കിലും തെറ്റുവരികയാണെങ്കിൽ അപ്പോൾ തന്നെ അദ്ദേഹം തിരുത്തി തരും. വളരെ നേരം ഖുർആൻ പാരായണത്തിനു വേണ്ടി അദ്ദേഹം സമയം കണ്ടത്താറുണ്ട് അസുഖ ബാധിതൻ ആവുന്നതിനു മുമ്പ്, ഒരിക്കലും വെറുതെ ഇരിക്കുന്ന വാപ്പാനെ ഞങ്ങൾ കണ്ടിട്ടില്ല. പള്ളിയും മദ്രസ്സയും ഖുർആൻ പാരായണവും കഴിഞ്ഞാൽ പറമ്പിലേക്ക് ഇറങ്ങി എന്തെങ്കിലും കൃഷി ചെയ്തു കൊണ്ടിരിക്കും. അതുപോലെ ആടിനെ വളർത്തുന്നതിലും വളരെ തല്പരൻ ആയിരുന്നു. ഒരു മകൻ എന്ന നിലക്ക് സ്വന്തം പിതാവിനെ കുറിച്ചു എഴുതാനും പറയുവാനും ധാരാളം ഉണ്ടാവും, എന്നാലത് മുഴുവനും കുത്തികുറിച്ചാൽ വളരെ നീണ്ടുപോകും അത്.

പ്രവാചകൻ ﷺ പറഞ്ഞിട്ടുണ്ട്:

"നീയും നിന്റെ സമ്പത്തും നിന്റെ പിതാവിൻറെതാണ്."

ഈ ഹദീസ് തന്നെ പിതാവെന്ന വാക്കിന്റെ മഹത്വം നമ്മെ ഓർമ്മിപ്പിക്കുന്നു.

പിതാവ് കുടുംബത്തെ ഒരുമിച്ചു നിർത്തിയ കരുത്തായിരുന്നു പക്ഷേ, ഒരിക്കലും കരുത്തിന്റെ പേരിൽ കടുപ്പം കാണിക്കാതെ, പക്വതയും പുണ്യവുമായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം.

1996 മേയ് 18-ന് പിതാവ് ഇഹലോക വാസം വെടിയുമ്പോൾ, അദ്ദേഹം ഞങ്ങൾക്ക് നൽകിയ നല്ല മൂല്യങ്ങൾ, മനുഷ്യസ്നേഹം, സത്യസന്ധത, പുഞ്ചിരി ഇവയെല്ലാം ഇന്നും ഞങ്ങളുടെ ജീവിതത്തിൽ ജീവിച്ചിരിക്കുന്നു.

അല്ലാഹു അദ്ദേഹത്തിന്റെ ഖബറിനെ വിശാലമാക്കട്ടെ, അറിഞ്ഞും അറിയാതെയും ചെയ്തുപോയ എല്ലാ തെറ്റുകുറ്റങ്ങളും പൊറുത്തു മാപ്പാക്കികൊടുക്കട്ടെ, ജന്നത്തുൽ ഫിർദൗസിൽ ഉയർന്ന സ്ഥാനങ്ങൾ ലഭിക്കട്ടെ.

ആമീൻ.

ലത്തീഫ് വാക്കയിൽ

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/yu3q4cjeaO0?si=obXPlo1Z_86lp1Ba

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/tD3vGl9jRWU?si=GKwPsclQizCWKNPR

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtube.com/shorts/YxLrVG11Qfg?si=mS3IN6VOc3R-RO79

റഫീഖ് പേരൊത്ത്

അബ്ദു മുസ്ല്യാർ

രാവിലെ തന്നെ അരുമകളായ ആ രണ്ടു കൊച്ചു പേരമക്കളേയും(ഉമ്മു,.......)സ്കൂളിലയക്കാൻ തന്റെ കൈവിരലുകളിൽ കൂട്ടി പിടിച്ചുകൊണ്ടു സ്കൂൾ ബസ്സ് ലക്ഷ്യമാക്കി നടന്നു നീങ്ങുന്ന അബ്ദു മുസ്ല്യാർ ഇന്നും മനസ്സിൽ നിന്ന് മായാത്ത ഒരു ചിത്രമാണ്

വളരെ പതിഞ്ഞ ശബ്ദത്തിൽ സംസാരിക്കുന്ന, കറപുരളാത്ത മനസ്സിനുടമയായ അബ്ദു മുസ്ല്യാരെ ഓർക്കുമ്പോൾ ചെറുപ്പകാലത്ത് അദ്ദേഹത്തിന്റെ കുടുംബവുമായുള്ള അയൽവാസി ബന്ധത്തേയും ഒരധിക പറ്റായി ഇതിൽ ചേർക്കേണ്ടി വരും.

സദയം ക്ഷമിക്കുമല്ലോ.

ഏകദേശം 50 ൽ പരം വർഷമപ്പുറം ചിക്കൻപോക്സ് പടർന്ന കാലം(അക്കാലത്ത് അതിനെ ഭീതിയോടെയാണ് ഏറെ പേരും കണ്ടിരുന്നത് - ചിലരൊക്കെ വസൂരി യെന്നൊക്കെ പറയുന്ന കാലം -) അദ്ദേഹത്തിന്റെ കുടുംബത്തിനും സാമാന്യം നല്ല രീതിയിൽ തന്നെ പിടിപെട്ടു. പിന്നീടാണ് ഞങ്ങളുടെ കൂട്ടു കുടുംബത്തിലേക്ക് രോഗത്തെ അഥിതിയായി ഞാൻ കൊണ്ടുവന്നത്. ക്ഷണിച്ചു കൊണ്ടുവന്നവന്റെ ശരീരത്തെ കാര്യമായി ആക്രമിച്ചില്ല. മാറ്റുള്ളവരുടെ ശരീരത്തെ സാമാന്യം നല്ല രീതിയിൽ തന്നെ നിർദ്ദോശിയായ ആ രോഗം ആക്രമിച്ചു.വീട്ടിലുള്ളവർ പറയുമായിരുന്നു ഇബ്രാഹിം കുട്ടിയിൽ നിന്ന് റെഫീക് വാങ്ങി കൊണ്ടുവന്നു തന്നതായിരുന്നു അതെന്ന്. അവിടെയുള്ള നെല്ലി പുളിച്ചോട്ടിലേക്കും ഇവിടെയുള്ള പേരമരങ്ങളിലേക്കും പഞ്ചാരമാവിൻ ചുവട്ടിലേക്കും പരസ്പരമോടുന്ന ഞങ്ങൾക്കെന്ത് ചിക്കനും വാസൂരിയും. അത്രയും അടുപ്പമുണ്ടായിരുന്നു അവനുമായി. ഇബ്രാഹിം കുട്ടിയും നമ്മളിൽ നിന്ന് വേർപെട്ടു നേരത്തെയാത്രയായി.റബ്ബ് മഗ്ഫിറത്തും മർഹമ്മത്തും നൽകട്ടെ ആമീൻ.നാട്ടുകാർക്കെല്ലാം ഞങ്ങൾ കരിപ്പായിക്കാരാണെങ്കിലും അയൽവാസികൾക്ക് പേരോത്തുകരാണ്.സ്നേഹനിധിയായ കുഞ്ഞെയ്യുത്ത വിളിച്ച പേരൊത്തെ

കുഞ്ഞോൾത്ത,പേരോത്തെ റുഖിയ.... എന്നതിനെ പിന്തുടർന്നു PDF ൽ റെഫീഖ് പേരോത്തെന്ന് വെച്ച് ലത്തീഫും ക്രമം പാലിച്ചിരിക്കുന്നു.

ജീവിത വിശുദ്ധി പാലിച്ചിരുന്ന കുഞ്ഞെയ്യുത്തയുമായുള്ള സംസാരത്തിനിടെ ലത്തീഫ് പാടൂരിൽ തന്നെയുണ്ടാവുമെന്ന ഒരു പ്രതീക്ഷ ഒരിക്കൽ പങ്കുവെച്ചിരുന്നു. അതിനായുള്ള ചില നീക്കങ്ങൾ ലത്തീഫിന്റെ ഭാഗത്ത് നിന്നു നടന്നിരുന്ന താണുതാനും.അവിചാരിതമായ ചില കാരണങ്ങളാൽ അത് നടന്നില്ല.റബ്ബ് വിധിച്ചതാണല്ലോ നടക്കുക.

ഉള്ളതിൽ തൃപ്തിയടഞ്ഞു തൂവെള്ള വസ്ത്രമണിഞ്ഞും തൂ വെള്ള തലേക്കെട്ടുമായി മാത്രം കണ്ടിരുന്ന കറ പുരളാത്ത മനസ്സിനുടമയായ അബ്ദു മുസ്ല്യാരുടെ വേരുകൾ കുറ്റിപ്പുറത്തിനടുത്ത ഐങ്കലം എന്ന ഗ്രാമത്തിലാണ്. ആദ്യകാലങ്ങളിൽ അദ്ദേഹം കടപ്പുറത്തെ മദ്രസ്സയിൽ അദ്ധ്യാപകനായും അവിടെ തന്നെ തങ്ങന്മാരുടെ പള്ളിയിൽ ഇമാമത്തുമായി ജോലി നിർവ്വഹിച്ചിരുന്നു.

അദ്ദേഹം 1950തുകളുടെ അവസാനമായിരിക്കണം പാടൂരിലെത്തിയത്. പാടൂരിലെത്തിയ അദ്ദേഹത്തിന് ഇടം നൽകാനുള്ള സൗഭാഗ്യം ലഭിച്ചത് കേലാണ്ടത്ത് മുഹമ്മദു മുസ്ല്യാർക്കായിരുന്നു🤲.പിൽകാലത്ത് ഗൃഹതുരത്വം പേറുന്ന ആ പുരയിടവും പറമ്പും മുസ്ല്യാർ തന്നെ വിലക്ക് വാങ്ങി.

പാടൂരിൽ അദ്ദേഹം കാരകോസ്സ് പള്ളിയിൽ ഇമാമത്ത് ഏറ്റെടുത്ത് കൊണ്ടാണ് ജോലിയിൽ പ്രവേശിച്ചത്. അതിനാൽ കാരകോസ്സ് മുസല്യാരെന്നാണ് അറിയപ്പെട്ടത്. പിന്നീടാണ് ദീനി തല്പരനായ അദ്ദേഹം നമ്മുടെ മദ്രസ്സയിൽ അദ്ധ്യാപകനായെത്തുന്നത്.അദ്ദേഹം മദ്രസ്സയിൽ എത്തുന്നതിനും ഏറെ മുന്നേ മദ്രസയെ വിട്ടൊ യിഞ്ഞ എന്റെ പ്രായത്തിലുള്ളവർക്ക് അദ്ദേഹത്തിന്റെ പഠ രീതിയെ കുറിച്ചും മറ്റും പറയാൻ പ്രയാസമായിരിക്കും.

ഒരിക്കൽ പാടത്ത് വെയിലു കൊള്ളാതെ തൈ പൊലിയിലിരുന്നു കൂട്ടുകാരൊടൊത്ത് ചീട്ടു(ചൂതല്ലട്ട)കളിക്കുന്ന ഞാനും ഒന്നു കുടുങ്ങിയിട്ടുണ്ട്. (തിന്മ ചെയ്യരുതെന്നല്ല ,തിന്മയോട് അടുക്കുക പോലും അരുതെന്നാണല്ലോ വാക്യം)പരിസരമൊന്നു ശ്രദ്ധിക്കാതെയാണ് നടത്തം എന്ന് നാം കരുതുമെങ്കിലും ചുറ്റും നടക്കുന്നതിനെ അദ്ദേഹം വീക്ഷിച്ചു നേർവഴിയിലേക്ക് മറ്റുള്ളവരെ കൈ പിടിച്ചുയർത്താനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങളെയും അയൽപക്ക ബന്ധങ്ങളേയുമൊക്കെ ഏറെയേറെ വിലമതിക്കപെട്ടതു തന്നെയാണ്.

നമ്മിൽ നിന്ന് മുന്നേ റബ്ബിലേക്ക് തിരിച്ചു പോയ അദ്ദേഹത്തിനും,കുഞ്ഞെയ്യുത്താക്കും. മകൾക്കും(സാറത്ത), മകനും മഗ്ഫിറത്തും മർഹമത്തും റബ്ബ് നൽകട്ടെ.നമുക്കും അവർക്കും ജന്നാത്തുൽ ഫിർദൗസിൽ റബ്ബിന്റെ ഔദാര്യത്താൽ ഒത്തൊരുമിച്ചു കൂടുവാനുള്ള സൗഭാഗ്യം ലഭിക്കട്ടെ.

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtu.be/9yfPEyMZFB4?si=fcbWyJ1B4p6nNthN

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/mrERaNO0s4M?si=CiMhhUiDKRi3cwvx

https://youtube.com/shorts/uB66hXHhJF8?si=z2OqIXh_w5AlhfI2

സൈനുദ്ധീൻ പാടൂർ

കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോയ ഒട്ടനേകം നല്ല ജ്ഞാനികളായ ഉസ്താദുമാരുണ്ടായിരുന്ന മദ്രസ്സയായിരുന്നു നമ്മുടെ തഅ്ലീമുൽ ഇസ്ലാം മദ്രസ്സ.ദീനിന്റെ ആഴത്തിലുള്ള അറിവിലേക്ക് നമ്മളെ കൈപിടിച്ച് നടത്തിച്ച ആ കാലം നമ്മുടെ ഭാഗ്യമായിരുന്നു. അബ്ദു മുസ്ല്യാരുടെ ക്ലാസ്സിൽ പങ്കെടുക്കാൻ എനിക്കു സാധാച്ചിട്ടില്ലെങ്കിലും അദ്ദേഹത്തെ നേരിട്ട് കാണാനും സംസാരിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട് കാരാക്കൂസ് പള്ളിയിൽവച്ചും വിട്ടിൽവച്ചും. സൗമ്യ മനസ്സിന്റെ ഉടമയായ ഉസ്താദിനെ എനിക്കടുത്ത് അറിയാം.

മകൻ കൂടിയായ ലത്തീഫിനെ മദ്രസ്സയിലേക്ക് കൂട്ടാൻ അവിടെ വീട്ടിൽ പലതവണ പോയിട്ടുള്ളതാണ്.

ലത്തീഫ് ഇവിടെ എഴുതിയത് വായിച്ചപ്പോഴാണ് സത്യത്തിൽ അബ്ദു ഉസ്താദിനെ കുറിച്ച് കൂടുതലറിഞ്ഞതും. അള്ളാഹുവിന്റെ കരുണയാൽ അദ്ദേഹത്തെ സ്വർഗ്ഗപൂങ്കാവനം നൽകി അനുഗ്രഹിക്കുമാറവട്ടെ..

آمين 🤲 يارب العالمين

സഊദ് തങ്ങൾ

ഉസ്താദ് അബ്ദു മുസ്‌ലിയാർ

കാരാക്കോസ് പള്ളി കേന്ദ്രീകരിച്ചു ഉസ്താദ് അബ്ദു മുസ്ലിയാർ പാടൂരിൽ തന്റെ ജീവിതം തുടങ്ങി.

ആ ഘട്ടത്തിൽ, പാടൂർ പടിപ്പുര തെക്കേ വീട് തറവാട്ടിലെ കൊച്ചുകോയ തങ്ങളുടെ നിർദ്ദേശമനുസരിച്ചു, അദ്ദേഹം കടപ്പുറം ബുഖാറ മദ്രസ്സയിൽ അധ്യാപകനായി ചേർന്നു. രണ്ട് പതിറ്റാണ്ടോളം അദ്ദേഹം അവിടെ സേവനമനുഷ്ഠിച്ചു. മുസ്ലിയാരുടെ ഒരു ശിഷ്യൻ പറഞ്ഞത്: 'ദീർഘ കാലത്തെ സേവനത്തിനിടയിൽ കളങ്കമില്ലാത്ത ആ 'പച്ച മനുഷ്യൻ' ആരെക്കൊണ്ടും ഒന്നും മോശമായി പറയിപ്പിച്ചില്ല' എന്നാണ്. മറ്റു പലർക്കും അദ്ദേഹത്തെ കുറിച്ച് മറിച്ചൊരു അഭിപ്രായമില്ല. ഈ സുവചനങ്ങൾ അദ്ദേഹത്തിന്റെ പരലോകത്തേക്കെത്തുന്ന പ്രാർത്ഥനകളായി പരിണമിക്കുമല്ലോ..

കാരാക്കോസിൽ അദ്ദേഹത്തോടൊപ്പം ബഹുമാന്യനായ കൊട്ടുക്കൽ മുഹമ്മദ് ഹാജി അടക്കം കുറച്ചു പേർ മഗ്രിബാനന്തരം ഒത്തുകൂടുക പതിവായിരുന്നു. പള്ളിക്ക് പുറത്ത് ഒരു കൂട്ടം യുവാക്കൾ ഇശാ വരെ ഇരുന്നു

സൊറ പറഞ്ഞിരുന്നു. അവിടെ നിന്നാണ് ഇക്ബാൽ ലൈബ്രറി & സ്പോർട്സ് ക്ലബ് എന്ന ആശയം ഉദിക്കുന്നത്. അതിന്റെ പ്രസിഡണ്ട് അബ്ദു മുസ്ലിയാരുടെ മൂത്ത മകൻ കാസിം ആയിരുന്നു. ബി. കെ. ഹുസൈൻ, മോനു എന്ന അബ്ദുഹിമാൻ, എസ്. എം. ആറ്റക്കോയ തങ്ങൾ, കൊട്ടുക്കൽ മജീദ് എന്നിവർ മറ്റു ഭാരവാഹികളായിരുന്നു എന്നാണോർമ്മ.

യുവാക്കളെ പള്ളിയോട് അടുപ്പിച്ചു നിർത്താൻ കാരണവന്മാർ നടത്തിയ അടവിന്റെ ഫലമായാണ് ഇങ്ങനെയൊരു സർഗ്ഗ സംഗമത്തിന് കാരാക്കോസ് പരിസരം സാക്ഷ്യം വഹിച്ചത്. സ്വന്തം കുട്ടികൾ, അന്തി മയങ്ങിയ നേരത്ത്, മറ്റിടങ്ങളിൽ കറങ്ങി നടന്നാലുള്ള അപകടം തിരിച്ചറിഞ്ഞതിനാലാണ് അത്. ഇതിന്റെ പിന്നാമ്പുറ ശക്തിയായി അബ്ദു മുസ്‌ലിയാർ പ്രവർത്തിച്ചിട്ടുണ്ട് എന്നനുമാനിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ മകൻ കാസിമിന്റെ ക്ലബ് ഭാരവാഹിത്തം അതിന്റെ തെളിവാണ്.

എഴുപതുകളിൽ റമദാനെ പ്രതീക്ഷിക്കുന്ന ഒരു നാളിൽ ഞങ്ങൾ ഇടിയഞ്ചിറയിൽ 'മാസം കണ്ടു'! ഈ വിവരം മഹല്ലിനെ അറിയിച്ചു. കടപ്പുറം ബുഖാറ പള്ളിയിൽ അന്ന് മാസപ്പിറവി ഉറപ്പിച്ചു എന്ന ഒരു വിവരത്തിന്റെ അടിസ്ഥാനത്തിൽ, 'അബ്ദു മുസ്ലിയാർ അവിടെ പോയി കാര്യം അറിയട്ടെ' എന്ന നിർദേശം വന്നു. അദ്ദേഹവും ഞങ്ങൾ കുറച്ചു പേരും കടപ്പുറത്തേക്ക് വഞ്ചി കയറി. ഞങ്ങളിൽ പലരുടെയും ഉസ്താദായിട്ടും ഞങ്ങളിൽ ഒരാളായി, ആ പാതിരാക്ക് യാത്ര ചെയ്യാൻ പ്രേരിപ്പിച്ച അദ്ദേഹത്തിന്റെ ദുരഭിമാനമില്ലാത്ത ഉൾത്തുടിപ്പ് എന്നെ ആകർഷിച്ചു. ഞങ്ങളുടെ കാഴ്ചയോ അബ്ദു മുസ്ലിയാരുടെ സാക്ഷ്യമോ മഹല്ല് നേതൃത്വം അംഗീകരിച്ചില്ല. അത് മറ്റൊരു കഥ!

കുറ്റിപ്പുറം ഭാഗത്തു നിന്നാണ് അബ്ദു മുസ്‌ലിയാർ വന്നത്. സ്വാതന്ത്ര്യ സമരത്തിലെ മുസ്ലിംകളുടെ ഐതിഹാസിക ചെറുത്തു നിൽപ്പിന്റെ പരിണിത ഫലമയുണ്ടായ തീക്കാറ്റ് ആഞ്ഞു വീശിയ പ്രദേശങ്ങളിലൊന്നാണ് കുറ്റിപ്പുറം. കൂടിയോ കുറഞ്ഞോ, അതിന്റെ ചൂടും വേവും അനുഭവിച്ചവരാണ് അവിടുത്തുകാർ. അതിനെയൊക്കെ അതിജീവിച്ച പിൻ തലമുറയിലെ അംഗമായത് കൊണ്ടാകാം നമ്മുടെ കഥാ പുരുഷന്റെ മുഖത്തു നിഴലിച്ചു നിന്ന സഹനഭാവം. ഒരു മൃദുഭാഷി കൂടിയായിരുന്നു അദ്ദേഹം.

ഇന്നിപ്പോൾ ഉസ്താദ് അബ്ദു മുസ്ലിയാരുടെ കുടുംബത്തിലെ അധികപേരും പുറത്താണ്. എങ്കിലും, അവരൊക്കെ പാടൂരുമായുള്ള പൊക്കിൾകൊടി ബന്ധം പുലർത്തുന്നവരാണ്. അദ്ദേഹത്തിന്റെ ഒരു മകൻ, പ്രിയങ്കരനായ ഇബ്രാഹിംകുട്ടി കുറച്ചു മുൻപാണ് നമ്മെ വിട്ട് പിരിഞ്ഞത്. അദ്ദേഹത്തിന് അല്ലാഹു മഗ്ഫിറത്തു നൽകട്ടെ.

നമുക്ക് പ്രാർത്ഥിക്കാം:

رَبَّنَا تَقَبَّلْ مِنَّا دُعَاءَنَا، فَاغْفِرْ لَنَا وَلِوَالِدِينَا وَلِأُسْتَاذِينَا، وَاجْمَعْ بَيْنَنَا فِي جَنَّاتِ النَّعِي.

ഗഫൂർ പാടൂർ


1985ൽ ആണ് ഞാൻ വടക്കേ മദ്രസയിൽ നിന്നും രണ്ടാം ക്ലാസ്സിൽ നിന്നും തെക്കേ മദ്രസയിലേക്ക് വിജയിച്ചു വരുന്നത്.

(ഞങ്ങൾ ഇടിയഞ്ചിറക്കാർ തെക്കേ മദ്രസ എന്നാണ് പറയാറ്)

മൂന്നാം ക്ലാസിൽ എന്റെ ഉസ്താദ് ആയിരുന്നു അബ്ദു ഉസ്താദ്. എപ്പോളും ഉസ്താദിനെ ചിരിച്ച മുഖത്തോട് കൂടെയേ കണ്ടിട്ടുള്ളൂ...

അല്ലാഹു പ്രിയ ഉസ്താദിനു ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കട്ടെ.... 🤲🤲🤲

ഫോട്ടോ പങ്കു വെച്ചത് ഷരീഫ് ബാബു



അറിവിന്റെ വെളിച്ചം
കേട്ടറിഞ്ഞു നടന്നെത്തിയ പാടൂരിലേക്ക്

മതത്തിന്റെയും ജാതിയുടെയും വേലിക്കെട്ടുകൾ തീർക്കാത്ത ആത്മീയതയുടെ വേരുകൾ ആഴത്തിൽ വേരൂന്നിയ സുകൃതവാന്മാരായ നാട്ടുകാർന്നവന്മാർ തിങ്ങി നിറഞ്ഞ പാടൂരിലേക്ക്. സ്നേഹം, കാരുണ്യം, കനിവ് എന്നിവയിൽ ഒരു ശരീരം പോലെയുള്ള നാട്ടിലേക്ക്.

"രണ്ടാളുകളുടെ ഭക്ഷണത്തിന്ന് മൂന്നാമതൊരാളെ കൂട്ടുക. നാലാളുടെ ഭക്ഷണത്തിന് ഒരഞ്ചാമനെ കൂട്ടുക" എന്ന മഹത് വചനം എന്നും ഉയർത്തിപ്പിടിക്കുന്ന ഒരു നാട്ടിലേക്ക്. അതെ, അങ്ങിനെ മഹത്തുക്കളുള്ള നാടിന്റെ മാഹാത്മ്യം കേട്ടറിഞ്ഞു സയ്യിദന്മാരുടെയും, സാദാത്തുക്കളുടെയും, സൂഫികളുടെയും മണ്ണിലേക്ക് വിനയാന്വിതനായി കടന്നുവന്ന വിനയത്തിന്റെ ആൾരൂപമായ അബ്ദു മുസ്ലിയാർ ഇന്നും ഈ ഗ്രാമത്തിലെ ജനമനസ്സുകളിൽ ജീവിക്കുന്നു.

ഇന്നും മറക്കാനായിട്ടില്ലാത്ത വാക്കയിൽ വളപ്പിൽ അബ്ദു മുസ്ലിയാർ ഗ്രാമത്തിലെ ഏവരുടെയും ഓർമച്ചെപ്പിലുണ്ടാവും. അചഞ്ചലമായ വിശ്വാസവും വിശ്വാസവലംബിയായ അനുഷ്ഠാനങ്ങളുമായി ഒരാൾ ജീവിതാവസാനം വരെ ജനങ്ങൾക്ക് മുന്നിൽ നിന്നും വിനയാന്വിതനായി അല്ലാഹുവിലേക്ക് യാത്രയായിട്ട്

(49)

"സ്നേഹപൂർവ്വം പാടൂർ" പേജ് 49

ഫാറൂഖ് തങ്ങൾ

അബ്ദു മുസ്ലിയാർ

=================

Can there be any person nobler than

The one who builds and nurtures souls and minds?

Ahmad Shawqi.

ഖുർആനും ഹദീസും അറിവിന്റെ മഹത്തായ മൂല്യത്തെ ഊന്നിപ്പറയുന്നു. അത് പകർന്നു കൊടുക്കുന്നവരെ സമൂഹത്തിൽ ഏറ്റവും ആദരണീയരായി കണക്കാക്കുന്നു. അധ്യാപകരുടെ പങ്കിനെ ഇസ്‌ലാം വിലമതിക്കുകയും ആദരിക്കുകയും ചെയ്യുന്നു.

നമുക്കിടയിൽ ജീവിച്ച് ഖുർആനിക പാഠങ്ങൾ ചൊല്ലി തന്ന അബ്ദു മുസ്ലിയാരുമായി നല്ല അടുപ്പം സൂക്ഷിക്കാൻ എനിക്ക് കഴിഞ്ഞിരുന്നു. ജമാലിയ മസ്ജിദിൽ ഇമാമായിരുന്ന ഘട്ടത്തിലാണ് അദ്ദേഹവുമായി കൂടുതൽ അടുക്കാൻ കഴിഞ്ഞത്.വീടിനടുത്തുള്ള പള്ളി ജമാലിയ മസ്ജിദായിരുന്നത് കൊണ്ട് നമസ്ക്കാരവും തറാവീഹുമെല്ലാം നിർവഹിച്ചിരുന്നത് അവിടെയായിരുന്നു. എന്റെ പഠന കാലത്ത് അബ്ദു മുസ്ലിയാരായിരുന്നു ജമാലിയ മസ്ജിദിൽ നമസ്ക്കാരത്തിനു നേതൃത്വം നൽകിയിരുന്നത്.

ഏറ്റവും നല്ല നിലയയിൽ ഒട്ടും ദേഷ്യപ്പെടാതെയുള്ള അദ്ദേഹത്തിന്റെ പെരുമാറ്റ രീതി വളരെ ആഘർഷണീയമായിരുന്നു. സ്വായത്തമാക്കേണ്ട ഒന്നാണ് ആ സ്വഭാവ രീതി. പലപ്പോഴും പള്ളിയിൽ കുട്ടികളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വികൃതികളെ വലിയൊരു പ്രശനമാക്കിയെടുക്കാതെയും ദേഷ്യം പ്രകടിപ്പികാതെയും കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി അദ്ദേത്തിനുണ്ടായിരുന്നു. ഈയൊരു കഴിവ് തീർച്ചയായും ഇമാമുമാർ സ്വായത്തമാക്കണം.

അബ്ദു മുസ്ലിയാർ ഇന്ന് നമ്മോടൊപ്പം ഇല്ല. പക്ഷ അദ്ദേഹം പറഞ്ഞു തന്നതും കാണിച്ചു തന്നത്തും ഇന്നും നമ്മുടെ ഓർമ്മകളിൽ വളരെ സജീവമാണ്. ചെറുപ്പകാലത്തു അദ്ദേഹത്തിൽ നിന്നും ലഭിച്ച ഗുണ പാഠങ്ങൾ തീർച്ചയായും മുതൽ കൂട്ടുകൾ തന്നെയാണ്. നമസ്ക്കാരം നിലനിർത്തണമെന്നും നമസ്ക്കാരത്തിൽ സൂക്ഷമത പുലർത്തണമെന്നും അദ്ദേഹം ഉപദേശിച്ചിരുന്നു. ഖുർആൻ ഓതണമെന്നും റമദാനിൽ കൂടുതൽ ഓതണമെന്നും അദ്ദേഹം എന്നെ ഓർമ്മപ്പെടുത്തിയിരുന്നു.

മറ്റുള്ളവരുമായി നല്ല ബന്ധങ്ങൾ അദ്ദേഹം സൂക്ഷിച്ചിരുന്നു. ആരുമായും അകന്നു നിൽക്കുന്ന ഒരു സ്വഭാവ രീതി അദ്ദേഹത്തിൽ എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ശാന്ത സ്വഭാവവും ആരോടും ചിരിക്കുന്ന രീതിയും അബ്ദു മുസ്ലിയാരെ വ്യത്യസ്തനാക്കുന്നു.

അല്ലാഹു അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ പാരത്രിക ജീവിതം ഏറ്റവും സുഖകരമാക്കി കൊടുക്കട്ടെ.

അല്ലാഹു നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

നാസർ അബ്ദുള്ള

അബ്ദു മുസ്‌ലിയാർ,

അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ എപ്പോഴും ആ മുഖത്തെ പുഞ്ചിരി, സ്നേഹം നിറഞ്ഞ പെരുമാറ്റം എന്നും എന്റെ ഓർമ്മയിൽ വരാറുണ്ട്. അല്ലാഹു ത്ആലാ അദ്ദേഹത്തിന്റെ പാപങ്ങളെല്ലാം പൊറുത്തുകൊടുക്കുകയും ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ 🤲🤲🤲

കുഞ്ഞി സീതി തങ്ങൾ

https://youtube.com/shorts/8LhkRtMoFII?si=E8dsH2SB9IresBQB

കുഞ്ഞി സീതി തങ്ങൾ

https://youtube.com/shorts/2n0ieolUPlU?si=Zb11Z3jUM9kZVyng

അഷ്റഫ് പി എ

പ്രിയപെട്ട അബ്ദുസ്താദിനെ ഓർക്കുമ്പോൾ ...

നാലിലോ അഞ്ചിലൊ എന്നോർമയില്ല GMUP സ്കൂളിൽ എന്റെ ക്ലാസ്സിൽ ഇബ്രാഹിം കുട്ടി എന്നൊരു കുട്ടി വന്ന് ചേർന്നു. എന്റെ പുറകിലെ ബഞ്ചിൽ ആയിരുന്നു അവന്റെ ഇരിപ്പ്. കടപ്പുറം സ്കൂളിൽ നിന്നുമാണ് വന്നതെന്ന ഒരു ഗർവ്വ് അവനുണ്ടായിരുന്നു. ചന്തപുരയിലെ ഞങ്ങൾക്ക് വിവരമില്ലന്ന് തെളിയിച്ചു കൊണ്ട് അവൻ ഇന്ഗ്ലീഷിൽ jan മുതൽ Dec വരെ ഒറ്റക്ക് ഒറ്റ ശ്വാസത്തിൽ അവൻ പറയുമായിരുന്നു.

ഒരു ദിവസം ഒരു പ്രകോപനവും ഇല്ലാതെ മുന്നിലിരുന്ന എന്റെ തലയിൽ അവൻ കോംപസ് കൊണ്ട് പുറകേന്ന് ആഞ്ഞു കുത്തി. കംപ്ലൈന്റുമായി മറ്റാരുടെയോ സഹായത്തോടെ ഞാൻ അവന്റെ വീട് അന്വേഷിച്ചു ചെന്നു. കാരാകോസിലും മറ്റും ഉസ്താദിനെ കണ്ടിട്ടുണ്ടങ്കിലും അപ്പോഴാണ് അബ്ദു ഉസ്താദ് അവന്റെ വാപ്പ ആണെന്ന് അറിയുന്നത് . അവനോടും വാപ്പാടും ഉമ്മാടും ലത്തീഫ് സൈഫു അടക്കമുള്ള സഹോദരങ്ങളോടും ആ കുടുംബത്തോടുമുള്ള ആത്മ ബന്ധം അവിടെം തുടങ്ങുകയിരുന്നു..അന്ന് മുതൽ വളരെ അടുത്ത് ഇടപഴകിയിട്ടുള്ള അബ്ദു ഉസ്താദിനെ കുറിച്ച് നല്ലത് മാത്രമേ ഓർക്കുവാനും പറയുവാനുമുള്ളു .

ഉസ്താദിനെ അനുസ്മരിക്കുവാൻ ലഭിച്ച ഈ സന്ദർഭത്തിൽ ഞങ്ങൾക്കിടയിൽ ആശയാദർശങ്ങൾക്കും ജീവിത ചര്യകൾക്ക്കും കാലാനുസൃതമായ മാറ്റങ്ങൾക്കും യോജിപ്പും വിയോജിപ്പും പരസ്പരം പ്രകടിപ്പിച്ചു കൊണ്ട് തന്നെ ഉയർച്ചയിലും താഴ്ചയിലും ഒരുമിച്ച് നിന്ന് എനിക്ക് മുന്നേ പോയ അവനെ ഓർത്തപ്പോൾ ഓർമകൾ വിങ്ങി തേങ്ങലുകൾ ആവുന്നു. ഓർത്തതും എഴുതുവാൻ കഴിയുന്നില്ല .

വാപ്പായോടൊപ്പം അന്ത്യ വിശ്രമം കൊള്ളുന്ന അവനും പരലോക മോക്ഷത്തിനും ഉന്നതമായ സ്വർഗ്ഗ പ്രവേശനത്തിനും റബ്ബ് കരുണയേകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചു കൊണ്ട്...

അഷ്റഫ് P.A.

<u>അമീറുദ്ധീൻ കെ എം</u>

അബ്ദു മുസ്ല്യാർ.

ഞങ്ങൾ എല്ലാം വിളിച്ചിരുന്ന കാരാകോസ് മുസ്ല്യാർ.. നിസ്ക്കാരത്തിനായി സമയാ സമയങ്ങളിൽ വീടിന് മുന്നിലൂടെ കാലൻ കുടയുമായി നടന്ന് പോയിരുന്ന അദ്ദേഹം പള്ളിയിൽ കൂടുതൽ ഉള്ള അടുപ്പം കൊണ്ട് തന്നെ വളരെ സൗമ്യനായിരുന്നു. തറാവീഹ് നമസ്ക്കാരങ്ങൾക്ക് കുട്ടികൾ കാണിക്കുന്ന വ്യകൃതികൾക്ക് നല്ല രീതിയിൽ ശാസിക്കുകയും തെറ്റുകളെ ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. ശാന്ത പ്രകൃതവും സൗമ്യ മുഖവുമായി ഒരു പാട് കാലം ജമാലിയ മസ്ജിദിൽ ഇമാമായി സേവനം ചെയ്ത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അള്ളാഹു സ്വീകരികട്ടെ. ആമീൻ. നാം എല്ലാവരേയും അവരുടെ കൂടെ അള്ളാഹു സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂട്ടുമാറക്കട്ടെ. ആമീൻ.

<u>സൈഫുദ്ധീൻ വാക്കയിൽ</u>

അസ്സലാമു അലൈക്കും

വെള്ളിയാഴ്ചയും ശനിയാഴ്ചയും കഴിഞ്ഞു ഞായർ പിറക്കുമ്പോൾ മൊത്തത്തിൽ ഇവിടെ നാട്ടിലെ തിങ്കളാഴ്ചയുടെ ഒരു പ്രതീതി, ജോലിക്ക് പോകുന്നവരുടെ തിരക്ക് കുട്ടികളുടെ സ്കൂൾ ബസിന്റെ റോഡിലെ തിരക്ക് അങ്ങിനെ മൊത്തം തിരക്ക് പിടിച്ച ഒരു ദിനമായിരിക്കും ഇന്നെന്ന ചിന്തയിൽ ഇരിക്കുമ്പോഴാണ് നാട്ടിൽ നിന്ന് ജേഷ്ഠൻ ലത്തീഫിന്റെ ഫോൺ കാൾ, ഇന്ന് മഹല്ല് കൂട്ടയ്മയിൽ വാപ്പാനെ കുറിച്ചുള്ള മദ്ഹു പറച്ചിൽ ഉണ്ട് എന്ന്, ജീവിതത്തിലെ പലതരം പ്രശനങ്ങളെയും നേരിടേണ്ടി വരുമ്പോഴും ബാല്യകാലത്തു തന്നെ വാപ്പയുടെ ചില നിർബന്ധിത ജീവിത ചര്യകൾ ഞാൻ ഒരു കുടുംബ നാഥനായി ജീവതം ആരംഭിച്ചപ്പോൾ എന്നിലും എന്റെ കുടുംബത്തിലും അല്ലാഹുവിന്റെ ബർക്കത്തും റഹ്മത്തും വേണ്ടുവോളം ഉണ്ട് എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ, അതിൽ ഒന്നാണ് ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ കുടുംബങ്ങ്ങൾ എല്ലാവരും സന്നിഹിതരാവുക എന്നത്, രണ്ടാമത് വെള്ളിയാഴ്ചകളിലെ സൂറത്തുൽ കഹ്ഫ് പാരായണം, അങ്ങിനെ ജീവിതം ഒരു പരാജയമാകാത്തിരിക്കാൻ വേണ്ടതായ എല്ലാ വിധ ഇസ്ലാമിക ചര്യകളെയും പഠിപ്പിച്ചു തന്നും ജീവിതത്തിൽ കാണിച്ചുതന്നുമാണ് അദ്ദേഹം അല്ലാഹുവിന്റെ വിളിക്കു ഉത്തരമായി പോയത്, വീട്ടിൽ ഏറ്റവും ഇളയവാനായ എനിക്ക് നല്ലൊരു വരുമാനമാർഗമോ ജോലിയോ തരപ്പെടുന്നതിന്റെ മുമ്പേ ഇഹലോക വാസം വെടിഞ്ഞ വാപ്പാക്ക് വേണ്ടി ഒന്നും ചെയ്തു കൊടുക്കാൻ കഴിഞ്ഞില്ല എന്ന അതിശക്തമായ മനസിന്റെ വിങ്ങലിൽനിന്നാണ് കുറച്ചു വൈകിയാണെങ്കിലും 2017 ൽ Musliyar Meat എന്ന

സ്ഥാപനം ഖത്തറിൽ ആരംഭിക്കുന്നത്. അതിൽ നിന്ന് കിട്ടുന്ന വരുമാനത്തിന്റെ ഒരു ഞാൻ വാപ്പാടെ പൂർത്തീകരിക്കാൻ കഴിയാത്ത ചില ആഗ്രഹങ്ങളും പൂവണിയിക്കാൻ കഴിയാത്ത ചില സ്വപ്നങ്ങളും എന്നാൽ ചെയ്തു ഞാൻ തീർക്കുന്നു, അൽഹംദുലില്ലാഹ് അതിന്റെ ഒരു ബർക്കത്തും എന്റെ സ്ഥാപനത്തിന്റെ വളർച്ചയിൽ ഞാൻ കാണുന്നു. ഹലാലായ വരുമാനത്തിന്റെ പ്രാധാന്യവും പലിശ രഹിതമായ കച്ചവടത്തിന്റെ ബർകതും എല്ലാം വാപ്പ ചെറുപ്പത്തിൽ പഠിപ്പിച്ചുതന്ന പാടങ്ങളിൽ ചിലതു മാത്രം. സർവശക്തനായ അല്ലാഹു സ്വർഗത്തിൽ പ്രവർശിക്കുന്നവരുടെ കൂട്ടത്തിൽ വാപ്പാനെയും ഉൾപെടുത്തുമാറാകട്ടെആമീൻ🤲

മുഹമ്മദ് സഊദ്

ഞങ്ങളുടെയെല്ലാം ബാല്ല്യ കാല സുഹൃത്തും പ്രിയ കൂട്ടുകാരനുമായ ലതീഫിന്റെ വാപ്പയെന്ന് വിളിക്കുന്ന മർഹൂം അബ്ദു മുസ്‌ലിയാരെ കുറിച് നല്ലത് മാത്രമേ എനിക്കും ഓർക്കാനുള്ളു റബ്ബിന്റെ അനുഗ്രഹവും രക്ഷയും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു

കുഞ്ഞി സീതി തങ്ങൾ- ശബ്ദ സന്ദേശം

https://youtube.com/shorts/6vp2BaxHc9I?si=dN4PM08sWZryY9NR

ആർ പി സിദ്ധിഖ് സാഹിബ്

സഹോദരന്റെ മുഖത്ത് നോക്കി പുഞ്ചിരിക്കുക എന്നത് സദഖയാണെന്നാണ് തിരുദൂതർ പഠിപ്പിച്ചിട്ടുള്ളത്.

സമൂഹത്തിന് മൊത്തം സദഖ നൽകിയ മഹാവ്യക്തിത്തമായിരുന്നു അബ്ദു മുസ്ലിയാർ.

ഞങ്ങൾ അയൽവാസികളായിരുന്നു. നേരം പുലരുമ്പോൾ തന്നെ കടപ്പുറത്തേക്ക് അദ്ദേഹം യാത്രതിരിക്കും. കുട്ടിക്കാലത്ത് ഞങ്ങളുടെ ഒരു നിത്യ കാഴ്ചയായിരുന്നു അത്. കാണുമ്പോൾ പലപ്പോഴും അടുത്തു വിളിക്കുകയും കുശലങ്ങൾ അന്വേഷിക്കുകയും തലോടുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു.

അല്ലെങ്കിലും ഒരു ആകർഷണീയത ആ പെരുമാറ്റത്തിലും സംസാരത്തിലും തോന്നിയിരുന്നു.പ്രത്യേകിച്ച് പാടൂർ കാരുടെ സംസാരശൈലിയിൽ നിന്ന് അല്പം ഭിന്നമായ ഒരു ശൈലി.

ഇബാദു റഹ്മാൻ ന്റെ മറ്റൊരു കോപ്പി.

ഞാൻ മദ്രസയിൽ പഠിക്കുന്ന കാലത്ത് അദ്ദേഹം തഅലീമുൽ ഇസ്ലാം മദ്രസയിൽ ഇല്ല. പിന്നീട് ആണ് അവിടെ അദ്ധ്യാപനത്തിന് എത്തിയത്. ഒരിക്കൽ ഞങ്ങൾ സ്കൂളിൽ ചെറിയ ക്ലാസുകളിൽ പഠിച്ചു കൊണ്ടിരുന്ന കാലം. ഞാനും സഹോദരന്മാരായ അബ്ദുറഹ്മാനും (അദ്ദർ) കാതുരുവും

(ഈയിടെ അല്ലാഹു വിലേക്ക് യാത്രയായി) കൂടി RV അബ്ദുൽ ഹമീദിന്റെ വീട്ടിലെ കുളത്തിൽ (എന്റെ മൂത്തുമ്മയുടെ) നിന്ന് തിലോപ്പികയെ ചൂണ്ടലിട്ട് പിടിച്ചു ഈർക്കിളിയിൽ കോർത്ത് കൊണ്ടുവരികയായിരുന്നു. വഴിയിൽ വെച്ചു അബ്ദു മുസ്ല്യാരെ കണ്ടുമുട്ടുന്നു. കാര്യങ്ങൾ തിരക്കുന്നു. ഈ മീൻ വിൽക്കുന്നോ? ഞങ്ങൾ പരസ്പരം നോക്കുന്നു. കൂട്ടത്തിൽ ഒരാൾ പറഞ്ഞു വിൽക്കാം എന്ന്. എത്ര വേണം ? വീണ്ടും ചോദ്യം. 3 അണ വേണം. രണ്ടര അണമതിയോ? ഞങ്ങൾ സമ്മതിച്ചും.ഉടൻ അരപ്പട്ടയിൽ നിന്ന് പൈസ എടുത്തു തന്നു. അദ്ദേഹം സന്തോഷത്തോടെ വാങ്ങിപ്പോയി . ഞങ്ങളും അതിലേറെ സന്തോഷത്തോടെ വീട്ടിലേക്കും തിരിച്ചു. അവിടെ എത്തി കാര്യങ്ങൾ പറഞ്ഞു. നല്ല പ്രതികരണമല്ല വീട്ടിൽ നിന്നും ഉണ്ടായത്. വഴക്ക് രണ്ടു കാര്യം പറഞ്ഞായിരുന്നു. ഒന്ന് ചൂണ്ടയിടാൻ പോയതിന്, രണ്ടാമത്തേത് പൈസക്ക് വിറ്റതിന്, പ്രത്യേകിച്ച്കാരാകോ സിലെ മുസ്ല്യാരിൽ നിന്ന് പൈസ വാങ്ങിയതിന്. ജീവിതത്തിൽ ആദ്യമായി കച്ചവടം നടത്തിയ സന്ദർഭം ഓർത്തു പോയതാണ്.

കുടുംബവുമായി വളരെ അടുപ്പത്തിലായിരുന്നു.

ഖാസിംക്കയുമായി ഉള്ള ബന്ധം കൂടുതൽ അടുപ്പിച്ചു. ഞങ്ങൾ മസ്ക്കത്തിലെ സന്ദർശനവും കണ്ടുമുട്ടലുകളും, പാടൂർ - മസ്കത്ത് ജുമാഅത്ത് കമ്മറ്റിയിൽ ഒരു മിച്ചു പ്രവർത്തിച്ചതും കാരണം കൂടുതൽ ബലപ്പെട്ടു. മകൾ സാറു വിന്റെ ഭർത്താവ് അബൂബക്കർ സാഹിബും മസ്കത്തിൽ ഉണ്ടായിരുന്നു.ഇടക്കിടെ കാണാറും ബന്ധപ്പെടാറും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് പാടൂർ വരുമ്പോൾ ഞങ്ങളുടെ വീട്ടിലും വരാറുണ്ടായിരുന്നു.ഇബ്രാഹിം കുട്ടിയെ മാത്രമേ മദ്രസയിൽ പോകുന്ന സമയത്ത് കണ്ടിരുന്നുള്ളൂ. ലത്വീഫ് ,സൈഫു എന്നിവർ ചെറിയകുട്ടികൾ ആയിരുന്നു.ലത്വീഫ് ഒമാനിൽ ഉണ്ടായിരുന്നപ്പോൾ ആദ്യകാലത്ത് തൊട്ടടുത്ത സ്ഥലങ്ങളിലായിരുന്നു താമസവും മറ്റും.

അങ്ങിനെ, പലതും പങ്കുവെക്കാനുണ്ട്. വിസ്തര ഭയം അതിനനുവദിക്കുന്നില്ല. നമ്മിൽ നിന്ന് പിരിഞ്ഞു പോയിട്ടുള്ളവർക്കെല്ലാം പടച്ച റബ്ബ് സുഖലോക സ്വർഗ്ഗവും അവന്റെ പ്രീതിയും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

ആർ വി അബ്ദുൽ ഹമീദ് സാഹിബ്

لسلام عليكم ورحمه الله وبركاته

ബഹുമാനപ്പെട്ട അബ്ദുമുസ്ലിയാർഎൻറെ ഒരു അയൽവാസിയായിരുന്നു. ദീനി ചിട്ടയോടെ ഉള്ളഒരു ഒതുങ്ങിയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.അദ്ദേഹത്തിൻറെ കുടുംബവുമായി വളരെ അടുത്തു കഴിഞ്ഞിരുന്നവരാണ് ഞങ്ങൾ.മുസ്ലിയാരുടെ ഭാര്യ കുഞ്ഞയിശു ത്തയുമായി എൻറെ ഉമ്മ വളരെ അടുപ്പമായിരുന്നു അയ്യൂബിന്റെ ഉമ്മയും മുസ്തഫാടെ ഉമ്മയും ആയിട്ടായിരുന്നു ഏറ്റവും അടുപ്പം കാണിച്ചിരുന്നത് എൻറെ ഉമ്മയെപ്പോലെ വെള്ള വസ്ത്രം ആയിരുന്നു അവരുടേത് (പണ്ട് പെൺകുപ്പായം എന്ന് പറയും) അവരുടെ വേഷം അവരുടെ സംസാരം ഒരു പ്രത്യേകതയാണ് മലപ്പുറം ഭാഷയായിരുന്നു എൻറെ ഉമ്മാക്കും അത് ഒരു

താൽപര്യമുള്ള സംസാരമായിരുന്നു. കാരണം ഉമ്മയും പൊന്നാനി ബന്ധമുള്ളത് കൊണ്ട് അവർ ഇങ്ങനെ സംസാരിച്ചിരിക്കുന്നത് കേൾക്കാൻ നല്ല രസമായിരുന്നു.അയൽപക്കം അത്ര അകലെയായിരുന്നില്ല ഇവിടെന്ന് ഒന്ന് ഉറക്കെ വിളിച്ചാൽ അവിടെ കേൾക്കുമായിരുന്നു അയൽ വീടുകളിൽ എത്താൻ പറ്റുമായിരുന്നു.എൻറെ കുട്ടിക്കാലത്ത് ഖാസിം മുസ്ല്യായാർ അദ്ദേഹത്തിൻറെ സഹോദരിയെ സാറാ എന്ന് വിളിക്കുന്നത് ഇവിടേക്ക് കേൾക്കാമായിരുന്നു . അന്ന് ഒരു ഓല വൈലിയുടെ അകലമെ ഉണ്ടായിരുന്നുള്ളു

ഇപ്പോൾ ആ വീട്ടിലേക്ക് പോകുന്നതിന്ന് വാഹനം വേണം വഴികളിലെല്ലാം മതിലുകൾ ആയിസൈഫുദ്ദീനും സഹോദരിമാരും എൻറെ മുറ്റത്ത് കൂടിയായിരുന്നു മദ്രസയിൽ പോയിരുന്നത് അബ്ദു മുസ്ലിയാരെ.കുറിച്ചുള്ള ചരിത്രങ്ങൾ മുമ്പുള്ളവർ വിവരിച്ചത് കൊണ്ട് അതിലേക്കൊന്നും കടക്കുന്നില്ല അവരെയും നമ്മെയും ജന്നാത്തുൽ ഫിർദൗസിന്റെ അവകാശങ്ങളിൽ അല്ലാഹു ഉൾപ്പെടുത്തട്ടെ ആമീൻ.

<u>കെ അബ്ദുൽ വാഹിദ് സാഹിബ്</u>

കാരാ കോസ് പള്ളി മുസലിയാർ എന്ന നിലയിൽ പാടൂ ക്കാരുടെ മനസ്സിൽ സ്ഥിര പ്രതിഷ്ഠ നേടാൻ കഴിഞ്ഞ അബ്ദു മുസ്ലിയാർ:-

അദ്ദേഹത്തിന്റെ കൂടെ നമസ്കരിക്കാനോ ശിഷ്യനാകാനോ കഴിഞ്ഞില്ലങ്കിലും തമ്മിൽ കാണുമ്പോൾ ഹൃദ്യമായ പുഞ്ചിരി യും പ്രാർത്തനയും ലഭിക്കാറുണ്ട്. ആരെയും ആകർഷിക്കുന്ന സൗമ്യ പ്രകൃതമുള്ള വ്യക്തിത്വം.

അല്ലാഹു അദ്ദേഹത്തെ സ്വർഗം നല്കി അനുഗ്രഹിക്കട്ടെ .നാമേവർക്കും മുസല്യാർക്കൊപ്പം സ്വർഗത്തിൽ ഒത്തുകൂടാൻ സൗഭാഗ്യം നൽകട്ടെ 🤲🤲

ഫോട്ടോ പങ്കു വെച്ചത് ഷരീഫ് ബാബു



കാസിം മുസ്‌ലിയാർ പാടൂർ

പാടൂർ വാക്കയിൽ വളപ്പിൽ അബ്ബു മുസ്‌ലിയാരുടെ മൂത്ത മകൻ കാസിം അബ്ബു മുസ്‌ലിയാർ, നമുക്ക് അദ്ദേഹത്തെ കാസിം മുസ്‌ലിയാർ എന്ന് ചുരുക്കി വിളിക്കാമെങ്കിലും യഥാർത്ഥത്തിൽ അങ്ങിനെ തന്നെയാണ് അദ്ദേഹത്തിന്റെ പേരും പ്രശസ്തിയും. മതപഠനവും കഴിഞ്ഞു കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകനെയാണ് ഉസ്താദ് എന്നോ മുസ്ലിയാർ എന്നോ അറബിയിൽ പൊതുവെ വിളിക്കപ്പെടുന്നത് ഇവിടെ കാസിം മുസ്‌ലിയാർ ആ ജോലിക്കൊന്നും പോയിട്ടില്ലെങ്കിലും പിതാവ് ഒരു മുസ്‌ലിയാർ ആയതിനാലും അദ്ദേഹത്തിന്റെ പേരിന്നവസാനം മുസ്‌ലിയാർ എന്നുള്ളതിനാലും അതിനോടുള്ള ഇഷ്ടത്തിനാലും കൂടിയാവാം കാസിം എന്ന പേരിനൊപ്പം മുസ്‌ലിയാർ എന്നതും കൂട്ടി ചേർത്ത് കാസിം മുസ്‌ലിയാർ എന്ന് അറിയപ്പെടുന്നത്.

സ്വദേശമായ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തിനടുത്തുള്ള ഐഗലം ഗ്രാമത്തിൽ നിന്നും 1955 ൽ പാടൂരിൽ താമസമാക്കിയ അബ്ബു മുസ്ലിയാരെ പാടൂരിലെയും പരിസര പ്രദേശങ്ങളിലെയും അധികപേരും മറന്നുകാണില്ല. അദ്ദേഹത്തിന്റെ മൂത്ത മകനായ കാസിം മുസ്ലിയാരെ ഇന്നത്തെ പുതു തലമുറയിലെ ചിലർക്കെങ്കിലും അത്രയധികം അറിഞ്ഞു കൊള്ളണമെന്നില്ലെങ്കിലും ഇപ്പോൾ ഇദ്ദേഹത്തെ പരിചയപ്പെടുത്താതെ തന്നെ അവർ തിരിച്ചറിയുന്നു എന്നതാണ് യാഥാർഥ്യം.

തൊള്ളായിരത്തി അറുപത് കാലഘട്ടങ്ങളിൽ പാടൂരിലെയും പരിസരങ്ങളിലെയും മിടുക്കന്മാരായ വിദ്യാർത്ഥികളുടെ ഇടയിൽ വിരലിൽ എണ്ണാവുന്ന മിടുമിടുക്കന്മാരുടെ കണക്കെടുത്താൽ ആ കൂട്ടത്തിലെ ഒരാൾ, അത് കൊണ്ടാണല്ലോ തൊള്ളായിരത്തി എഴുപതുകൾക്ക് മുൻപ് ശ്രീ കേരള വർമ്മ കോളേജിൽ നിന്നും

(227)

"ഹൃദയപൂർവ്വം" പാടൂർ പേജ് 227

<u>അബ്ദുൽ മജീദ് മുഹമ്മദ്</u>

അസ്സലാമു അലൈക്കും. മർഹും അബ്ബു മുസ്ലാർ എന്ന കാരാക്കോസ് പള്ളീലെ ഉസ്താദ് വാത്സല്യത്തിന്റെ പര്യായമാണ്. എന്റെ 18-ആം വയസ്സിൽ പ്രവാസ ജീവിതം ആരംഭിച്ച ഞാൻ നമ്മുടെ പാടൂരിലെ പല വ്യക്തിത്വത്തെയും കത്യമായി അറിയാതെ പോയിട്ടുണ്ട്. പെരിങ്ങാട് ഉമ്മാടെ തറവാട്ടിലേക്ക് ഒഴിവ് ദിനങ്ങളിൽ പോകുമ്പോൾ കാരാക്കോസ് പള്ളിക്കടുത്തുള്ള പലചരക്ക് കടയിൽ നിന്നും തേൻ നിലാവ് മിഠായിയും മറ്റും വാങ്ങാൻ കടയിൽ കയറുന്ന സമയങ്ങളിൽ ആണ് ഇടക്കൊക്കെ ഉസ്താദിനെ കാണാറുള്ളത്. പരസ്പരം വലിയ അടുപ്പം ഒന്നുമില്ലെങ്കിലും കാരാക്കോസെ അബ്ബു മുസ്ലാർ എനിക്ക് സമ്മാനിച്ച കുറച്ച് സമ്മാനമുണ്ട്. ഇന്നും മനസ്സിൽ സൂക്ഷിച്ചു കൊണ്ട് നടക്കുന്ന സമ്മാനം. ആ സമ്മാനം ഇതായിരുന്നു. സ്നേഹത്തിൽ പൊതിഞ്ഞെടുത്ത പുഞ്ചിരി, വാത്സല്യം നിറഞ്ഞ കുശലാന്വേഷണം.. പിന്നെ അല്ലാഹുവിനെ അനുസരിച്ച് ജീവിക്കണമെന്നുള്ള ഉപദേശവും… ഈയൊരു കൂട്ടായ്മ വഴി ഇങ്ങിനെയൊരു സത്കർമ്മം നടന്നത് കൊണ്ട് മാത്രം നമ്മളിൽ പലർക്കും പലരെയും മനസ്സിലാക്കാൻ കഴിഞ്ഞു. കാരാക്കോസ് അബ്ബു മുസ്ലാർ നമ്മുടെ പ്രിയങ്കരനായ ലത്തീഫ്ക്കാടെ ഉപ്പയാണ് എന്ന വിവരം ഈ സ്മരണിക വഴിയാണ് അറിഞ്ഞത്. ഈ മഹാന്റെ മക്കളായി ജനിക്കാൻ കഴിഞ്ഞതിൽ

ലത്തീഫ്ക്കയും ലത്തീഫ്ക്കയുടെ മറ്റു സഹോദരങ്ങൾക്കും എന്നും സന്തോഷിക്കാം.. അഭിമാനിക്കാം... അല്ലാഹു അബ്ദു ഉസ്താദിന് പരിശുദ്ധ സ്വർഗ്ഗത്തിൽ ഏറ്റവും ഉന്നതമായ ദറജ നൽകി അനുഗ്രഹിക്കട്ടെ.. നാളെ ജന്നാത്തുൽ ഫിർദൗസിൽ മുത്ത് റസൂലിന്റെ ചാരെ ചേർന്ന് നിൽക്കാനും നാഥൻ ഉസ്താദിനെ അനുഗ്രഹിക്കട്ടെ...

<u>സൈനുദ്ധീൻ പോഗോ</u>

السلام عليكم ورحمه الله وبركاته

'അബ്ദു മുസ്ലിയാർ എന്ന അദ്ദു എയ്യ്യാർ.

🍂🍂🍂🍂🍂🍂🍂

ബാല്യകാല സ്മരണകളിലെ താളുകൾ മറിക്കുമ്പോൾ അദ്ദു എയ്യ്യാരുടെ (ഞങ്ങൾ അന്ന് വിളിച്ചിരുന്ന പേരാണ്) ഒരു ഫുൾ പേജ് ചിത്രം ഒരു കോട്ടവും തട്ടാതെ അതിൽ കിടക്കുന്നുണ്ടാവും.

കാരാക്കോസ്റ്റ് പള്ളിയും പരിസരവും അവിടെ ഉണ്ടായിരുന്ന പള്ളികുളവും മറ്റും ഞങ്ങളുടെ വിഹാരകേന്ദ്രങ്ങളായിരുന്നു. കാരാക്കോസ്റ്റ് പള്ളിയുടെ നിർമ്മാണം മർഹൂം കൊട്ടുക്കൽ മുഹമ്മദ് ഹാജി പൂർത്തീകരിച്ചതിന് ശേഷം ഏത് വർഷത്തിലാണോ അബ്ദു മുസ്ല്യാർ കാരാക്കോസ്റ്റ് പള്ളിയിലെ ഇമാമായി വന്നതെന്ന ധാരണയെനിക്കില്ല. എന്തായാലും ചെറുപ്പം മുതലെ കണ്ട് തുടങ്ങിയ മുസ്ല്യാരുടെ പിന്നിൽ ഞങ്ങൾ കുട്ടികൾ നമസ്ക്കരിച്ചത് ഇന്നും ഓർമ്മയിൽ മായാതെ നിൽക്കുന്നു.

ഒത്ത ഉയരവും അധികം തടിച്ച ശരീരപ്രകർതി യുമായിരുന്നില്ല മുസ്ല്യാർക്ക്. വെളുത്ത നല്ല നിറമുള്ള മിതഭാഷിണിയായ മുസ്ലാർ ചിരി തൂകുന്ന മുഖത്തോടെയുള്ള സംസാരം എന്നും കാത്ത് സൂക്ഷിച്ച് പോന്നു.

എല്ലാ വക്തിനും പടിഞ്ഞാറ് ഭാഗത്തെ താമ സ്ഥലത്ത് നിന്ന് നടന്ന് വന്ന് പള്ളിയിലെ ഇമാമത്ത് ചുമത നിർവ്വഹിച്ച് പോന്നു. കൊട്ടുക്കൽ മുഹമ്മദ് ഹാജിയും, എന്റെ അമ്മാവൻ പേരോത്ത് മൊയ്തുണ്ണി ഹാജിയും, ഇമ്പിച്ചാക്കയുമൊക്കെയായിരുന്നു മുസ്ല്യാരുടെ അവിടെത്തെ അടുപ്പക്കാർ .

റമളാനിൽ തറാവീഹ് നമസ്ക്കാരത്തിന് മുസ്ല്യാര് തന്നെയായിരുന്നു നേന്ത്രത്വം കൊടുത്തിരുന്നത്. എന്റെ പിതാവുമായി മുസ്ല്യാർ നല്ല അടുപ്പം പുലർത്തിയിരുന്നു. ഞാനിപ്പോഴും ഓർക്കുന്നു എന്റെ പിതാവ് അസുഖം ബാധിച്ച് വീട്ടിൽ കിടക്കുമ്പോൾ മുസ്ല്യാരും ഒപ്പം കുറച്ചാളുകളുമായി എന്റെ പിതാവിനെ കാണാൻ വന്നിരുന്നത്. റമളാനിലെ തറാവീഹ് നമസ്കാരത്തിനിടയിലെ സ്വലാത്ത് മുസ്ല്യാർ ചൊല്ലുന്നതും ഞങ്ങളൊക്കെ ഏറ്റ് ചെല്ലുന്നതുമൊക്കെ ഈ അടുത്ത് കഴിഞ്ഞ് പോയ പോലെ തോന്നുന്നു. വെളുത്ത മേനിയിലെ വെള്ള വസ്ത്രവും തലയിലെ കെട്ടും ദീനീ അറിവിന്റെ നിറകുടമാണെന്നുള്ള ഒരു ഭാവവുമില്ലാത്ത ഒരു സാധാരണ പച്ചയായ മനുഷ്യനായി ജീവിതാവസാനം വരെ കഴിഞ്ഞ് പോന്നു. ആരുമായും ഒരു അവശബ്ദവുമില്ലാതെ ജീവിതത്തിലുടനീളം പാരത്രിക മോക്ഷം ലക്ഷ്യമാക്കി മുന്നോട്ട് പോയ വ്യക്തിത്വം.

കുടുബ പാശ്ചാത്തലവും മറ്റും കൂടുതലറിയില്ലെങ്കിലും അദ്ദേഹത്തിന്റെ മക്കളിലെ മരിച്ചു പോയ ഇബ്രാഹീം കുട്ടിക്കയുമായുമായി നല്ല അടുപ്പമുണ്ടായിരുന്നു. അബ്ദുലെത്തീഫുമായിന്നല്ല സ്നേഹ ബന്ധത്തിലാണ് ഇപ്പോഴും. സൈഫുദ്ദീൻ ബാല്യകാലസുഹൃത്തുമാത്രമല്ല, ഹൈസ്കൂൾ തലത്തിൽ ഒരേ ക്ലാസ്സിലിരുന്നു പഠിച്ചവരായിരുന്നു ആ അടുപ്പം ഇന്നും നിലനിർത്തി പോരുന്നു..

മുസ്ല്യാരുടെ അവസാന കാലഘട്ട സമയങ്ങളിലും മരണസമയങ്ങളിലുമൊന്നും ഞാൻ നാട്ടിലില്ല എന്നാണ് എന്റെ ഒരു ഓർമ്മ. എന്തായാലും മാതൃകയാക്കേണ്ട അപൂർവ്വം വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു മുസ്ല്യാർ.

ഈ ലോകത്ത് ആരെയും ബാക്കി വെക്കുകയില്ല റബ്ബ്. അവന്റെ വിളിക്ക് ഉത്തരം ചെയ്യാതിരിക്കാൻ നമുക്കാർക്കും കഴിയുകയില്ല. എത്രയെത്ര പണ്ഡിതൻമാർ നമ്മുടെ പള്ളിക്കാടുകളിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഞാനീ കുറിപ്പവസാനിപ്പിക്കുകയാണ്. ഇനിയും ഏറെയുണ്ട് ഓർമ്മയിലുള്ളത് കറിച്ചെന്ന് മാത്രം. അവരുടെയെല്ലാം ബർ സഹീ ജീവിതം റബ്ബ് സന്തോഷ പ്രദമാക്കി കൊടുക്കട്ടെ. നമ്മെയും അവരെയും അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് ചേർക്കട്ടെ .. 'ആമീൻ യാ ' റബ്ബുൽ ആലമീൻ

ZAIN Pogo Tech 974563339

☘

<u>ലത്തീഫ് വാക്കയിൽ</u>

അസ്സലാംമു അലൈക്കും വറഹ്മതുല്ലാഹി വബറകാത്തുഹ്

പാടൂർ മഹൽ കൂട്ടായ്മയിൽ മൺ മറഞ്ഞ ഉസ്താദ്മാരുടെ സ്മരണ പുതുക്കുന്ന വേളയിൽ,ഇന്നും ഇന്നലെയും ഞങ്ങളുടെ പ്രിയപ്പെട്ട പിതാവ് മർഹൂം അബ്ദു മുസ്ലിയാർയാരെ സ്നേഹത്തോടെ ഓർത്തെടുത്തു അദ്ദേഹത്തിന്റെ ഓർമ്മകൾ പങ്കു വെക്കുകയും അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്യകയും ചെയ്ത എല്ലാ സഹോദരങ്ങൾക്കും അള്ളാഹു തക്ക പ്രതിഫലം നൽകട്ടെ.

18 Nov 2025

Episode-9

മർഹൂം കേലാണ്ടത്തു അഹമ്മദ് മുസ്‌ലിയാർ



اسلام عليكم ورحمة الله وبركاته

അജ്ഞതയുടെ ഇരുളറകൾ നീക്കി അറിവിന്റെ ആദ്യ പാഠങ്ങളിലൂടെ വെളിച്ചം പകർന്നു തന്ന ഉസ്താദുമാർ.

ഒരു വിദ്യാർത്ഥിയുടെ വളർച്ചയ്ക്കും അതിലൂടെയുള്ള സാമൂഹ്യ പുരോഗതിക്കും ഒരു മദ്രസ്സാ അധ്യാപകൻ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അറബി അക്ഷരങ്ങൾക്കുള്ളിൽ അറിവും അർത്ഥവും ജീവിതവുമുണ്ടെന്ന് ചൊല്ലി വഴിതെളിയിച്ച് നമ്മളാക്കിയവരാണ് മദ്രസ്സാ ഉസ്താദുമാർ

രണ്ടു തലമുറവരെ അറിവ് പകർന്നു നൽകിയ ഏറെ കാലം തഅ്ലീമുൽ ഇസ്ലാം മദ്രസ്സയിൽ പ്രവർത്തിച്ച അഹ് മദ് മുസ്ലിയാർ കേലാണ്ടത്ത് ഈ ഉസ്താദിന്റെ ഓർമ്മകളും അദ്ദേഹവുമായുള്ള വ്യക്തി അനുഭവങ്ങളുമാണ് നാം ഇന്ന് പങ്കുവയ്ക്കുന്നത്.എല്ലാവരും എഴുത്തായും ശബ്ദമായും കൂടെ ചേരുക.

അള്ളാഹു നമ്മളുടെ ഈ ഉദ്യമത്തിന് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ..

آمین 🤲 یارب العالمین

അഡ്മിൻസ്

ലത്തീഫ് വാക്കയിൽ

മർഹൂം കേലാണ്ടത്ത് അഹ്മദ് മുസ്ലിയാർ, ഒരു അയൽവാസി എന്ന നിലയിൽ ഞങ്ങൾക്ക് "അയമ്മുദുക്ക" . മദ്രസയിൽ ചെറിയ ക്ലാസ്സിൽ ആണ് പഠിപ്പിച്ചത്.

അയൽവാസം തുടങ്ങുന്നതിനു മുമ്പ് തന്നെ ആ കുടുംബവുമായി നല്ല ബന്ധം ഉണ്ടായിരുന്നു. പലപ്പോഴും ഞങ്ങൾ മക്കളുടെ അസാന്നിധ്യത്തിൽ ഉമ്മാക്ക്, ഭാര്യ സൈനബത്തയും മക്കളായ ഷാഹു, ഹഫ്സത്, റസിയ, ഫൗസിയ വലിയ ഒരാശ്വാസം ആയിരുന്നു. ദൂരെയുള്ള ബന്ധുവിനെക്കാൾ ഉപകരിക്കും അടുത്ത് കിടക്കുന്ന അയൽവാസി എന്നാണല്ലോ പറയുന്നത്. ഇന്ന് ആ വീട് ഒഴിഞ്ഞു കിടക്കുന്നത് കാണുമ്പോൾ വല്ലാത്തൊരു ഗൃഹാതുരത്വം ആണ്.

ചെറിയ ഒരു കർക്കശ്യക്കാരൻ ആയി തോന്നിയിരുന്നെങ്കിലും, ഞങ്ങളുടെ നന്മക്കായിരുന്നു എന്ന് പിന്നീട് തിരിച്ചറിയാൻ കഴിഞ്ഞു. അയൽവാസി ആയതുകൊണ്ടാവാം, അല്പം പരിഗണനയൊക്കെ മദ്രസയിൽ കിട്ടിയിരുന്നു. ഒരിക്കൽ കൊക്കാല മദ്രസയിൽ ബാങ്ക് വിളി മത്സരം ഉണ്ടായിരുന്നു. അയമ്മുദുക്ക മുൻ കൈ എടുത്തു എന്നെയും കൊണ്ടു പോയി. മത്സരത്തിൽ പങ്കെടുക്കാൻ വലിയ ആവേശം ഒന്നും ഉണ്ടായിരുന്നില്ല എങ്കിലും തൃശൂർ പോവാനും തുടർന്ന് ട്രെയിൻ കാണാൻ അവസരം ഉണ്ടാവും എന്ന കാരണത്താൽ പോകാൻ വലിയ ഉത്സാഹം ആയിരുന്നു.

വാപ്പയുമായി നല്ല ബന്ധമായിരുന്നു. മസ്ജിദുൽ ജമാലിയയിൽ പിതാവിനോടൊപ്പം അദ്ദേഹവും ഉണ്ടാവാറുണ്ട്. അള്ളാഹു അദ്ദേഹത്തിന്റെ സത്കർമങ്ങൾക്ക് അർഹമായ പ്രതിഫലം നൽകുകയും ചെയ്തു പോയ തെറ്റുകുറ്റങ്ങൾ പൊറുത്തു മാപ്പാക്കി കൊടുത്തു സ്വർഗം നൽകി അനുഗ്രഹിക്കട്ടെ, ആമീൻ.

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/WU7BO-a0aRU?si=YHJf39IbeYk5PlW-

<u>**സൈനുദ്ധീൻ പാടൂർ**</u>



ഒമാനിൽ നിന്നും ആദ്യമായി ലീവിൽ വന്ന ഒരുനാൾ. ഞാനും മൊയ്തീനും(നമ്മളിൽ നിന്നും വിട പറഞ്ഞ മൊയ്തീൻ) കൈതമുക്കിൽ നിന്നും നടന്നു വരികയായിരുന്നു. ആശുപത്രിക്ക് സമീപമുള്ള അബ്ദുൾ കാദർക്കാടെ ചായക്കടയുടെ പുറത്ത് ബഞ്ചിൽ പലരും ഇരിക്കുന്നുണ്ടായിരുന്നു അപ്പോഴാണ് എന്റെ ഉസ്താദായിരുന്ന അഹമദ് മുസ്ല്യാരും അക്കൂട്ടത്തിലുണ്ടെന്ന് കണ്ടത്.

സലാം ചൊല്ലി കൈ കൊടുക്കുന്നതിനിടയിലാണ് അഹമദ് ഉസ്താദ് അടുത്തിരുന്ന ആളോട് തമാശയെന്നോണം പറഞ്ഞത്:

" എനിക്കെതിരെ കമ്മറ്റിയിൽ പരാതി കൊടുത്ത പഹയനാണ് ഇവൻ "

ചെറുപ്രായത്തിൽ സംഭവിച്ച തെറ്റിന് ഉസ്താദ് പൊരുത്തപെട്ടു തരണം എന്നു പറഞ്ഞ് കൈയ്യിലുണ്ടായിരുന്ന ഒരു കവറും കുറച്ച് രൂപയും നൽകി ഞാനും മൊയ്തീനും യാത്ര തുടർന്നു.

" എന്തായിരുന്നു ഉസ്താദിനോട് നിനക്കു പറ്റിയ തെറ്റ്? "

മൊയ്തീന്റെ ചോദ്യത്തിന് ഉത്തരം നൽകാൻ ഒരുപാട് കാലം പിന്നിലേക്ക് എന്റെ ഓർമ്മ പോയി. അന്ന് ഒരു ദിവസം ഞാൻ മദ്രസ്സയിലേക്ക് പോയിരുന്നില്ല. വീടിന്റെ വാതിൽക്കൽ ലത്തീഫ് വാക്കയിലും ജമാൽ കാരായിലും വന്നു നിൽക്കുന്നു. ഉപ്പയേയും കൂട്ടി മദ്രസ്സയിലേക്ക് വരാൻ സദർ പറഞ്ഞു വിട്ടതാണ് ഇവരെ. "എന്തെങ്കിലും കുരുത്തക്കേട് നീ ഒപ്പിച്ചോ" ഉപ്പയുടെ ചോദ്യത്തിന് ഉത്തരം നൽകാനാവാതെ ഞാനും പകച്ചു നിന്നു.

അന്ന് മദ്രസ്സ നേരത്തേ വിട്ടു. ഞങ്ങളെയും കാത്ത് അന്ന് പള്ളികമ്മറ്റിയിലും മദ്രസയിലും ഉണ്ടായിരുന്ന പല ഉന്നത ഉസ്താദുമാരും പ്രമുഖരും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഞാനും ഉപ്പയും ഓഫീസ് റൂമിലേക്ക് കയറുമ്പോൾ തന്നെ എന്റെ കൈയ്യും കാലും ഒക്കെ വിറയ്ക്കാൻ തുടങ്ങിയിരുന്നു. ഇതു കണ്ട എന്റെ ഉപ്പ ഏറെ വിഷമിക്കുന്നത് കണ്ടിട്ടാവാം അഹമദ് മുസ്ല്യാരും ഉപ്പയെ ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു.

" അവൻ കുട്ടിയല്ലെ സാരമില്ല " ഉസ്താദിന്റെ ഉപ്പയോടുള്ള ഈ വാക്കുകൾ എന്റെ മനസ്സിൽ തെല്ലൊന്നുമല്ല ആശ്വാസമേകിയത്.

"എന്താണവിടെ സംഭവിച്ചത്? എന്തിനാണ് നിന്നെയും ഉപ്പാനെയും അവർ വിളിപ്പിച്ചത്?" മെയ്തീന് അറയാനുള്ള ജിജ്ഞാസ വർദ്ധിച്ചു. അപ്പോഴേക്കും കുന്നേറയിലുള്ള എന്റെ വീട്ടിലേക്ക് ഞങ്ങൾ എത്തിയിരുന്നു. ചായ കുടിച്ച് പുറത്തെ കുന്നേറയിലെ പന്ത് കളി ഗ്രൗണ്ടിൽ ഞങ്ങളിരുന്നു. അപ്പുറത്ത് പഞ്ചീസ് ഏറ്റും കിളിമാസും തകൃതിയായി നടക്കുന്നുണ്ട്.

" നീ പറേഡോ എന്തിനാ നിങ്ങളെ വിളിപ്പിച്ചത് " മൊയ്തീൻ വിടുന്നില്ല.

അതെ ഈ അനുഭവ കഥ ഇന്നുവരെ ഒരാളോടും ഞാൻ പറഞ്ഞിട്ടില്ല. എന്നെ അടുത്തറിയാവുന്ന ചിലർക്കു മാത്രമാണ് ഇതറിയൂ. ഇന്നിപ്പോൾ ഈ സന്ദർഭത്തിൽ ഇത് എഴുതാനുള്ള പ്രധാന കാരണം വിക്ക് വരുമ്പോൾ തുടർന്ന് സംസാരത്തിനിടയിൽ വരുന്ന ദേഷ്യം അതിന് പുറകിൽ ഒളിപ്പിച്ചുവച്ച അഹമദ് ഉസ്താദിന്റെ സ്നേഹം അത് പറയാനാണ്.

ഞാനും ഉപ്പയും ചെല്ലുമ്പോൾ എല്ലാവരും കൂടി ഞങ്ങളോട് ഇരിക്കാൻ പറഞ്ഞു. പ്രധാന അധ്യാപകൻ (പേര് ഓർമ്മയില്ല) ഒരു എഴുത്ത് ഉയർത്തിപിടിച്ചു കൊണ്ട് ചോദിച്ചു "ഇത് സൈനുദ്ധീൻ എഴുതിയതാണോ"

എന്റെ കൈയ്യക്ഷരമാണെന്ന് ക്ലാസ്സിലെ സഹപാഠികൾ അതിന് മുമ്പേ സ്ഥിരീകരണം നൽകി കഴിഞ്ഞിരുന്നു. "അതെ ഞാനെഴുതിയതാണ് "

ഉപ്പയുടെ ദേശ്യത്തിലുള്ള മുഖം ആ നേരം ഞാൻ കണ്ടു. തലപോയാലും സത്യം പറയണം എന്ന ഉപ്പയുടെ ഉപദേശം എനിക്കും ഒരു ധൈര്യമായി.

" എന്താണുണ്ടായത് എന്ന് സൈനുദ്ധീൻ തന്നെ പറയട്ടെ " എന്ന് സദസ്സിലുള്ള ആരോ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു തുടങ്ങി:

" അഹമദ് ഉസ്താദ് ക്ലാസ്സെടുക്കുമ്പോൾ ഞങ്ങളുടെ സംശയങ്ങൾക്ക് ഉത്തരം നൽകിയാൽ പിന്നെ സംശയം ചോദിച്ചാൽ ദേശപ്പെടുന്നു ചിലപ്പൊ അടിക്കുകയും ചെയ്യുന്നു. ഈ വിവരം പള്ളി കമ്മറ്റിയെ അറിയിക്കണം എന്നു തോന്നി. നേരിട്ട് പറയാൻ പേടിയുള്ളതുകൊണ്ട് പേരെഴുതാതെ ഈ കാര്യങ്ങളെല്ലാം ഒരു കലാസിലെഴുതി പള്ളിയുടെ തെക്കെ അറ്റത്തുള്ള കമ്മറ്റി ഓഫീസിന്റെ മുൻപിൽ ചുവന്ന പെട്ടിയിൽ ഞാനിട്ടു അതാണ് സത്യം"

തെറ്റാണ് ചെയ്തത് ഒരു ഉസ്താദിനോടും ഇത് ചെയ്യാൻ പാടില്ലാത്തതാണ് എന്ന് പറഞ്ഞ് അഹമദ് മുസ്ല്യാരോട് പൊരുത്തപ്പെടീച്ചാണ് അന്ന് മദ്രസ്സയിൽ നിന്നും പോന്നത്.

ഉപ്പയുടെ വക ഏതു നിമിഷവും അടി പ്രതീക്ഷിച്ചിരുന്ന ഞാൻ ഉപ്പ അടിക്കാത്തതെന്തേ എന്ന ചോദ്യത്തിന് ഉത്തരം കുറേ ദിവസം കഴിഞ്ഞാണ് ഉപ്പ പറഞ്ഞത്

മദ്രസയിൽ നിന്നും പോരാൻ നേരം ഉപ്പയോട് അഹമദ് മുസ്ല്യാർ പറഞ്ഞത്രെ

" അവനെ ശിക്ഷിക്കരുത് കാരണം, പ്രതികരിക്കാനുള്ള അവന്റെ ശേഷി മുളയിലേ നമ്മൾ നുള്ളരുത്.മാത്രവുമല്ല ഞാനും ദേശ്യം കുറയ്ക്കാൻ ശ്രമിക്കേണ്ടതാണ്"

ചെറിയ വയസ്സിൽ തോന്നിയ തെറ്റിന് സ്നേഹത്തോടെ അത് ശരിയുമാണെന്ന് പറയാനുണ്ടായ ഉസ്താദിന്റെ ഉൾക്കാഴ്ച അത് ചെറുതല്ല മാത്രവുമല്ല നമ്മൾ കാണാത്ത ഒരു നല്ല ഹൃദയം അഹമദ് ഉസ്താദിനുണ്ടായിരുന്നു എന്നതാണ് യാഥാർത്ഥ്യവും...

അള്ളാഹുവിന്റെ കരുണയിൽ പ്രിയ മർഹൂം അഹമദ് ഉസ്താദിന് ജന്നത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കുമാറാവട്ടെ..

آمين 🤲 يارب العالمين

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/oK8BmtP23mU?si=vPMpo00qhHYRnxFS

ഫാറൂഖ് തങ്ങൾ

അഹമദ് മുസ്ലിയാർ

=================

"Knowledge is that which benefits, not that which is memorized" Imam Shafi

ജീവിതത്തെ സമൃദ്ധമാക്കുന്ന ഇസ്ലാമിക മൂല്യ ബോധങ്ങൾ കുട്ടികൾക്ക് പകർന്നു കൊടുക്കുന്നവർ വളരെ വലിയ ഒരു ദൌത്യമാണ് സമൂഹത്തിൽ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. ഒരു ഇസ്ലാമിക അധ്യാപകൻ വിശുദ്ധ ജ്ഞാനത്തിന്റെ സംരക്ഷകനും ജ്ഞാന വികാസത്തിൽ ശ്രദ്ധേയമായ പങ്കാളിത്തമുള്ളവനുമായിരിക്കും.

സമ്പന്നമായ ഇസ്ലാമിക പാഠങ്ങൾ കുട്ടികൾക്ക് പറഞ്ഞു കൊടുക്കുവാൻ വലിയ താല്പര്യം കാണിച്ചവരിൽ ഒരാളായിരുന്നു നമ്മുടെ പ്രിയപ്പെട്ട അഹമദ് മുസ്ലിയാർ. ഒരു വലിയ കാലയളവിൽ അദ്ദേഹം നമ്മുടെ മദ്രസ്സയിൽ ഈ ദൌത്യവുമായി സേവനമനുഷ്ട്ടിച്ചിരുന്നു. തിരിച്ചറിവുള്ള വ്യക്തികൾ സമൂഹ്യ മുന്നേറ്റങ്ങൾക്ക് ആവശ്യമുള്ള വലിയ സേവനങ്ങൾ ചെയ്യുന്നവരുമായിരിക്കും. അവരുടെ പ്രവർത്തന ഫലമായി സമൂഹത്തിനു ഉയർന്ന ബൌദ്ധിക വളർച്ചയുണ്ടാകുകയും ചെയ്യും.

അഹമദ് മുസ്ലിയാർ ഞങ്ങളുടെ നല്ല അയൽവാസിയും ചെറിയ ക്ലാസ്സിൽ എന്റെ അദ്ധ്യാപകനും ആയിരുന്നു. അദ്ദേഹവുമായി ഒരു ഗുരു ശിക്ഷ ബന്ധത്തിനേക്കൾ വലിയ സൌഹൃമാണ് എനിക്കുണ്ടായിരുന്നത്. അഹമദ് മുസ്ലിയാരും കുടുംബവും താമസം മറ്റൊരു സ്ഥലത്തേക്ക് മാറ്റിയപ്പോൾ ഒരു ഇസ്ലാമിക കുടുംബം മാറി പോയതിന്റെ വേദന ഞങ്ങൾ അനുഭവിച്ചിരുന്നു.

അഹമദ് മുസ്ലിയാരുടെ കുടുംബാന്തരീക്ഷം തികച്ചും ഇസ്ലാമികമായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ വളരെ സൂക്ഷമതയുള്ള പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ ഉമ്മ,പിതാവ്,സഹോദരൻ എന്നിവരെല്ലാവരുമായി എന്റെ കുടുംബം ഏറ്റവും നല്ല ബന്ധമാണ് പുലർത്തിയിരുന്നത്. അത് കൊണ്ട് തന്നെ അഹമദ് മുസ്ലിയാർ എന്റെ പഠനത്തിൽ കൂടുതൽ താല്പര്യം കാണിച്ചുരുന്നു.

ഇസ്ലാമിക പാഠങ്ങൾ പഠിക്കേണ്ടത്തിന്റെ ആവശ്യകത എന്താണെന്നു ഞങ്ങൾ ചെറിയ കുട്ടികൾ ആയിരിക്കെ തന്നെ അദ്ദേഹം ഉണർത്തിയിരുന്നു.പലപ്പോഴും ആ ഉപദേശങ്ങളിൽ തിങ്കൾ നെബിയുടെ ജീവിതവും മഹാ പുരുഷന്മാരുടെ കഥകളും കടന്നു വരാറുണ്ട്. ഒരിക്കലുമത് ഒരു അരോചകമായി അനുഭവപ്പെട്ടിരുന്നില്ല. മറിച്ച് കൂടുതൽ കേൾക്കുവാനാണ് ആഗ്രഹിച്ചിരുന്നത്.

മദ്രസ്സകൾ നില നിൽക്കണമെന്നും ഏറ്റവും കാര്യക്ഷമമായ രീതിയിൽ പഠനം ഉണ്ടാകണമെന്നും വിദ്യാർത്ഥികൾക്ക് ഭൌതിക വളർച്ചയുണ്ടാകണമെന്നും അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. അദ്ദേവുമായുണ്ടായിരുന്ന സംസാരങ്ങളിലെല്ലാം ഈയൊരു ആഗ്രഹം നിറഞ്ഞു നിന്നിരുന്നു.

അഹമദ് മുസ്ലിയാർ സാഹിത്യ സമാജങ്ങൾക്കും നെബി ദിന പരിപാടികൾക്കും ആവശ്യമായ പ്രസംഗങ്ങളും ഗാനങ്ങളും വിദ്യാർത്ഥികൾക്ക് എഴുതി കൊടുത്തിരുന്നു. ഒരു നെബി ദിന പരിപാടിക്ക് അദ്ദേഹം എഴുതി കൊടുത്ത ഒരു സംഭാഷണ ഗാനത്തിലെ Starting Line ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. " മദ്രസ്സ കൊണ്ടുള്ള നേട്ടമെന്തടോ, ദീനിന്റെ കോട്ടയാണടോ"

അഹമദ് മുസ്ലിയാരുമായുള്ള ചർച്ചകളിലെല്ലാം ദീനും നാടിന്റെ അവസ്ഥയുമായിരുന്നു വിഷയങ്ങൾ. ശോചനീയമായ അവസ്ഥ മാറുമെന്നും മാറ്റങ്ങൾ ഉണ്ടാകുമെന്നും അദ്ദേഹം പറയുമായിരുന്നു

ഒരിക്കലും നഷ്ടപ്പെടാൻ പാടിലാത്ത സംസ്കൃതികളുടെ നിലനിൽപ്പിനും അവയുടെ ആവിഷ്ക്കാരങ്ങൾക്കും വേണ്ടി പ്രവർത്തിച്ച അഹമദ് മുസ്ലിയാർ ഇന്ന് നമ്മോടൊപ്പമില്ല. അള്ളാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടേ. പാരത്രിക ജീവിതം പ്രകാശ പൂരിതമാക്കി കൊടുക്കട്ടെ.

==

Asft

മൊയ്നു കരിപ്പായിൽ

നിസ്വാർത്ഥനായ,,,,,,വിശ്വാസി.,,,🙏

,,അറിവ് നേടുക അത് പകർന്ന് നൽക്കുക രണ്ടും ഏറെ ശ്രമകരം.🌹 എന്നാൽ ഇത് രണ്ടും അനായാസേന നിർവ്വഹിച്ച വ്യക്തിയായിരുന്നു എന്റെ അയൽവാസി കൂടിയായിരുന്ന പ്രിയപ്പെട്ട കേലാണ്ടത്ത് അഹമ്മദ് മുസ്ലിയാർ. ❤️മദ്രസാ അദ്ധ്യാപകനായി ദീർഘകാലം സേവനമനുഷ്ഠിച്ച അദ്ദേഹം എന്റെ കുടുംബവുമായി ഏറെ അടുത്ത വ്യക്തി ബന്ധം വെച്ച് പുലർത്തിയിരുന്നു.🌹 എന്റെ പിതാവിനോടും പിതൃ സഹോദരനോടും കൂടാതെ ഞാൻ ഉൾപ്പടെയുള്ളവരോടും കുടുംബത്തിലെ ഒരു അംഗം എന്ന രീതിയിൽ തന്നെയായിരുന്നു അദ്ദേഹത്തിന്റെ ഇടപ്പെടൽ🌹 മദ്രസാ അദ്ധ്യാപകവൃത്തിയിൽ ഏറെ സത്യസന്ധത പുലർത്തിയിരുന്ന അദ്ദേഹം ബഹുസ്വര സമൂഹത്തിൽ ഇസ്ലാമത വിശ്വാസി പുലർത്തേണ്ട നിഷ്ഠകളെ കുറിച്ച് കൃത്യമായി ധാരണയുള്ള വ്യക്തിയായിരുന്നു🙏 തന്റെ വിശ്വാസ സംഹിത പൂർണ്ണമായും ഉൾകൊള്ളുന്നതോടൊപ്പം സഹോദര സമുദായത്തിന്റെ വിശ്വാസങ്ങളെ കൂടി ആധരിക്കുന്ന ജീവിതമായിരുന്നു അഹമ്മദ് മുസ്ലിയാർ നയിച്ചിരുന്നത്.🌹 മനുഷ്യർക്കിടയിൽ ഉച്ചനീചത്വമില്ലെന്ന പ്രവാചക സന്ദേശത്തിന്റെ പ്രചാരകനായിരുന്നു അഹമ്മദ് മുസ്ലിയാർ 🌹നബിദിന ഘോഷയാത്രയെ മുന്നിൽ നിന്ന് നയിക്കുമ്പോഴും അതിൽ വിതരണം ചെയ്യപ്പെടുന്ന മധുര പലഹാരങ്ങൾ ഘോഷയാത്ര കാണാൻ എത്തുന്ന സഹോദര സമുദായങ്ങൾക്ക് കൂടി എത്തിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുമായിരുന്നു ഉസ്താദ് അവർകൾ 🙏ഒരു സത്യസന്ധനായ വിശ്വാസി അഥവാ പ്രവാചക സന്ദേശ വാഹകൻ എങ്ങിനെയാണെന്നതിന്റെ നേർ കാഴ്ചയായിരുന്നു അഹമ്മദ് മുസ്ലിയാരുടെ ജീവിതം🙏 സഹജീവി സ്നേഹവും പ്രകൃതി സ്നേഹവും വിശ്വാസത്തിന്റെ ഭാഗമായി കണ്ട ഉസ്താദിനെ പോലുള്ളവരുടെ ജീവിതം ബഹുസ്വര സമൂഹത്തിന് എന്നും പ്രചോദനമാണ്.🌹 സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും നന്മ വിതറി കടന്നുപോയ അഹമ്മദ് മുസ്ലിയാരുടെ പരലോക ജീവിതം സന്തോഷപ്രദമാകുവാനുള്ളകുടുംബാംഗങ്ങളുടെ പ്രാർത്ഥനയിൽ ഞാനും പങ്ക് ചേരുന്നു🤲

,, മൊയ്നു. പി.കരിപ്പായിൽ.

❤️,,,,,,,,,,,,🌹,,,,,,,,,,,,🙏

റഫീഖ് പേരൊത്ത്

അഹമ്മദെയ്യ്യാർ

അഹമ്മദെയ്യ്യാർ ഒരു അയൽവാസിയാണൊ കൂട്ടുകാരനാണൊ സഹപാഠിയാണൊ ഉസ്ഥാദാണൊ കൂടപിറപ്പാണൊ കളി കൂട്ടുകാരനാണൊ......എന്നൊന്നും വേർതിരിച്ചെഴുതാൻ നമുക്ക് കഴിയുമെന്ന് തോന്നുന്നില്ല.

അദ്ദേഹത്തിന് റബ്ബിന്റെ മഗ്ഫിറത്തും മർഹമത്തും ലഭിക്കുകയും സ്വർഗ്ഗത്തിൽ ഉന്നത പദവിയും റബ്ബിന്റെ തൃപ്തിയാൽ ലഭിക്കുകയും ചെയ്യട്ടെ .ആമീൻ

ഇസ്ലാമിന്റെ ചിഹ്നങ്ങളായ പവിത്ര മിഹ്റാബ്,മിംബർ എന്നിവയിൽ കയറാൻ വളരെ കുറച്ച് പേർക്ക് മാത്രമെ സൗഭാഗ്യം ലഭിക്കാറുള്ളൂ.നമ്മുടെ ഖത്തിബ്മാരല്ലാത്ത നാട്ടുകരായ രണ്ട് അയൽവാസികളെയാണ് നമ്മുടെ മഹനീയ മിമ്പറിൽ ഖുത്തുബ പരായണം ചെയ്തതായി ഞാൻ കണ്ടിട്ടുള്ളൂ. അതിൽ ഒരാൾ അഹമ്മ്ദ് മുസ്ല്യാരും മറെറാന്ന് കുംമ്പളതയിൽ ഹമീദ് മുസ്ല്യാരുമാണ്.

അഹമദെയ്ല്യാരെ ക്ളാസ്സിലൊ മറ്റൊ ഇരുന്നിട്ടില്ലെങ്കിലും നാട്ടിലുള്ള സമയങ്ങളിൽ തമ്മിൽ കാണാത്ത ദിനങ്ങൾ അപൂർവ്വമാണ്.അദ്ദേഹം ഞങ്ങളുടെ കുടുംബത്തിലെ ഒരു നിത്യസന്ദർശകൻ തന്നെയായിരുന്നു എന്ന് പറയുന്നതാകും കൂടുതലും ശരി.ഒരിക്കൽ കുറച്ചു ദിവസം അദ്ദേഹം അസുഖമായി ഇരുന്നു. അസുഖമെല്ലാം മാറി ഞങ്ങൾ തമ്മിൽ വീണ്ടും കണ്ടുമുട്ടിയപ്പോൾ റബ്ബ് വിധിച്ചതെ വരുമെന്നൊക്കെ പറയുന്ന റെഫീക്കെന്താണ് വീട്ടിൽ വരാഞ്ഞതും വിവരങ്ങളന്വേഷിക്കാഞ്ഞതുമെന്നൊക്കെ പറഞ്ഞു ശാസിച്ചതുമൊക്കെ ബന്ധത്തിന്റെ ദൃഢതയാണ്.

ഒരു മദ്രസ്സാ അദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ പലതുമുണ്ടാകാം.കാലങ്ങൾക്ക് മുമ്പ് നമ്മുടെ മദ്രസ്സയിൽ റെയിഞ്ചാടിസ്ഥാനത്തിൽ മദ്രസ്സാദ്ധ്യാപകർക്ക് ആഴ്ചകളോളം നീണ്ട ഒരദ്ധ്യാപക പരിശീലന ക്ളാസ് നടന്നിരുന്നു.വിഷയം ഖുർആൻ തന്നെ ആയിരുന്നു. സമസ്ഥയുടെ വിരലിലെണ്ണാവുന്ന പ്രശസ്ഥ ഖാരിഉകളിൽ പെട്ട അബ്ദുൽ റസാഖ് ഉസ്താതിന്നെ ആയിരുന്നു അദ്ധ്യാപക പരിശീലനത്തിനായി സമസ്ത നിയോഗിച്ചിരുന്നതെന്നാണോർമ്മ.

അദ്ധ്യാപക പരിശീലനമെല്ലാം കഴിഞ്ഞതിന് ശേഷം നാട്ടുകാർക്കായി ഖുർ ആനിനെ കുറിച്ചും മദ്രസ്സാ അദ്ധ്യാപകരുടെ അവസ്ഥയെ കുറിച്ചും മറ്റുമായി ഒരു ഉൽബോധന വഅള് തന്നെ അദ്ദേഹം നടത്തി.പ്രത്യേകിച്ച് അദ്ദേഹത്തിന്റെ പരിശീലന അനുഭവത്തിലെ അദ്ധ്യാപകരിൽ പെട്ട അപൂർവ്വം ചിലരുടെ പരായണ വീഴ്ചകളെ കുറിച്ചും മറ്റും ഊന്നിതന്നെ നമ്മെ ഉണർത്തി.ഇതിനൊരു മാറ്റത്തിനായി ശ്രമിക്കണം.

പ്രസംഗമൊക്കെ കേട്ട ഒരു നാട്ടുകാരൻ നേർച്ചയായി ആ സ്കൂൾ വെക്കേഷൻ കാലത്ത് ഖുർആൻ പരായണം പഠിപ്പിക്കുന്നതിനായി നല്ല ഒരദ്ധ്യാപകന് വേണ്ടുന്ന തുക ഓഫറായി നൽകാമെന്ന് അഹമ്മദെയ്ല്യാരെ ധരിപ്പിച്ചു.അദ്ദേഹം അത് കമ്മററിയെ ധരിപ്പിച്ചപ്പോൾ വാക്കാലൊന്നും പറഞ്ഞാൽ പോരന്ന് പറഞ്ഞതനുസരിച്ച് അദ്ദേഹം തന്നെ തന്റെ കൈ പടയിൽ എഴുതി നേർച്ചക്കാരനെ കൊണ്ടു കമ്മററിയിൽ കൊടുപ്പിച്ചു. നേർച്ചക്കാരന്റെ ആഗ്രഹവും അഹമ്മദെയ്ല്യാരെ പരിശ്രമവും അതിനായ് ഒരദ്ധ്യാപകനെ കിട്ടാത്തത് മൂലം നടക്കാതെ പോവുകയാണ് ഉണ്ടായത്.

ഒരു റമദാനിൽ (മസ്ജിദുറഹ്മയും മസ്ജിദുസലാമും വരുന്നതിന് മുമ്പ്) ഞങ്ങളുടെ വീട്ടിൽ പരിസരത്തുള്ള സ്ത്രീകളെയെല്ലാം ഒരുമിച്ചു കൂട്ടി തറാവീഹ്

നമസ്കാരത്തിനായുള്ള സൗകര്യം ചെയ്തു കൊടുക്കാനുള്ള പരിശ്രമങ്ങൾ ചെയ്തതും ഇമാമത്തിനായി തന്റെ മക്കളായ റസിയയേയും, ഫൗസിയയേയും ഹഫ്ലയേയും ചുമതലപെടുത്തുകയുമൊക്കെ ചെയ്തത് ഓർമ്മയാണ്.

ഒരിക്കൽ പഠിപ്പുരയുടെ അവിടെ ആശയ വിശദീകരണത്തിനായി (മുഅല്ലീമിങ്ങളുടെ നേതൃത്വത്തിലാണെന്നു തോന്നുന്നു)ഒരു വഅളു വെച്ചിരുന്നു.പ്രസംഗീകന്റെ ഒരു പരാമർശം തീരെ യോജിക്കാവുന്നതല്ല എന്ന് മനസ്സിലായതിനാൽ ഞങ്ങളിൽ ചിലർ അവിടെ കൂടുതൽ നേരം ഇരിക്കുന്നതിൽ കാര്യമില്ല എന്ന് തോന്നിയതിനാലൊ മറ്റൊ എഴുന്നേറ്റു പോന്നു. പിന്നീടൊരു ദിവസം എന്താണ് വ അളാനിടക്ക് നിങ്ങൾ ഇറങ്ങി പോരാനുള്ള കാരണമെന്നന്വേഷിച്ച അഹമ്മദ്ക്കാട് കാര്യം വിശദീകരിക്കുകയും അദ്ദേഹം മൗനം പാലിച്ചതുമൊക്കെ നല്ല ഓർമ്മകളിൽ പെട്ടതാണ്

മറ്റുള്ളവരുടെ പ്രയാസങ്ങളിലും ദുഖങ്ങളിലും പങ്കു ചേരുക എന്നത് അദ്ദേഹത്തിൽ കണ്ടു വന്നിരുന്ന സ്ഥായിയായ ഒരു സൽസ്വഭാവമാണ്. ഒരിക്കൽ എന്റെ ഒരു വിഷയത്തിൽ നമ്മുടെ നാട്ടിൽ ദിക്കർ ഹൽഖ സ്ഥാപിച്ച ചാപ്പനങ്ങാടി ബാപ്പു മുസ്ല്യാരുടെ ശിശ്യനായിരുന്ന ബീരാൻ കുട്ടി മുസ്ല്യാരെ സന്ദർശിച്ചതുമൊക്കെ ഓർമ്മയാണ്.എന്റെ വിഷയത്തിന് പരിഹാരമായില്ല എങ്കിലും. ആ യാത്ര കൊണ്ട് ചില പതിരൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞു.

ബീരാൻ കുട്ടി മുസ്ല്യർ മറുപക്ഷത്തുള്ള പ്രധാന പണ്ഡിതന്റെ പ്രവർത്തന ശൈലിക്കെതിരെ സംസാരിച്ചതും നിലവിലെ പോക്ക് നാശത്തിലേക്കാണ് എന്ന് മുഖത്തു നോക്കി തന്നെ(മറുപക്ഷ പണ്ഡിത നേതാവിനോട്) പറഞ്ഞതുമൊക്കെ അദ്ദേഹത്തിന്റെ മജ്ലിസിൽ നിന്ന് കേൾക്കാനായി.ഇന്നും മേൽ പറഞ്ഞ പണ്ഡിതന്റേയും അനുയായികളിൽ പെട്ടവരുടേയും ചില വാക്കുകളും പ്രവർത്തനങ്ങളും സോഷ്യൽ മീഡിയയിലും മറ്റും കാണുമ്പോൾ ഇവരൊക്കെ ഇസ്ളാമിന് വിരുദ്ധമായതല്ലെ പ്രവർത്തിക്കുന്നത് എന്ന് തോന്നിപോകാറുണ്ട്.

റബ്ബ് നമുക്കേവർക്കും ഹിദായത്ത് നൽകുകയും അതിൽ ഉറച്ചു നിൽക്കാനുള്ള സൗഭാഗ്യവും ഇരു ലോക വിജയങ്ങളും നൽകട്ടെ.

നമ്മിൽ നിന്ന് മൺമറഞ്ഞു പോയ ഉസ്ഥാദുമാർക്കും നമ്മുടെ കുടുംബാദികൾക്കും പൂർവ്വീകർക്കും മഗ്ഫിറത്തും മർഹമത്തും റബ്ബ് നൽകുകയും ചെയ്യട്ടെ.നമുക്കും അവരോടൊപ്പം ജന്നാത്തുൽ ഫിർദൗസിൽ ഒത്തുചേരാനുള്ള സൗഭാഗ്യം റബ്ബിന്റെ ഔദാര്യത്താൽ ലഭിക്കുകയും ചെയ്യട്ടെ.

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/NqIcBRKsLPw?si=6xI_fP_Fy1gdWjxK

ഇഖ്ബാൽ വേതിൽ

അഹ്മദ് മുസ്ലിയാർ തിരുനെല്ലൂർ നുറുൽ ഹിദായ മദ്രസ്സയിൽ രണ്ടാം ക്ലാസ്സിൽ എന്റെ ഉസ്താദായിരുന്നു. അന്നു തുടങ്ങിയ ബന്ധം ജീവിതാന്ത്യം വരെ തുടർന്നിരുന്നു. പല സദസ്സുകളിൽ വെച്ച് അദ്ദേഹം എന്നെക്കുറിച്ച് നല്ല രീതിയിൽ സംസാരിക്കാറുണ്ടായിരുന്നു. ക്ലാസ്സിലെ നല്ലൊരു വിദ്യാർത്ഥി യായിരുന്നു ഞാൻ. ഒരിക്കൽ മാത്രം അദ്ദേഹത്തിൽ നിന്ന് എനിക്ക് ഒരു അടി കിട്ടിയതായി ഞാൻ ഓർക്കുന്നു. ചെറിയ ഒരു അശ്രദ്ധ കാരണം നല്ലൊരു അടി അദ്ദേഹം എനിക്ക് നൽകി. ആ ശിക്ഷ അത്രയ്ക്ക് അനിവാര്യമായിരുന്നില്ല. അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനം നൽകട്ടെ ആമീൻ

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/flj3iSwf3Js?si=-4Mq5Hnvl8eI6zBK

അഷ്റഫ് പി എ

പ്രിയപ്പെട്ട അഹമ്മദ് ഉസ്താദ് .

അന്ന് ഞാൻ വടക്കേ മദ്രസയിൽ ആയിരുന്നു .

ഒരു നബിദിനത്തിന് കൊടിയുമായി ഞങ്ങൾ കുറെ കുട്ടികൾ അഹമ്മദ് ഉസ്താദിന്റെ നേതൃത്വത്തിൽ തെക്കേ മദ്രസയിലെ ജാഥയിൽ ചേരുവാൻ ചിറക്കലിൽ കാത്ത് നിന്നു. എല്ലാവരെയും വരിയിൽ നിർത്തി കൊണ്ട് അഹമദ് മുസ്ലിയാർ തൊണ്ട കീറുമാറ് വിളിച്ച് പറഞ്ഞു തന്നു...

വരിക ..വരിക സോദരേ, നാം മുസ്ലിമല്ലയോ ... എന്ന് തുടങ്ങുന്ന ഒരു ബൈത്ത്.

ജാഥ ചിറക്കൽ എത്തിയപ്പോ അതിൽ ഞങ്ങളും ജോയിൻ ചെയ്തു കൊണ്ട് തിരിച്ചു നടന്നു .ഒപ്പം ഉസ്താദും കൊടിയുടെ വടി തിരിച്ചു പിടിച്ചു കൊണ്ട് ഇടയ്ക്കിടെ വരി തെറ്റിക്കുന്ന കുട്ടികളുടെ ചന്തിക്ക് മെല്ലെ മെല്ലെ തട്ടി കൊണ്ട് .വഴിയിൽ എപ്പോ ഉസ്താദിനെ കണ്ടാലും വല്യ ബഹുമാനം കാണിച്ചു കൊണ്ട് ഞാൻ ഒതുങ്ങി നിൽക്കും. എന്താ അഷ്റഫെ എന്ന് ചോദിച്ചു ഉസ്താദ് പോവും .അതിൽ കൂടുതൽ അടുപ്പമൊന്നും ഞങ്ങൾ തമ്മിൽ ഉണ്ടായിട്ടില്ല .

കാലങ്ങൾ വർഷങ്ങളെ പെറ്റ് കൂട്ടിയതിനിടയിൽ മീശയും താടിയും മുളപൊട്ടിയതുമായി ഒരു ലീവിന് വന്നപ്പോൾ ഞാൻ ഇബ്രാഹിം കുട്ടിയെ കാണുവാൻ ചെന്നപ്പോ അവിടെ ഉമ്മറത്ത് അഹമദ് മുസ്ലിയരും ഇരിക്കുന്നു. ഞാൻ സെലാം ചൊല്ലി കൈ കൊടുത്തപ്പോൾ ഒരു പിടിയും കിട്ടാതെ ഉസ്താദ് അമ്പരപ്പോടെ നോക്കിയപ്പോൾ ഞാൻ സ്വയം പരിചയപ്പെടുത്തി. അല്ലാഹ് ... എനിക്ക് മനസിലായില്ലന്ന് പറഞ്ഞു സൗഹൃദ സംഭാഷണം തുടർന്നു.

അപ്പോഴാണ് ഞാൻ അത് ശ്രദ്ധിച്ചത് .. അയൽക്കാരായ ഇബ്രാഹിം കുട്ടിയും ഉസ്താദും തമ്മിൽ ഒരു എടാ പോടാ ബന്ധം .. മാത്രമല്ല അവർ ഒരുമിച്ച് ബീഡി വലിക്കുന്നു . അന്ന് മുതൽ ഉസ്താദ് എന്നതിലുപരിയായി ഒരു ജേഷ്ട്ട സഹോദര

ബന്ധം ഞങ്ങളിലും തുടങ്ങുകയായിരുന്നു .അത് പിന്നെ എഴുത്തിലൂടെയും ഞങ്ങൾ നിലനിർത്തി പോന്നു.

എന്റെ വിവാഹം, ഉസ്താദുമായുള്ള അടുപ്പവും സ്നേഹവും പിന്നെയും വർദ്ധിക്കുവാൻ മറ്റൊരു കാരണം കൂടിയായി. എന്റെ കല്യാണം വിളിക്കുവാൻ കത്തുമായി വീട്ടിൽ ചെന്നപ്പോ ഉസ്താദ് ഇല്ലായിരുന്നു. ഒരു ദിവസം കാളിംഗ് ബല്ലടി കേട്ട് വാതിൽ തുറന്നപ്പോ ഉസ്താദ് വാതിക്കൽ എന്റെ കല്യാണ കത്തും കൈൽ പിടിച്ചു കൊണ്ട് .

ഗുരുവായൂർ ഉള്ള Dr.മജീദ് സാഹിബിന്റെ മകളെയാണോ കെട്ടുന്നത് ... !എന്റെ ആശാൻ ആണ് എന്ന് കൂടി പറഞ്ഞപ്പോ .. ഡ്രൈവിങ് ആശാൻ ആണോ എന്ന് ഞാൻ ചോദിച്ചു . ഉടനെ പറഞ്ഞു ..അല്ല കളരി ആശാൻ . ഞാനൊന്ന് പരുങ്ങി . അ കാലത്ത് ഗുരുവായൂരിൽ പോയി കളരി പഠിച്ചതും പഠിപ്പിച്ചതും ഒക്കെ വാ തോരാതെ സംസാരിച്ചു. എനിക്കത് പുതിയ അറിവുകൾ ആയിരുന്നു .

മറ്റൊരിക്കൽ ഞാൻ കുറഞ്ഞ ലീവിന് വന്ന സമയത്ത് ഉസ്താദ് എന്നെ കാണുവാൻ വീട്ടിൽ വന്നു . ഞാനപ്പോൾ വീട്ടിലെ കുറച്ചു മരാമത്തു പണികൾക്കായി താബുക്ക് വണ്ടി വന്ന് ഇറക്കുന്ന തിരക്കിൽ ആയിരുന്നു .സാഹചര്യം മനസിലാക്കിയ ഉസ്താദ് നമുക്ക് പിന്നെ കാണാം എന്ന് പറഞ്ഞു പിരിഞ്ഞു .അതിന്റെ മൂന്നാം നാൾ ഞാൻ തിരിച്ചു പോയി .ഉസ്താദിനെ കാണാൻ കഴിഞ്ഞില്ല .

ഞാൻ അവിടെ തിരിച്ചെത്തിയ പിറ്റേ ദിവസം ഇബ്രാഹിം കുട്ടി വിളിച്ചു പറഞ്ഞു ... അഹമദ്ക്ക റബ്ബിന് ഉത്തരം നൽകി കൊണ്ട് വിട പറഞ്ഞെന്ന് ..

എന്നെ കാണുവാൻ വന്നിട്ടും കൂടുതൽ സംസാരിക്കുവാനോ പിന്നീട് കാണുവാനോ കഴിയാതെ പോന്ന ഉടനെ അറിഞ്ഞ ഉസ്താദിന്റെ വിയോഗം എനിക്ക് വലിയ ഷോക്ക് ആയിരുന്നു . മരണം ഇങ്ങിനെയും വന്നെത്തും എന്ന തിരിച്ചറിവും .

എനിക്ക് ഉസ്താദിൽ ഏറ്റവും ആകർഷണീയമായി തോന്നിയിട്ടുള്ളത് അദ്ദേഹത്തിന്റെ സൗമ്യമായ പെരുമാറ്റവും പ്രായ വിത്യാസം നോക്കാതെയുള്ള ഭാഷാ പ്രയോഗവും ആണ്. താൻ.. താങ്കൾ എന്ന് മാത്രമേ അദ്ദേഹം പറയു . കളങ്കമില്ലാതെ ജീവിതകാലം മുഴുവൻ മദ്രസാദ്യാപനത്തിൽ മുഴുകി ജീവിച്ച ഉസ്താദിന് സ്വർഗ്ഗത്തിൽ അള്ളാഹു ഉന്നതമായ പദവി നൽകി അനുഗ്രഹകുമാറാകട്ടെ . .. 🤲

<u>നൗഷു മുഹമ്മദ്</u>



ഞാൻ കണ്ടതിൽ വെച്ച് എന്റെ ജീവിതത്തിൽ ഏറ്റവും പ്രിയപെട്ട ഉസ്താദു. ഷെയർ ചെയ്യാൻ പറ്റാത്ത ഒത്തിരി നല്ല ഓർമ്മകൾ സമ്മാനിച്ച ഉസ്താദു. എന്നും പ്രാർത്ഥനയിൽ ഓർക്കുന്ന ഉസ്താദു. അല്ലാഹുവേ ഞങ്ങളെ എല്ലാവരെയും ജന്നത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടട്ടെ 🤲🤲🤲
മദ്രസ ഫീസ് കൊടുക്കാനില്ലാതെ പുറത്താക്കിയത് കണ്ടു, പോയി എന്റെ ഫീസ് അടച്ചു ക്ലാസിൽ കൊണ്ട് പോയി ഇരുത്തിയതാണിതിൽ ഏറ്റവും ചെറിയത് 🤲🤲🤲

<u>സഊദ് തങ്ങൾ</u>

ഉസ്താദ് അഹ്മദ് മുസ്‌ലിയാർ

****

മുസ്‌ലിയാർ ആയിരുന്നെങ്കിലും, എനിക്കദ്ദേഹം അഹ്മദ് ആയിരുന്നു.
ബന്ധപ്പെട്ടത് മുതൽ, അദ്ദേഹം എന്നെ ചിരിപ്പുക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു.

ഞാൻ ഫാറൂഖിൽ പഠിക്കുമ്പോൾ ഒരു ദിവസം, ഹോസ്റ്റലിന്റെ ഉമ്മറത്തു എന്നെ കാത്ത് അഹ്മദ് മുസ്‌ലിയാർ നിൽക്കുന്നു.

അറബിക് എൻട്രൻസ് പരീക്ഷ എഴുതാൻ വരുന്ന അദ്ദേഹത്തിന് പാർക്കാനുള്ള ഒരിടം തരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുള്ള എന്റെ ഇക്കാടെ കത്തു കയ്യിലുണ്ടായിരുന്നു. അന്ന് മുതൽ ഞങ്ങൾ സുഹൃത്തുക്കളായി. അദ്ദേഹം പരീക്ഷക്ക് ഹാജരായി. തിരിച്ചെത്തിയപ്പോൾ ഞാൻ ചോദിച്ചു. 'എങ്ങനെയുണ്ട് പരീക്ഷ?' അദ്ദേഹം പറഞ്ഞു : 'വളരെ എളുപ്പമായിരുന്നു'. ഉത്തരമെഴുതിയാൽ, ചോദ്യപ്പേപറിൽ കാണുന്ന മാർക്ക് മുഴുവൻ കിട്ടേണ്ടതാണല്ലോ എന്ന നിഷ്കളങ്ക യുക്തിയാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. ഇത് മനസ്സിലാക്കിയ ഞാൻ സ്തബ്ധനായി! അദ്ദേഹം പരീക്ഷയെ നേരിട്ടത് വേണ്ടത്ര ധാരണയോടെ ആയിരുന്നില്ല!

ഹോസ്റ്റലിൽ താമസിച്ച കുറച്ചു ദിവസങ്ങൾക്കുള്ളിൽ ബിരുദാനന്തരവിദ്യാർഥികൾ അടക്കമുള്ളവർ അദ്ദേഹത്തിന്റെ

ചങ്ങാതിമാരായി. ആൽമവിശ്വാസത്തോടെ ആരുമായും ഇടപെടാനുള്ള, അദ്ദേഹത്തിന്‌റെ ചങ്കൂറ്റത്തെയാണ് ഇത് എടുത്തു കാണിക്കുന്നത്. വിദ്യാഭ്യാസത്തോടൊപ്പം കൃത്യമായ പരിശീലനം കിട്ടിയിരുന്നെങ്കിൽ ഉയരങ്ങൾ കീഴടക്കിയ ഒരു ജനകീയ വ്യക്തിത്വമായി അദ്ദേഹം രൂപപ്പെട്ടേനെ.പരീക്ഷയിൽ അഹ്മദ് മുസ്‌ലിയാർ വിജയിച്ചില്ല. ആരും അദ്ദേഹത്തിന്ന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയോ അതിന് വേണ്ടി അദ്ദേഹം മറ്റുള്ളവരെ അന്വേഷിച്ചു പോകുകയോ ചെയ്തില്ലായിരുന്നു എന്നാണ് മനസ്സിലാകുന്നത്.

അദ്ദേഹത്തിന്‌റെ പിതാവ് ഒരു زاهدആയിരുന്നു. തീക്ഷ്ണമായ കണ്ണുകൾ താഴോട്ടാക്കി നടന്നു പോകുന്ന മുഹമ്മദ് മുസ്ലിയാരെ പോലുള്ള ആൽമീയ സാന്നിധ്യങ്ങളാണ് നമുക്ക് ഇപ്പോഴും ഈ രാജ്യത്ത് അഭിമാനപൂർവം ജീവിക്കാനുള്ള കരുത്തു പകർന്നു തരുന്നത്. അഹ്മദ് മുസ്‌ലിയാരെ ഓർക്കുമ്പോൾ അദ്ദേഹത്തെ രൂപപ്പെടുത്തിയ ആ വലിയ പിതാവിനെ കൂടി ഓർക്കണമല്ലോ..

ഒരു ദിവസം ഞാൻ, അസുഖ ബാധിതനായി ചാവക്കാട് നിൽക്കുമ്പോൾ അഹ്മദ് മുസ്‌ലിയാർ പ്രത്യക്ഷപ്പെട്ടു. ഒരു വണ്ടി പിടിച്ചു ഞങ്ങൾ പാടൂർക്ക് പോന്നു. വണ്ടിയിറങ്ങി, നടക്കാൻ കഴിയാതിരുന്ന എന്നെ പതുക്കെ നടത്തിച്ചു വീട്ടിൽ എത്തിച്ച ആ സുഹൃത്തിനെ ഇപ്പോൾ നന്ദി പൂർവ്വം ഓർക്കുന്നതിൽ ചരിതാർഥ്യമുണ്ട്.

ഉയർന്ന പദവികൾ അലങ്കരിക്കുന്ന ഒരു പറ്റം വ്യക്തികൾക്ക്, ഇസ്ലാമിക സംസ്കൃതിയിൽ ഒതുങ്ങി നിൽക്കാൻ കെല്പു നൽകിയ, പാടൂർ മദ്രസ്സയിലെ അദ്ധ്യാപകരുടെ ശ്രേണിയിൽ ഇടം പിടിച്ച, സുഹൃത്ത് അഹ്മദ് മുസ്ലിയാരെ സ്നേഹാദരങ്ങളോടെ

ഓർത്തു കൊണ്ട്, നമുക്ക് പ്രാർത്ഥിക്കാം:

اَللَّهُمَّ اغْفِرْ لَنَا وَلِوَالِدَيْنَا، وَلِأَصْدِقَائِنَا، وَلِأَسَاتِذَتِنَا، وَاجْمَعْنَا وَإِيَّاهُمْ فِي جَنَّاتِ النَّعِيمِ

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്-ശബ്ദ സന്ദേശം

https://youtu.be/jayCHJt6OT4?si=Lg1oDpm4P8JM_99g

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/klytB0uHyuE?si=fgyLrOP8DS0q0uS3

കെ അബ്ദുൽ വാഹിദ് സാഹിബ്-ശബ്ദ സന്ദേശം

https://youtu.be/3C8yorEZ1lo?si=FUDw7g0QphwKzmWW

20 Nov 2025

Episode-10

മർഹൂം തച്ചൻകോടൻ ഹമീദ് മുസ്‌ലിയാർ



اسلام عليكم ورحمة الله وبركاته

ലോക ഭാഷകളിൽ ഏറ്റവും മനോഹരമായ ലിപി സ്വന്തമായിട്ടുള്ളത് അറബിഭാഷക്കാണ്. അതുകൊണ്ടുതന്നെ എഴുത്തിലെ സുന്ദരി എന്ന പേരിൽ അറബി ഭാഷ അറിയപ്പെടുന്നു. ആ സുന്ദരിയെ നമ്മുടെ ഹൃദയത്തിലേക്ക് പകർന്നു തന്ന ഉസ്താദുമാർ എത്രവലിയ മഹാന്മാർ അല്ലെ നമ്മളും എത്രവലിയ ഭാഗ്യവാന്മാർ.

അറബി അക്ഷരങ്ങൾക്കൊപ്പം ദീനിയായ സംസ്കാരവും ഹൃദയത്തിൽ ജ്വലിപ്പിച്ചവരാണവർ. അവരെയാണ് അഭിമാനത്തോടെ മദ്രസ്സ ഉസ്താദുമാർ എന്ന് നമ്മൾ വിളിച്ചതും. നേര് പഠിപ്പിച്ച് നേർവഴി കാണിച്ച ഉസ്താദുമാരുടെ ഓർമ്മയിൽ ഇന്ന് നമ്മൾ പറയുന്നതും എഴുതുന്നതും മർഹൂം തച്ചൻകോടൻ

ഹമീദ് മുസ്ല്യാരെ കുറിച്ചാണ്. പാടൂരിലെ ഓരോ ആളുകൾക്കും അദ്ദേഹത്തെ കുറിച്ച് ഏറെ പറയാനും എഴുതാനുമുണ്ടാവും നമുക്ക് തുടരാം...

അള്ളാഹു നമ്മളുടെ ഈ ഉദ്യമത്തിന് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ..

آمين 👐 يارب العالمين

അഡ്മിൻസ്

റഫീഖ് പേരൊത്ത്

ഇരുലോകം ജയ മണി നബിയുള്ള തിരുവും വന്നേ...

ഈരൈ ദേശ മെലിഞ്ഞൊരു കിഴവനും സലാമായ് ചോന്നെ...

തുടങ്ങാലൊ ഓർമ്മകൾ തച്ചൻകോടൻ ഹമീദെയ്യാരെ കുറിച്ചും

ലത്തീഫ് വാക്കയിൽ

ഞങ്ങളുടെ ഹമീദ് മുസ്ലിയാർ – സ്മരണകളിലെ ശാന്തസാന്നിധ്യം

മദ്രസയിലെ പ്രിയപ്പെട്ട ഉസ്താദും മാപ്പിളപ്പാട്ടിന്റെ മധുരഗാനമായി നമ്മുടെ ഹൃദയങ്ങളിൽ ഓർമയായി നിലകൊള്ളുന്ന ആളുമായിരുന്നു മർഹൂം ഹമീദ് മുസ്ലിയാർ. നബിദിനം പരിപാടികളിൽ എന്നും മുന്നിലുണ്ടായിരുന്ന, ചടങ്ങിന്റെ ഭംഗി കൂട്ടുന്ന വ്യക്തിത്വം. അദ്ദേഹം ഇല്ലാത്ത നബിദിനം എന്റെ ഓർമകളിൽ ഇല്ല എന്ന് തന്നെ പറയാം. എല്ലാ സമയവും പ്രസന്നമായ ഒരു മുഖമായിരുന്നു അദ്ദേഹത്തിന്റേത്

സാഹിത്യ സമാജത്തിന്റെ പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിച്ച അദ്ദേഹം, മാപ്പിള കലാ-സാഹിത്യ രംഗങ്ങളിൽ തനതായ ഒരു പ്രതിഛായ പതിപ്പിച്ച വ്യക്തിയായിരുന്നു. കല്യാണ സദസ്സുകളിലോ മറ്റു വേദികളിലോ എവിടെയായാലും, അദ്ദേഹത്തിന്റെ മധുരഗാനം കേൾക്കാൻ നമ്മൾ എല്ലാം ആകാംക്ഷയോടെ കാത്തിരിക്കും.

ജ്ഞാനത്തിന്റെയും കലയുടെ ഭംഗിയുടെയും സ്നേഹത്തോടെ ജീവിച്ച ഹമീദ് മുസ്ലിയാരുടെ വിടവാങ്ങൽ വലിയൊരു ഇടവ് സൃഷ്ടിച്ചിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന്റെ ശബ്ദവും പുഞ്ചിരിക്കയും നമുക്ക് എന്നും ഓർമ്മകളിൽ ജീവിച്ചിരിക്കും. അള്ളാഹു അദ്ദേഹത്തിന് തെറ്റുകൾ പൊറുത്തു കൊടുത്തു സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകട്ടെ, ആമീൻ.

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/wShFhdqEh3k?si=rBXe69UyVOiHn9zL

സൈനുദ്ധീൻ പാടൂർ

اسلام عليكم ورحمة الله وبركاته

ഇലഞ്ഞിപൂമണം (എരിണിപൂ) വെല്ലിമ്മാക്ക് ഏറെ ഇഷ്ടമാണ്. അത് നിസ്കാര പായയിലെ മുസല്ലയിൽ വിതറി നിസ്കാരം കഴിഞ്ഞ് വെല്ലിമ്മ ആ സുഗന്ധവും നുകർന്ന് കുറച്ചു നേരം അങ്ങിനെ കിടക്കും. നിലം തൊടാതെ പൊട്ടിക്കുന്ന പൂ മാത്രമേ അങ്ങോട്ട് അടുപ്പിക്കുള്ളൂ എന്നു മാത്രം.

നമ്മൾ ഇന്ന് ഓർമ പങ്കിടുന്നത് ഉസ്താദ് ഹമീദ് മുസ്ല്യാരെ കുറിച്ചാണല്ലോ അപ്പോൾ ആദ്യം ഓർമ വരുന്നത് നബിദിനാഘോഷത്തിന്റെ ഭാഗമായി മൈെക്ക് കെട്ടിയ വണ്ടിയിൽ ഉസ്താദിന്റെ പാട്ടുകളാണ്...

വരിക വരിക സോദരേ

നബിദിനം കൊണ്ടാടുവാൻ

കരളുറച്ച കൈെകൾ കോർത്ത്

കാരുണ്യങ്ങൾ നേടുവാൻ...

നാം മുസ്ലീമല്ലയോ നബി നമുക്ക് വേണ്ടയോ....

പിന്നെയും എത്രയോ നബി മദ്ഹബ് പാട്ടുകൾ

ഹമീദ് ഉസ്താദിന്റെ മേഖല അധ്യാപനം മാത്രമല്ല ശ്രുതിമധുരമായ മാപ്പിള ഗാനാലാപവും,അറുബനമുട്ടും ഖുത്ത്ബൈെത്ത് റാത്തീബിന്റെ മുൻനിരയിലും ഉസ്താദിനെ കാണാം. പണ്ട് മൈെക്ക് വച്ച് കല്യാണം ഉണ്ടായിരുന്ന വീടുകളിലെല്ലാം ഹമീദ് മുസ്ല്യാരുടെ ഒരു പാട്ടെങ്കിലും കല്യാണതലേന്നാൾ കേൾക്കാതിരുന്നിട്ടില്ല.

നബിദിനത്തിന് ഒരാഴ്ച മാത്രം ബാക്കിയിരിക്കെ ഹമീദ് മുസ്ല്യാർ പറഞ്ഞു: "എല്ലാ ആൺകുട്ടികളും പള്ളിക്കാട്ടിൽ പോയി നബിദിന റാലിക്കായി വടി വെട്ടി കൊണ്ടുവരൂ" കേട്ടപാതി കേൾക്കാത്ത പാതി ഞങ്ങൾ മത്സരിച്ച് പള്ളിക്കാട്ടിലേക്ക്. വടി വെട്ടികൊണ്ടിരിക്കെ വെല്ലിമ്മയെ ഓർമ്മയെ വന്നു. പിന്നെ ഒന്നും ഓർത്തില്ല താഴെ വീഴാത്ത പൂവിനു വേണ്ടി ആ വലിയ എരിനി മരത്തിൽ വലിഞ്ഞു കയറി..

നേരം വൈെകിയതിന് ഉസ്താദും, കീശമേലെ കറ കണ്ട് ഉപ്പയും അടിച്ചപ്പോൾ വെല്ലിമ്മാക്കായി മുണ്ടിന്റെ തെരുപ്പിൽ വച്ച എരിണി പൂ താഴെ വീണു ചിരിച്ചു...അടിയുടെ വേദനയൊന്നും അറിയാതെ ഓർക്കാതെ ഹമീദെൈലേര് എന്ന എരിഞ്ഞിപ്പൂ ഇന്നും സുഗന്ധം നൽകുന്നു....

അല്ലാഹുവിന്റെ കരുണയിൽ എന്റെ ഉസ്താദിനും ഉസ്താദുമാർക്കും വെല്ലിമ്മാക്കും നമ്മളെ വിട്ടുപിരിഞ്ഞ എല്ലാവർക്കും സ്വർഗ്ഗപൂങ്കാവനം നൽകുമാറാകട്ടെ

آمين 👐 يارب العالمين

ആർ വി ഉമ്മർ സാഹിബ്

മൗലായസല്ലീവസേ ....

മൈക്കിലൂടെ ഒഴുകിയെത്തുന്ന ബുർദ പാരായണത്തിൽ നിന്ന് ബൈത്ത് ചൊല്ലുന്ന ഓരോരുത്തരുടെയും സ്വരങ്ങൾ പെറുക്കിയെടുക്കാം. അതിൽ ഘനഗംഭീരമായി വേറിട്ട് ഉയർന്ന് കേൾക്കുന്ന ശബ്ദത്തിന്റെ ഉടമ, സംശയം ഒന്നും വേണ്ട, തച്ചൻകോടൻ മുസ്ലിയാര് തന്നെ. റമദാനിലെ സുദീർഘമായ വയളിന്റെ ചില ഇടവേളകളിലെ മുസ്ലിയാരുടെ മാപ്പിളപ്പാട്ടുകൾ തേൻ പൊഴിയുന്ന അനുഭൂതിയായിരുന്നു തന്നത്.

മാല-മൗലിദ്-റാത്തീബ് സദസ്സുകൾ, മാർക്കത്തിന്, മൂത്തളയിടാൻ, കാനേത്തിന് .... ശാരീരവും ശരീരവും ഒത്തു ചേർന്ന ഹമീദ് മുസ്ല്യാരുടെ പാട്ടുകൾ ഏതൊക്കെ ആഘോഷങ്ങൾക്കാണ് മാറ്റ് കൂട്ടാതിരുന്നിട്ടുള്ളത്.

കോൽക്കളിയിലെ "താളം മാറി" വായ്ത്താരി മുതൽ അറബനമുട്ടിന്റെയും ദഫ്മുട്ടിന്റെയും ചടുല താളങ്ങളുടെ പ്രയോഗ വിരുതിലുടനീളം ഹമീദ് മുസ്ല്യാരുടെ സവിശേഷ നേതൃത്വസാന്നിധ്യം നിറഞ്ഞു കണ്ടിരുന്നു. മാപ്പിള കലാ പ്രകടനങ്ങളിൽ മാത്രമല്ല പരമ്പരാഗത ആയോധന മുറകളിലും അദ്ദേഹം കൈ വെച്ചിട്ടുണ്ട് എന്നാണ് ഓർമ.

കേവലം ഒരു മദ്രസ അധ്യാപകൻ എന്നതിനപ്പുറത്ത് മാപ്പിള ശീലുകളുടെയും മേളങ്ങളുടെയും കലകളുടെയും ഉപാസകൻ, വാഹകൻ, വർത്തകൻ എന്നൊക്കെയുള്ള നിലയിലായിരിക്കും അടുത്ത തലമുറ അഭിവന്ദ്യനായ ഹമീദ് മുസ്ലിയാരെ അടയാളപ്പെടുത്തേണ്ടത് എന്ന് തോന്നുന്നു.

നമ്മുടെ പരമ്പരാഗത കലയും സംസ്കാരവും നെഞ്ചിലേറ്റി, അടുത്ത തലമുറയ്ക്ക് കൈമാറാൻ ശ്രദ്ധാപൂർവം ശ്രമിച്ച അദ്ദേഹത്തിന്റെ അധ്വാനം അല്ലാഹു സ്വീകരിക്കുമാറാകട്ടെ. അദ്ദേഹത്തിൻറെ പരലോക ജീവിതം അല്ലാഹു പ്രകാശപൂരിതമാക്കട്ടെ. ആമീൻ.

തമീം -ശബ്ദ സന്ദേശം

https://youtu.be/wUJqXrBCnRM?si=LgLirayVcDDbgofg

ഹമീദ് മുസ്ലിയാരുടെ ഗാനം പങ്കു വെച്ചത് തമീം

https://youtu.be/8CAmFlh1n4I?si=MPW9ffRBus9SVoQh

ഉസ്താദ് തറയിൽ -ശബ്ദ സന്ദേശം

https://youtu.be/tlrNG-4x4bg?si=-Ce8aTHWNMZkH7QI

ഗഫൂർ പാടൂർ

അടി കിട്ടിയവരുടെ കൂട്ടത്തിൽ ഞാനും ഉണ്ട്... 😊

ഞാൻ ഒന്നാം ക്ലാസ്സ് മുതൽ 4 വരെ പഠിച്ചത് പെരിങ്ങാട് സ്കൂൾ ആണ്.. സ്കൂളിൽ പോകാൻ മടിയുള്ളത് കൊണ്ട് എന്റെ ഉമ്മ എന്നെ മലിക്കുക്കാടെ വീട് വരെ കൊണ്ടു വന്നു.. അവിടെ ഹമീദ് മുസ്ലിയാർ ഉണ്ടായിരുന്നു... ഉമ്മാട് ഉസ്താദ് പറഞ്ഞു നീ വീട്ടിൽ പൊയ്ക്കോ ഇവന്റെ കാര്യം ഞാൻ നോക്കികോണ്ട്

പിന്നത്തെ കാര്യം പറയണ്ടല്ലോ... 😊 അടിയുടെ പൊടി പൂരം...പിന്നെ സ്കൂളിൽ പോകാൻ മടിയുണ്ടായിട്ടില്ല...

പിന്നീട് വലുതായപ്പോൾ എന്നും രാവിലെ മസ്ജിദുൽ ഹംസയിയ്യയിൽ വെച്ച് സുബഹിക്ക് കാണും...

നിസ്കരിച്ചടാ എന്ന് ചോദിക്കും, ഇല്ലാ എന്ന് പറഞ്ഞാൽ പറയും എന്നാ ഇഖാമത്ത് കൊട്ക്ക് എന്ന്.. പ്രവാസിയാക്കുന്നത് വരെ അതു തുടർന്നു...

അല്ലാഹു പ്രിയ ഉസ്താദിന് ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കട്ടെ... 🤲🤲🤲

കുഞ്ഞി സീതി തങ്ങൾ -ശബ്ദ സന്ദേശം

https://youtu.be/eeQCRutsRXg?si=DAHzTeP_k2qffWxw

റഫീഖ് പേരൊത്ത്

അഞ്ചിലോ ആറിലൊ പഠിക്കുമ്പോൾ നടന്ന അമ്മാവന്റെ വിവാഹത്തെയാണ് തച്ചൻകോടൻ ഹമീദെയ്യ്യാരെ ഓർക്കുമ്പോൾ മനസ്സിലോടിയെത്തുന്നത്.

ഇരുപത്തി ഏഴര കുഞ്ഞോൻക്കാടെ മൂത്ത മകളെയാണ് മാമ വിവാഹം ചെയ്തിട്ടുള്ളത്.നാട്ടു നടപ്പനുസരിച്ച് (ശരിക്കും പറഞ്ഞാൽ ഇസ്ലാമിൽ അനാചാരം) താലികെട്ടൽ ചടങ്ങിന് (ആം പുഴിക്കൽ) പാട്ടുകൾ ബെയ്ത്തുകൾ പാടി കൊണ്ടുള്ള ഹമീദെയ്യ്യാരോം കൂട്ടുകാരേയുമാണ്.

മദ്രസ്സാനുഭവങ്ങളൊന്നുമില്ലെങ്കിലും, ഒരിക്കൽ പള്ളിയിൽ അംഗശുദ്ധി വരുത്തുമ്പോൾ തല തടവുന്നതോടൊപ്പം തന്നെ ചെവിയും കൂടി തടവിയപ്പോൾ അങ്ങനെയല്ല തലയും ചെവിയും വേറെ വേറെ തന്നെ തടവണം എന്നു പറഞ്ഞതും ഓർമ്മയാണ്.(ആ ഉണർത്തലായിരുന്നു അദ്ദേഹവുമായുള്ള അവസാന സംസാരം) റബ്ബ് മഗ്ഫിറത്തും മർഹമത്തും നൽകട്ടെ,സ്വർഗ്ഗത്തിലെ ഉന്നത സ്ഥാനത്ത് എത്തിച്ചേരാൻറബ്ബ് അനുഗ്രഹിക്കട്ടെ.

സഊദ് തങ്ങൾ

ഉസ്താദ് ഹമീദ് മുസ്‌ലിയാർ

****

ഉസ്താദ് തച്ചൻകോടൻ മുഹമ്മദ് മുസ്‌ലിയാരാണ് ഹമീദ് മുസ്‌ലിയാരുടെ പിതാവ്. മുഹമ്മദ് മുസ്‌ലിയാർ, ഹംസിയ പള്ളിവക ഓത്തുപള്ളിയിലെ ഏകാധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം, മൂത്ത മകനായ, നമ്മുടെ കഥാ പുരുഷൻ, ഉസ്താദ് ഹമീദ് മുസ്‌ലിയാർ അവിടുത്തെ അധ്യാപനം ഏറ്റെടുത്തു.

ഓലഷെഡ്ഡിലായിരുന്നു ഓത്തുപള്ളി. അത് ചോർന്നു ഉപയോഗ ശൂന്യമായപ്പോൾ അദ്ധ്യാപനം പള്ളിക്കോലായിലേക്ക് മാറി. അധികവും 'ബീക്കുട്ടികൾ' ആയിരുന്നു അവിടെ 'ഓത്തു' പഠിച്ചത്. ഹമീദ് മുസ്‌ലിയാർ വളരെക്കാലം കേന്ദ്രമദ്രസയിലും അദ്ധ്യാപകനായിരിന്നുവല്ലോ.

ഹമീദ് മുസ്ലിയാരുടെ പൂർവികരിൽ പലരും കവികളും ഗായകന്മാരുമായിരുന്നു. ആ പാരമ്പര്യമാണ്, സ്വരമാധുരി കൊണ്ട് അനുഗൃഹീതനായ ഹമീദ് മുസ്ലിയാർക്ക് കൈ വന്നത്. ഹമീദ് മുസ്‌ലിയാരുടെ ശിഷ്യകളായ ബീക്കുട്ടികൾ, കുട്ടിത്തം മാഞ്ഞു തുടങ്ങുന്ന ഘട്ടത്തിൽ തന്നെ വീട്ടിനകത്താകുന്ന പതിവാണ് അന്നുണ്ടായിരുന്നത്. പിന്നെ, അവരുടെ ഹോബി നൂൽനൂല്പും, കിസ്സപ്പാട്ടുകളും ആയിരുന്നു.

പലപ്പോഴും താൻ പഠിപ്പിച്ച ബീക്കുട്ടികളുടെ ആവശ്യപ്രകാരം, അവരുടെ വീടുകളിൽ ചെന്ന് അദ്ദേഹം ഏകാങ്ക സംഗീത കച്ചേരി നടത്തുമായിരുന്നു. തീരശീലക്ക് പിന്നിൽ ഒതുങ്ങി നിന്നു ബീക്കുട്ടികൾ റസൂലിന്റെ മദ്ഹുകളും കിസ്സപാട്ടുകളും ആമോദം ആസ്വദിച്ചിരുന്നു.

കല്യാണങ്ങളിലും മറ്റു ആഘോഷങ്ങളിലും ഹമീദ് മുസ്‌ലിയാരുടെ ഗാനാലാപനം ആസ്വാദകരുടെ മനം കവർന്ന അനുഭവങ്ങൾ, പലരും നഷ്ട ബോധത്തോടെ ഓർക്കുന്നത് കണ്ടിട്ടുണ്ട്.

ഹമീദ് മുസ്‌ലിയാരെ പോലുള്ള അനേകം കവികളെയും ഗായകന്മാരെയും 'മാപ്പിള പ്പാട്ടുകാർ' എന്ന കള്ളിയിൽ ഒതുക്കി നിർത്തി പൊതുയിടങ്ങളിൽ നിന്ന് അകറ്റി നിർത്താനുള്ള വരേണ്യ വർഗത്തിന്റെ തന്ത്രങ്ങളുണ്ടായിട്ടുണ്ട്. മുസ്ലിം പണ്ഡിതന്മാരുടെ തന്നെ വിലക്കുകളും ഇവരുടെ വളർച്ചയിൽ തടസ്സങ്ങളായി നിന്നിട്ടുണ്ട്. ഇസ്ലാം നിർബന്ധിക്കാത്ത ഇത്തരം കർക്കശ നിലപാടുകൾ കാരണമായാണ് 'നിലമ്പൂർ ആയിഷമാർ' ഉണ്ടായത്.

പണ്ഡിതന്മാരുടെ അതിരുവിട്ട 'ഹറാം' വിധികളെ ഭേദിക്കുകയും ഇസ്ലാമിന്റെ അതിരുകളെ മുറിച്ചു കടക്കാതെയും, ഇശലുകൾ തീർത്ത മോയിൻകുട്ടി വൈദ്യരെ ഇവിടെ സ്മരിക്കുന്നത് സംഗതമാണ്. ദൃഢ നിശ്ചയത്തിന്റെ ഈ മാർഗം പിന്തുടർന്ന് പിന്നീട് മുസ്ലിം സമുദായത്തിൽ, സ്വന്തം സർഗ്ഗശേഷികളെ വികസിപ്പിച്ചെടുത്തവർ ധാരാളമാണ്. ഹമീദ് മുസ്‌ലിയാർ ആ വഴിയെ സഞ്ചരിച്ച നമ്മുടെ കാലത്തെ സർഗധനനാണ്.

പിതാവിന്റെ നിര്യാണത്തെ തുടർന്ന്, ഹമീദ് മുസ്‌ലിയാർക്കും സഹോദരൻ അബ്ദുൽ കാദർ സഹിബിനും ഏറ്റെടുക്കേണ്ടി വന്നത് ഭാരിച്ച ഉത്തര വാദിത്തമാണ്. അവർ രണ്ട് പേരും ആ കുടുംബത്തിന്റെ വളർച്ചയിൽ നിർണായകമായ പങ്കാണ് വഹിച്ചത്.

ഹമീദ് മുസ്‌ലിയാർ ഒരു കളരി അഭ്യാസി കൂടിയായിരുന്നു. പാടൂർ മഹല്ലിൽ, പാലുവായിക്കാരൻ ഈസക്കുട്ടി ഉസ്താദിന്റെ കീഴിൽ നടന്നിരുന്ന കളരിയിൽ നിന്നാണ് അദ്ദേഹത്തിന് പരിശീലനം കിട്ടിയത്. എസ്. എം. കൊച്ചുകോയ തങ്ങളുടെ കിഴിൽ നടത്തപ്പെട്ട ഞങ്ങളുടെ കുടുംബ കളരിയിലെ അസ്സിറ്റൻഡ് ഉസ്താദായി വന്നത് ഹമീദ് മുസ്ലിയാരായിരുന്നു.

അധ്യാപകൻ, കുടുംബ നാഥൻ, ഗായകൻ, അഭ്യാസി എന്നീ നിലകളിൽ വിരാജിച്ച, ആദരപൂർവ്വം ഓർക്കപ്പെടേണ്ട വ്യക്തിയാണ് ഉസ്താദ് ഹമീദ് മുസ്‌ലിയാർ. ഇതിൽ ഏറ്റവും ഉദിച്ചു നിൽക്കുന്നത് അദ്ദേഹത്തിന്റെ ഗായക പദവി ആണ്.

പാടൂരും സമീപ പ്രദേശങ്ങളിലും വ്യാപിച്ചു കിടക്കുന്ന അദ്ദേഹത്തിന്റെ കുടുംബം, അതാതിടങ്ങളിലെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ സജീവ സാന്നിധ്യമായി നില നിൽക്കുന്നു.

നമുക്ക് പ്രാർത്ഥിക്കാം:

اَللّٰهُمَّ اغْفِرْ لَنَا وَلِوَالِدَيْنَا، وَلِأَصْدِقَائِنَا، وَلِأَسَاتِذَتِنَا، وَاجْمَعْنَا وَإِيَّاهُمْ فِي جَنَّاتِ النَّعِيمِ

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/t7VHvuA6FNY?si=5eVwpqqBGGdpihXy

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/WqGx3cQVIfs?si=j37Jztb8P30-jGQy

22 Nov 2025

Episode-11

മർഹും പി കെ മുഹമ്മദ് മുസ്‌ലിയാർ കരിപ്പായിൽ



اسلام عليكم ورحمة الله وبركاته

അറബി അക്ഷരങ്ങളിലൂടെ അറിവിന്റെ പുതു ലോകത്തിലേക്ക് കൈ◌ പിടിച്ചുയർത്തിയ ഒരുപാട് അനുഗ്രഹീത ഉസ്താദുമാർ ഉണ്ടായിരുന്നു പാടൂരിലെ തഅ്‌ലീമുൽ ഇസ്ലാം മദ്രസയിൽ. ഓരോ വിദ്യാർത്ഥിയേയും തന്റെ മക്കളായി കണ്ട് നിഴൽ പോലെ നേർവഴി കാണിച്ച ഓരോ ഉസ്താദുമാരെയും ഈ അവസരത്തിൽ ഓർക്കുകയാണ് നമ്മൾ. പിന്നീടങ്ങോട്ട് ഓരോ ചവിട്ടുപടികളും കയറാൻ നമ്മെ പ്രേരിപ്പിച്ച, ഇടപഴകുന്ന ഓരോ മനുഷ്യന്റെയും ജീവിതത്തിൽ അത്രത്തോളം സ്വാധീനം ചെലുത്താൻ കഴിയുന്നവരായിരുന്നു നമ്മുടെ ഉസ്താദുമാരും.അങ്ങിനെ മദ്രസാ

ജീവിതത്തിൽ കടന്നുവന്നിട്ടുള്ള ഓരോ ഉസ്താദുമാരെയും ഓർക്കുകയാണ് നമ്മൾ.

ഇന്ന് നമ്മുടെ ഉസ്താദ് മർഹൂം PK മുഹമ്മദ് മുസ്ല്യാർ കരിപ്പായിൽ ഉസ്താദിനെ കുറിച്ചുള്ള ഓർമ്മളും അനുഭവങ്ങളും പങ്കുവയ്ക്കുക ശബ്ദമായും എഴുത്തായും...

അള്ളാഹു നമ്മളുടെ ഈ ഉദ്യമത്തിന് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ..

آمين 🤲 يارب العالمين

അഡ്മിൻസ്

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/kgEqplv9Gvw?si=BxiPfxg8lqJ6QxId

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/_x1kwBwm1tY?si=qzmk16nCoNk3QZnY

ഹംസ

നമ്മ്മുടെ മുൻഗമികളായ പണ്ഡിതന്മാരെ കുറിച്ചുള്ള അറിവുകൾ അറിയാനുള്ള ഒരു അവസരം ഒരുക്കിയ അഡ്മിൻസിനെ അഭിനന്ദനങ്ങൾ അറിയിക്കട്ടെ ഇതു നമ്മളിൽ നിന്നും അള്ളാഹു സ്വീകരിക്കട്ടെ ആമീൻ യാറബ്ബൽ ആലമീൻ

കുഞ്ഞി സീതി തങ്ങൾ-ശബ്ദ സന്ദേശം

https://youtube.com/shorts/JAkdwYmdODM?si=fDqOVeO7_b4Ghl9L

റഫീഖ് പേരൊത്ത്

ഹറമൽ.

കരിപ്പായി എന്ന പേരിൽ തന്നെ അറിയപെട്ട ഞങ്ങളുടെ മൂത്താപ്പ '

കാലങ്ങൾക്ക് മുന്ന് നമ്മുടെ മഹല്ല് ജനറൽ ബോഡിയുടെ യോഗത്തിൽ ഒരിക്കൽ നമ്മുടെ നാട്ടിലെ പ്രശസ്ഥരായ മൺമറഞ്ഞു പോയ പല ആലിമിങ്ങളേയും കുറിച്ചു സൂചിപ്പിക്കുകയുണ്ടായി. (വക്കീൽ മോനുട്ടിക്ക- RV Saidu Muhamed ക്കയാണെന്നു തോന്നുന്നു ആ റിപ്പോർട്ട് വായിച്ചത്.)

അതിൽ ഒരു പേര് കരിപ്പായിൽ മാമു' മുസ്ല്യാരുടേതായിരുന്നു.(അദ്ദേഹത്തിന്റെ സഹോദരൻ മൊയ്തു മുസ്ല്യാർ - ചേറ്റുവയും ഇവർക്ക് ഒരു സഹോദരിയുമുണ്ടായിരുന്നു) മാമു മുസ്ല്യാരുടെ 4 ആൺ മക്കളിൽ മൂന്നുപേരും ഇംമ്പിച്ചി, അബ്ദുൾ കാദർ, അഹമ്മു എന്ന അഹമ്മദ് എന്നിവരെല്ലാം മുസ്ല്യാക്കന്മാർ തന്നെയായിരുന്നു.'കരിപ്പായിൽ ഹമിദ് എന്ന ഞങ്ങളുടെ വെല്ലിപ്പ കച്ചവടവും കൃഷിയും മറ്റുമായി വേറിട്ട വഴിയിലും.

അബ്ദുൾ ഖാദർ മുസ്ല്യാരുടെ മകനാണ് മൂത്താപ്പ(കരിപ്പായിൽ മുഹമ്മദ് മുസ്ല്യാർ) മുസ്ല്യാർ പരമ്പര്യം കാക്കാൻ കരിപ്പായിൽ മാമു മുസ്ല്യാരുടെ രണ്ട് പേരമക്കൾക്കെ കഴിഞ്ഞുള്ളൂ.ഒന്ന് കരിപ്പായിക്കും മറ്റൊന്ന് കരിപ്പായിൽ മാമു മുസ്ല്യാരുടെ മകളായ കയ്യോമ്മയുടെ -അയ്യപറമ്പ്(പറമ്പിന്റെ പേര്) മകൻ അബ്ദു റഹിമാൻ മുസ്ല്യാർക്കും(വാടാനപ്പള്ളി).

പിൻഗാമികളിൽ നിന്ന് ദീനിന്റെ മാർഗ്ഗത്തിൽചലിക്കുന്നവരേയും ചലിപ്പിക്കുന്നവരേയും റബ്ബ് ഇനിയും നൽകട്ടെ -ആമീൻ -..........

<u>റഫീഖ് പേരൊത്ത്</u>

മൂത്താപ്പ(കരിപ്പായി) ഒരു കർക്കശ സ്വഭാവക്കാരനാണൊ അതല്ല ഒരു ഫ്ലക്സബിൾ ആണൊ എന്നൊന്നും പറയാൻ കഴിയുമെന്ന് തോന്നുന്നില്ല. നമ്മുടെ മദ്രസ്സയുടെ സുവർണ്ണകാലത്ത് തന്നെയാണ് അദ്ദേഹവും മദ്രസ്സയിലുണ്ടായിരുന്നത്.പള്ളിയുടെ അടുത്ത് തന്നെയുണ്ടായിരുന്ന റൂമിൽ അദ്ദേഹം മൂന്നാം ക്ലാസ്സിലായിരുന്നു അദ്ധ്യാപനം നടത്തിയിരുന്നതെന്നാണോർമ്മ.

ഒരിക്കൽ ജേഷ്ഠൻ മുസ്ഥഫാക്ക് അടി കിട്ടിയതും(അനിയന്റെ മകനല്ലെ) മൂപ്പർ വിളവെടുത്ത് വീണതും ഉടൻ തന്നെ ചായയും കടിയും വാങ്ങി കൊടുത്തതൊക്കെ ഇക്ക പറയാറുണ്ട്. ഏതായാലും മൂത്താപ്പാടെന്ന് അടി കിട്ടാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല. അതിനു മുന്നേ ഞാൻ കടവുകടന്നു(ചേറ്റുവ - ബുസ്ഥാനുൽ ഉലൂം മദ്രസ്സ).

മദ്രസ്സാദ്ധ്യാപന കാലത്തൊ മറ്റൊ ഹറമൽ ?എന്ന ലേഹ്യം തെയ്യാറാക്കി വിറ്റിരുന്നതായി ഒരു കേട്ടുകേൾവിയുണ്ട്. അദ്ധ്യാപന രംഗത്ത് നിന്ന് വിട്ടതിന് ശേഷം കൈതമുക്കിൽ(ഹോസ്പിറ്റൽ Jn / മസ്ജിദ് Jn)ൽ മര കച്ചവടവും ചെയ്തിരുന്നതാണല്ലൊ.

മൂത്താപ്പാനെ കുറിച്ച്ഇന്നും ഓർമ്മയിൽ തങ്ങി നിൽക്കുന ഒരു രംഗം എവിടെയൊ വള്ളംകളിക്കായി പോകുന്ന പാടൂരിൽ നിന്നുള്ള സംഘത്തിന്റെ ഒരു ട്രയൽ പുളിക്കകടവിൽ കണ്ടിരുന്നതിൽ നിന്നാണ്. വള്ളത്തിൽ കയറി മദ്ധ്യത്തിൽ തന്നെ നിന്ന് വള്ളക്കാരുടെ വള്ള പാട്ടിന് താളം പിടിച്ചതും ആവേശം കൊള്ളിച്ചതുമൊക്കെ ഓർമ്മയാണ്.കല കായികരംഗത്ത് അദ്ദേഹവും തന്റേതായ മുദ്ര ചാർത്തിയിട്ടുണ്ടാവണം.

റബ്ബ് നമ്മേയും അവരേയും അനുഗ്രഹിക്കട്ടെ ജന്നാത്തുൽ ഫിർദൗസ്സിൽ ഒത്തൊരുമിച്ചു കൂടുവാനുള്ള സൗഭാഗ്യവും ലഭിക്കട്ടെ

<u>നാസർ അബ്ദുള്ള</u>

ഇത് പറഞ്ഞപ്പോഴാണ് ഒരുകാര്യം ഓർമ്മയിൽ വന്നത്, ഒരിക്കൽ മദ്രസ്സയിൽ വച്ച് ബദറുൽ മുനീർ ഹുസനുൽ ജമാൽ എന്ന് കഥയുടെ പാട്ട് രൂപത്തിലുള്ള ഒരു പരിപാടി നടന്നിരുന്നു ഗായകൻ ആരാണെന്ന് ഓർമ്മയില്ല. പക്ഷെ പിന്നണിയിൽ പാടാൻ രണ്ടു പേരുണ്ടായിരുന്നു ഒന്നാമൻ തച്ചൻകോടൻ മുസ്‌ലിയാരും രണ്ടാമൻ കരിപ്പായി മുഹമ്മദ് മുസ്‌ലിയാരും ആയിരുന്നു രണ്ടു ദിവസമായി മദ്രസയിലും മൂന്നാം ദിവസം സ്കൂളിൽ വെച്ചുമാണ് ആ പരിപാടി നടന്നത്

<u>നാസറുദ്ധീൻ തങ്ങൾ</u>

മൂന്നാം ക്ലാസ് ല് എന്റെ ഉസ്താദ് ആയിരുന്നു കരിപ്പായി. എന്ത് കൊണ്ടാണ് എന്ന് അറിയില്ല വളരെ പെട്ടെന്ന് ക്ഷോഭവും ചിരിയും മാറി മറിയുന്ന മുഖമായിരുന്നു അദ്ദേഹത്തിന്റെതു. Quran ആണ് എടുത്തിരുന്നത്. നല്ല വണ്ണം manichu പാരായണം ചെയ്യുന്ന രീതി ആയിരുന്നു. അദ്ദേഹം كهيعص പാരായണം ചെയത് തന്നത് ആണ് ഓർമയിൽ തങ്ങി നിൽക്കുന്നത്. അത് പാരായണം ചെയ്യുമ്പോൾ ഇപ്പോളും ഉസ്താദിന്റെ മുഖം ഓർമ വരും. മുൻ പല്ല് കുറച്ച് കാട്ടി ചിരിക്കുന്ന മുഖം. അദ്ദേഹം അടിയുറച്ച സുന്നി ആയിരുന്നു. മറ്റു ഒരു ഓർമ നബിദിന വു മായി ബന്ധപ്പെട്ട താണ്. മദ്രസ വിട്ട് കഴിഞ്ഞ്, ജമാഅത്ത് പള്ളി കോലായിയുടെ തെക്ക് കിഴക്കേ മൂല ക്ക്, നബിദിന പരിപാടി ക്ക്, കുട്ടികളെ പാട്ട് പഠിപ്പിക്കുകയാണ്. അതിൽ ഇപ്പോളും ഓർമ യുള്ള വരി ഇതാണ്.

" മാലയു മൗ ലൂ ദു ഓ തു വ തിന്ന് മൗദൂദി കളിൽ ഹാലിളകുന്നു".

മദ്രസ കാലഘട്ടം കഴിഞ്ഞു കാണുമ്പോൾ ഒക്കെ ഗൗരവം വിടാത്ത സ്നേഹ മുള്ള ചിരി യോടെ ആണ് കാണാറുള്ളതു. എന്നെ quran പാരായണം പഠിപ്പിച്ചു തന്ന, രണ്ട് ഉസ്താദ് മാരിൽ ഒരാൾ ആണ് അദ്ദേഹം. മറ്റൊരാൾ b.k.s. attakkoya thangal ആണ്. ഇവരൊക്കെ ആണ് നമുക്ക് ഇസ്ലാമിക വൈജ്ഞാനിക അടിത്തറ നൽകിയത്. എപ്പോൾ ഖുറാൻ പാരായണം ചെയ്യുമ്പോ ളും, അതിന്റെ പ്രതിഫലം അവരുടെ കബർലെ ക്ക് എത്തും.

അവരുടെ യും, നമ്മുടെ യും പരലോകം വിശാലമാകാൻ പ്രാർത്ഥിക്കുന്നു. നല്ല ഉസ്താദ് മാരെ കൊണ്ട് ഈ നാടിനെ അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

പുളിക്കക്കടവിലെ നമ്മുടെ ജി എം യു പി സ്കൂളിന്റെ (അന്നത് എൽ. പി. യായിരുന്നു)തൊട്ട് പടിഞ്ഞാറ് ഒരു നിസ്ക്കാരത്തട്ട് ഉണ്ടായിരുന്നു. അതിന് തൊട്ടായിരുന്നു കുഞ്ഞിമോന്ക്കാടെ ചായപ്പീടിക. നിസ്ക്കാരത്തട്ട് കാര്യാട്ട് കുഞ്ഞിബാപ്പുക്കയുടെ ആയിരുന്നു എന്നാണ് ഓർമ്മ.അവിടെ വെച്ച്(ഞങ്ങൾ മുഹമ്മദ് ക്ക എന്ന് വിളിച്ചിരുന്ന)നമ്മുടെ കരിപ്പായി മുഹമ്മദ് മുസ്ലിയാർ കുട്ടികൾക്കും മുതിർന്നവർക്കും പാട്ട് പഠിപ്പിച്ചിരുന്നതായി ഓർമയുണ്ട്.

അറബ്, അറബ് -മലയാളം പാട്ടുകളാണ് പഠിപ്പിച്ചിരുന്നത്. അന്നത്തെ കാലത്ത് പാട്ടും ബൈത്തും ഒക്കെ സാമൂഹിക ജീവിത്തിൽ അനിവാര്യമായ ഒരു കാര്യമായിരുന്നു. വിവാഹത്തിന് വധുവിന്റെ വീട്ടിൽ നിന്ന് കുറച്ച് പേര് വരന്റെ വീട്ടിലേക്ക് പോവും.പുതിയാപ്പിള യെതേടിപോവുക എന്നാണ് ആ ചടങ്ങിന്റെ പേര്.അറബിലും-അറബ്ബലയാളത്തിലും ഉള്ള പാട്ടുകൾ പാടിയായിരിക്കും പോവുക.വരന്റെ വീട്ടീന്നടുത്ത് എത്തിയാൽ പാട്ട് ഉച്ചത്തിലാവും. അപ്പോൾ വരന്റെ ആളുകൾ പാട്ടുപാടി ചെന്ന് അവരെ സ്വീകരിക്കണം. അതിന് താമസം നേരിട്ടാൽ വരനെ സ്വീകരിക്കാൻ ചെന്നവർ വീട്ടിലേക്കോ പന്തലിലേക്കോ കയറില്ല. ഉച്ചത്തിൽ പാട്ടുപാടി അവരെ സ്വീകരിക്കാൻ വരുന്നത് വരെ കുറച്ച് അകലെയായി നിൽക്കും. പാട്ടുകാരിൽ നിമിഷകവികളും കാണും. സന്ദർഭത്തിനനുസരിച്ച് ദ്വയാർത്ഥ പ്രയോഗ മുള്ള വരികളും പാട്ടിലുണ്ടാവും. അങ്ങനെ കൊണ്ടും കൊടുത്തുമൊക്കെയാവും പാട്ടുകൾ.ഇത്തരത്തിൽസന്ദഭത്തിനനുസരിച്ച് ദ്വയാർത്ഥമുള്ള പാട്ടുകൾ പാടാൻ നല്ല കഴിവുള്ള വ്യക്തി ആയിരുന്നു കരിപ്പായി മുഹമ്മദ് മുസ്ലിയാർ. നെയ്ച്ചോറ് മുഹമ്മദ്ക്കയും തച്ഛൻകോടൻ ഹമീദ്ക്കയും മികച്ച പാട്ടുകാരും പാട്ട് പഠിപ്പിക്കുന്നവരും.നാടും, നാട്ടാരും സാമ്പത്തികമായി പിന്നോക്ക മായിരുന്നെങ്കിലും സ്നേഹബഹുമാനങ്ങളും സന്തോഷങ്ങളു മായി ജീവിതം സംഭവബഹുലം.മുഹമ്മദ്ക്കാക്കും നമ്മുടെ മറ്റു മുൻഗാമികൾക്കും അല്ലാഹു സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

കെ അബ്ദുൽ വാഹിദ് സാഹിബ്

തച്ചൻ കോടൻ ഹമീദ്മുസല്യാരുടെയും കരിപ്പായി മുഹമ്മദുക്ക മുസ്ല്യാരുടെയും പാട്ടുകളുടെ ഓർമകുറിപ്പിൽ മാട്ടുമ്മൽ മുഹമ്മതു ക്കാനെ എന്തെ വിട്ടുപോയതെന്ന് ആലോചിച്ചിരിക്കുമ്പോഴാണ് Advt : R.V. യുടെ ഓർമകുറിപ്പ് കണ്ടത്.

നമ്മുടെ മദറസയുടെ തുടക്കകാലമായ 1950 കളിൽ ആഘോഷപരിപാടികളിൽ ഇപ്പോൾ നമ്മോടൊപ്പമില്ലാത്തമാട്ടുമ്മൽ മുഹമ്മതുക്കയുടെയും തച്ചൻകോടന്റെയും പാട്ടും ബൈത്തും ഉണ്ടാവാറുണ്ട്. കൊച്ചുനാളിൽ ആസ്വദിക്കാൻ അവസരങ്ങും ഉണ്ടായുണ്ട്.

അത് പോലെ അക്കാലത്തെചന്തപ്പുര സ്കൂളിന്റെ പരിസരത്തെക്കുറിച്ച വിവരണവും ഹൃദയസ്പൃക്കായി.

80-90 കൊല്ലങ്ങൾക്ക് മുമ്പ് ഇപ്പോഴത്തെമാപ്പിള UP.schoolന്റെ പടിഞ്ഞാർഭാഗത്ത് പാടൂരിന്റെയും പരിസര പ്രദേശങ്ങളുടെയും ആശ്രയമായി വലിയ ചന്ത നടന്നിരുന്നുവത്രെ. ചന്തയിൽ വരുന്നവർക്കും കച്ചവടക്കാർക്കും സൗകര്യത്തിന്നായിട്ടായിരുന്നു അവിടെയുണ്ടായിരുന്ന നമസ്കാരത്തട്ട് . അതിന്നടുത്ത് വലിയ കൽകിണറുമുണ്ടായിരുന്നു. തട്ടിന്ന് തെക്ക് വശത്തായി ഒരു കുളവുമുണ്ടായിരുന്നു.1950ന്റെ തുടക്കകാലത്ത് ഞാൻ L.P.Scool ൽ പഠിക്കുമ്പോൾ ചന്തയുടെ ആരവങ്ങളും കച്ചവടവുമെല്ലാം നഷ്ടപ്പെട്ടിരുന്നു. എങ്കിലും ചന്തയുടെ സ്മരണ സ്മാരകമെന്നോണം ചില പീടിക മുറികളുള്ള 1-2 കെട്ടിടങ്ങളുണ്ടായിരുന്നു. അതിൽ അന്നത്തെ വയോധികരായ സേ മുക്ക ,

സുലൈമാൻക്ക എന്നിവരുടെ നാമമാത്രമായി ചില്ലറക്കച്ചടവും കുഞ്ഞിമോർക്ക എന്നിവരുടെ ചായപ്പീടികയും മാത്രമാണുണ്ടായിരുന്ന ത്.. ദീനി പണ്ഡിതന്മാരാലും, തലമുറകളിലേക്ക് വിജ്ഞാനം പകർന്നു നല്കി ദീനീ പ്രകാശം നിലനിർത്താൻ അല്ലാഹുവിന്റെ പ്രീതിയെ മാത്രം കാംക്ഷിച്ച് അദ്ധ്വാനിച്ചിരുന്ന മുസല്യാന്മാരുടെയും നാട്ടുകാർക്കിടയിൽ ഐക്യവും സമാധാനവും നിർത്തുന്നതിൽ സർവസമ്മദരായ നാട്ടുകാരണന്മാരാലും നിറഞ്ഞ ഒരു അഭിമാനകരമായഭൂതകാലം നമ്മുടെ പാടുരിന്നുണ്ടായിരുന്നു.

മൺമറഞ്ഞ മഹത്തുക്കളെയും ഉസ്താദുമാരെയും അല്ലാഹു അവന്റെ ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കട്ടെ. നാളെ അവർക്കൊപ്പം ഒത്തുകൂടാൻ നമുക്കും നാഥൻ ഉദവിനല്കട്ടെ . 🤲🤲🤲

24 Nov 2025

Episode-12

മർഹും ടി കെ പൂക്കോയ തങ്ങൾ



اسلام عليكم ورحمة الله وبركاته

ഓരോ കുട്ടിയുടെ ജീവിതത്തിലും അവരെ സ്വാധീനിച്ച ഒരു മദ്രസ അധ്യാപകനെങ്കിലും ഉണ്ടാവും. മദ്രസ എന്ന ഒരു അധ്യായം അവസാനിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ എന്നെന്നേക്കുമായി അറിവ് പകർന്നു തന്ന ഉസ്താദുമാരും പതിഞ്ഞിരിക്കും.

പാടൂർ വടക്കെ മദ്രസ്സയിൽ ഏറെകാലം അധ്യാപകനായിരുന്ന മർഹൂം ഉസ്താദ് പൂക്കോയ തങ്ങൾ മുസ്ലിയാരെ കുറിച്ചാണ് ഇന്നു നമ്മൾ ഓർമ്മ പങ്കുവയ്ക്കുന്നത്. എല്ലാവരും തങ്ങളുടെ ഓർമ്മകൾ കുറിക്കുക അല്ലെങ്കിൽ പറയുക...

അള്ളാഹു നമ്മളുടെ ഈ ഉദ്യമത്തിന് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ..

آمين 👐 يارب العالمين

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

പുരാണം പറഞ്ഞ് കേട്ടപ്പോൾ ഓർത്ത്പോയ ഒരുവ്യക്തി നമ്മുടെ മദ്രസയിൽ അദ്ധ്യാപകനായി സേവനം ചെയ്ത ബഹുമാന്യനായ അബ്ദുൽ ഖാദർ ഖാരി അവർകളാണ്. എന്റെ ഓർമ്മ ശെരിയെങ്കിൽ, അദ്ദേഹമാണ് നമ്മുടെ മദ്രസ്സയുടെ ആദ്യത്തെ സദർ(അഥവാ പ്രധാനാധ്യാപകൻ)...... അദ്ദേഹം ഒരുപാട് പുസ്തകരചന നടത്തിയിട്ടുണ്ട്. പ്രവാചകന്റെയും ഖലീഫമാരുടെയും ചരിത്രം, ബദർ, ഉഹുദ് തുടങ്ങി പ്രവാചകാലത്ത് നടന്ന യുദ്ധങ്ങൾ തുടങ്ങിയവ ആസ്പതമാക്കി വളരെയധികം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പുസ്തകങ്ങൾ എല്ലാം അച്ചടിച്ചതും പ്രസിദ്ധീകരിച്ചതും ഏനാമാവിലും പിന്നീട് തൃശൂരിലും ഉണ്ടായിരുന്ന ആമിനാ ബുക്ക് സ്റ്റാൾ ആയിരുന്നു. അന്ന് മുസ്ലിംമതസംബന്ധിയായ പുസ്തകങ്ങൾ വിരളമായിരുന്നു. അബ്ദുൽ കാദർ ഖാരി ഉസ്താദ് ഹൈദരാബാദ് ആക്ഷൻ കാലത്ത് കാലിന് കാര്യമായ പരിക്ക്പറ്റിയിരുന്നതായികേട്ടിട്ടുണ്ട്................. ഞാൻ പത്താംക്ലാസ് പാസ്സായി തൃശൂർ St. തോമസ്കൊളേജിൽ പ്രീ ഡിഗ്രി പ്രവേശനം കിട്ടിയപ്പോൾ കുറച്ചു കാലം ആമിനാ ഹാജിയുടെ റെയിൽവേ സ്റ്റേഷൻ പരിസത്ത് ഉണ്ടായിരുന്ന വീട്ടിൽ താമസിച്ചിട്ടുണ്ട്. പഴയ സ്റ്റേറ്റ് ഹോട്ടൽ പരിസരത്തായിരുന്നു ആവീട്. അവിടുത്തെ ആദ്യദിവസങ്ങളിലെ താമസം ദുഷ്കരമായിരുന്നു. രാത്രിയിൽ ട്രെയിനിന്റെ ഷണ്ടിങ്ങിന്റെ ശബ്ദവും ബഹളവും. പിന്നീട് അത് സാധാരണമായി തോന്നിത്തുടങ്ങി. ആക്കാലത്താണ് ആമിനഹാജിയും എന്റെ ഉപ്പയുമായി വളരെ അടുപ്പമായിരുന്നെന്ന് മനസ്സിലായത്. ആമിനാ ഹാജിയാണ് അബ്ദുൽ ഖാദർ ഖരിയെ പാടൂരിൽ എത്തിച്ചത്.നമ്മുടെ മദ്രസ്സ ആരംഭിച്ചപ്പോൾ എന്റെ ഉപ്പ അബൂബക്കർ ഹാജിയെ കണ്ട് ഒരു സദറിനെ കിട്ടിയാൽകൊള്ളാം എന്ന ആവശ്യം അദ്ദേഹത്തിന്റെ മുന്നിൽ വെച്ചു. ഖാരി സാഹിബുമായി സ്ഥിരം ആശയവിനിമയമുണ്ടായിരുന്ന ആമിനാഹാജി വിവരം ഖാരിസാഹിബിനെഅറിയിച്ചു.അങ്ങനെയാണ് അബ്ദുൽ ഖാദർ ഖാരി ഉസ്ത്താദ് നമ്മുടെ നാട്ടിലെത്തിയത് എന്നാണ് ഞാൻമബസ്സിലാക്കിയിട്ടുള്ളത്.അധികകാലം അദ്ദേഹം ഇവിടെ ഉണ്ടായിട്ടില്ല എന്ന് തോന്നുന്നു.അദ്ദേഹത്തെ ഓർക്കുന്നവരും കുറവായിരിക്കും എന്ന് തോന്നുന്നു .....ആമിനാഹാജിയും എനിക്ക് കേസും ഫീസും തന്ന് സഹായിച്ച വിവരവും ഓർത്തു പോവുകയാണ്. അള്ളാഹു അവരുടെ ഖബറുകൾ വിശാലമാക്കട്ടെ. സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ

ഗഫൂർ പാടൂർ

1996, 1997, 1998 ഈ മൂന്നു വർഷം തങ്ങളുടെ ഒപ്പം എനിക്കും വടക്കേ മദ്രസയിൽ കുട്ടികളെ പഠിപ്പിക്കാൻ അവസരം കിട്ടി... ഒന്നാം ക്ലാസിൽ തങ്ങളും രണ്ടിൽ ഞാനും മൂന്നിൽ അറക്കോയ തങ്ങളും ആയിരുന്നു ഉസ്താദുമാർ. വളരെ നല്ല സ്വാഭാവത്തിന് ഉടമയായിരുന്നു തങ്ങൾ... ദീഘകാലം മസ്ജിദുൽ ഹംസിയ്യയിലെ ഇമാം ആയിരുന്നു തങ്ങൾ. പ്രിയ ഉസ്താദിനു ജന്നാത്തുൽ ഫിർദൗസ് നൽകി അള്ളാഹു അനുഗ്രഹിക്കട്ടെ...

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/C0qyOva0grk?si=FXf5dL5wEgsUL-v8

സുബൈർ -ശബ്ദ സന്ദേശം

https://youtube.com/shorts/4FPJ0TCRh-A?si=N-gBuCIIKNQ1BeZu

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/NHPb7U8flCs?si=mu0XxNX3GAUCbpXb

ഫാറൂഖ് തങ്ങൾ

അധ്യാപകൻ ഇരുട്ടിലെ വിളക്കാണ്. വിജ്ഞാന വ്യവസ്ഥയുടെ അടിസ്ഥാനം അധ്യാപകനാണ്. മുഹമദ് ഇഖ്ബാൽ.

വിദ്യാഭ്യാസം വ്യക്തിപരവും സാമൂഹികവുമായ വളർച്ചയുടെ അടിസ്ഥാന ഘടകമായി കണക്കാക്കപ്പെടുന്നതിനാൽ ഇസ്‌ലാമിൽ അധ്യാപകന്റെ പങ്ക് വളരെ ബഹുമാനിക്കപ്പെടുന്നു. ഇസ്‌ലാമിക തത്വങ്ങൾക്കനുസൃതമായി ഫലപ്രദമായ അധ്യാപകനാകാൻ, ഇസ്‌ലാമിന്റെ മൂല്യങ്ങളോടും പഠിപ്പിക്കലുകളോടും യോജിക്കുന്ന ചില വ്യക്തിത്വ സവിശേഷതകൾ ഉണ്ടായിരിക്കണം.

ഒരു നീണ്ട കാലഘട്ടം T.K പൂക്കോയ തങ്ങൾ തഅലീമുൽ ഇസ്ലാം മദ്രസയിൽ അധ്യാപകനും മസ്ജിദുൽ ഹംസിയയിലെ ഇമാമും ആയിരുന്നു. നിറഞ്ഞ സംതൃപ്തിയോടെയായിരുന്നു അദ്ദേഹം മഹത്തായ ഈ രണ്ട് ദൌത്യങ്ങളും ഏറ്റവും ആത്മാർത്ഥതയോടെ ഏറ്റെടുത്തതും നിറവേറ്റിയിരുന്നതും. അദ്ദേഹം ഞങ്ങളുടെ അമ്മാവൻ ആയിരുന്നു.

ഓർമ്മ വെച്ച കാലം മുതൽ അദ്ദേഹവുമായി അടുത്ത ബന്ധം സൂക്ഷിക്കാൻ എനിക്ക് കഴിഞ്ഞിരുന്നു. പലപ്പോഴും എന്റെ കുട്ടികാലത്ത്, അദ്ദേഹത്തിന്റെ ജന്മ നാട്ടിലേക്കുള്ള യാത്രയിൽ എന്നെയും കൂടെ കൂട്ടുമായിരുന്നു. ആ യാത്രകളെല്ലാം തന്നെ സന്തോഷകരമായിരുന്നു. കൂടാതെ വെങ്കിടങ്ങ്, പാങ്ങ്, പാവറട്ടി തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകുമ്പോഴും അദ്ദേഹം എന്നെയും കൂട്ടുമായിരുന്നു. ഈ യാത്രകളിലെല്ലാം തന്നെ പല തരത്തിലുള്ള സാരോപദേശങ്ങൾ അദ്ദേഹം എനിക്ക് നൽകിയിരുന്നു.

മാപ്പിള പാട്ടും കവിതയും ബൈത്തുകളും ചെല്ലുന്നതിൽ അദ്ദേഹം താല്പര്യം കാണിച്ചിരുന്നു. ശുചായി മൊയ്‌തു മുസ്ലിയാരുടെ സഫല മാല ആദ്യം കേൾക്കുന്നത് അദ്ദേഹത്തിൽ നിന്നാണ്. "പന്തം പിടിച്ചാൽ ഫജറാകുമോ പൊട്ടാ*" എന്ന വരി മാത്രമാണ് ഇപ്പോൾ ഓർമ്മയിൽ ഉള്ളത്.

ഇമാം ഗസ്സാലിയെ, കീമിയ സഅദയെ കുറിച്ചെല്ലാം അദ്ദേഹം പലപ്പോഴും സംസാര മദ്ധ്യേ പരാമർശിക്കുന്നതായി കേട്ടിട്ടുണ്ട്. അദ്ദേഹം സൂക്ഷിച്ചിരുന്ന

ചില ശേഖരങ്ങൾ എനിക്ക് കാണാൻ കഴിഞ്ഞട്ടുണ്ട്. അതിൽ നിരവധി പത്ര കട്ടിങ്ങുകളും പുസ്തകങ്ങളും ഉണ്ടായിരുന്നു.

ആരോടും പരിഭവങ്ങളില്ലാതെ എല്ലാവരോടും നല്ലത് മാത്രം സംസാരിച്ച് നടന്നു പോകുന്ന അദ്ദേഹത്തെ എല്ലാവർക്കും ഇഷ്ടമായിരുന്നു.കോപിക്കാൻ അറിയാത്ത അദ്ദേഹം ഒട്ടും കൃത്രിമത്തമില്ലാതെ എല്ലാവരോടും ഏറ്റവും മാന്യമായ രീതിയിൽ പെരുമാറിയിരുന്നു. ക്ഷമയുടെയും തവുക്കുലിന്റെ വലിയ സൌന്ദര്യവും അദ്ദേഹത്തിൽ നിന്നുള്ള വലിയ പാഠങ്ങളാണ്.

എല്ലായിപ്പോഴും അദ്ദേഹത്തെ കാണാൻ കഴിയുക വിശുദ്ധ വചനകൾ ഉരുവിട്ടികൊണ്ടിരിക്കുന്ന അവസ്ഥയിലായിരിക്കും. ആയത്തുൽ കുർസിയും സലാത്തും അദ്ദേഹത്തിനു വസന്തമായിരുന്നു.

നന്മ നിറഞ്ഞ ഒരു ജീവിതം വേണമെന്ന നിഷ്കർഷ, ജീവിതത്തിലുടനീളം പുലർത്താൻ പരമാവധി അദ്ദേഹം ശ്രമിച്ചിരുന്നു. കടമിടപാടുകളിൽ അദ്ദേഹം കൃത്യതയും സൂക്ഷമതയും അദ്ദേഹം പുലർത്തിയിരുന്നു.

വ്യക്തി ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ അദ്ദേഹത്തിനോട് പറഞ്ഞാൽ രണ്ട് റക്കഅത്തു സുന്നത്ത് നമസ്ക്കരിച്ചു അല്ലാഹുവിനോട് ആവശ്യപ്പെടാൻ നിർദേശിച്ചിരുന്നു.

അദ്ദേഹത്തിന്റെ യുവത്വം വായനയിലും പഠനങ്ങളിലുമായിരുന്നുവെന്ൻ അറിയാൻ കഴിഞ്ഞട്ടുണ്ട്. അദ്ദേഹം ചന്ദ്രിക പത്രത്തിലേക്ക് അയച്ച ഒരു കത്ത് എനിക്ക് കാണാൻ കഴിഞ്ഞട്ടുണ്ട്. ചന്ദ്രിക പത്രത്തിൽ അക്കാലത്ത് വന്നിരുന്ന സിനിമ പരസ്യങ്ങൾ ഇസ്ലാമികമാല്ലയെന്നും അത് തുടരെരുതെന്നും ആവശ്യപ്പെട്ട കത്തിന്റെ ഒരു copy ആയിരുന്നു അത്.

അല്ലാഹു അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ പാരത്രിക ജീവിതം പ്രകാശ പൂരിതവും അനുഗ്രഹീതവുമാകട്ടെ. അല്ലാഹുവേ അദ്ദേഹത്തിന് ജന്നാത്തുൽ ഫിർദൗസിൽ ഇടം നല്കണമേ.

അല്ലാഹു തൃപ്ത്തിപ്പെട്ട ദാസൻമാരിൽ നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ.

<u>നാസറുദ്ധീൻ തങ്ങൾ</u>

T.K പൂക്കോയ തങ്ങൾ

എന്റെ അമ്മാമൻ ആയിരുന്നു T.K പൂക്കോയ തങ്ങൾ. പച്ച വെള്ളം പോലെ, വായിൽ കൈ ഇട്ടാലും കടിക്കുകയില്ല, പരിവ്റാജകൻ,

പച്ചപ്പാവം എന്നീ പദങ്ങൾ കൊണ്ട് മാത്രം വിശേഷിപ്പിക്കാവുന്ന വ്യക്തിയാണ് അദ്ദേഹം. എറണാകുളം ജില്ലയിലെ പല മഹല്ല് കളിലും കാസി (قاضي) ആയിരുന്ന തക്യാവിൽ അബ്ദുൽ ഖാദർ കോയ കുഞ്ഞി തങ്ങളുടെയും ചെറിയബീവിയുടെയും മൂത്ത മകനാണ് അദ്ദേഹം. ചെറുപ്പ കാലം ചെലവഴിച്ചത് മതിലകം പുന്നക്ക ബസാറിലാണ്.

അദ്ദേഹത്തിന്റെ സമ പ്രായക്കാരുമായി സംസാരിക്കുമ്പോൾ, അദ്ദേഹം നല്ല വായന ഉണ്ടായിരുന്ന, ഇസ്ലാമിക നവോത്ഥാന സംരംഭങ്ങളെ നെഞ്ചോടു ചേർത്ത ഒരു യുവാവായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുക.

എന്റെ ഓർമയിൽ അദ്ദേഹം പാടൂരിൽ താമസമാക്കുന്നത് A.M. തങ്ങളുടെ മകളെ വിവാഹം ചെയ്തതിന് ശേഷമാണ്. എന്റെ വീട്ടിലെ നിത്യ സന്ദർശകനായിരുന്നു. വടക്കേ മദ്രസയിലെ ഉസ്താദ് ആയിരുന്നു. മസ്ജിദ് al hamziyya യി ലെ ഇമാമും ആയിരുന്നു.

ക്ലാസ് കഴിഞ്ഞ് വീട്ടിൽ വന്നു കുറച്ചു നേരം ചിലവഴിക്കും. പലപ്പോഴും അദ്ദേഹത്തിന്റെ വരവ് അറിയുക ഏതെങ്കിലും പാട്ടോ, ബൈത്തോ എന്നിവയിലൂടെ ആയിരിക്കും.

ചന്ദ്രിക വാരിക, പ്രബോധനം എന്നിവയുടെ സ്ഥിരം വായനക്കാരൻ ആയിരുന്നു. ഡോ. C.K. കരീമിന്റെ മുസ്ലിം ഭരണം സ്പൈനിലും സിസിലിയിലും എന്ന ഗ്രന്ഥം ഞാൻ വായിക്കുന്നത് അദ്ദേഹത്തിൽ നിന്നാണ്.K.M.Seethi സാഹിബ്, T.P. kuttyaamu സാഹിബ് (കേരള ത്തിന്റെ ആദ്യ ചീഫ് എൻജിനീയർ), ചരിത്രകാരൻ P.A. സൈദ് മുഹമ്മദ് എന്നിവരെ കുറിച്ച് കേൾക്കുന്നതും അദ്ദേഹത്തിൽ നിന്നാണ്.

സ്ഥിരമായി ഈണത്തിൽ പാടുന്ന വരികൾ

"പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,

പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;

വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ

ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ."

ബൈത്ത്കളിൽ എനിക്ക് ഓർമ വരുന്നത്

بنيت على اصل المساجد كعبة

فمن أجل ذا شرفت من بين اخوتي

و قدمت متبوعا فمسجد جامع

أقيم يسارا مع كثير الجماعة

سلام عليكم يا شبيه الأصالة

എന്നത് ആണ് (ഇത് വളപ്പിലെ പള്ളി നിർമ്മിച്ചതിന് ശേഷം, നിർമ്മാതാവ് ആയ പുതിയങ്ങാടി കോയ കുട്ടി തങ്ങൾ പള്ളിയെ കുറിച്ച് രചിച്ച കവിതയാണ്. പള്ളിയാണ് ഈ കവിത ചൊല്ലുന്നതു. ഈപള്ളിയുടെ ഉൾപള്ളി കഅബയുടെ അളവിൽ ആണ് നിർമ്മിച്ചട്ടുള്ളത്.

ഞാൻ ഓർമയിൽ നിന്ന് ആണ് എഴുതുന്നത്. കവിതയിൽ തെറ്റ് ഉണ്ടെങ്കിൽ എന്റേത് മാത്രം ആണെന്ന് മനസ്സിലാക്കുക)

മറ്റൊന്ന്

قال الفقير عمر بن الوردي، لله شكري أبدا و حمدي.

മാപ്പിള പാട്ടിൽ ഏറ്റവും കൂടുതൽ അദ്ദേഹത്തിൽ നിന്ന് കേട്ടിട്ടുള്ളത്:-

*മല്ലിക പൂത്ത വസന്തത്തിൽ

നറു മുല്ല പൂവ്വാർന്ന കളിത്തോപ്പിൽ* എന്നതാണ്. ഇത് കൂടാതെ പല രസകരമായ ഈരടികളും അദ്ദേഹം ചൊല്ലാറുണ്ട്.

"മക്കത്തെ പള്ളിക്ക് ഒപ്പിച്ച പള്ളി

മല നാട്ടിലൊരു പള്ളി

മാടായി പള്ളി"

ഇസ്ലാമിക സംസ്കാരത്തിന്റെ പുഷ്ക്കലമായ ഓർമകൾ അദ്ദേഹം എപ്പോഴും ഒരു തരം ഗൃഹാതുരത്വത്തോടെ പറയാറുണ്ട്.

എന്റെ അമ്മാവൻമാരിൽ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകി ആദ്യം പോയത് പൂക്കോയ തങ്ങൾ ആണ്. അല്ലാഹു നമ്മെയും അദ്ദേഹത്തെയും ജന്നാത്തുൽ ഫിർദൌസിൽ പ്രവേശിപ്പിക്കട്ടെ.

==

ആർ പി റഷീദ് മാസ്റ്റർ

പാടൂരിന്റെ മഹാ അത്ഭുതമായിരുന്നു തങ്ങൾ...

"മാഷേ, ഇന്ന ദിവസമേ തിരിച്ച് തരാൻ കഴിയൂ " എന്ന് പറഞ്ഞാണ് തുടങ്ങുക..! പറഞ്ഞദിവസത്തിൽ തന്നെ അത് സംഭവിച്ചിട്ടുണ്ടായിരിക്കും..! 🙏

അള്ളാഹു പരലോകം വിശാലമാക്കി കൊടുക്കട്ടെ..! 🤲

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/wAJbdvLSmHQ?si=qyjlitp4sQwUxiaC

റഫീഖ് പേരൊത്ത്

ദീനി അദ്ധ്യാപന രംഗത്ത് ആദ്യകാലങ്ങളിൽ നാമമത്രമായിരുന്ന സ്ത്രീ സാന്നിധ്യം ഇപ്പോൾ മാറ്റം വന്നുകൊണ്ടിരിക്കുന്നത് ഒരു ശുഭസൂചനയായി കാണാവുന്നതാണ്. (പള്ളി പരിപാലനത്തിനും - ഇമാമത്തിനു പോലും പരദേശികളെ തേടുന്ന ഇക്കാലത്ത് പ്രത്യേകിച്ചും)

വാഹിദ്ക്ക സൂചിപ്പിച്ച ഐഷത്താടെ ഓത്തുപള്ളിയിൽ ഉപ്പയും പോയിട്ടുണ്ടായിരുന്നു.അബ്ദുക്കയും മറ്റും ഉസ്ഥാതുമരായിരുന്നു. പാത്തുംത്തയൊക്കെ ഇടക്ക് ചൊല്ലി കൊടുക്കാറുണ്ടായിരുന്നു. പാത്തുംതടെ മരണം വരേയും ഉപ്പ അവരെ ആദരവൊടെയാണ് കണ്ടിരുന്നത്.

ഉമ്മയും മറ്റൊരു ഐഷത്തയിൽ നിന്നാണ് ആദ്യക്ഷരം കുറിച്ചിട്ടുള്ളത്.ഉമ്മാടെ വല്ലിമ്മയുടെ അമ്മായിയുടെ മകളായിരുന്നു ആ അയിഷത്ത.(ചേറ്റുവ) നമ്മുടെ പള്ളിക്കലെയ്യ്യാരുടെ അർദ്ധ

സഹോദരങ്ങളായ മുഹമ്മദ്(മുസല്ലി) അബ്ദുറഹ്മാൻ,മറിയം എന്നിവരുടെ മാതാവും ഉസ്ഥാതിന്റെ പിതാവ് മുഹമ്മദലി മുസ്ല്യാരുടെ ആദ്യ ഇണയുമായിരുന്ന ഐഷത്ത.(ചേറ്റുവ)മുസ്ലി എന്നത് പേരല്ലട്ട. ഇബാദത്തുകളെ മാറോട് ചേർത്ത അദ്ദേഹത്തിന്റെ സ്വാഭാവത്തിന് ഇട്ട ഒരു നാമമാണെ. (ഉറുദു ഭാഷയിലൊ മറ്റൊ മുസല്ലി എന്നതിന് നമസ്കരിക്കുന്നവൻ)എന്നാണെത്രെ അർത്ഥം.

നമ്മളിന്ന് മദ്രസ്സ ഉസ്ഥാദുമാരുടെ മദ്ഹ് പറയുന്നിടത്ത് വരും തലമുറക്ക് സ്ത്രീകളായ അദ്ധ്യാപകരെയാണൊ മദ്ഹ് പറയാൻ കിട്ടുക. കഴിവുള്ള സ്ത്രീകൾ നാട്ടിൽ ഉണ്ടെങ്കിൽ കണ്ടെത്തി ദീനി രംഗത്ത് എത്തിച്ചാൽ ഉസ്ഥാദ് ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമായേക്കാം.

<u>സഊദ് തങ്ങൾ</u>

ഉസ്താദ് പൂക്കോയ തങ്ങൾ മുസ്‌ലിയാർ

****

ഉസ്താദ് പൂക്കോയ തങ്ങൾ മുസ്‌ലിയാർ എന്റെ മൂത്ത സഹോദരനാണ്. എന്റെ പൂക്കുക്ക. അദ്ദേഹം നല്ലൊരു വായനക്കാരനായിരുന്നു. ചരിത്രകാരൻ പി. എ. സെയ്ത് മുഹമ്മദിന്റെ 'ചരിത്ര കേരളം' തുടങ്ങി പല പുസ്തകങ്ങളും ഇക്കയിൽ നിന്നാണ് ഞാൻ വായിച്ചത്. മജീദ് മരക്കാരുടെ പത്രാധിപത്യത്തിൽ ഇറങ്ങിയിരുന്ന അൻസാരി മാസിക, ചന്ദ്രിക ആഴ്ച്ചപ്പതിപ്പ്, പ്രബോധനം പാക്ഷികം, അൽമുർശിദ്, അസ്സബാഹ് മുതലായ ആനുകാലികങ്ങളുടെ സ്ഥിരം വായനക്കാരനായിരുന്നു ഇക്ക. ഇസ്ലാമിക വിഷയങ്ങളാണ് അദ്ദേഹം അധികവും വായിച്ചത്.

കാരാക്കോസ് പള്ളി പരിസരത്തു തുടങ്ങിയ ഇഖ്ബാൽ ലൈബ്രറിക്ക് വേണ്ടി അദ്ദേഹം പുസ്തകങ്ങൾ സംഘടിപ്പിക്കാൻ നടന്നത് ഓർമയുണ്ട്.

അദ്ദേഹം ധാരാളം അറബി ബൈത്തുകൾ ചൊല്ലുമായിരുന്നു. അതൊഴിച്ചു നിർത്തിയാൽ നോവൽ, കവിത, സംഗീതം, സ്പോർട്സ് എന്നിവയിലൊന്നും താല്പര്യ മില്ലായിരുന്നു.

അതിഭൗതികതയുടെ കുത്തൊഴുക്കിൽ പെട്ട മുസ്ലിം സമൂഹത്തിന് ദിശാബോധം നൽകിയ നവോഥാന നായകൻ മൌലാനാ മൗദൂദിയുടെ ചിന്തകൾ അദ്ദേഹത്തിൽ സമൂല വിചാര വിപ്ലവം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ പോക്ക് അത്ര ശരിയല്ലെന്ന്, ചില നിഷ്കളങ്കർ അടക്കം പറഞ്ഞു തുടങ്ങി. ബാപ്പ മൗനം കൊണ്ട് പ്രതിഷേധിച്ചു. ഞാൻ സങ്കടപ്പെട്ടു. അദ്ദേഹം എന്നെ സമാധാനിപ്പിച്ചു. 'നാം വൈരുധ്യങ്ങൾ അവസാനിപ്പിക്കണം. പുണ്യത്തിന് വേണ്ടി നടത്തപ്പെടുന്ന ഇസ്ലാമിക വിരുദ്ധ ആലാപനങ്ങൾ കയ്യൊഴിയേണ്ടതാണ്. എന്റെ മനസ്സ് വായിച്ചിട്ടാണ്, ശാന്തമനസ്കനായി അദ്ദേഹം അത്രയും പറഞ്ഞത്. ആ വാക്കുകളിൽ നിന്ന്, എന്റെ മുന്നോട്ടുള്ള വഴി തെളിഞ്ഞു വന്നു. ആ വഴിയിലൂടെ നടന്നു ഞാൻ തൗഹീദിന്റെ ശാന്ത ശാദ്വല താഴ്വരയിൽ എത്തിപ്പെട്ടു. അൽഹംദു ലില്ലാഹ്.. ഉറ്റ സുഹൃത്ത് ബി.

കെ. ജാഫർ തങ്ങളെ മൗദൂദി വൃത്തത്തിലേക്ക് കൂട്ടിക്കൊണ്ട് വന്നതും ഇക്കയാണ്.

അറുപതുകളുടെ ആദ്യ പാദത്തിൽ, മർഹൂം എൻ.പി. അബുക്കയുടെ നേതൃത്വത്തിൽ ഇസ്സുദ്ധീൻ മൗലവിയുടെ ഒരു മതപ്രസംഗ പരമ്പര സംഘടിപ്പിക്കപ്പെട്ടു. കുറച്ചു അഭ്യുദയ കാംക്ഷികളോടൊപ്പം അതിന്റെ സജീവ പ്രവർത്തനങ്ങളിൽ ഇക്കയും ജാഫർക്കയും ഉണ്ടായിരുന്നു. കുറേ കഴിഞ്ഞപ്പോൾ ഇക്ക, വഴി മാറി നടന്നു. അപ്പോഴും, അദ്ദേഹം കൈ പിടിച്ചു കൊണ്ട് വന്ന ജാഫർക്ക മൗദൂദി ഇഫക്റ്റിൽ തുടർന്നു.

SSLC തോറ്റ ഞാൻ, ഇക്കയുടെ ഗാർഡിയൻഷിപ്പിൽ ശാന്തപുരത്ത് ചേർന്നു. പിന്നീട് SSLC പൂർത്തിയാക്കി ഫാറൂഖിൽ ചേർന്നപ്പോഴും ഇക്കയായിരുന്നു എന്റെ മെന്റർ. ബാപ്പയുടെ സാന്നിധ്യം ഇല്ലാത്തതിനാൽ എന്റെ സ്കോളർഷിപ് ഫോമിൽ ഒപ്പിടാൻ പ്രിൻസിപ്പൽ ജലീൽസാർ വിസമ്മതം കാട്ടി. എനിക്ക് കലി കയറി. ഇക്കയുടെ തീക്ഷ്ണമായ നോട്ടം എന്നെ നിയന്ത്രിച്ചു നിർത്തി. ഇക്കയുടെ ക്ഷമാപൂർവമായ നിലപാട് കാരണം ജലീൽ സാർ എന്റെ കടലാസ്സിൽ ഒപ്പിട്ടു. അന്ന് ഞാൻ സഹനത്തിന്റ ബാലപാഠം പഠിച്ചു.

ഗതി മാറി സഞ്ചരിച്ചെങ്കിലും എന്റെ ജീവിതത്തിലേക്ക് വെളിച്ചം പ്രസരിപ്പിച്ച അദ്ദേഹം, ഇസ്ലാമിക സഹോദര്യത്തിന്റെ സ്നിഗ്ദ സൗന്ദര്യത്തെ പ്രോജ്ജ്വലിപ്പിച്ചു നിർത്തി.

പാടൂർ മദ്രസ്സയിലെ അധ്യാപകവൃത്തിയിൽ നിന്ന് അദ്ദേഹം സ്വയം വിരമിച്ചു. അതിന് അദ്ദേഹം കാരണം പറഞ്ഞത്, കുട്ടികൾ ശരിക്ക് പഠിക്കുന്നില്ലെന്നതാണ്! സ്വന്തം ശമ്പളത്തിൽ അനർഹമായി എന്തെങ്കിലും വന്ന് ചേരാൻ പാടില്ലെന്ന സത്യസന്ധ നിലപാടായിരുന്നു അത്. ഹംസിയ പള്ളിയിലെ ഇമ്മാമതും പെരുന്നാൾ ഖുതുബയും ഉപേക്ഷിച്ചതിന്റെ പിന്നിലും അദ്ദേഹത്തിന്റെ സത്യസന്ധ നിലപാടാണ് കാരണമായി വർത്തിച്ചത്.

അദ്ദേഹത്തിന്റെ സാത്വിക ഭാവം ഇടപഴകിയ സർവരെയും വശീകരിക്കാൻ പോന്നതായിരുന്നു. കഥാ പുരുഷന്, നാനാ ജാതി മനുഷ്യരുമായി വ്യക്തി ബന്ധമുണ്ടായിരുന്നു.

നമുക്ക് പ്രാർത്ഥിക്കാം:

اللَّهُمَّ اغْفِرْ لَنَا وَلِوَالِدَيْنَا وَلِإِخْوَانِنَا، وَلِأَصْدِقَائِنَا، وَلِأَسَاتِذَتِنَا، وَاجْمَعْنَا وَإِيَّاهُمْ فِي جَنَّاتِ النَّعِيمِ

26 Nov 2025

Episode-13

മർഹും അഹമ്മദ് കുട്ടി മുസ്ലിയാർ



നമ്മുടെ മദ്രസയുടെ ആദ്യകാല അധ്യാപകരിൽ പ്രമുഖനായിരുന്ന മർഹും അഹമ്മദ് കുട്ടി മുസ്ലിയാർ ആണ് ഇന്ന് സ്മരണയിൽ ഓർക്കപ്പെടുന്നത്.

അറിവിന്റെയും ആത്മീയതയുടെയും പ്രകാശം ആദ്യമായി ഈ മദ്രസയുടെ മുറികളിലേക്ക് വിളച്ച് കൊണ്ടുവന്ന അധ്യാപകരിൽ ഒരാളായിരുന്നു അദ്ദേഹം.

57 വർഷങ്ങൾക്ക് മുമ്പ് നമ്മെ വിട്ടുപോയെങ്കിലും, അദ്ദേഹത്തിന്റെ സംഭാവനകൾ ഇന്നുവരെ മദ്രസയുടെ വളർച്ചയിലും വിദ്യാർത്ഥികളുടെ മനസുകളിലും പതിഞ്ഞിട്ടുണ്ട്. ശാന്തതയും സമർപ്പണവും ചേർന്ന അധ്യാപനശൈലി, ശുദ്ധമായ നന്മയുടെ പാതയിലേക്ക് കുട്ടികളെ നയിക്കാനുള്ള അദ്ദേഹത്തിന്റെ ത്യാഗം–ഇവയൊക്കെയാണ് ഇന്നും നമ്മൾ സ്നേഹത്തോടെ ഓർക്കുന്നത്.

അഹമ്മദ് കുട്ടി മുസ്ലിയാർ പ്രിയപ്പെട്ട അബ്ദുൽ റഹ്മാൻ മാസ്റ്ററുടെയും വാഹിദ്ക്കാടെയും സ്നേഹ പിതാവായിരുന്നു. കുടുംബത്തിനും പ്രദേശത്തിനും നൽകിയ അദ്ദേഹത്തിന്റെ പാഠങ്ങളും പൈതൃകവും ഒരു തലമുറയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ചു.

ഇന്നത്തെ സ്മരണാഘട്ടത്തിൽ, ഇദ്ദേഹത്തെ കൂടുതൽ തിരിച്ചറിയുന്നവർ, അദ്ദേഹത്തെക്കുറിച്ചുള്ള വിലപ്പെട്ട ഓർമ്മകളും അനുഭവങ്ങളും പങ്കുവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം, വാക്ക്, പ്രവർത്തി-ഇവയൊക്കെ നമ്മുടെ മദ്രസയുടെ ചരിത്രത്തിൽ അക്ഷരവടിവുകളായി നിലനിൽക്കട്ടെ.

അള്ളാഹു അദ്ദേഹത്തിന്റെ ഖബറിടം വിശാലമാക്കി സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ, ആമീൻ

അഡ്മിൻസ്

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/ogxr-mevn2E?si=Pa0JjUoilUPSOfWX

എ കെ മജീദ് സാഹിബ്

ഐ മുട്ടി മുസ്ല്യാർ എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. അത് കൊണ്ട് അഹമ്മദ് കുട്ടി എന്ന് വായിച്ചപ്പോൾ പെട്ടെന്ന് മനസ്സിലായില്ല. ഞങ്ങൾ വെല്ലിക്ക എന്നാണ് ആ മഹാത്മാവിനെ വിളിച്ചിരുന്നത്. എന്റെ ഉമ്മയുടെ അമ്മാവനാണ് അഹമ്മദ് കുട്ടി മുസ്ല്യാർ . വെല്ലിക്കാനെ കാണാൻ എന്റെ ഉമ്മയുടെകൈ പിടി പല പ്രാവശ്യം അവിടെ പോയിട്ടുണ്ട്. എനിക്ക് ആറൊ ഏഴൊ വയസ്സുള്ളപ്പോൾ ആ മഹാത്മാവ് അള്ളാഹുവിന്റെ വിളിക്കത്തരം നല്കി അള്ളാഹുവിങ്കലേക്ക് യാത്രയായി.അ ദ്രാ മാഷെ വീട്ടിൽ പോകുന്നതിന് ഇപ്പോഴും വെല്ലിക്കാടെ വീട്ടിൽ പോകുവാന്നാ ഇപ്പോഴും ഞങ്ങളൊക്കെ പറയുക. മാക്കും, ഉപ്പാക്കും (കുഞ്ഞി മുഹമ്മദ് മാസ്റ്റർ) ഏറെ പ്രിയപ്പെട്ടവരായിരുന്നുആമഹാത്മാവിന്റെ മക്കളായ വാപ്പുക്ക, ഹമീദ്ക്ക |ജമാൽക്ക, അദ്രമാക്ക, വാഹിദുക്ക അബ്ദുക്ക . എന്നിവർ . അഹമ്മദ് കുട്ടി മുസ്ല്യാരുടെ താടിയുള്ള ഫോട്ടോ ആദ്യമായാണ് കാണുന്നത്. മരണത്തിന് മുമ്പ് താടിയില്ലാത്ത അ ദ്രാ മാഷെ മുഖഛായയുള്ള ഒരു മുഖമാണ് ഓർമ്മയിലുള്ളത്. അള്ളാഹു സ്വർഗ്ഗത്തിൽ വെച്ച് കൂടിച്ചേരാൻ അനുഗ്രഹിക്കട്ടെ ...

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/PuM_fmHYVzU?si=jgSqdoL3kO1UPkRA

നാസർ അബ്ദുള്ള

നമ്മുടെ നാടിന്റെ യശസ്സ് വാനോളം ഉയർത്തിയ പ്രഗത്ഭരായ വ്യക്തികളുടെ സ്വകാര്യ അലങ്കാരമായ പിതാവിന്റെ ഓർമ്മകൾ പങ്കു വെച്ചതിനു പ്രത്യേക നന്ദി പറയുന്നു. അദ്ദേഹം എത്തിച്ചേർന്ന ജന്നാത്തുൽ ഫിർദൗസിൽ

കാരുണ്യവാനായ നാഥൻ നാം ഏവരേയും ഒരുമിച്ചു ചേരാൻ തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ 🤲🤲🤲

കുഞ്ഞി സീതി തങ്ങൾ-ശബ്ദ സന്ദേശം

https://youtube.com/shorts/MKcGaocRXQ8?si=A8Wa-cFyMoxCTXCk

സഊദ് തങ്ങൾ

ഉസ്താദ് അഹ്മദ് കുട്ടി മുസ്‌ലിയാർ

പതിറ്റാണ്ടുകൾക്ക് മുമ്പ് കുരുന്നുകൾക്ക് അക്ഷരവെളിച്ചം പകർന്നു കൊടുത്ത ഉസ്താദ് അഹ്മദ് മുസ്‌ലിയാരെ കുറിച്ച അറിവുകൾ കാതോർക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

ഈ കുറിപ്പുകാരന്, അദ്ദേഹത്തിന്റെ മക്കളായ അബ്ദുൽ റഹിമാൻ മാസ്റ്ററെയും വാഹിദ്ക്കയെയുമാണ് അറിയുക. അവർ രണ്ടു പേരും ഈ നാടിന്റെ വിദ്യാഭ്യാസ, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ സ്ഥാനമുറപ്പിച്ച പ്രഗത്ഭരാണ്.

അവരുടെ സൽപ്രവർത്തനങ്ങൾ, മർഹൂം അബ്ദുൽകാദർ മുസ്ലിയാരുടെയും അദ്ദേഹത്തിന്റെ സഹധർമണിയുടേയും ഭർസഖീ ജീവിതത്തിൽ അനുഗ്രഹവർഷമായി തീരാൻ ഇടയാവട്ടെ എന്ന് അല്ലാഹുവോട് പ്രാർത്ഥിക്കാം.

ഷാഹുൽ ഹമീദ് സാഹിബ് പുഴങ്ങര

ഉറുമ്പിൻെറ പാഠം,

മനസ്സിൽ നിന്നും മായാത്ത ഒരു ചിരി ഇന്നും എന്റെ ഓർമ്മയിൽ ഇടയ്ക്കിടെ കയറി വരാറുണ്ട്. ആ ചിരി അഹമ്മദ് കുട്ടി മുസ്ല്യാരുടെ തായിരുന്നു.

മഹാനവർകളുടെ വീട്ടിലേക്ക് എന്തോ വാങ്ങിയ്ക്കാൻ എന്റെ കുഞ്ഞിപ്പ(എൻ പി അബു) എന്നെ അയക്കുകയാണ് അദ്ദേഹത്തിന്റെ വീട്ടിൽ എത്തി കുശലാന്വേഷണ ങ്ങൾ ക്കിടയിൽ എന്നോടു ചോദിച്ചു മദ്രസയിൽ ഏന്താ പഠിക്കുന്നത് ? ഞാൻ പറഞ്ഞു ഖുർആൻ. ഖുർആനിൽ ഏത് ഭാഗം? ഞാൻ പറഞ്ഞു ഉറുമ്പിന്റെ പാഠം . കേട്ടപാടെ അദ്ദേഹം കുറെ ചിരിച്ചു ചിരി കണ്ടു ഞാൻ വിഷമിച്ചു നില്ക്കുകയാണ് വിഷമം കണ്ട എന്നെ ചേർത്തു പിടിച്ചു വീട്ടുകാരോടു എന്തോ വിളിച്ച് പറഞ്ഞു അകത്ത് നിന്നും എന്തൊക്കെയോ തിന്നാൻ കൊണ്ടുതന്നു, ഞാനതൊക്കെ തിന്നു

പിന്നീടു നമ് ലു് (النمل) എന്ന വാക്ക് എന്നെ പഠിപ്പിച്ചിട്ടാ വിട്ടതു് ..മുസ്‌ലിയാരുടെ ആഖിറം പ്രകാശ പൂരിത മാക്കി കൊടുക്കട്ടെ! പ്രാർത്ഥനയോടെ!

ഹുസൈൻ ഹമീദ്

ഞാൻ മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ ഏകദേശം 11-12 മണിയോടെ കളെങ്കോട്ടെ മുഹമ്മദ്ക്ക വന്നു gmups ഇൽ നിന്നും വിളിച്ചു കൊണ്ട് പോയത് ഓർമയുണ്ട് ചെല്ലുമ്പോൾ ജോർജ് വൈദ്യർ അടുത്തിരുന്നു എന്തോ ചെയ്യുന്നുണ്ട്. കൃത്യമായി ഓർമയിൽ ഇല്ല എനിക്ക് അന്ന് കേവലം എട്ടു വയസ്സ് പൂർത്തി ആയിട്ടില്ല. എന്റെ ഓർമയിൽ ഞാൻ ആദ്യം കാണുന്ന മരണം ആയിരുന്നു അത് അനുരാത്രി ഞാനും എന്റെ .രണ്ടാമത്തെ സഹോദരിയും വെല്ലിപ്പാനെ കാണാൻ വാശി പിടിച്ചു കരഞ്ഞത് ഓർമയുണ്ട് (മരണം തിരിച്ചു .വരാത്ത യാത്രയാണെന്ന തിരിച്ചറിവ് വന്ന രാത്രി)ഞങ്ങൾ രണ്ടു പേരും വെല്ലിപ്പാടെ അരുമയായിരുന്നു.

വെല്ലിപ്പ മരിക്കുന്നതിന്റെ രണ്ടു ദിവസം മുന്നേ മാമുത് മുസ്‌ലിയാറെ വിളിപ്പിച്ചിരുന്നു മുസ്‌ലിയാർ വന്നു മുസ്‌ലിയാർ വന്നപ്പോൾ എന്റെ മോൻ നിന്റെ ക്ലാസിൽ ആയിട്ടുണ്ട് ഉടനെ മുസ്‌ലിയാർ മറുപടി പറഞ്ഞു ഓ പേരക്കുട്ടിയെ ഞാൻ തല്ലും എന്നു വിചാരിച്ചിട്ടാണോ വിളിപ്പിച്ചത് ഞാൻ ഒന്നും ചെയ്യില്ല, പേരക്കുട്ടി യുടെ കണ്ണൊന്നു ശ്രദ്ധിക്കണം പുത്തൻ പുരയിലെ വാവുക്ക ആദാരം വായിക്കുന്നപോലെ ആണ് പുസ്തം പിടിക്കുന്നത് (എന്റെ കഴക്കുറവ് ആദ്യ മായി കണ്ടു പിടിച്ച മുസ്ലിരെ അന്ന് തള്ളി കളഞ്ഞെങ്കിലും പിന്നീട് നാലാം ക്ലാസിൽ പഠിപ്പിച്ചിരുന്ന lonappan മാസ്റ്റർ ഞങ്ങളുടെ (ഇപ്പോൾ താമസിക്കുന്ന) വീടിന്റെ മുന്നിലൂടെ ആണ് തോയക്കാവിൽ നിന്നും പോവാറു അന്ന് ഉമ്മാട് മാഷെക്കുറിച്ചു പറഞ്ഞപ്പോൾ ഉമ്മ മാഷോട് പറഞ്ഞത് "മാഷ്ടേ ഇവൻ നല്ല വികൃതി ആണ് നല്ല തല്ലു കൊടുക്കണം (മാഷ് അന്ന് സ്കൂളിൽ കുട്ടികളുടെ ഇടയിൽ ഭീകരനായിരുന്നു)മാഷ് പറഞ്ഞ മറുപടി ഉമ്മാ ഹുസൈനെക്കാൾ വികൃതി യുള്ള കുട്ടികൾ വേറെയുണ്ട് അവൻ എന്തെങ്കിലും ബോർഡിൽ എഴുതിയാൽ ബോർഡിന്റെ അടുത്ത് ഓടിവരും അതുകൊണ്ട് അവന്റെ കണ്ണൊന്നു ടെസ്റ്റ് ചെയ്യ് എന്നിട്ടാവാം തല്ലും കുത്തും അന്നേ വന്ധ്യ വായോധികനായ ഗുരുനാഥൻ ഇന്നും മറക്കാത്ത വ്യക്തിത്തം ആണ് (മാഷ് എന്നെ ശിക്ഷിച്ചതായി ഓർക്കുന്നില്ല)വെല്ലിപ്പ യെകുറിച് വലിയ അറിവൊന്നും ഇല്ല പിന്നെ എന്റെ ഉപ്പാടെ ജസ്റ്റ് juniers അയി കമ്പനി അടിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു അന്ന് വെല്ലിപ്പാനെ കുറിച്ച് കുറെ മധുഹ് കെട്ടി ട്ടുണ്ട് അതൊന്നും casual ടോക്ക് ന്റെ ഭാഗം ആയി ഒരു ചെവിലൂടെ കേട്ടു മറ്റേ ചെവിയിലൂടെ വിടും.

കെ അബ്ദുൽ വാഹിദ് സാഹിബ്

ഞങ്ങടെ വന്ദ്യ പിതാവ് കെ.പി. അഹമ്മതു് കുട്ടി മുസല്യാർ അല്ലാഹുവിന്റെ വിളിക്കുത്തരം നൽകിയിട്ട് ഏകദേശം 58 കൊല്ലമായി. മരണം 19-3-1968 ൽ സമസ്തയുടെ മദറസാ പ്രസ്ഥാനത്തിന് തുടക്കമിട്ടതിന് അതികം വൈകാതെ നമ്മുടെ പാടൂരും മദറസയിലൂടെ നാട്ടിലെ എല്ലാകുരുന്നുകൾക്കും ദി നിവിജ്ഞാനം കൈമാറണമന്ന ദീർഗ ദൃഷ്ടിയേടെ പ്രയത്നിച്ച് നടപ്പിൽ വരുത്തിയ നമ്മുടെ പൂർവികരെ അല്ലാഹു അനുഗ്രഹിക്കട്ടെ 🤲

സമുദായത്തിന്റെ പുരോഗതിക്കായി ജീവിതം ഉഴിഞ്ഞു വെച്ച മർഹും K M സീതി സാഹിബ് ഉൽഘാടന കർമം നിർവഹിച്ച നമ്മുടെ മദറസയുടെ ഉൽഘാന സദസ്സ് തുടക്കം കുറിച്ച് ഖിർ അത്ത് നടത്തിയത് ഖാരിഉം സംഗീതജ്ഞനും അക്കാലത്തെ സുപ്രസിദ്ധ ഗായകനുമായിരുന്ന മർഹും ഗുൽ മുഹമ്മദ് സാഹിബായിരുന്നു. ശ്രുതിമധുരമായ അദ്ദേഹത്തിന്റെ ഖുർആൻ പാരായണം ഇന്നും ഓർമയിൽ തങ്ങിനിൽകുന്നു.

മദറസയുടെ തുടക്കത്തിൽ ബഹുമുഖപ്രതിഭയായിരുന്ന അബ്ദുൽകാതിർ ഖാരിയായിരുന്നു സദർ . അദ്ദേഹത്തിനൊപ്പം. പി.കെ.കുഞ്ഞി ബാവു മുസല്യാർ , മുക്രി കുഞ്ഞി മുഹമ്മദ് മുസലിയാർ എന്നിവരായിരുന്നു തുടക്കക്കാർ എന്നാണോർമ.

1953 ഓടെ ഞങ്ങളുടെ പിതാവും അവരോടൊപ്പം ചേർന്നു. മൂന്നാം ക്ലാസിലായിരുന്നു പഠിപ്പിച്ചിരുന്നത്. ഖുർആൻ ഉച്ചാരണ ശുദ്ധിയോടെ തജ്‌വീദ് പാലിച്ച് ഈണത്തിൽ പാരായണം ചെയ്യുംകുട്ടികള കൊണ്ട് അങ്ങിനെ പാരായണം ചെയ്യിച്ചുമുള്ള പഠന രീതിയായിരുന്നു ഉപ്പാടെ അദ്ധ്യാപന ശൈലി. പ്രായത്തിന്റെശാരീരികാസ്ഥ്യങ്ങളാൽ ഏകദേശം മൂന്ന് കൊല്ലത്തിൽ താഴെയാ ണ് ഉപ്പാടെ മദ്റസയിലെ അദ്ധ്യാപന കാലം.

ഉപ്പാക്ക് 3 - 4 വയസ്സ് പ്രായത്തിൽ ചാവക്കാട് സ്വദേശി പിതാവ് മരണപ്പെട്ടപ്പോൾ പാടൂർ മഹല്ല് ഖതിബായിരുന്നഉപ്പാ വ എന്ന് വിളിച്ചിരുന്ന ഉപ്പാടെ ഉമ്മയുടെ പിതാവിന്റ സംരക്ഷണത്തിൽ ഇന്ന് എന്റെ സഹോദരൻഅബ്ദു റഹ്മാൻ മാഷ് താമസിക്കുന്ന കൊട്ടിലി പറമ്പിൽ എന്നതറവാട് വീട്ടിൽ ഉപ്പാവയോടും ഉമ്മാമയോടു കൂടെയാണ്ഉപ്പാടെ ബാല്യ കൗമാരം പിന്നിട്ടത്.

ദീനീ വിജ്ഞാനം നേടിയത് പാടൂർ വെച്ചു തന്നെയായിരുന്നു. യവ്വനാരംഭത്തിൽ തന്നെ ഉപ്പാടെ അദ്ധ്യാപന മേഖല വലപ്പാടായിരുന്നു. ഏകദേശം മുപ്പത് കൊല്ലത്തിൽ കുടുതൽ.

ഒട്ടേറെ വിദ്യാ സമ്പന്നരായ ഔദ്യോഗികമേഖലകളിലെ പ്രമുഖരുടെ ഗുരുനാഥനായിരുന്നു. ഉപ്പാടെ വിശ്രമ ജീവിത കാലത്ത് അവരിൽ പലരും ഉപ്പാനെസന്ദർശിക്കാറുണ്ട്. മുസല്യാരുടെ മക്കൾ എന്ന നിലക്ക് ഞങ്ങൾക്കും വലിയ സ്നേഹവും തലോടലും ലഭിക്കാറുണ്ടായിരുന്നു. അത് കൂടുതൽ ലഭിച്ചിരുന്നത് ജേഷ്ഠ സഹോദരൻ മാഷ് ക്കായിരുന്നു.

സലഫീ പ്രസ്ഥാന നായകരായിരുന്ന തിരുരങ്ങായിലെ mcc. സഹോദരങ്ങളിൽ ഒരാളായിരുന്ന Mc.c. അഹമ്മദ് മൗലവി വലപ്പാട് ഹൈസ്കൂളിലെ അറബി അദ്യാപകനായിരുന്നു. വലപ്പാട് ജീവിതകാലത്തെ ഉപ്പാടെ സുഹൃത്തായിരുന്നു. അദ്ദേഹവും വിശ്രമ ജീവിത കാലത്ത് ഉപ്പാനെ കാണാൻ വന്ന് താമസിച്ചതും ഓർക്കുന്നു.

സ്നേഹ ബന്ധം പുലർത്തുന്നതിലും നിലനിർത്തുന്നതിലുംഉപ്പ ശുഷ്കാന്തി പുലർത്തിയിരുന്നു. എന്റെ സ്കൂൾ പഠനകാലത്ത് സ്കൂൾ സമയം കഴിഞ്ഞാൽ ഉപ്പാടെ അരികിലുണ്ടാവണമെന്ന് നിർബന്ധമായിരുന്നു. ഞാനും ഉപ്പാടെ സാമീപ്യം ആസ്വദിച്ചിരുന്നു. ഭൗതിക വിദ്യാഭ്യാസത്തിന്റെ അനിവാര്യത മനസ്സിലാക്കിയ ഉപ്പ എന്റെ കോഴിക്കോട്ടെ പഠനത്തിന്ന് പ്രോത്സാഹനമായിരുന്നു.ഉപ്പയിൽ നിന്ന് നിരന്തരം കിട്ടിയിരുന്ന കഥകളും

ചരിത്രവും ഉപദേശങ്ങളും ഞങ്ങളുടെ ജീവിതത്തിലേക്കുള്ള മാർഗദർശനങ്ങളായിരുന്നു. ഞങ്ങളുടെ ഉമ്മ മരപ്പെട്ട് 6 മാസം തികയുമ്പോൾ ശാരീരികാസ്വാസ്ഥ്യങ്ങളുണ്ടായിരുന്നങ്കിലും പരസഹായമില്ലാതെയും രോഗശയ്യയിൽ കിടക്കാനിടവരാതെയുംഎൺപത് വർഷത്തിൽ പുറം ജീവിതം പിന്നിട്ട ഞങ്ങളുടെ എല്ലാമായിരുന്ന പ്രിയങ്കരനും സ്നേഹ നിധിയുമായ ഉപ്പ ഞങ്ങളെ വിട്ടു പിരിഞ്ഞു. അല്ലാഹുവെഞങ്ങളെ വിട്ടുപിരിഞ്ഞ എല്ലാ മാതാപിതാക്കൾക്കും ഞങ്ങളുടെ ഉസ്താറു മാർക്കും ഞങ്ങൾക്കും നിന്റെ ജന്നാത്തുൽ ഫിർദൗസിൽ ഹബീബായ മുത്തുറ സൂലിന്റെയും അനുചരന്മാർക്കുമൊപ്പം ആഥിത്യമരുളേണമെ 🤲🤲🤲

നജീബ് സാഹിബ് കാരിയാട്ട്

മനുഷ്യസ്നേഹികളായ മക്കൾ ഉണ്ടാകുക എന്നത് ഏതൊരു പിതാവിന്റെയും യശസ്സ് വർദ്ധിപ്പിക്കുന്നു. എന്റെ അഭിവന്ദ്യ ഗുരുനാഥൻ മാത്രമല്ല Role model കൂടി ആണ് ബഹുമാനപ്പെട്ട അബ്ദുറഹ്മാൻ മാസ്റ്റർ.

അത് പോലെ വാഹിദ്ക്ക. ഹുസൈന്റെ ഉപ്പ, അബ്ദുക്ക എല്ലാവരും എനിക്ക് പിതൃതുല്യർ ആണ്. എന്റെ വെല്ലിപ്പാടെ വളരെ അടുത്ത ആളായിരുന്നു അഹമ്മദ് കുട്ടി മുസ്‌ലിയാർ.

ചെറിയ ഒരു സ്മരണ കൂടി:

എന്റെ വെല്ലിപ്പ ജില്ലാ ആശുപത്രിയിൽ Admit ആയ സൻദർഭത്തിൽ By Stander അല്ലെങ്കിലും ഞാൻ കൂടെ ഉണ്ടായിരുന്നു. അറുപതുകളുടെ അൻത്യ പാദം. എനിക്ക് എട്ടോ ഒൻപതോ വയസ്സ്. വെല്ലിപ്പാക്ക് Injection എടുക്കാനും Attend ചെയ്യാനും വന്നിരുന്ന Nursing Supdt പേര് ശ്രീമതി നഫീസ. അവർ ഞങ്ങളുടെ നാട് പാടൂർ ആണ് എന്ന് പറഞ്ഞപ്പോൾ കുതൂഹലത്തോടെ ചോദിച്ചു; അഹമ്മദ് കുട്ടി മുസ്‌ലിയാരെ അറിയുമോ എന്ന്. അക്കാലത്ത് വിശേഷിച്ചും മുസ്ലീം Community യിൽ നിന്ന് Nursing profession പോലുള്ള Government Service ൽ വിരളമായിരുന്നു. അവർ മാഷിന്റെ relative ആണ്.

ബഹുമാനപ്പെട്ട മാഷിന്റെയും പിതാവിന്റെയും മുന്നിൽ നമ്രശിരസ്കനാകുന്നു

സഊദ് തങ്ങൾ

ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ മക്കളാണ് എംസിസി സഹോദരന്മാർ. പല രംഗത്തും കുഞ്ഞഹമ്മദ് ഹാജിയും വക്കം അബ്ദുൽ കാദർ മൗലവിയും ഒന്ന് ചേർന്ന് പ്രവർത്തിച്ചു.

വടക്ക് നിന്നൊരു സുന്നിയും തെക്ക് നിന്ന് ഒരു സലഫിയും ഒരേ മുസ്സല്ലയിൽ ഒന്നിച്ചിരുന്നു ഇസ്ലാമിന്റെ നവജാഗരണത്തിന് വേണ്ടി പ്രവർത്തിച്ചു എന്നറിയുമ്പോൾ, പിന്നെപ്പോഴാണ് നമ്മളിങ്ങനെ ചീള് കാര്യങ്ങൾ പറഞ്ഞു പോരടിക്കാൻ തുടങ്ങിയത് എന്നാശ്ചര്യപ്പെട്ടു പോകും. ഓർമ്മയുടെ ചെപ്പിൽ നിന്ന് അമൂല്യമായ കുറേ അറിവുകളാണ് വാഹിദ്ക്ക പുറത്തെടുത്തത്. ആ അറിവുകളിൽ, ഐക്യത്തിന്റെ സന്ദേശം ഒളിഞ്ഞു കിടപ്പുണ്ട്

അഹ്‌മദ് കുട്ടി മുസ്ലിയാരുടെ ഒരു വിദ്യാർത്ഥിനി റൂഖിയ കുട്ടി പയ്യാക്കൽ ഉസ്താദിനെ കുറിച്ചുള്ള ഓർമ്മകൾ RP സിദ്ധിക്ക് സാഹിബുമായി പങ്കു വെക്കുന്നു

https://youtu.be/c1MshTPqZTc?si=r9rp1ShnkgtNy5Fi

കെ.അബ്ദുറഹ്മാൻ മാസ്റ്റർ.

ചരിത്ര മുറങ്ങുന്ന പാടൂരിന്റെ ചിരകാലാഭിലാഷമായിരുന്നു വ്യവസ്ഥാപിതമായ ഒരു മദ്രസ്സ സ്ഥാപിക്കൽ. ഉയർന്ന ദർസും ഉന്നതമായ പഠന നിലവാരവും ഉണ്ടായിരുന്ന ദർസിൽ 40ൽ പരം വിദ്യാർത്ഥികൾ താമസിച്ചു പഠനം നടത്തിയിരുന്നു. എന്നാൽ പ്രാഥമിക ഇസ്ലാമിക വിദ്യാഭ്യാസം ലഭിക്കുവാൻ കൃത്യമായ മദ്രസ്സ സൗകര്യം ഉണ്ടായിരുന്നില്ല. അതും റബ്ബിന്റെ അനുഗ്രഹത്താൽ നിലവിൽ വന്നു. നല്ല അധ്യാപകരാൽ സമസ്തയുടെ സിലബസ്സിൽ മദ്രസ്സ പ്രതിഭ പട്ടം ചൂടി. അധ്യാപകർ അവരുടെ സൗകര്യാർത്ഥം വന്നു പോയി കൊണ്ടിരുന്നു. അത്തരത്തിലുള്ള ഒരു അവസ്ഥയിലാണ് ഉപ്പ കെ പി അഹമ്മദ് കുട്ടി മുസ്‌ലിയാർ ചാർജ് എടുത്തത്. കരുത്തോടും കരുതലോടും ക്ലാസ് കൈകാര്യം ചെയ്തുപോന്നു. പ്രായം മറന്നു തന്റെ ജോലി ആവേശത്തോടു കൂടി ചെയ്തു പോന്നു. ഉപ്പാടെ ആദ്യ അധ്യാപകവൃത്തി ഒരു വീട് കേന്ദ്രമാക്കി വലപ്പാട് എല്ലാ നിലയിലും പ്രശസ്തമായ ഒരു തറവാടിനോട് ബന്ധപ്പെട്ടായിരുന്നു. മുസ്ലിയാരുടെ ശിഷ്യന്മാർ തന്നെക്കാൾ മൂത്തവരും വിദ്യാഭ്യാസ മേലാളന്മാരും ആയിരുന്നു. വിവാഹം കഴിഞ്ഞ പെൺകുട്ടികളും ഉണ്ടായിരുന്നു ദീനി സാക്ഷരതക്കായി ഉപ്പാനെയാണ് അവർ തിരഞ്ഞെടുത്തത്. പ്രായം കൊണ്ട് ചെറുതാണെങ്കിലും ഇസ്ലാമിക അധ്യാപനത്തിൽ നിസ്വാർത്ഥ സേവന സന്നദ്ധനായിരുന്നു. തഅലീമുൽ ഇസ്ലാം മദ്രസ്സയിലും തന്റെ ഉത്തരവാദിത്വം നിറവേറ്റി പൊന്നു. മക്കളുടെയും ഉസ്താദ് അഹമ്മദ് കുട്ടി മുസ്‌ലിയാർ ആയിരുന്നു. മാതാ പിതാക്കൾ ചെറുപ്പ കാലത്തുതന്നെ മൺമറഞ്ഞതായാണ് അറിവ്. ഉപ്പാടെയും ഉമ്മാടേയും കുടുംബാംഗങ്ങൾ ആണ് ഉപ്പാക്ക് സംരക്ഷണം നൽകിയത് ഉപ്പാടെ പരലോക ജീവിതം സ്വർഗീയമായി തീരുവാൻ ഞാനും എന്റെ സഹോദരങ്ങളും അല്ലാഹുവിനോട് കേണപേക്ഷിക്കാറുണ്ട്. അത് ജീവിതകാലം മുഴുവൻ തുടരും. ആദരവോടെ ചുരുക്കുന്നു

കെ.അബ്ദുറഹ്മാൻ മാസ്റ്റർ.

അബ്ദുൽ മജീദ് മുഹമ്മദ്

പരിശുദ്ധ പാടൂർ ആറ് പതിറ്റാണ്ട് മുൻപ് അഹമ്മദ് കുട്ടി മുസ്ലാർ പഠിപ്പിച്ച ബൈത്ത് ഇന്നും മായാതെ മറയാതെ ഒരു വള്ളിപുള്ളി പോലും വിടാതെ അന്നത്തെ വിദ്യാർത്ഥികളുടെ മനസ്സിൽ പതിഞ്ഞിട്ടുണ്ടെങ്കിൽ ആ അധ്യാപന രീതി നമ്മെ വല്ലാതെ അത്ഭുതപ്പെടുത്തുന്നുണ്ട്.. മാ ഷാ അല്ലാഹ്.. അത് പഠിപ്പിച്ച ഉസ്താദിനും പഠിച്ച വിദ്യാർത്ഥികൾക്കും ഇന്നും മനസ്സിൽ

നിധിപോലെ കൊണ്ട് നടക്കുന്ന റുഖിയത്താക്കും നമ്മളിലേക്ക് എത്തിച്ച സിദ്ധിക്കാകും ഒക്കെ അല്ലാഹു ഏറ്റവും ഉന്നതങ്ങളിൽ ഉന്നതമായ സ്ഥാനം നൽകി ആദരിക്കട്ടെ... നമ്മുടെ മഹൽ കൂട്ടായ്മ ഇങ്ങിനെയൊരു സ്മരണിക തയ്യാറാക്കി തുടങ്ങിയിട്ട് കുറച്ച് ദിവസങ്ങളായി.. ഒട്ടേറെ അനുഭവങ്ങൾ നമ്മൾ എല്ലാവരും കേട്ടു.. അറിയാത്ത ഒത്തിരി അറിവുകളുടെ വസന്തം നമുക്ക് മുന്നിൽ പൂത്തുലഞ്ഞു.. ഓരോ മഹാന്മാരെ കുറിച്ചും കേൾക്കുമ്പോൾ മനസ്സിൽ വല്ലാതെ കുളിരു പടർന്നു... പരിശുദ്ധ പാടൂർ എന്ന പേരിന് അന്വർത്ഥമാകും വിധമുള്ള പണ്ഡിത വര്യന്മാർ... ഇന്ന് സിദ്ധിക്ക തയ്യാറാക്കിയ ഈയൊരു അനുഭവം വല്ലാതെ ഹൃദയത്തിന്റെ അടിത്തട്ടിൽ ചെന്നുലച്ചു... അറുപത് വർഷങ്ങൾക്ക് മുൻപ് ചൊല്ലി പഠിച്ച ബൈത്ത്, ഉസ്താദ് ചൊല്ലി പഠിപ്പിച്ച ബൈത്ത് ഇന്നും ഒരു വാക്ക് പോലും തെറ്റാതെ പതറാതെ റുക്കിയത്ത ചൊല്ലിയപ്പോൾ ഇത്ത നിങ്ങളാണ് ഈ സ്മരണികയിലെ ശരിക്കും താരം.. അല്ലാഹു ആഫിയത്തുള്ള ആയുസ്സ് നൽകി അനുഗ്രഹിക്കട്ടെ... സിദ്ധിക്ക നിങ്ങൾക്കും ബിഗ് സല്യൂട്ട്.. ഇതെല്ലാം കൃത്യമായ രീതിയിൽ നമുക്ക് എത്തിച്ചു തരുന്ന അഡ്മിൻസ് നിങ്ങൾക്കും ബിഗ് സല്യൂട്ട്.. ലതീഫ്ക്ക നിങ്ങൾക്ക് ഒരു പ്രത്യേക സല്യൂട്ട്.. മാ ഷാ അല്ലാഹ്

ആർ പി സിദ്ധിഖ് സാഹിബ്

ഈ മഹത്തായ സംരംഭത്തിൽ ഏറ്റവും നിസ്സാരമായ ഒരു റോളിൽ പ്രത്യക്ഷപ്പെടാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു.പടച്ച റബ്ബിന് സ്തുകളർപ്പിക്കുന്നു. അതോടൊപ്പം പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്ന മജീദ് സാഹിബിനും അബ്ദുറഹമാൻ തുടങ്ങിയ സഹോദരങ്ങൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി .അറീക്കുന്നു. ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നു. നാഥൻ നമ്മെ എല്ലാവരെയും അവന്റ പ്രീതി ലഭിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

കുഞ്ഞി സീതി തങ്ങൾ-ശബ്ദ സന്ദേശം

https://youtube.com/shorts/prHaFQLnVyI?si=eWtwFTWyZgitpdM9

28 Nov 2025

Episode-14

മർഹൂം സൈദു മാഷ്



اسلام عليكم ورحمة الله وبرك

മദ്രസാ അധ്യാപകന്റെ പ്രധാന ധാർമ്മിക ഗുണങ്ങളിൽ വിനയം, സഹാനുഭൂതി, അറിവ് നൽകാനുള്ള സമർപ്പണബോധം, വിദ്യാർത്ഥികളുമായി നല്ല ബന്ധം എന്നിവ ഉൾപ്പെടുന്നു. അവർക്ക് മികച്ച ആശയവിനിമയ ശേഷി വളർത്താനും,ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിഗത ആവശ്യങ്ങൾ തിരിച്ചറിയാനും അവരെ അവരുടെ കഴിവുകൾ വർദ്ധിപ്പിക്കാനും സഹായിക്കാൻ അവർക്ക് കഴിയും. മികച്ച ഉസ്താദുമാർ വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും അവരെ ദീനിയായ ചിന്തകരാക്കി മാറ്റുകയും ചെയ്യുന്നു.

അനേകം ഉസ്താദുമാരെ കുറിച്ച് നമ്മളിവിടെ ഓർമ്മ പങ്കുവയ്ക്കുകയുണ്ടായി.ഇന്ന് നമ്മൾ ഓർക്കുന്നതും അനുഭവങ്ങളും കേട്ടറിവുകളും പങ്കുവയ്ക്കുന്നത് വർഷങ്ങൾക്ക് മുൻപ് നമ്മുടെ മദ്രസയിൽ

ഉസ്താദായിരുന്ന മർഹൂം ഉസ്താദ് സെയ്തുമാഷെകുറിച്ചാണ്. എനിക്കിന്നും ചെറിയ ഓർമ്മയുണ്ട് സെയ്തുമാഷ് അള്ളാഹുവിന്റെ വിളിക്കുത്തരം നൽകിയ ദിവസം അന്ന് മദ്രസക്ക് അവധി നൽകിയിരുന്നു.

സാമൂഹിക രംഗത്തും പള്ളികമ്മറ്റിയിലും മദ്രസ്സയിലും തന്റെ സാന്നിധ്യം അറിയിച്ചു കൊണ്ട് പ്രവർത്തിച്ച സെയ്തുമാഷെ കുറിച്ച് അറിയാവുന്നവർ കൂടുതൽ എഴുതുക.. പറയുക..

പാടൂരിലേയും അയൽ പ്രദേശങ്ങളിലെയും ഇതര ജില്ലകളിലേയും തമിഴ്നാട്ടിലേയും അനേകം ആളുകൾ ജോലിചെയ്തുവരുന്ന ZD Damaso കമ്പനിയുടെ CEO ജനാബ് സാഹിറും സഹോദരൻ സാബിനും സെയ്തുമാഷുടെ പൗത്രരാണ്.

അള്ളാഹു നമ്മളുടെ ഈ ഉദ്യമത്തിന് അർഹമായ പ്രതിഫലം നൽകുകയും അദ്ദേഹത്തത്തിന്റെ ഖബറിടം വിശാലമാക്കി സ്വർഗ്ഗപൂങ്കാവനം നൽകുകയും ചെയ്യുമാറാവട്ടെ

آمين 🤲 يارب العالمين

<u>നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം</u>

https://youtu.be/zfoRKPZ35WE?si=Y-1mqvax67gmtIxa

<u>ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം</u>

https://youtube.com/shorts/9s6MoUz6VfE?si=rzRT91VF4YPOUmyy

<u>ശുഹൈബ് പി മുഹമ്മദ് -ശബ്ദ സന്ദേശം</u>

https://youtu.be/HIhe62Mgl8g?si=xWNMm01nCG_BJR1S

<u>ശിഹാബ് -ശബ്ദ സന്ദേശം</u>

https://youtube.com/shorts/R471uiwCtvQ?si=SlKrEELl7OupIvxL

<u>ഫാറൂഖ് തങ്ങൾ-ശബ്ദ സന്ദേശം</u>

https://youtube.com/shorts/SIyMuicFcY8?si=UKpW3T_4otBlL2lH

<u>ഫാറൂഖ് തങ്ങൾ-ശബ്ദ സന്ദേശം</u>

https://youtube.com/shorts/COi7ztak-NU?si=16obH_2nOqpJ3qeO

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

സൈദുമാഷുടെ ക്ലാസ്സിൽ പഠിച്ചതായി എന്റെ ഓർമയിലില്ല.അദ്ദേഹം നല്ല കർക്കശക്കാരനായ അധ്യാപകനായിരുന്നു എന്ന് അറിയാം. അദ്ദേഹത്തിന്റെ ക്ലാസിൽ തല്ല് കൊള്ളാത്തവരായി ആരും ഉണ്ടായിരുന്നില്ല എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.ക്ലാസ്സിന് പുറത്ത് വെച്ചാ ണെങ്കിലും തെറ്റ് കണ്ടാൽ വിദ്യാർത്ഥികളെ നന്നായി ശാസിക്കുകയും ശകാരിക്കുകയും ചെയ്യുമായിരുന്നു......

അക്കാലത്ത് നമ്മുടെ ജുമാ അത്ത് പള്ളിയുടെ വിശാലമായ ഖബർസ്ഥാന്റെ വടക്ക് -കിഴക്ക് ഭാഗത്തായി ഒരു കുളം ഉണ്ടായിരുന്നു, റോഡിനോട് തൊട്ട്. കുളിക്കാനും വുളൂ ചെയ്യാനും ആളുകൾ കൂടുതലും ഉപയോഗിച്ച്ചിരുന്നത് ആ കുളമായിരുന്നു. റോഡിന്റെ കിഴക്ക് ഭാഗത്തായി കരിമ്പനാറെ അബ്ദുക്ക ഒരു ചായക്കട നടത്തിയിരുന്നു. രാവിലെ സൈതു മാഷ് പതിവായി മദ്രസ്സയിൽ പോകുന്നതിന് മുൻപ് ആ കടയിൽ ചായ കുടിക്കാൻ വരും.എന്റെ വെല്ലിപ്പ ആർ. പി. ബാവുസാഹിബിന് രാവിലെ ചായപ്പീടികയിലെ ചായ നിർബന്ധം ആയിരുന്നു. പ്രായാധിക്യം മൂലം ചായകുടിക്കാൻ കടയിൽ പോവാൻ പറ്റില്ല. അതിനാൽ ഞാൻ പോയി വാങ്ങികൊണ്ടുവരും.

ഒരു ദിവസം ഞാൻ ചായവാങ്ങാൻ വേണ്ടി കടയുടെ അടുത്ത് എത്തിയപ്പോൾ മൂത്രം ഒഴിക്കാൻ തോന്നി. കാര്യം സാധിച്ച് പള്ളിക്കുളത്തിൽ കഴുകികഴിഞ്ഞപ്പോൾ ചായക്കടയിൽ നിന്ന് സൈദുമാഷ് ഉച്ചത്തിൽ ആരെയോ ശകാരിക്കുന്നു. അടുത്തെത്തിയപ്പോൾ എനിക്ക് മനസ്സിലായി ഞാൻ കഴുകിയത് ശെരിയാവാത്തകാരണം എന്നെയാണ് വഴക്ക്പറയുന്നതെന്ന്.അദ്ദേഹം പറയുന്നത് ശരിയാണെന്ന് എനിക്ക് മനസ്സിലായി. അപ്പോൾ വിഷമം തോന്നിയെങ്കിലുംശുചീകരണത്തിൽ ഞാൻ വളരെ ശ്രദ്ധിക്കാൻ ആ സംഭവം കാരണമായി.....ധാർമിക രോഷംകാരണം മുഖത്തുനോക്കി വഴക്ക് പറയുമെങ്കിലും നല്ല ഹൃദയശുദ്ധിയുള്ള വ്യക്തിയായിരുന്നു.....

എന്റെ വെല്ലിപ്പ നാല് വിവാഹം കാഴിച്ചിട്ടുണ്ട്. നാലാമത് വിവാഹം കഴിച്ചത് സൈതുമാഷുടെ സഹോദരി മയിമ്മൽ മാമി എന്നവരെ ആയിരുന്നു. അവർക്ക് സഹോദരിമാർ ഉണ്ടായിരുന്നുവെങ്കിലും മാഷ് ഏക സഹോദരനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ, മക്കളായ അബ്ദുറഹിമാൻക്ക, കുഞ്ഞിമുഹമ്മദ്ക്ക,മജീദ് ഹാജി, മൂസ, റുക്കിയത്ത, സൂറത്ത, ജമീല, എല്ലാവരുമായും ആൽമബന്ധം എനിക്ക് ഉണ്ടായിരുന്നു. മൂസയും ഞാനും കളിക്കൂട്ടുകാരായിരുന്നു. അദ്ദേഹത്തിന്റെ വേർപാടോടെ നഷ്ടമായത്,പതിവായി വിവരങ്ങളും ക്ഷേമവും അന്വേഷിക്കുന്ന സഹോദരതുല്യനായ വ്യക്തിയെയാണ്. സൈദുമാഷുടെ പെണ്മക്കൾ എല്ലാവരും നമ്മോടൊപ്പം ഉണ്ട് എന്നത് സമാധാനം നൽകുന്നു.സൈതുമാഷ്, അദ്ദേഹത്തിന്റെ ഭാര്യ, ആൺമക്കൾ, എല്ലാവരുടെയും പരലോക ജീവിതം അല്ലാഹു സന്തോഷകരമാക്കട്ടെ, അവർക്ക് സ്വർഗം നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കാം

കുഞ്ഞി സീതി തങ്ങൾ

https://youtu.be/Y_xA47EJRDs?si=5xhNbovw_f2DHR23

ആർ വി ഉമ്മർ സാഹിബ്

ബഹുമാനപ്പെട്ട ജ. സെയ്തുമാസ്റ്ററെ കുറിച്ച് കാര്യമായ ഓർമ്മകൾ എനിക്കില്ല. പക്ഷേ മദ്രസയിലെ ഒന്നാം ക്ലാസിലെ എൻ്റെ അധ്യാപകനായിരുന്നു എന്നോർക്കുന്നു; ആദ്യത്തെ മദ്രസ്സ ഉസ്താദ്. അന്ന് "അലിഫ്" ആദ്യമായി ഓതിതന്നത് സദർ ആയിരുന്ന ജനാബ് കുഞ്ഞുബാവു മുസ്ലിയാർ ആയിരുന്നു. അതിനു ശേഷം ജ. സെയ്തു മാസ്റ്ററുടെ ഒന്നാം ക്ലാസിലേക്ക് എന്നെ സ്വീകരിച്ച മുഹൂർത്തം ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നുണ്ട്. എൻ്റെ കുഞ്ഞുമനസ്സിൽ വളരെയധികം ഇഷ്ടം തോന്നിയ, ആഴത്തിൽ പതിഞ്ഞ ഒരു ദൃശ്യമായിരുന്നു അത്. അതിനുശേഷം കാര്യമായി അദ്ദേഹത്തെ പറ്റിയുള്ള മദ്രസസ്മരണകൾ ഒന്നും ഓർമയിൽ ഇല്ല. മദ്രസ്സ ക്ലാസ്സിൽ നിന്ന് അടി വാങ്ങിയതായും കിട്ടിയതായും തീരെയും ഓർമയില്ല.

മനശുദ്ധിയുടെ ആ ആൾരൂപത്തിന് അല്ലാഹു സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആമീൻ.

ആർ പി സിദ്ധിഖ് സാഹിബ്

എന്റെ അഭിവന്ദ്യ നായ പിതാവ് ഹമീദ് മുസ്ല്യാർ വലിയ പണ്ഡിതനല്ലെങ്കിലും അത്യാവശ്യം കാര്യങ്ങൾ അറിയുന്ന വ്യക്തിയായിരുന്നു. മദ്രസയിൽ പഠിപ്പിച്ചിട്ടില്ല. അവശ്യ ഘട്ടങ്ങളിൽ മസ്ജിദിൽ ഖുത്വുബ നിർവ്വഹിച്ചിട്ടുണ്ട്. സാധാരണ വഖ്തുകൾക്ക് ഇമാമത്തും തറാവീഹ് ഇമാമത്തും പലപ്പോഴും നിർവ്വഹിക്കാറുണ്ടായിരുന്നു. അദ്ദേഹം ജോലി ചെയ്തിരുന്നത് മർച്ചന്റ് നേവിയിലായിരുന്നു.

അദ്ദേഹത്തിന്റെ ഒരു ജ്യേഷ്ഠ സഹോദരൻ കുഞ്ഞുമൊയ്തു മുസ്ല്യാർ ഖത്വീബും മുദരിസും ആയി ദീർഘകാലം ജോലി ചെയ്തിരുന്നതു് ആലപ്പുഴ ജില്ലയിലെ തുറവൂരിനടുത്ത പൊൻ പുറത്തായിരുന്നു.

നമ്മിൽ നിന്നും പിരിഞ്ഞു പോയ എല്ലാ മഹത്തുക്കൾക്കും കരുണാവാരിധിയായ റബ്ബ് മഗ്ഫിറത്തും മർഹമത്തും സുഖലോക സ്വർഗ്ഗവും നൽകി അനുഗ്രഹിക്കുമാറാകട്ടെ, നമുക്കും.....

കെ അബ്ദുൽ വാഹിദ് സാഹിബ്

ബഹുമാന്യനായ സെയ്തു മാസ്റ്റർ:-

എൻ്റെ പിതാവ് അഹമ്മദ് കുട്ടി മുസല്യാർ മദറസയിൽ നിന്ന് വിരമിച്ചതിന് ശേഷമാണ് മാസ്റ്റർ മദറസയിലെ അദ്ധ്യാപനം തുടങ്ങിയതു്. മദറസയുടെ

തൊട്ട് പിന്നിലായിരുന്നുമാസ്റ്ററുടെ വീട്. ഉപ്പാടെ അദ്ധ്യാപന കാലത്ത് മദറസയിൽ വെച്ച് 1-2 പ്രാവശ്യം ശാരീരി അസ്വാസ്ത്വം ഉണ്ടായപ്പോൾ തല്ക്കാലിക വിശ്രമത്തിന് മാഷ് വീട്ടിൽ സൗകര്യമൊരുക്കിയത് ഓർക്കുന്നു. ഉപ്പാക്ക് മാഷ് സെക്കന്റ് കസിൻ കൂടിയായാണ്.അത്കൊണ്ട് തന്നെ മാഷും സഹോദരിമാരും കാർന്നവർ എന്ന നിലയിൽ വലിയ സ്നേഹ ബഹുമാനങ്ങൾ ഉപ്പാക്ക് കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ ബ്രഹ്മക്കുളം സ്വദേശിനിയായ ഭാര്യയും മാതൃകാ കുടുംബിനിയായിരുന്നു.

മാസ്റ്റർക്ക് 4 സഹാേദരിമാരും ഒരു സഹോരനുമുണ്ടായിരുന്നു. നമ്മുടെ മഹല്ലിന്റെ ദീർഗ കാല സെക്രട്ടറിയായിരുന്ന Kk. കാദർ മാസ്റ്റർ മുത്തസഹാേദരിയുടെ പുത്രനായിരുന്നു.രണ്ടാമത്തെ സഹോദരിയുടെ പുത്രൻ മമ്മക്ക. മൂന്നാമത്തെ സഹോദരിയുടെ പുത്രൻ K. കാദർ എന്നവരും മദറസ കമ്മറ്റി സെക്കറട്ടറി ആയിട്ടുണ്ട്. നാലാമത്തെ സഹോദരിയുടെ മരുമകനായിരുന്നു മാമത് മുസല്യാർ. മാഷുടെ ഏക സഹോദരൻ അഹമ്മതുക്ക (മർഹൂം സിങ്കപ്പൂർ അബ്ദുറഹ്മാൻക്കാടെ പിതാവ്.)

മാസ്റ്റർ മുൻ കാലങ്ങളിൽ ഡിസ്ട്രിക് ബോർഡിൻ കീഴിൽ നടന്നിരുന്നു ഒരു LP സ്കൂളിലെ അറബിക് അദ്ധ്യാപകനായിരുന്നെന്നാണ് കേട്ടറിവ്. ഇന്നത്തെ പോലുള്ള ജോലി സുരക്ഷയും വേദനവും ഒന്നും 70-80 വർഷങ്ങൾ മുമ്പുണ്ടായിരുന്നില്ലല്ലോ. തെറ്റ് ആരുടെ പക്കൽ കണ്ടാലും വലുപ്പ ചെറുപ്പമില്ലാതെ ശിപ്രകോപിയായ മാസ്റ്റർ ശകാരിച്ച് തിരുത്തിക്കും . ശകാരം കഴിയുമ്പോഴേക്കും ലോല ഹൃദയനായ മാസ്റ്റർ സ്നേഹം കൊണ്ട് കേൾവിക്കാരന്റെ സുഹൃത്തോ ഗുണകാംക്ഷിയോ ആയി മാറും. വളരെ ചെറുപ്പത്തിൽ എനിക്കും ഇരിക്കുന്നിടത്ത് നിന്ന് എണീച്ചില്ലന്ന്പറഞ്ഞു ഒരു ഡോസ് തന്നതിന് ശേഷം വളരെ സ്നേഹത്തോടെ മുതിർന്നവരെ കണ്ടാൽ എഴുന്നേൽക്കണമെന്ന അദബിന്റെ പാഠം തന്നത് കുറ്റബോധത്തോടെ ഞാൻ ഓർക്കാറുണ്ട്.അദ്ദേഹത്തിന്റെ പൗത്രന്മാരും സമൂഹത്തിൽ നന്മയുടെ പാതയിലുണ്ട്.

മാസ്റ്ററുടെ പാരത്രികജീവിതം സമാധാനം പ്രാപിച്ച ആത്മാക്കളോടപ്പം അല്ലാഹു ജന്നാത്തുൽ ഫിർദൗസിൽ പ്രവേശിപ്പിക്കട്ടെ .നമുക്കും ഗുരുനാഥന്മാർക്കും നമ്മുടെ മാതാപിതാക്കൾക്കും ബന്ധു മിത്രാദികൾക്കുമൊപ്പം സ്വർഗത്തിൽ സന്ധിക്കാൻ നാഥൻ തുണക്കട്ടെ 🤲 🤲 🤲

16 Nov 2025

Episode-15

മർഹൂം ബി കെ എസ് ആറ്റക്കോയ തങ്ങൾ



اسلام عليكم ورحمة الله وبركاته

മദ്രസ്സയെ പൂങ്കാവനമാക്കി സ്നേഹ സുഗന്ധം പരത്തുന്ന പൂക്കളായ് നമ്മെ വിരിയിച്ച മദ്രസാ അധ്യാപകർ.

സൗമ്യമായ വാക്കുകളിലൂടെ അറിവ് പകർന്നുതന്ന പ്രിയ ഉസ്താദുമാർ. എത്രയെത്ര ഉസ്താദുമാരെ നമ്മൾ ഓർമ്മിച്ചു.

ഇന്ന് നമ്മൾ ഓർമ്മകൾ പങ്കുവയ്ക്കുന്നത് മർഹൂം ഉസ്താദ് ബി കെ എസ് ആറ്റക്കോയ തങ്ങളെ കുറിച്ചാണ്.'തങ്ങളുസ്താദ്' എന്ന് അറിയപ്പെട്ടിരുന്ന ഉസ്താദ് കേന്ദ്ര മദ്രസ്സയിലും പിന്നീട് വടക്കെ മദ്രസ്സയിലും പ്രവർത്തിച്ച ഉസ്താദിന്റെ സ്വദേശം കടപ്പുറം അഞ്ചങ്ങാടിയായിരുന്നു. പിന്നീട് സ്ഥിരതാമസം പാടൂരിൽ ആയിരുന്ന തങ്ങളുസ്താദിന് മക്കൾ അഞ്ചു പേരാണ്. ഉസ്താദിനെകുറിച്ചുള്ള അനുഭവങ്ങളും ഓർമ്മകളും ശബ്ദമായും എഴുത്തായും എല്ലാവരും ഇവിടെ വരുമല്ലോ. ഈ ഒരു ഓർമ്മ പുതുക്കലിലൂടെ നമ്മൾ തുർന്നു വരുന്ന സംഭവശകലങ്ങളുടെ ഈ പരമ്പരയിൽനിന്നും വിട വാങ്ങുകയാണ്. ഇനി

മറ്റൊരു വിഷയവുമായി വരാം അതിന് അള്ളാഹു തൗഫീക്ക് ചെയ്യുമാറാവട്ടെ.. അള്ളാഹു നമ്മളുടെ ഈ ഉദ്യമത്തിന് അർഹമായ പ്രതിഫലം നൽകുകയും അദ്ദേഹത്തത്തിന്റെ ഖബറിടം വിശാലമാക്കി സ്വർഗ്ഗപൂങ്കാവനം നൽകുകയും ചെയ്യുമാറാവട്ടെ

آمين 🤲 يارب العالمين

<u>റഫീഖ് പേരൊത്ത്</u>

അൽഹംദുലില്ല

അൽഹംദുലില്ല

നാം നാളുകൾക്ക് മുന്ന് മാത്രം - തുടങ്ങി വെച്ച എന്ന് തന്നെ കുറിക്കട്ടെ - നമ്മുടെ ജീവിതം ദിനി മാർഗ്ഗത്തിൽ ആക്കുന്നതിന് അടിതറപാകുകയും അതിന് വേണ്ടുന്നതെല്ലാം റബ്ബിന്റെ തൃപ്തി പ്രതീക്ഷിച്ചു കൊണ്ട് പ്രയത്നിച്ച മഹാരഥന്മരായ നമ്മൾ അറിഞ്ഞ നാട്ടുകാരിലെ ഉസ്ഥദുമാരിലെ ചിലരെ കുറിച്ചു മാത്രമുള്ള ഈ പ്രവർത്തനം ഇവിടെ അവസാനിക്കേണ്ടതല്ല.നമ്മൾ ഇനിയും നാട്ടിലുള്ളവരെ സമീപിച്ചും മറ്റും കിട്ടാ വന്ന അറിവുകൾ ശേഖരിച്ച് വിപുലപ്പെടുത്തി വരും തലമുറക്കായി കരുതി വെക്കേണ്ടതാണ്.ചരിത്രങ്ങൾ അറിയുന്ന പലരും എഴുതാനൊ ശബദ സന്ദേശം നൽകാനൊ മടിക്കുന്നവരായേക്കാം. റബ്ബ് അനുഗ്രഹിക്കട്ടെ

<u>ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം</u>

https://youtube.com/shorts/ubQqLQSFyOw?si=gHtLmhpntxkgn4lI

<u>സഊദ് തങ്ങൾ</u>

<u>ഉസ്താദ് ആറ്റക്കോയ തങ്ങൾ</u>

ഉസ്താദ് ആറ്റക്കോയ തങ്ങൾസരസമായാണ് എന്റെ കുടുംബക്കാരനാണ്. കടപ്പുറം ബുഖാറയിലെ പ്രസിദ്ധ പണ്ഡിതനായ മർഹൂം ഫഖ്റുദ്ധീൻ കോയക്കുട്ടി തങ്ങളുടെ നേർ പെങ്ങളുടെ പേരമകനാണ് ഇദ്ദേഹം.

പാടൂരിലെ, തന്റെ അമ്മാവന്റെ മകളെ കല്യാണം കഴിച്ച്, ശിഷ്ട കാലം ഇവിടെ തന്നെ കൂടി.

ആദ്യം പലയിടങ്ങളിലായി ജോലി ചെയ്തു. ഒടുവിൽ പാടൂർ കേന്ദ്ര മദ്രസ്സയിലും വടക്കേ മദ്രസ്സയിലും പഠിപ്പിച്ചു. ഇടക്കൊന്നു ഗൾഫ് പരീക്ഷിച്ചെങ്കിലും പെട്ടെന്ന് തന്നെ തിരിച്ചു പോന്നു.

തന്റെ വാർദ്ധക്യത്തിൽ മക്കൾക്ക്, തന്നെ നല്ല നിലയിൽ പരിപാലിക്കാൻ കഴിഞ്ഞതിൽ അദ്ദേഹം സംതൃപ്തനായിരുന്നു. പ്രായം മറന്ന് എല്ലാവരോടും, സമഭാവാനയോടെയും സരസമായും പെരുമാറുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്.

ആശയപരമായ ഭിന്നതകൾ വെച്ചു പുലർത്തുമ്പോഴും ഞങ്ങൾ നിത്യ ബന്ധം പുലർത്തിയിരുന്നു.

മുസ്‌ലിം രാഷ്ട്രീയത്തിന്റെ ശക്തനായ വക്താവായിരുന്നു അദ്ദേഹം. വടക്കേ ഇന്ത്യയിലെ ഫാസിസത്തിന്റെ തേർവാഴ്ച്ചയെ കുറിച്ച് ഞങ്ങൾ പരസ്പരം വേവലാതിയോടെ സംസാരിച്ചിരുന്നു. ഫാസിസം തെക്കേ ഇന്ത്യയിലേക്കും ഇടിച്ചു കയറാൻ തുടങ്ങിയ ഘട്ടത്തിലാണ് 2011ൽ അദ്ദേഹം നമ്മോട് വിട പറഞ്ഞത്.

നമുക്ക് പ്രാർത്ഥിക്കാം: اَللَّهُمَّ اغْفِرْ لَنَا وَلِوَالِدَيْنَا، وَلِأَصْدِقَائِنَا، وَلِأَسَاتِذَتِنَا، وَاجْمَعْنَا وَإِيَّاهُمْ فِي جَنَّاتِ النَّعِيم

അധ്യാ ആർ വി സൈദു മുഹമ്മദ് സാഹിബ്

നമ്മുടെ മദ്രസ്സ ആരംഭിച്ച കാലം മുതൽതന്നെ മുക്രി കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ മദ്രസ്സയിൽ അദ്ധ്യാപകൻ ആയി ഉണ്ടായിരുന്നു. മദ്രസ്സ ആരംഭിച്ചത് മുതൽ അദ്ദേഹത്തിന്റെ ഉമ്മ അയിഷാത്തയുടെ ഓത്തുപള്ളിയിലെ വിദ്യാർത്ഥികളെ മുഴുവൻ മദ്രസ്സയിലേക്ക് മാറ്റുകയായിരിന്നു. അക്കൂട്ടത്തിൽ കുഞ്ഞിമുഹമ്മദ് മുസ്ലിയാരെ അദ്ധ്യാപകനായി നിയമിച്ചു. അദ്ദേഹത്തിന്റെ ജേഷ്ഠൻ കുഞ്ഞിമോൻ സാഹിബ് ദീർഘകാലം ജുമാ അത്ത് പള്ളിയിൽ മുഅദ്ദിൻ ആയി സേവനം ചെയ്തു.അദ്ദേഹത്തിന്റെ മറ്റൊരു സഹോദരൻ അബ്ബുക്ക അടുത്ത കാലത്താണ് മരണപ്പെട്ടത്.ഏക സഹോദരിയുടെ പേര് ഫാത്തിമ, പാത്തുമ്മ എന്ന് വിളിക്കും.നമ്മുടെ മദ്രസ്സയിൽ കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ, അദ്ധ്യാപകൻ എന്ന നിലയിൽ വിദ്യാർത്ഥികളുടെ ആദരവും സ്നേഹവും ഏറെ ലഭിച്ച വ്യക്തി ആയിരുന്നു........ ആക്കാലത്ത് നമ്മുടെ ജമാഅത്ത് പള്ളി കൊമ്പൗണ്ടിൽ ധാരാളം ചന്ദനമരങ്ങൾ ഉണ്ടായിരുന്നു. ആമരത്തിന്റ തടിഉപയോഗിച്ച് അദ്ദേഹം ദസ്‌വി ഉണ്ടാക്കുമായിരുന്നു.ആക്കാര്യത്തിൽ അദ്ദേഹത്തിന്റെ കരവിരുത്കണ്ട് ഞങ്ങൾ കുട്ടികൾ അത്ഭുതപ്പെട്ടിട്ടുണ്ട്... അദ്ദേഹം മതിലകത്ത് വീട്ടിൽ കുഞ്ഞിമോൻ ഹാജിയുടെ സഹോദരിയെ വിവാഹം കഴിച്ചിരുന്നു. രണ്ട് പെണ്മക്കൾ ആ ദാമ്പത്യത്തിൽ ഉണ്ടായി എന്നാണ് ഓർമ. എങ്കിലും ആബന്ധം വേർപ്പെടുത്തുകയാണെണ്ടായത്........ നാല്പത് -നാൽപ്പാത്തഞ്ച് പ്രായത്തിലാണ് അദ്ദേഹം മരണപ്പെടുന്നത് എന്ന് തോന്നുന്നു.......... മുസ്‌ലിയാർക്ക് അള്ളാഹു സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/CNGewC_1vZM?si=Z2NSjGXszS0h_vqK

അധ്യാ ആർ വി സൈദു മുഹമ്മദ് സാഹിബ്

നമ്മുടെ മദ്രസയിൽ സേവനം ചെയ്ത് അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകി നമ്മിൽ നിന്ന് പിരിഞ്ഞുപോയ ഗുരുനാഥമാരുടെ പട്ടിക അവസാനിച്ചെങ്കിൽ,

അഡ്മിൻ തീരുമാനിച്ച പോലെ, ചർച്ച ഇവിടെ അവസാനിപ്പിക്കുകയാണ് ഉചിതം എന്ന് തോന്നുന്നു.മറ്റൊരു വിഷയവുമായി വരാമെന്ന് ഗ്രൂപ്പ് ലീഡർ മാർ വാക്ക് തന്നിട്ടുണ്ടല്ലോ. അപ്പോൾ നമുക്ക് വിവധ മേഖലകിളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ പറ്റി ചർച്ച ആവാമല്ലോ.മനസ്സിൽ തോന്നിയ അഭിപ്രായം ഇവിടെ കുറിച്ചെന്ന് മാത്രം. നല്ലത് എന്താണോ അതിനായി പ്രാർഥിക്കാം

നാസറുദ്ധീൻ തങ്ങൾ

രണ്ടാം ക്ലാസ്സിൽ എന്റെ ഉസ്താദ് ആയിരുന്നു b.k.s. attakkoya thangal.

മദ്രസ അധ്യാപനത്തി ന് ശേഷവും ഞങ്ങൾ തമ്മിൽ പലപ്പോഴും കാണാറുണ്ട്. അമ്മായിയുടെ മകളെ യാണ് അദ്ദേഹം വിവാഹം ചെയ്തിരുന്നത്.

പഠിച്ച കാര്യങ്ങൾ ഒക്കെ നല്ല ഓർമ ഉണ്ടായിരുന്ന വ്യക്തിയാണ്. സജീവ മുസ്ലിം ലീഗ് പ്രവർത്തകൻ ആയിരുന്നു. മത, സാമുദായിക വിഷയങ്ങൾ ഞങ്ങൾ എപ്പോഴും സംസാരിക്കാറുണ്ടായിരുന്നു.

നമ്മിൽ നിന്നു വിട്ടു പിരിഞ്ഞ അദ്ദേഹത്തിന്റെ പരലോക ജീവിതം അല്ലാഹു അനുഗ്രഹിക്കട്ടെ

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

ആറ്റക്കോയതങ്ങൾ മുസ്ലിയാരുടെ ഭാര്യവീട്ടിൽ ചെറുപ്പത്തിൽ ഞാൻ പതിവ് സന്ദർശകണമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യാസാഹോദരൻ കോട്ടിതങ്ങൾ എന്റെ ആൽമമിത്രമായിരുന്നു.ഹൈസ്കൂൾ ക്ലാസ് വരെയും ഞാൻ സ്കൂൾ വിട്ടാൽ അദ്ദേഹത്തിന്റെ വീട്ടിൽകളിക്കാനും സമയംപോക്കാനും എത്തുമായിരുന്നു.

എന്റെ ഉപ്പ കോയമ്പത്തൂരിൽ ഒരു ഹോട്ടൽ നടത്തിയിരുന്നു. അവിടെയും കോട്ടിത്തങ്ങൾ ജോലി ചെയ്തിട്ടുണ്ട്. അതിന് ശേഷംഅദ്ദേഹംഗൾഫിൽജോലിചെയ്തു. അന്ന് ഉസ്താദ് ആറ്റക്കോയതങ്ങൾ വിവാഹം ചെയ്തിട്ടില്ല. കോട്ടിതങ്ങളുടെ സഹോദരിയെ വിവാഹം ചെയ്ത ശേഷംആറ്റക്കോയതങ്ങൾ പാടൂരിൽ സ്ഥിരതാമസമാക്കി.അന്നുമുതൽ ആറ്റക്കോയതങ്ങളുമായിഞാൻസൗഹൃദത്തിലായി.മരണം വരെ ആ സൗഹൃദം തുടർന്നു. രാഷ്ട്രീയ കാര്യങ്ങളിൽ ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾപലപ്പോഴുംഉണ്ടായിരുന്നെങ്കിലും അതൊന്നും വ്യക്തിപരമായ അടുപ്പത്തെ ബാധി ക്കാതെ ഞങ്ങൾ രണ്ട് പേരും ശ്രദ്ധിച്ചു.അദ്ദേഹത്തിന്റെ ഭാര്യയുടെ ഇളയ സഹോദരൻ അഷ്‌റഫ് തങ്ങളും ഞാനും രാഷ്ട്രീയരംഗത്ത് ഒരുമിച്ച് പ്രവർത്തിച്ചു. എനിക്ക് ഏറെ ഇഷ്ടമുള്ള യുവ പ്രവർത്തകനായിരുന്നു അഷ്‌റഫ് തങ്ങൾ. അദ്ദേഹവും സഹോദരൻകോട്ടിതങ്ങളും അൻപത് വയസ്സ് പൂർത്തിയാകുന്നതിന് മുൻപേ നമ്മെ വിട്ടുപിരിഞ്ഞു എന്നാണ് ഓർമ.ആറ്റക്കോയ തങ്ങളുടെ മകൻ നിയമബിരുദം എടുത്ത് അഭിഭാഷകനായി enroll ചെയ്തെങ്കിലും ഇപ്പോൾ ബിസ്സിനെസ്സിൽ ആണ് ശ്രദ്ദിക്കുന്നത് എന്ന് തോന്നുന്നു. അദ്ദേഹവുമായും

ഞാൻ അടുപ്പവും സൗഹൃദവും സൂക്ഷിക്കുന്നു.ഇടക്കൊക്കെ അദ്ദേഹം തൃശ്ശൂർ ബാർ അസോസിയേഷനിൽ വരാറുണ്ട്. അദ്ദേഹത്തിന്റെ ഒട്ടേറെ സുഹൃത്തുക്കൾ തൃശൂർ ബാറിൽ പ്രാക്ടീസ് ചെയ്യുന്നുണ്ട്.

ആറ്റക്കോയ തങ്ങളുടെയും അദ്ദേഹത്തിന്റെ ഭാര്യാ സഹോദരൻമാരുടെയും ബർസഖീജീവിതം സന്തോഷകരമാക്കട്ടെ, ആമീൻ.

<u>കെ അബ്ദുൽ വാഹിദ് സാഹിബ്</u>

മുക്രി കുഞ്ഞഹമ്മദ് മുസല്യാർ:-

മദറസ പ്രസ്ഥാനം വരുന്നതിനു മുമ്പ് മുസ്ലിം മക്കൾ ഖുർആനും പ്രാഥമികമായ ദീനീ ചര്യകളും പഠിച്ചിരുന്നത് ഇസ്ലാമിക അടിസ്ഥാന .പാഠങ്ങൾ സമുദായത്തിൽ നിലനിർത്തുന്നത് തന്റെ നിർബന്ധ ബാദ്ധ്യതയാണന്ന് മനസ്സിലാക്കി യവ്യക്തികളുടെ വീടുകൾ കേന്ദ്രീകരിച്ചായിരുന്നു.

അത്തരത്തിലുള്ള ഒരു കേന്ദ്രമായിരുന്നു അയി ഷമ്മായി എന്ന് ഞങ്ങൾ വിളിച്ചിരുന്ന ഐഷ ത്താടെ വീടും . അവിടെ ഉമ്മയും രണ്ടാമത്തെമകനായ കുഞ്ഞഹമ്മത് മുസല്യാരുമായിരുന്നു പഠിപ്പിച്ചിരുന്നത്. അക്കാലത്ത്അറബി അക്ഷര മാലകൾ പഠിപ്പിച്ചിരുന്നത് പലകയിൽ എഴുതി കൊടുത്തായിരുന്നു. രണ്ട് A4 ഷീറ്റ് നിളത്തിൽ ആണിയിൽ കൊളുത്തിയിടാൻ ഒരറ്റത്ത് വളയവുമായി അന്നത്തെ ആശാരിമാർ കട്ടി കുറഞ്ഞ പലകയിൽ കുഞ്ഞുമക്കൾക്ക് കൈകാര്യം ചെയ്യാൻ സൗകര്യത്തിൽ ഉണ്ടാക്കുന്ന കായിദ പ്പലക.

പൂട്ടാലപ്പറമ്പിൽ (അയ്യേ പറമ്പിൽ സുലൈമുവിന്റെയും മറ്റു അടുത്ത വീടുകൾ സ്ഥിതി ചെയ്യുന്ന വിശാല സ്ഥലം) കാര്യാട്ടുകുഞ്ഞിബാപ്പുസാഹിബിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന L.P.സ്കൂളി (പിന്നീടാ L.P.സ്കൂൾ ചന്ത പുരയിൽഇന്നത്തെ Gmup സ്കൂളായി) നടുത്തായിരുന്നു ആയിഷ ത്താടെ വീടും. തൊട്ടടുത്ത്സ്കൂളിലെവള്ളിക്കുട്ടിടീച്ചറുടെ വീടുമുണ്ടായിരുന്നു.

മദറസ സ്ഥാപിതമായപ്പോൾ അദ്ദേഹം മദറസാദ്ധ്യാപകനായി. ഒപ്പം അദ്ദേഹം CT.അബ്ദുറഹമാൻ മുസല്യാരുടെ ദർസിലും പഠിച്ചിരുന്നു.

മുക്രി കുഞ്ഞിമൊയ്തുക്ക എന്നാളായിരുന്നു അക്കാലത്ത് മഹൽ പള്ളിയിലെ മുക്രി തെക്കെ പള്ളിക്കുളത്തിന്റെ പടിഞ്ഞാ ഭാഗത്തായിരുന്നു അദ്ദേഹത്തിന്റെ വീ ട്. പ്രായാധിക്യത്താൽ മരണശേഷം അദ്ദേഹത്തിന്റെ മകൻ മുഹമ്മദുക്ക കുറച്ചു നാൾ മുക്രിയാ യെ ങ്കിലും അദ്ദേഹവും രോഗബാധിതനായി മരണമടഞ്ഞു. പകരമാരെന്ന കാര്യത്തിൽ അന്നത്തെ കാരണവൻമാർക്ക് അധിക മാലോചിക്കേണ്ടി വന്നില്ലന്ന് തോന്നുന്നു. മുക്രി കുഞ്ഞുമൊയ്തുക്കാടെ തറവാട് വഴി പിൻ തലമുറക്കാരനും അറിവും ചടുതലയും അർപ്പണബോധവുമുള്ള കുഞ്ഞഹമ്മദ് മുസ്ലാരെ മുക്രി പദവി ഏൽപിക്കാൻ .

മദറസയിൽ കുട്ടികളെ അനുസരണവും അച്ചടക്കവും പഠനത്തിൽ ശ്രദ്ധയുള്ള വരുമാക്കാൻ അദ്ദേഹത്തിന്ന് പ്രത്യേകമായ കഴിവായിരുന്നു.

വെള്ളിയാഴ്ചകളിൽ ജുമഅ ക്ക് വരുന്ന കുട്ടികളുടെ ഇരിപ്പടം പുറത്തെ പള്ളി (അക്കാലത്ത് അകത്തെ പള്ളിയും പുറത്തെ പള്ളിയും രണ്ടുവശങ്ങളിലായി ചരുവും മാത്രമുള്ളു.) യിലായിരുന്നു. കുട്ടികളുടെ സംസാരം കേട്ടാൽ മുക്രിക്ക മുസല്യാർവന്നു നോക്കുന്ന മാത്രയിൽ എല്ലാവരും നിശബ്ദരാകും.

അല്ലാഹുവിന്റെ വിധി അദ്ദേഹത്തിന്റെ നാപ്പതുകളുടെ പ്രായത്തിൽ നടപ്പിലായി. ഇന്നാലില്ലാഹ്...

മുസല്യാരുടെ മരണശേഷം ജ്യേഷ്ഠൻ കുഞ്ഞിമോൻക്ക മുക്രിയായി ഏവരുടെയും സ്നേഹവും പ്രശംസയും നേടി നീണ്ടവർഷങ്ങൾ സേവനമർപ്പിച്ച് അല്ലാഹുവിലേക്ക് യാത്രയായി.


അല്ലാഹുവിന്റെ ദീനിനെ നിലനിർത്താൻ ഓത്ത് പള്ളികളിലും മദറസകളിലും ദർസുകളിലും സേവനമർപിച്ച എല്ലാ ഉസ്താദുമാരെയും അതിന്ന് പ്രചോദനവും ശാരീകമായും സാമ്പത്തികമായും പിന്തുണ നല്കിയ എല്ലാമുൻ ഗാമികകൾക്കും മഹ്ഫിറത്തും മർഹമത്തും നല്കി സ്വർഗാവക

ശാകളാക്കട്ടെ🤲

അവരോടൊപ്പം നമുക്കും നമ്മുട മാതാപിതാക്കൾക്കും വേണ്ടപെട്ടവർക്കും പ്രിയപ്പെട്ടവർക്കും

ഒത്തുകൂടാൻ അല്ലാഹു അനുഗ്രഹിക്കട്ടെ🤲🤲

Edited and Compiled by Editorial Team dated on 04 Dec. 25

			
LATHEEF VAKKAYIL	R P SIDHEEQ	SAINUDHEEN PADOOR	NAVAS ABDUL KHADER
			
USMAN THARAYIL	THAISEER MUHAMMED	SHUAIB MUHAMMED	ZULFIKAR VALIYAKATH